
# എന്റെ ആത്മാവേ സ്വസ്ഥമായിരിക്കുവിൻ



**സങ്കീർത്തനം 46:10 അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥനാ സമയ പരമ്പര**

**“സ്വസ്ഥമായിരിക്കുവിൻ, ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ;
ഞാൻ ജാതികൾക്കിടയിൽ ഉന്നതനാകും; ഞാൻ ഭൂമിയിൽ ഉന്നതനാകും”**

ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ്, കേരളാ റീജിയൻ

# എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുവിൻ

നൈജീരിയയിലെ സഭ തയ്യാറാക്കിയ
പ്രാർത്ഥനാ സമയ പരമ്പരയിൽ നിന്നും ഉൾക്കൊണ്ടത്

നൈജീരിയയിലെ സഭയുടെ അനുമതിയോടെ
യുക്തമായ മാറ്റങ്ങൾ വരുത്തി പരിഭാഷപ്പെടുത്തിയത്.

**Be Still My Soul**
© 2022 by ICOC Nigeria
#1, Otunba Jobifele Way
Central Business District, Alausa
Ikeja. Lagos.

P.O. Box 52088, Falomo, Ikoyi,
Lagos.

All rights reserved. No part of this book may be duplicated, copied, translated, reproduced or stored mechanically or electronically without specific, written permission of International Church of Christ, Nigeria.

Adapted and Translated with permission, Malayalam.
Done in Kerala, India.

പ്രാർത്ഥനാ സമയ പരമ്പര 2022

# എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുവിൻ

## ഉള്ളടക്കം

### ഉപവിഭാഗങ്ങൾ


| | | |
|---|---|---|
| ദിനം 1–7 | ഭയാശ്ചര്യം | (AWE) |
| ദിനം 8–14 | വിശ്വാസം | (FAITH) |
| ദിനം 15–21 | സമാധാനം | (PEACE) |
| ദിനം 22–28 | പ്രത്യാശ | (HOPE) |
| ദിനം 29–35 | സ്നേഹം | (LOVE) |
| ദിനം 36–40 | ദൗത്യം | (MISSION) |
| ദിനം 41–42 | ഉപസംഹാരം | (EPILOGUE) |


### പ്രതിപാദ്യവിഷയം


ഭയാശ്ചര്യം

ദിനം 1 : ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു
ദിനം 2 : രാജാവിനെ ആരാധിപ്പിൻ
ദിനം 3 : ഭൂമി ശബ്ദിക്കാതെ നില്ക്കട്ടെ
ദിനം 4 : വിനയവും ഭയഭക്തിയും
ദിനം 5 : പ്രാർത്ഥന – നമ്മുടെ ജീവശ്വാസം
ദിനം 6 : ജീവിക്കുന്ന ബലിയാകുന്നത്
ദിനം 7 : സ്തുതികൾ എന്ന ബലി

വിശ്വാസം

ദിനം 8 : സദാ സന്നിഹിതനായ നമ്മുടെ സഹായി
ദിനം 9 : കാഴ്ചയാൽ അല്ല
ദിനം 10 : കൊടുങ്കാറ്റിനിടയിലെ പ്രോത്സാഹനം
ദിനം 11 : ജീവിതത്തിന്റെ ചിന്താകുലങ്ങൾ
ദിനം 12 : സ്വർഗ്ഗീയ കാഴ്ചപ്പാട്
ദിനം 13 : നിഷേധിക്കുന്ന വിശ്വാസം
ദിനം 14 : വിശ്വാസം സംസാരിക്കുന്നു

സമാധാനം

ദിനം 15 : ദൈവസാന്നിദ്ധ്യം നല്കുന്ന സുരക്ഷ
ദിനം 16 : കാലുഷ്യത്തിൽനിന്നും ക്രിസ്തുവിലേക്ക്
ദിനം 17 : ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത: ക്രിസ്തുവിന്റെ മനസ്സിനെ വളർത്തിയെടുക്കുന്നത്
ദിനം 18 : ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത: നിങ്ങളുടെ ചിന്തകളെ കയ്യടക്കുക, ഹൃദയത്തെ പരിരക്ഷിക്കുക
ദിനം 19 : പച്ചപുൽപുറങ്ങളും പ്രശാന്തജലാശയങ്ങളും
ദിനം 20 : സ്വാതന്ത്ര്യവും സമാധാനവും
ദിനം 21 : ദൈവത്തിനു കൊടുത്തേക്കുക

പ്രത്യാശ

ദിനം 22 : ദൈവത്തിന്റെ വിശ്വസ്തതയെ വിളംബരം ചെയ്യുന്ന തിരിഞ്ഞുനോട്ടം
ദിനം 23 : ദൈവത്തിന്റെ മാറ്റംവരാത്ത പ്രകൃതം: നമ്മുടെ വിശ്വാസത്തിന്റെ മൂലക്കല്ല്
ദിനം 24 : വ്യാജ പ്രത്യാശകൾ

ദിനം 25 : ഏറ്റവും മികച്ചതു വരുവാനിരിക്കുന്നു
ദിനം 26 : ദൈവം സകല ആവശ്യങ്ങളും നിറവേറ്റുന്നു
ദിനം 27 : മഞ്ഞുകണങ്ങൾ രാവിലെ പ്രത്യക്ഷപ്പെടുന്നു
ദിനം 28 : നല്ലവാഗ്ദാനങ്ങളൊന്നും പരാജയപ്പെടില്ല

സ്നേഹം
ദിനം 29 : ദൈവത്തിന്റെ സ്നേഹാർദ്രമായ അനുകമ്പ
ദിനം 30 : സ്നേഹത്തോടുകൂടിയ ദൈവത്തിന്റെ ശിക്ഷണം
ദിനം 31 : നമ്മുടെ പ്രചോദനമായ യേശു
ദിനം 32 : കൊടുത്തുതീർക്കാത്ത കടം
ദിനം 33 : പ്രവൃത്തിപഥത്തിലുള്ള സ്നേഹം
ദിനം 34 : സ്നേഹം പാപത്തിന്റെ ആധിക്യം മറയ്ക്കുന്നു
ദിനം 35 : ദൈവീകമായ സൂപ്പർഗ്ലൂ: സകലതിനെയും ഒരുമിച്ചു നിർത്തുന്ന സ്നേഹം

ദൗത്യം
ദിനം 36 : ക്രിസ്തുവിന്റെ പരിമളം പരത്തുന്നത്
ദിനം 37 : സകലരാഷ്ട്രങ്ങളുടെയും ദൈവം
ദിനം 38 : ദൈവത്തിന്റെ കഥ പറയുന്നത്
ദിനം 39 : സദ്വാർത്തയുടെ ഒരു ദിവസം
ദിനം 40 : നമ്മെ അയച്ചവനിൽ നമുക്കുള്ള ആത്മവിശ്വാസം

ഉപസംഹാരം
ദിനം 41 : എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുക
ദിനം 42 : ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക

# ആമുഖം

മൃഗങ്ങളുടെ പെരുമാറ്റം സസൂക്ഷ്മം നിരീക്ഷിക്കുന്ന ഏതൊരാൾക്കും പറയാൻ കഴിയും, അവരിൽനിന്നും കുറേക്കാര്യങ്ങൾ നമുക്കു പഠിക്കാനുണ്ടെന്ന്. ഉറുമ്പിനെ നോക്കി പഠിക്കാൻ ദൈവം നമ്മോടു പറഞ്ഞിട്ടുണ്ടല്ലോ!

ചില മൃഗങ്ങൾ അവരുടെ ഇരയെ പിടിക്കുന്നതിനുമുമ്പ്, പൂർണ്ണമായും അനങ്ങാതെ കാത്തിരുന്ന് തക്കസമയം നോക്കി ചലിക്കുന്നത്, എത്രമാത്രം ബുദ്ധിപരമാണെന്നത്, വ്യക്തിപരമായി എന്നിൽ താത്പര്യം ഉണർത്തുന്ന ഒരു കാര്യമാണ്. നമ്മുടെ വീട്ടിൽകാണുന്ന സാധാരണ പല്ലി മുതൽ, ഉഗ്രശേഷിയുള്ള സിംഹം വരെ, തങ്ങളുടെ നിലനിൽപ്പിനായി സ്വീകരിച്ചിരിക്കുന്ന നിയമം ഇതുതന്നെയാണ് – സ്വസ്ഥമാകാതെയും ക്ഷമയില്ലാതെയും പ്രവർത്തിച്ചാൽ അത്താഴം മുടങ്ങും.

ഈ വർഷത്തെ നമ്മുടെ പ്രമേയം, **"എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുവിൻ"** എന്നതാണ്. ദൈവകൃപയാലും കരുണയാലും നാം ഈ വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ, ദൈവത്തിൽ വിശ്വസ്തരായ സകലമക്കളോടും വചനം ആവശ്യപ്പെടുന്ന കാര്യമാണിത്. പോയവർഷത്തിൽ നാം അനേകം കാര്യങ്ങളിലൂടെ കടന്നുപോയി, വരുവാനുള്ള വർഷങ്ങളിൽ ഇനിയും അനേകം കാര്യങ്ങൾ നമുക്കായി കാത്തിരിക്കുന്നു.

ഒരു വ്യക്തിയെന്ന നിലയിലും, സഭയെന്ന നിലയിലും, രാഷ്ട്രമെന്ന നിലയിലും, നമ്മുടെ മുന്നിൽ വരുന്ന വെല്ലുവിളികളും നമുക്കുള്ള ഉത്തരവാദിത്തങ്ങളും നമ്മെ കീഴടക്കുന്ന ആകുലതകളും നമ്മുടെ താളം തെറ്റിക്കാതിരിക്കാൻ; നമ്മുടെ ഹൃദയങ്ങളെ പൂർണ്ണമായും ദൈവത്തിൽ കേന്ദ്രീകരിക്കാൻ നാം പരിശീലിച്ചെങ്കിൽ മാത്രമേ കഴിയൂ.

സ്വസ്ഥമായിരിക്കാനുള്ള വിളി, നിഷ്ക്രിയത്വത്തിലേക്കോ അലസതയിലേക്കോ ഉള്ള ഒരു വിളിയല്ല; ദൈവവുമൊത്തുള്ള നമ്മുടെ പ്രയാണത്തിന്റെ സകലമേഖലകളെയും ആഴപ്പെടുത്താനുള്ള ഒരു കല്പനയാണ്. ആറ് ഉപവിഭാഗങ്ങളിലൂടെ ഇക്കാര്യങ്ങളെക്കുറിച്ചു നാം പ്രതിഫലിപ്പിക്കുന്നു. **"ഭയഭക്തി"**, **"വിശ്വാസം"**, **"സമാധാനം"**, **"പ്രത്യാശ"**, **"സ്നേഹം"**, **"ദൗത്യം"** എന്നിവയാണ് അവ.

ഈ മേഖലകളിലെല്ലാം ആഴത്തിൽ വേരൂന്നാനും, ദൃഢതയേറിയ ബോധ്യങ്ങൾ ഉണ്ടാകാനും നമുക്കു കഴിയട്ടെ; അങ്ങനെ, നമുക്കു വേണ്ടി തെളിച്ചുവച്ചിരിക്കുന്ന ഓട്ടത്തിൽ ഹൃദയം സമർപ്പിക്കാനും, പൂർത്തിയാക്കി വിജയിയാകാനും ദീർഘകാലയളവിലേക്കു ശക്തിപ്രാപിക്കാൻ നമുക്കു കഴിയട്ടെ.

# ഭയാശ്ചര്യം

## സങ്കീർത്തനം 19:1-4

1ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു;
ആകാശവിതാനം അവിടുത്തെ കരവിരുതിനെ വിളംബരം ചെയ്യുന്നു.
2പകൽ പകലിനോട് നിരന്തരം സംസാരിക്കുന്നു;
രാത്രി രാത്രിക്ക് അറിവു പകരുന്നു
3ഭാഷണമില്ല, വാക്കുകളില്ല; ശബ്ദംപോലും കേൾക്കുന്നുമില്ല.
4അതിന്റെ അളവുനൂൽ ഭൂതലമെങ്ങും എത്തുന്നു;
അതിന്റെ വാക്കുകൾ ലോകത്തിന്റെ അറുതിയോളം ചെന്നു ചേരുന്നു...

**ഭയാശ്ചര്യം**

| | | | |
|---|---|---|---|
| ദിനം 1 | : | ആകാശം ദൈവമഹിമയെ ഘോഷിക്കുന്നു | സങ്കീർത്തനം 19:1-4 |
| ദിനം 2 | : | രാജാവിനെ ആരാധിപ്പിൻ | സങ്കീർത്തനം 96:9, വെളിപാട് 14:7 |
| ദിനം 3 | : | ഭൂമി ശബ്ദിക്കാതെ നില്ക്കട്ടെ | ഹബാക്കുക് 2:20 |
| ദിനം 4 | : | വിനയവും ഭയഭക്തിയും | എബ്രായർ 5:7 |
| ദിനം 5 | : | പ്രാർത്ഥന: നമ്മുടെ ജീവശ്വാസം | ലൂക്കോസ് 5:16, ലൂക്കോസ് 6:12 |
| ദിനം 6 | : | ജീവിക്കുന്ന ബലിയാകുന്നത് | റോമർ 12:1 |
| ദിനം 7 | : | സ്തുതികൾ എന്ന ബലി | എബ്രായർ 13:15 |

ദിനം 1

## ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു

എല്ലാവർക്കും സുപ്രഭാതം നേരുന്നു. നമ്മുടെ പ്രാർത്ഥനാസമയ പരമ്പരയുടെ ആദ്യത്തെ ദിവസമാണ് ഇന്ന്. ദൈവത്തിനുമുന്നിൽ അമ്പരപ്പോടെ നിൽക്കാൻ നമ്മെ പഠിപ്പിക്കുന്ന തിരുവചനങ്ങളിലൂടെയാണ് ആദ്യത്തെ ഏഴു ദിവസങ്ങളിൽ നാം കടന്നുപോകുന്നത്. അതുവഴി, നാം കരങ്ങൾ ഉയർത്തി ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനും.

**റോമർ 1:20** ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യമായ നിത്യശക്തിയും ദിവ്യസ്വഭാവവും അവിടുത്തെ സൃഷ്ടികളിലൂടെ കണ്ടു മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അതിനാൽ മനുഷ്യനു യാതൊരു ഒഴികഴിവും പറയാൻ സാധ്യമല്ല

ദൈവത്തിന്റെ അദൃശ്യമായ ഗുണങ്ങൾ - ദൈവത്തിന്റെ നിത്യശക്തിയും ദിവ്യസ്വഭാവവുമൊക്കെ - പ്രകൃതിയെ നിരീക്ഷിക്കുന്നതിലൂടെ മനസ്സിലാക്കാൻ, ബൈബിൾ എഴുതുന്നതിനുമുമ്പുതന്നെ ജനത്തിനു കഴിഞ്ഞിട്ടുണ്ട് എന്നു പരിശുദ്ധാത്മാവിനാൽ പ്രചോദിതനായ അപ്പസ്തോലൻ പൗലോസ് ഇവിടെ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ, ദൈവത്തെ ആരാധിക്കാതിരിക്കാനും സ്നേഹിക്കാ

തിരിക്കാനും അനുസരിക്കാതിരിക്കാനും ഒരാൾക്കും ഒരു ഒഴികഴിവും നിരത്താൻ സാധിക്കുകയില്ല.

പ്രകൃതിലേക്കു സസൂക്ഷ്മം നോക്കുന്ന ഏതൊരു മനുഷ്യനും പ്രകൃതിയിലൂടെ തന്നെ ദൈവത്തെ അറിയുന്നു എന്ന് വചനങ്ങൾ വ്യക്തമായി ഉദ്ഘോഷിക്കുന്നു. മനോഹരവും മഹത്വകരവുമായ ഈ ലോകത്തെ വിഭാവനം ചെയ്തയാളും സൃഷ്ടിച്ചയാളുമായ ദൈവത്തിനുമുന്നിൽ അവർക്കു അമ്പരപ്പോടെ നിൽക്കാനും അതുവഴി കഴിയുന്നു.

സങ്കീർത്തകൻ ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു:

**സങ്കീർത്തനം 19:1-4** 1ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു; ആകാശവിതാനം അവിടുത്തെ കരവിരുതിനെ വിളംബരം ചെയ്യുന്നു. 2പകൽ പകലിനോട് നിരന്തരം സംസാരിക്കുന്നു; രാത്രി രാത്രിക്ക് അറിവുപകരുന്നു. 3ഭാഷണമില്ല, വാക്കുകളില്ല; ശബ്ദം പോലും കേൾക്കുന്നുമില്ല. 4അതിന്റെ അളവുനൂൽ ഭൂതലമെങ്ങും എത്തുന്നു; അതിന്റെ വാക്കുകൾ ലോകത്തിന്റെ അറുതിയോളം ചെന്നു ചേരുന്നു; അവിടുന്ന് സൂര്യന് ഒരു കൂടാരം അവിടെ നിർമ്മിച്ചിരിക്കുന്നു.

ആകാശം എന്നവാക്കുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് പ്രധാനമായും ശൂന്യാകാശത്തെയാണ്. ആകാശങ്ങൾ എന്ന വാക്കാണ് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്, കാരണം, ആകാശത്തിന് പല തലങ്ങൾ ഉണ്ട്. ആദ്യതലം ഭൂമിയുടെ തൊട്ടുമുകളിലുള്ള ഭൗമാന്തരീക്ഷമാണ്. ഭൗമാന്തരീക്ഷത്തിനു മുകളിലായി, മഴയും മഞ്ഞും മാരികളും കൊണ്ടുവരുന്ന മേഘങ്ങൾ ഉൾപ്പെടുന്ന ഒരു തലം നമുക്കു കാണാം. അതിനും മുകളിലായി, ആകാശഗോളങ്ങളുടെ ഒരു തലം, ചന്ദ്രനും മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സൂര്യനും ഉൾപ്പെടെയുള്ള നമ്മുടെ സൗരയൂഥം. അതിനും മേലെയായി കോടികണക്കിനു താരസമൂഹങ്ങളിലായി എണ്ണിത്തീർക്കാൻ സാദ്ധ്യമല്ലാത്ത അത്രയും നക്ഷത്രങ്ങൾ.

രാത്രിയിൽ ആകാശത്തേക്കു നോക്കിയാൽ, പറഞ്ഞറിയിക്കാൻ പറ്റാത്ത രീതിയിൽ ഒരു അമ്പരപ്പ് നമ്മിൽ നിറയും, നക്ഷത്രങ്ങളും നക്ഷത്രകൂട്ടങ്ങളും താരാപഥങ്ങളും അവയുടെ എണ്ണത്തിലുള്ള വ്യാപ്തിയും എല്ലാം.

ഇവയിലെല്ലാം വ്യാപരിക്കുന്ന ക്രമവും മറ്റും നാം കാണുമ്പോൾ, ഈ പ്രപഞ്ചം രൂപകല്പനചെയ്തു സൃഷ്ടിച്ചവനെ ഓർത്ത് ഭയത്തോടും അതിശയത്തോടുംകൂടെ മാത്രമേ നമുക്കു നിൽക്കാനാകൂ. ആ സ്രഷ്ടാവ് നമുക്ക് അപരിചിതനല്ല, നാം അവനെ ദൈവം എന്നു വിളിക്കും. നമ്മുടെ നേത്രങ്ങൾക്കു കാണാൻ കഴിയാത്ത സ്വർഗ്ഗത്തിൽ വസിക്കുന്ന, നമ്മുടെ സ്വർഗ്ഗീയപിതാവായ ദൈവം.

പ്രകൃതിയിലെ അതിശയങ്ങൾ നോക്കി ദൈവത്തെക്കുറിച്ച് അതിശയപ്പെടുന്നത് സാധാരണക്കാരായ നമ്മൾ മാത്രമല്ല; പ്രകൃതിയെ പഠിക്കുന്ന ഏറ്റവും ബുദ്ധിമാന്മാരായ ശാസ്ത്രജ്ഞർ നമ്മെക്കാൾ വളരെയേറെ അത്ഭുതപരതന്ത്രരാണ്. ലോകം കണ്ട ഏറ്റവും ശ്രേഷ്ഠരായ ശാസ്ത്രജ്ഞരിൽ ഒരാളായ ഐൻസ്റ്റീന്റെ വാക്കുകൾ താഴെ ഉദ്ധരിക്കുന്നു:

ശാസ്ത്രത്തെ ഗൗരവതരമായി പിന്തുടരുന്ന സകലരും ഒരു കാര്യത്തിൽ ഉറപ്പുള്ളവരാണ്; ഈ പ്രപഞ്ചതത്വങ്ങൾ പ്രവർത്തിപഥത്തിലേക്കു കൊണ്ടുവന്നത് ഒരു ആത്മാവാണ് എന്ന കാര്യമാണത്. മനുഷ്യന്റെ ആത്മാവിനേക്കാൾ എത്രയോ മടങ്ങ് ശ്രേഷ്ഠമായ ഒരു ആത്മാവ്; ആ ആത്മാവിനുമുന്നിൽ കേവല ശക്തികൾ മാത്രമായ നാം, വിനീതരാകപ്പെടുന്ന ആത്മാവ്.

പ്രകൃതിയിലേക്കു സാകൂതം നോക്കിയാൽ, നമുക്കും, നമ്മുടെ ഭാവനകൾക്കും ഏറെ മേലെയായി, സൃഷ്ടികളിൽ വ്യാപരിക്കുന്ന സ്രഷ്ടാവിന്റെ ശക്തിയും ബുദ്ധിയും കണ്ട് വിനയാന്വിതരാകേണ്ടി വരും. അത്തരം ഒരു എളിമപ്പെടൽ ദൈവത്തെ കൂടുതൽ അതിശയത്തോടും ഭയത്തോടും കൂടി കാണുന്നതിലേക്കു നമ്മെ നയിക്കും.

സങ്കീർത്തകൻ പറയുന്നു: ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു

ദൈവത്തിന്റെ മഹത്വം എന്നാൽ എന്താണ്? നമുക്ക് അതെപ്രകാരം വിശദീകരിക്കാൻ കഴിയും? നാം സാധാരണയായി ഉപയോഗിക്കുന്ന ഒരു വാക്കാണ് സുന്ദരം എന്നത്. എന്നാൽ നമുക്ക് സുന്ദരം എന്ന വാക്കിനെ എപ്രകാരം വിശദീകരിക്കാൻ/നിർവ്വചിക്കാൻ കഴിയും? ഇത്രയും സാധാരണമായ ഒരു വാക്കിനെ വിശദീകരിക്കാൻ കഴിയാത്ത നമുക്ക് ദൈവമഹത്വത്തെ വിശദീകരിക്കാൻ കഴിയുമോ?

- ദൈവമഹത്വത്തെക്കുറിച്ച് ചിത്രീകരിക്കാൻ ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്യങ്ങൾ നമുക്കു പരിശോധിക്കാം

- മരുഭൂമിയിൽ മോശ കൂടാരം ഉയർത്തിയപ്പോൾ അതിശയകരമായ ഒരു കാര്യം നടന്നു:

**പുറപ്പാട് 40:34–35** അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തിൽ നിറഞ്ഞു. മേഘം സമാഗമനകൂടാരത്തിന്മേൽ വസിക്കയും യഹോവയുടെ തേജസ്സു തിരുനിവാസത്തിൽ നിറയുകയും ചെയ്തതുകൊണ്ട്, മോശെക്കു സമാഗമനകൂടാരത്തിനകത്തു പ്രവേശിക്കാൻ കഴിഞ്ഞില്ല.

- സോളമൻ ജെറുസലേമിൽ ദൈവാലയം പണിതു പൂർത്തിയാക്കിയപ്പോഴും ഇതുതന്നെ സംഭവിച്ചു:

**1 രാജാക്കന്മാർ 8:10** പുരോഹിതന്മാർ വിശുദ്ധസ്ഥലത്തുനിന്നും പിൻവാങ്ങിയപ്പോൾ മേഘം യഹോവയുടെ ആലയത്തിൽ നിറഞ്ഞു. യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ട് ശുശ്രൂഷ ചെയ്യേണ്ടതിന് ആലയത്തിൽ നില്പാൻ മേഘം നിമിത്തം പുരോഹിതന്മാർക്കു കഴിഞ്ഞില്ല

- വ്യത്യസ്തരായ എഴുത്തുകാർ വ്യത്യസ്തമായ രണ്ടു സാഹചര്യത്തെക്കുറിച്ച് എഴുതിയതാണിത്. കൂടാരത്തിലും ദൈവാലയത്തിലും ആദ്യം മേഘം വന്നു പൊതിഞ്ഞു. രണ്ടു ഭാഗത്തും രണ്ടാമതായി പറയുന്നത്, ദൈവത്തിന്റെ മഹത്വം അവിടെ നിറഞ്ഞു എന്നാണ്.

അവർക്കു കാണാൻ കഴിയുമായിരുന്നത് എന്താണ്? മേഘത്താൽ ആവരണംചെയ്യപ്പെട്ട ഒരു വലിയ വെളിച്ചമാകും ഒരുപക്ഷേ അവർക്കു കാണാൻ കഴിയുമായിരുന്നത്. ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചു പറയുമ്പോൾ നമുക്കു സൂചിപ്പിക്കാൻ കഴിയുന്നത് വിശദീകരിക്കാനാവാത്ത വെളിച്ചം അല്ലെങ്കിൽ വെളിച്ചത്തിന്റെ പ്രസരണം എന്നതാണ്.

മനുഷ്യരുടെ വാസം ദൈവത്തോടൊപ്പമാകുന്ന പര്യവസാനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, യോഹന്നാനും എഴുതുന്നത് ഇപ്രകാരമാണ്:

**വെളിപാട് 21:22–23** നഗരത്തിൽ വിശുദ്ധമന്ദിരം കണ്ടില്ല, സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആയിരുന്നു. നഗരത്തിൽ പ്രകാശിക്കാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല; ദൈവതേജസ്സ് അതിനെ പ്രകാശിപ്പിക്കുന്നു; കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

അവിടെ സൂര്യനേയോ ചന്ദ്രനേയോ ആവശ്യമുണ്ടായിരുന്നില്ല, കാരണം ദൈവത്തിന്റെ തേജസ്സ് അവർക്കു വെളിച്ചം നല്കിയിരുന്നു.

രാത്രിയായാലും പകലായാലും നാം ആകാശത്തേക്കു നോക്കുമ്പോൾ കാണുന്നത് എന്താണ്? പലവിധ ശോഭയോടെയുള്ള വെളിച്ചങ്ങൾ. ആകാശഗോളങ്ങളിൽ നാം കാണുന്ന വെളിച്ചമെല്ലാം ദൈവമഹത്വത്തിന്റെ ചെറിയരീതിയിലുള്ള ബഹിർസ്ഫുരണങ്ങൾ മാത്രമാണ്. ദൈവത്തിന്റെ ശോഭയുടെയും ഗാംഭീര്യത്തിന്റെയും മുമ്പിൽ അവയെല്ലാം നിസ്സാരമായവയാണ്.

ജോൺ പൈപ്പർ പറഞ്ഞതുപോലെ: ദൈവത്തിന്റെ നാനാവിധമായ പരിപൂർണ്ണതയുടെ ശ്രേഷ്ടതയും, നിത്യമായ സൗന്ദര്യവുമാണ് ദൈവത്തിന്റെ മഹത്വം

സൃഷ്ടിക്കപ്പെട്ട പ്രകൃതിയും, ജലാശയങ്ങളുടെ വിസ്തൃതിയും, മലകളും താഴ്‌വരകളും, വയലുകളും കാടും, ആകാശവും നാം കാണുന്ന സകലതും, ദൈവത്തിന്റെ മഹത്വം നമ്മോടു പ്രഘോഷിക്കുന്നു.

അങ്ങനെയാകുമ്പോൾ, ദൈവം തന്നെയും, ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗവും നമ്മോടു പ്രഘോഷിക്കുന്നത് എത്രയോ അതിശ്രേഷ്ഠമായ രീതിയിലായിരിക്കും?

പത്തൊൻപതാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ; വാക്കുകളോ ശബ്ദമോ സംസാരമോ ഇല്ലാതെ ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിച്ചും ആകാശവിതാനം അവിടുത്തെ കരവിരുതിനെ വിളംബരം ചെയ്തും അറിവു പകരുന്നു. എത്രയോ അതിശയകരമാണിത്?! ദൈവം സൃഷ്ടിച്ച സകലതും ദൈവത്തെയും അവിടുത്തെ മഹത്വത്തെയും വിളംബരം ചെയ്യുന്നു; അവയെ കാണുന്ന സകലരും ദൈവമുന്നിൽ അമ്പരപ്പോടെ നിൽക്കാനും അവിടുത്തെ നാമത്തെ ഉയർത്താനും സ്തുതിക്കാനും മഹത്വപ്പെടുത്താനും വേണ്ടിയാണിത്

ദൈവമഹത്വത്തിനു മുന്നിൽ നമുക്കു വേണ്ട അമ്പരപ്പിലേക്ക് ഈ ആഴ്ചയിൽ നാം ശ്രദ്ധകേന്ദ്രീകരിക്കുന്നതിലൂടെ, മഹത്തായ നമ്മുടെ ദൈവത്തെക്കുറിച്ചുള്ള അതിശയവും ഭയഭക്തിയും പുതുതായി നിറയുന്ന വ്യക്തികളായി നമുക്കു മാറാം.

രാത്രിയിലും പകലിലുമെല്ലാം കുറച്ചു സമയം നമുക്ക് ആകാശത്തേക്കു നോക്കി നാം കാണുന്നതിനെ നിരീക്ഷിച്ച്; ദൈവമഹത്വത്തെക്കുറിച്ച് അവ നമ്മോടു പ്രഖ്യാപിക്കുന്നതെന്ത് എന്നതിനെ പ്രതിഫലിപ്പിച്ചുനോക്കാം. ഈ കാണുന്നതെല്ലാം നമ്മോടു വിളംബരം ചെയ്യുന്നതെല്ലാം തുലോം നിസ്സാരമാക്കുന്ന ദൈവമഹത്വത്തെ പുകഴ്ത്താൻ നമുക്കു കുറച്ചു സമയം ചിലവഴിക്കാം. പ്രകൃതിയെ മനസ്സിലാക്കി ദൈവത്തിനു സ്തുതി കരേറ്റുന്നത് നമുക്കൊരു ശീലമാക്കാം. കാരണം അവിടുന്ന് നമ്മുടെ സ്വന്തം സ്വർഗ്ഗീയ പിതാവാണ്.

**കൂടുതൽ വചനങ്ങൾ:** 2 ദിനവൃത്താന്തം 2:6, ഇയ്യോബ് 38:37, റോമർ 1:19-20, സങ്കീർത്തനം 89:11, ഏശയ്യ 40:26, ഏശയ്യ 66:1-2

ദിനം 2

## രാജാവിനെ ആരാധിപ്പിൻ

**സങ്കീർത്തനം 96:9** വിശുദ്ധവസ്ത്രാലങ്കാരത്തോടെ യഹോവയെ ആരാധിക്കുവിൻ; സർവ്വഭൂമിയും അവിടുത്തെമുമ്പിൽ നടുങ്ങട്ടെ

അധികാരത്തിൽ ഇരിക്കുന്നവരോട് ആദരവു കാണിക്കാൻ ഈ ലോകത്തിലായിരിക്കുന്ന നമ്മൾ ഓരോരുത്തരും പഠിച്ചിട്ടുണ്ട്. നമ്മുടെ മാതാപിതാക്കളെ ആദരിക്കാനും, സ്കൂളിലെ അദ്ധ്യാപകരെ ആദരിക്കാനും, പ്രധാന അദ്ധ്യാപകനു കൂടുതൽ ആദരവു നല്കാനും നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഒരു കോടതിയിൽ നാം പോവുകയാണെങ്കിൽ, ന്യായാധിപസ്ഥാനത്തിരിക്കുന്ന വ്യക്തിക്കു നല്കുന്ന ആദരവ് എത്രമാത്രമാണെന്ന കാര്യം നിങ്ങൾക്കു ബോധ്യമാകും. ന്യായാധിപൻ കോടതിയിലേക്കു വരുന്ന സമയത്ത് സകലരും എഴുന്നേറ്റുനിന്ന് ആ വ്യക്തിയെ ആദരിക്കുന്നു.

എന്നാൽ നാം ഏറ്റവും കൂടുതൽ ആദരവു നല്കേണ്ടത് ആർക്കാണ്? രാജാക്കന്മാരുടെ രാജാവും സകലവ്യക്തികളുടെയും സകലസംഗതികളുടെയും മേൽ അധികാരവുമുള്ളയാളാണ് ദൈവം. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന മറ്റാർക്കും നല്കുന്നതിനേക്കാൾ കൂടുതലായ ആദരവ് - ആരാധന - ദൈവത്തിനുനല്കാനാണ് നമ്മെ വിളിച്ചിരിക്കുന്നത്.

ആരാധനയെന്നത്, ദൈവത്തിനു മുമ്പിൽ തലകുനിക്കുന്നതു മാത്രമല്ല; നമ്മുടെ ജീവനുമീതെപ്പോലുമുള്ള അധികാരം കയ്യാളുന്നവനാണ് - ഈ ജീവിതത്തിലും മരണശേഷമുള്ള ജീവിതത്തിലും - അവനെന്ന് ഓർത്ത് അവന്റെ മുന്നിൽ നടുങ്ങി നിൽക്കുന്നതുമാണ്.

വലിയ അധികാരത്താൽ മാത്രമല്ല നമ്മുടെ ദൈവം അറിയപ്പെടുന്നത്, തേജസ്സാലും ഉന്നതിയാലും മഹിമയാലും കൂടിയാണ്.

ദൈവത്തെ കണ്ടിട്ടുള്ള പ്രവാചകർ, അവിടുത്തെ മഹത്വം കണ്ടിട്ട് മുട്ടിൽ വീണു നമസ്കരിക്കുകയോ, സാഷ്ടാംഗപ്രണാമം ചെയ്ത് ആരാധിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. ഇന്നു നമുക്കു ദൈവത്തെ കാണാനാവില്ലെങ്കിലും, അതേ ദൈവത്തെ തന്നെയാണ് നാം ആരാധിക്കുന്നത് എന്ന കാര്യം നാം ഓർമ്മിക്കണം.

ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളുടെ ഇടയിൽപ്പോലും, ആരാധനയെക്കുറിച്ച് പ്രകടമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

പലരും ആരാധനയെ ഒരു കാര്യപരിപാടി ആയിട്ടാണു കാണുന്നത്. അതിനെ ക്രമത്തിൽ കൊണ്ടുപോകാൻ ഒരു വ്യക്തിയുണ്ടാകും. വേദിയിൽ കാര്യങ്ങൾ ചെയ്യുന്നവർ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുകയും സദസ്സിൽ ഉള്ളവർ കാഴ്ചക്കാരായി ഇരിക്കുകയും ചെയ്യും. ഇത്തരം മനസ്സുമായി ആരാധനയ്ക്കു പങ്കെടുക്കുന്നവർ അവിടെ കാര്യങ്ങൾ ചെയ്തവരുടെ നന്മതിന്മകൾ വിശകലനം ചെയ്യാനാണ് മുതിരുന്നത്, ആരാധനയിൽ ഭാഗഭാക്കാകാനല്ല. അവരുടെ കാഴ്ചപ്പാടിൽ, ഇമ്പകരമായ പാട്ടുകളും ത്രസിപ്പിക്കുന്ന സന്ദേശവും ഉണ്ടെങ്കിൽ ആരാധന ശ്രേഷ്ഠമാണ്. നല്ല സംഗീതോപകരണങ്ങളൊക്കെ ഉണ്ടെങ്കിൽ നമുക്ക് നന്നായി പാടാനൊക്കെ കഴിയുമായിരിക്കും, എങ്കിലും, അത് ദൈവത്തിനു സ്വീകാര്യമായ ആരാധനയായിക്കൊള്ളണമെന്നില്ല. ആരാധനയിലേക്കു നമ്മെ നയിക്കുന്ന

ഒരു ഉപാധിയോ മാധ്യമമോ ആണ് സംഗീതം.

ചിലരെ സംബന്ധിച്ച്, ആഴ്ചവട്ടത്തിലോ, ആഴ്ചമദ്ധ്യത്തിലോ നടക്കുന്ന ഒരു ചടങ്ങാണ് ആരാധന. അവരുടെ അസ്ഥികളിൽ ഒരു വിറയൽ അനുഭവപ്പെട്ടില്ലെങ്കിലോ, വികാരങ്ങളുടെ ഒരു തിരതള്ളൽ അവരിൽ ഉണ്ടായില്ലെങ്കിലോ ആരാധന പൂർണ്ണമായി എന്ന തോന്നൽ അവർക്കില്ല. ആരാധനയെന്നത് വൈകാരികമായ ഒരു കാര്യമായേക്കാം, എന്നാൽ വികാരങ്ങളുടെ തിരതള്ളൽകൊണ്ട് ആരാധന ശ്രേഷ്ടമായതായിരുന്നു എന്നു പറയാൻ കഴിയില്ല.

ആരാധനയെക്കുറിച്ച് നമുക്കുള്ള വ്യക്തിപരമായ കാഴ്ചപ്പാടുകൾ എന്തു തന്നെയായാലും, ഒരു കാര്യം തീർത്തു പറയാൻ സാധിക്കും. നമ്മുടെ ആരാധനായോഗങ്ങളിലും വ്യക്തിപരമായ ആരാധനയിലും, അത്യുന്നതനായ ദൈവത്തിന്റെ യഥാർത്ഥ ആരാധകരായി, സത്യമായ ആരാധനയുടെ വിവിധ വശങ്ങൾ പുനർനവീകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട് എന്ന കാര്യമാണ് അത്.

ജോലിയെയും പണത്തെയും സുഖസൗകര്യങ്ങളെയുമൊക്കെ ആരാധിക്കുന്ന ഈ തലമുറയിൽ, ദൈവാരാധനയും ദൈവത്തോടുള്ള അഭിനിവേശവുമെല്ലാം രുചി നശിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളായിത്തീരുന്നു എന്നു കാണാൻ കഴിയും. നമ്മുടെ ആത്മീയ ജീവിതത്തിനു ചൂടുപകരുന്ന അടുപ്പാണ് ആരാധന. ദൈവത്തോടുള്ള നമ്മുടെ പ്രതികരണമാണ് ആരാധന. ദൈവത്തെ ആരാധിക്കുമ്പോൾ, നാം ദൈവത്തോടു പ്രതികരിക്കുകയാണു ചെയ്യുന്നത്. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടതുകൊണ്ട്, നാം അവിടുത്തെ കരുണയോടു നന്ദി പറയുന്നു. ദൈവത്തിന്റെ പ്രവർത്തികൾ നാം കാണുമ്പോൾ നാം അവനെ സ്തുതിക്കുന്നു. എന്നാൽ നാം അവനെ ആരാധിക്കുന്നത് അവൻ ആരാണ് എന്നതിനെ അടിസ്ഥാനമാക്കിയാണ് - അവൻ ദൈവമായതുകൊണ്ടാണ്.

അവൻ നമുക്ക് ആരാണ് എന്നതിനെ അടിസ്ഥാനമാക്കിയാണ് നാം അവനെ ആരാധിക്കുന്നത്, അവൻ നമുക്കു വേണ്ടി എന്തു ചെയ്തു തരും എന്നതിനെ അടിസ്ഥാനമാക്കിയല്ല. ദൈവം ചെയ്തതോ ചെയ്യാത്തതോ ആയ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ദൈവത്തെ ആരാധിക്കാൻ തുനിയുമ്പോൾ അത് ആരാധനയല്ലാതായിത്തീരും. സകലതും നഷ്ടപ്പെട്ട ഇയ്യോബിന്, ഏറ്റുപറയാൻ സാക്ഷ്യമൊന്നും ഇല്ലാതിരുന്നിട്ടും, സ്തുതിക്കാനുള്ള ആരോഗ്യം പോലും ഇല്ലാതിരുന്നിട്ടും, താണുവീണ് ദൈവത്തെ ആരാധിക്കാൻ കഴിഞ്ഞത്, തന്റെ ദൈവം ദൈവമാണെന്ന് അവനറിയാമായിരുന്നതുകൊണ്ടാണ്.

നമ്മുടെ അവസ്ഥകളെ കവച്ചുവയ്ക്കുന്ന ഒരു കാര്യമായിരിക്കണം നമ്മുടെ ആരാധന. അതു നമ്മുടെ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കണം. യോഹന്നാൻ 4:23ൽ യേശു പറഞ്ഞു: എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. ഇങ്ങനെയുള്ള ആരാധകരെയത്രേ പിതാവ് അന്വേഷിക്കുന്നത്. അമൂല്യമായ സത്യങ്ങളെ നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ ഉൾക്കൊള്ളുന്നത് ആരാധനയുടെ ഘടകമാണ്. നമ്മുടെ വികാരപ്രകടനങ്ങൾ ആരാധനയ്ക്ക് ഉപയോഗിക്കാം, എന്നാൽ ആരാധനയെന്നത് വികാരപ്രകടനങ്ങളെക്കാൾ ആഴത്തിലുള്ള ഒരു സംഗതിയാണ്. എല്ലാവരെക്കാളും എല്ലാറ്റിനെക്കാളും മുകളിലായി നാം ദൈവത്തിനു കല്പിക്കുന്ന വിലയാണ് നമ്മുടെ ആരാധന. ദൈവത്തെക്കാൾ വിലപിടിപ്പുള്ളതായി ഒരു വ്യക്തിയും ഒരു വസ്തുവും നമുക്കില്ല. നമ്മുടെ കുടുംബത്തെ നാം സ്നേഹിക്കുന്നു, ദൈവത്തെ അതിലേറെയും.

നമ്മുടെ മനോഭാവവും പ്രവർത്തികളും ഉൾപ്പെടുന്ന ഒരു കാര്യമാണ് ആരാധന. മനോഭാവമെന്നു പറയുന്നത്, ഭയവും അത്ഭുതവും ആദരവും ബഹുമാനവും സ്തുതിയുമൊക്കെയാകാം. പ്രവർത്തികൾ എന്നു പറയുന്നത് കുമ്പിടുന്നതോ കയ്യടിക്കുന്നതോ സ്തുതിച്ചുപറയുന്നതോ സംഭാവനനല്കുന്നതോ ശുശ്രൂഷകൾ ചെയ്യുന്നതോ ആകാം. നമ്മിലെ സകലതിന്റെയും പ്രതികരണമാണ് ആരാധന, മനസ്സിന്റെയും വികാരങ്ങളുടെയും ഇച്ഛാശക്തിയുടെയും ശരീരത്തിന്റെയുമെല്ലാം. ഞായറാഴ്ച രാവിലെ നാം പാടുന്ന കുറച്ചു പാട്ടുകൾക്കും ഉപരിയായ ഒരു കാര്യമാണ് ആരാധന. ആരാധനയെന്നത് ഒരു ജീവിതചര്യയാണ്. നമ്മുടെ ചിന്തയിലും സംസാരത്തിലും പ്രവർത്തിയിലുമെല്ലാം നിരന്തരമായി ദൈവത്തിനു മുൻസ്ഥാനം നല്കുന്നതാണ് ആരാധന. ആരാധനസമയത്ത് നാം പാട്ടുകൾ പാടുമ്പോൾ, ദൈവത്തിനുവേണ്ടി നാം ഹൃദയത്തിൽ സൂക്ഷിച്ചിട്ടുള്ള പാട്ടിന് ഒരു സംഗീതം നല്കുകയാണു ചെയ്യേണ്ടത്.

ആരാധനയെന്നാൽ അനുസരണവും കൂടിയാണ്. ചിലയാളുകൾ ആരാധിക്കുന്നത് ഒരു പ്രദർശനമാക്കി മാറ്റുന്നു, എന്നാൽ അവർ കർത്താവിനെ അനുസരിക്കുന്നില്ല. പ്രശസ്തനായ ബൈബിൾ പണ്ഡിതൻ ബിഷപ് റൈൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഒരു വ്യക്തിയെ ഉള്ളിൽ മികച്ചക്രിസ്ത്യാനിയാക്കുന്ന ആരാധനയാണ് ഏറ്റവും നല്ല പരസ്യാരാധന.

2022ലേക്കു നാം കുതിക്കുമ്പോൾ, നമ്മുടെ ആരാധനയെ ദൈവം ഗൗരവമായി എടുക്കുന്നു എന്ന സത്യം നാം കാര്യമായി പരിഗണിക്കേണ്ടതുണ്ട്. കാരണം, നമ്മുടെ ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നു, അതോടൊപ്പം നമ്മുടെ ചുറ്റുമുള്ള ലോകത്തിനോട് നമ്മുടെ ആരാധന ദൈവത്തെക്കുറിച്ചു സാക്ഷ്യം നല്കുകയും ചെയ്യുന്നു. ഭൂമിയും അതിലെ സകലതും ദൈവത്തിനു സ്തുതി കരേറ്റുന്നു എന്ന കാര്യം കൂടി നമുക്കോർക്കാം. എല്ലാറ്റിലും മീതെയായി, സത്യാരാധകർ എന്ന രീതിയിൽ നാം മറ്റുള്ളവർക്ക് വ്യത്യസ്തമായ ഒരു മാതൃകകൂടി കാണിക്കേണ്ടതുണ്ട്. ജീവശ്വാസമുള്ള സകലതിനും ദൈവത്തെ സ്തുതിക്കാനാകും; എന്നിരുന്നാലും, ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവനെ മാത്രമേ ദൈവം സത്യാരാധകനായി പരിഗണിക്കുന്നുള്ളൂ.

ദൈവവുമായി നാം സമയം ചിലവഴിക്കുമ്പോഴും, ആരാധനായോഗങ്ങളിലും, ദൈനംദിനജീവിത വ്യാപാരങ്ങളിൽ പോലും നമുക്കോർക്കാം - ജീവനുള്ള, സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ് നാം കഴിയുന്നത്. അപ്രകാരം നമുക്ക് ദൈവത്തിനു മായമില്ലാത്ത, ശുദ്ധമായ ഭക്തി നല്കുകയും ചെയ്യാം. അസാമാന്യനായ നമ്മുടെ ദൈവത്തിനു ശുദ്ധമായ ആരാധന നല്കുന്ന ഒരു ജീവിതക്രമം നമുക്കു വളർത്തിയെടുക്കാം.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 86:8-10, സങ്കീർത്തനം 99:1-5

ദിനം 3

## ഭൂമി ശബ്ദിക്കാതെ നില്ക്കട്ടെ

**ഹബക്കൂക് 2:20** എന്നാൽ യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്; സർവ്വഭൂമിയും അവിടുത്തെ സന്നിധിയിൽ മൗനമായിരിക്കട്ടെ.

മുകളിൽ കൊടുത്ത വചനത്തിന്റെ സാഹചര്യം മനസ്സിലാക്കാൻ, ഹബക്കുക് പുസ്തകത്തിന്റെ ഒരു പുറം കാഴ്ച കാണുന്നത് മൂല്യവത്തായ പ്രക്രിയ തന്നെയാണ്. ഒരു സ്വർണ്ണഖനിയിലെ ജോലിക്കാർ ഓരോ തരിയും അരിച്ചു പെറുക്കി പരിശോധിച്ച്, ഒരു തരിയിലെ ഒരു അംശവും നഷ്ടപ്പെടാതെ വേർതിരിച്ചെടുക്കുന്നതുപോലെ, നമുക്കും വേദഭാഗം പരിശോധിക്കാം. തിരുവചനമാകുന്ന സ്വർണ്ണം ചെളിയിൽ പൊതിഞ്ഞിരിക്കുന്നില്ല, മായവും കലർപ്പുമില്ലാത്ത ശുദ്ധ സ്വർണ്ണമാണിത്.

സാമൂഹ്യമായ തിന്മകളും അന്യായവും വിഗ്രഹാരാധനയുമെല്ലാം വാണിരുന്ന ഒരു കാലഘട്ടത്തിൽ, തെക്കൻ ഇസ്രായേലിൽ ജീവിച്ചിരുന്ന ഒരു പ്രവാചകനാണ് ഹബക്കുക്. എന്നാൽ ജനത്തിന്റെയടുത്ത് തന്റെ പരാതികൾ ഉന്നയിക്കാതെ, ഈ പുസ്തകത്തിൽ, ദൈവത്തിന്റെ അടുത്തേക്കാണ് പ്രവാചകൻ തന്റെ പരിവേദനങ്ങളുമായി പോകുന്നത്. നമ്മുടെ സമൂഹത്തിൽ ഇന്നു നാം കാണുന്ന തിന്മകളെക്കുറിച്ച് ഒരു വിലാപപ്രാർത്ഥന നിങ്ങൾ നടത്തിയിട്ടുണ്ടോ? ദൈവത്തിന്റെ പ്രവാചകർപോലും വിലപിച്ചിരിക്കുന്നു. തന്റെ സമൂഹത്തിൽ കാണുന്ന സഹനങ്ങളും അന്യായവും അക്രമവും തിന്മപ്രവർത്തികളും വിദ്വേഷവും വഴക്കുമെല്ലാം കണ്ണീരോടും വിലാപത്തോടും കൂടെ ദൈവത്തിലർപ്പിച്ചിട്ട് ദൈവം ഇടപെടാനായി പ്രവാചകൻ ഒന്നാം അദ്ധ്യായത്തിൽ അഭ്യർത്ഥിക്കുന്നതു കാണാം. ഇസ്രയേൽ ദേശത്തെക്കുറിച്ചാണ് പ്രവാചകൻ വിലപിക്കുന്നതെങ്കിലും, ഇന്നത്തെ സാമൂഹ്യചുറ്റുപാടുകളിലേക്ക് ഒരു മണിനാദമുയർത്തുന്ന വിലാപം തന്നെയാണിത്, അല്ലേ?

ഒരു നിമിഷം നിർത്തിയിട്ട് ഇക്കാര്യം ഒന്നു ചെയ്യുക. നമ്മുടെ ചുറ്റും നടമാടുന്ന ചിലകാര്യങ്ങൾ കുറിച്ചുവച്ചിട്ട്, ദൈവത്തിനടുത്തേക്ക് ഒരു വിലാപം കൊണ്ടുചെല്ലുക. വിലാപം, കോപത്തോടും കയ്പ്പോടും പ്രതികാരത്തോടും കൂടിയൊന്നും ആകാതിരിക്കാൻ ശ്രദ്ധിക്കുക.

ഹബക്കുകിനു ദൈവം മറുപടി നല്കിയെങ്കിലും അദ്ദേഹം തൃപ്തനായില്ല. അതുകൊണ്ട് അദ്ദേഹം തന്റെ രണ്ടാമത്തെ പരാതിയും ദൈവത്തോടു പറഞ്ഞു (ഹബക്കുക് 1:12-17). ദൈവത്തിന്റെ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട്, പട്ടണമതിലിൽ കയറിയിരിക്കുന്ന ഒരു കാവൽക്കാരനായാണ് ഹബക്കുക് തന്നെത്താൻ കണ്ടത്, ദൈവം തീർച്ചയായും മറുപടി നല്കുകയും ചെയ്തു. പ്രവാചകൻ കണ്ടതും കേട്ടതുമെല്ലാം ഒരു ഫലകത്തിൽ രേഖപ്പെടുത്താൻ ദൈവം ആവശ്യപ്പെട്ടു. ഭാവിയിൽ ദൈവം നിശ്ചയിച്ച സമയത്തു സംഭവിക്കാനിരിക്കുന്ന ഒരു ദർശനമായിരുന്നു ദൈവം നല്കിയത്. നിറവേറാൻ വളരെയേറെ സമയം എടുത്തു എന്നു തോന്നിയ ഒരു കാര്യമായിരുന്നു അതെങ്കിലും, പിന്നീടത് തീർച്ചയായും നിറവേറി.

ദൈവം അവരെ വിധിക്കുമ്പോൾ വരുവാനിരിക്കുന്ന അഞ്ചു ബാധകളെക്കുറിച്ചുള്ള ഒരു ദൈവീകവെളിപ്പെടുത്തലായിരുന്നു പ്രവാചകനു ലഭിച്ചത്, അതു സംഭവിക്കുന്നതിനു വളരെമുന്നേ, അവൻ അതേക്കുറിച്ചു ജനത്തിന്റെയടുത്തു പ്രഖ്യാപിക്കുകയും ചെയ്യണമായിരുന്നു (ഹബക്കുക് 2:6-19). ബാധകളെക്കുറിച്ചു സംസാരിച്ച ശേഷമാണ് ദൈവം ഇരുപതാം വാക്യത്തിൽ നാം വായിച്ച പ്രഖ്യാപനം നടത്തുന്നത് – എന്നാൽ യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്; സർവ്വഭൂമിയും അവിടുത്തെ സന്നിധിയിൽ മൗനമായിരിക്കട്ടെ.

ഇതിൽ നിന്നെല്ലാം നമുക്കു പെറുക്കിയെടുക്കാൻ കഴിയുന്നത് എന്തൊക്കെയാണ്?

1. ഇവിടെ പരാമർശിക്കുന്ന സംഗതികൾ ബാബിലോണിനു മാത്രമായുള്ളതോ, എനിക്കും നിങ്ങൾക്കും മാത്രം ബാധകമായുള്ളതോ അല്ല. തിന്മയും വേദനയും ബലഹീനനെ ചൂഷണംചെയ്യുന്നതും വിഗ്രഹാരാധനയും സമ്പത്തിനെ ആരാധിക്കുന്നതും ദൈവവിരുദ്ധമായ വിനോദങ്ങളും ലഹരിയും കൊലപാതവും തട്ടിക്കൊണ്ടുപോകലും കൂട്ടക്കൊലയും അനേകരെ ഒരുമിച്ചു നശിപ്പിക്കാനുള്ള ഗൂഢാലോചനയും അന്യായമായനേട്ടമുണ്ടാക്കലും മനുഷ്യസൃഷ്ടിയായ സാമൂഹ്യദുരന്തങ്ങളുമെല്ലാം നാം കേൾക്കാത്ത ആശയങ്ങളുമല്ല.

**1 യോഹന്നാൻ 2:15-17** വാക്യങ്ങൾ നമുക്കറിയാവുന്നതല്ലേ? ലോകത്തെയോ ലോകത്തിലുള്ള യാതൊന്നിനെയുമോ സ്നേഹിക്കരുത്. ഒരാൾ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അയാളിൽ ഇല്ല. എന്തെന്നാൽ ലോകത്തിലുള്ള സകലവും - ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയെല്ലാം തന്നേ - പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നാണുവരുന്നത്. ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകുന്നു; എന്നാൽ ദൈവഹിതം ചെയ്യുന്ന മനുഷ്യൻ എന്നേക്കും ജീവിക്കുന്നു

ഇതു വായിച്ചപ്പോൾ, ഞാൻ സ്നേഹിക്കുന്ന ലോകത്തിന്റെ വഴികൾ ഏതെന്നു ചിന്തിക്കാനും അവയെ എഴുതിവയ്ക്കാനും കുറച്ചു സമയം ചിലവഴിച്ചു. വേഗംതന്നെ അവയെ മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ കാര്യം എങ്ങനെയാണ്?

2. ഈ ലോകത്തിലെ ഓരോ പ്രവൃത്തികളെയും അതു ചെയ്യുന്നവരെയും ദൈവം കാണുന്നു.

3. ഈ തിന്മയുടെയെല്ലാം അനന്തരഫലമായി വരുന്ന ദൈവവിധിയിൽനിന്നും മാറിനില്ക്കാൻ പ്രവാചകനുപോലും വഴിയില്ല, അതിനൊരു വിശദീകരണം അവൻ കണ്ണീരോടെ ചോദിച്ചെങ്കിലും. നിങ്ങൾ ചഞ്ചലപ്പെടുമ്പോൾ... ഒരു നിമിഷം നില്ക്കുക, കാര്യങ്ങൾ വിശകലനം ചെയ്യുക. ദൈവമുന്നിലേക്കു കൊണ്ടുവരിക. ദൈവം നല്കുന്ന മറുപടിക്കുവേണ്ടി ക്ഷമയോടെ കാത്തു നില്ക്കുക. ഇവിടെ നിന്നും നാം പഠിക്കുന്ന മറ്റൊരു പ്രധാനപാഠമിതാണ്. നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന വിശ്വാസസമൂഹത്തിൽ നിന്നും നാം കാത്തിരുന്ന ഉത്തരം ലഭിക്കാനും സാദ്ധ്യതയുമുണ്ട്.

4. ഹബക്കുക്കിനോടു ദൈവം പറഞ്ഞ മറുപടി, ഈ ലോകത്തിനു ദൈവം നല്കുന്ന മറുപടിതന്നെയാണ്

5. വിശ്വാസത്താൽ ജീവിക്കാൻ ഹബക്കുക് നമ്മെ വിളിക്കുന്നു. നാം സ്നേഹിക്കുന്നതിനേക്കാൾ ഈ ലോകത്തെ ദൈവം സ്നേഹിക്കുന്നുവെന്നും, ഇതിലെ തിന്മകൾക്കുവേണ്ട പരിഹാരം നല്കി ഈ ലോകത്തെ അവൻ വീണ്ടെടുക്കുമെന്നുമുള്ള കാര്യത്തിൽ നമുക്ക് ദൈവത്തെ ആശ്രയിക്കാം. നാം അനുഭവിക്കുന്ന സാഹചര്യങ്ങളുടെ ഭാരം വലുതാണെങ്കിലും, പ്രവാചകന്റെ മാതൃക നാം പിന്തുടർന്ന്, ദൈവം തക്കസമയത്ത് നല്കാൻ പോകുന്ന പ്രതികരണത്തിനായി കാത്തിരിക്കണമെന്ന് ഹബാക്കുക് നമ്മെ പ്രബോധിപ്പിക്കുന്നു (2:3).

ക്ഷമയോടെയും സഹിഷ്ണുതയോടെയും കൂടെ, വിട്ടുകൊടുക്കാതെ ദൈവത്തിൽ ആശ്രയിച്ചുമുന്നോട്ടുപോകണമെന്നുള്ള ഈ സന്ദേശം വചനത്തിലുടനീളം നാം കേൾക്കുന്ന ഒരു സന്ദേശം കൂടിയാണ്.

ഭയാനകവും ശക്തവുമായ ഒരു ദൈവസാന്നിദ്ധ്യത്തെക്കുറിച്ചാണ് മൂന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നത്. മനുഷ്യന്റെ തിന്മയെ നേരിടാനായി ദൈവം നേരിട്ടുവന്നപ്പോൾ, സകലരും അവനു ശ്രദ്ധകൊടുക്കുന്നു. പിന്നീടുനടക്കാൻ പോകുന്ന ഒരു പുറപ്പെട്ടുപോകലിലൂടെ ദൈവം തിന്മയെ ഹനിക്കാൻ പോകുന്നതിനെക്കുറിച്ച് ദൈവം ഹബക്കുകിനോടു സംസാരിച്ചു. യേശുവിലൂടെ ദൈവം സാർവ്വത്രികമായി പിന്നീട് ഇക്കാര്യം നിറവേറ്റുകയും ചെയ്തു.

ദൈവത്തിനു ചെവികൊടുക്കുകയും ദൈവത്തെ അനുസരിക്കുകയും, ഇക്കാര്യങ്ങൾക്കായി പരസ്പരം

പ്രചോദിപ്പിക്കുകയും ചെയ്ത്, ദൈവത്തിനായി ശോഭയോടെ നിലകൊള്ളുന്ന ഒരു ജനതയായി നിൽക്കാൻ തിരുവചനങ്ങൾനമ്മെ സഹായിക്കാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**കൂടുതൽ വചനങ്ങൾ:** എബ്രായർ 10:36–37, ലൂക്കോസ് 21:28, സങ്കീർത്തനം 46:10

ദിനം 4

## വിനയവും ഭയഭക്തിയും

**എബ്രായർ 5:7** ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത്, തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷകളും യാചനകളും കഴിച്ചു; ദൈവഭയം നിമിത്തം അതിന് ഉത്തരം ലഭിക്കുകയും ചെയ്തു

ജോൺ കാൽവിന്റെ അഭിപ്രായത്തിൽ, ദൈവത്തിന് അത്യുന്നതസ്ഥാനം നല്കി മഹത്വപ്പെടുത്തുന്ന നമ്മുടെ ഒരു സ്വഭാവമാണ് വിനയം എന്നത്, നമ്മെത്തന്നെ നിഷേധിക്കുന്നതിന്റെ ഭാഗം കൂടിയാണത്. മനുഷ്യരായ നാം പൊടിയിൽനിന്നും സൃഷ്ടിക്കപ്പെട്ടവരാണ്, നമ്മുടെ ആശ്രയം പൂർണ്ണമായും കുടികൊള്ളുന്നത് ദൈവത്തിലാണ്. ദൈവംതന്നെയാണ് നമ്മിലേക്ക് ഇറങ്ങിവന്ന്, ക്ഷമയും കൃപയും നമുക്കു നല്കിയത് എന്നകാര്യം നമ്മുടെ മനസ്സിന്റെ മുൻപന്തിയിൽ ഉണ്ടാകണമെന്നാണ് ഇതിനർത്ഥം.

ഹൃദയത്തിൽ ഒരു ശിശുവിനെപ്പോലെ ആയിത്തീർന്ന്, വിനയം ധരിച്ചാൽമാത്രമേ നമുക്കു ദൈവരാജ്യത്തിൽ ആകാൻ സാധിക്കുകയുള്ളൂ, പ്രത്യേകിച്ച് ദൈവരാജ്യത്തിൽ വലിയവനാകാൻ. സ്വയം ശൂന്യനാക്കി, ദാസന്റെ വേഷം ധരിച്ച്, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് യേശു അതിനു മാതൃക നല്കി. ദൈവത്തിനുമുന്നിൽ നാം വിനീതരാകുമ്പോൾ പരസ്പരം വിനീതരാകാനും നമുക്കു കഴിയും; ...താഴ്മയോടെ മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ഠരെന്നു കരുതിക്കൊൾവിൻ (ഫിലിപ്യർ 2:3)

ആദരവ് എന്ന വാക്കിന്, നിഘണ്ടുനല്കുന്ന അർത്ഥമെന്തെന്നാൽ; ശ്രേഷ്ഠതരമായ ഭയം അനുഭവപ്പെടുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നതും, ആഴത്തിലുള്ള ബഹുമാനവും സ്നേഹവും പ്രകടിപ്പിക്കുകയും ചെയ്യുന്നതുമാണ്.

ദൈവമായ ദൈവപുത്രൻ, വെളിച്ചവും സ്രഷ്ടാവുമായവൻ, ഭൂമിയിൽ വരുവാനും മനുഷ്യമാംസം ധരിക്കുവാനും തയ്യാറായി. ജനനം മുതൽ മരണംവരെ അവൻ കടന്നുപോയ കാര്യങ്ങളെല്ലാംതന്നെ അവനെ എളിമപ്പെടുത്തുന്നതായിരുന്നു, അവൻ അതു സ്വയം ഏറ്റെടുത്തു. സ്വയം ഹിതമല്ലാതെ, ദൈവഹിതമനുസരിച്ച് അവൻ ജീവിച്ചു, പിതാവിനു ഭയഭക്തിയോടെ കീഴടങ്ങി. മരണത്തിൽനിന്നും തന്നെ രക്ഷിക്കാൻ സാദ്ധ്യമായവനുമുന്നിൽ, ഗെദ്സെമെൻ തോട്ടത്തിൽ വച്ച്, നിലവിളിയോടും കണ്ണീരോടുംകൂടി പ്രാർത്ഥനയും യാചനയും സമർപ്പിച്ചു. സ്വയം എളിമപ്പെടുത്തി, തന്റെ ഹൃദയവികാരങ്ങൾ പങ്കുവച്ചു. ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷകളും യാചനകളും കഴിച്ചു; ദൈവഭയം നിമിത്തം അതിന് ഉത്തരം ലഭിക്കുകയും ചെയ്തു

സഹോദരീ സഹോദരന്മാരെ, നമ്മുടെ ജീവിതത്തിലെ വെല്ലുവിളികൾ നിരവധിയാണെന്ന് നമുക്കറിയാം; കരണ്ടുപോക്കും, വിലക്കയറ്റവും, അത്യാവശ്യസാധനങ്ങളുടെയും മരുന്നിന്റെയുമെല്ലാം വിലവർദ്ധയും, ജോലി നഷ്ടവും വരുമാന നഷ്ടവുമെല്ലാം നമ്മുടെ മുന്നിലുണ്ട്. എന്റെ അനുദിന ജീവിതത്തിൽ എനിക്ക് കാഴ്ചപ്പാടും സഹായവും സമാധാനവുമെല്ലാം നല്കുന്ന ഒരാളെ എനിക്ക് ആവശ്യമുണ്ട്. ദൈവത്തിലേക്കു തിരിയുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ കണ്ണീരോടും നിലവിളിയോടും കൂടി ദൈവത്തിലേക്കു തിരിയുന്നതോ? വിനയപ്പെട്ട്, ദൈവത്തിനുമുന്നിൽ കീഴടങ്ങി, അവൻ എന്നെ ഉയർത്താൻ വേണ്ടി കാത്തിരിക്കുന്നതോ?

ദൈവത്തിനുമുന്നിൽ ഭക്ത്യാദരവോടുകൂടിയിരിക്കുന്നതിന്റെ അർത്ഥം, യഥാർത്ഥത്തിലുള്ള എളിമ നമുക്ക് അത്യാവശ്യമാണ് എന്നതാണ്.

എന്റെ ഹൃദയത്തിന്റെ ചായ്‌വുകളും എന്റെ ഹൃദയത്തിലെ ശരിയായ വികാരങ്ങളും, പ്രാർത്ഥനയിൽ ഞാൻ ദൈവത്തെ കാണിക്കേണ്ടതുണ്ട്. യേശുവിന്റെ പിറവിയുടെ ലക്ഷ്യം തന്നെ നഷ്ടപ്പെട്ടവരെ കണ്ടെത്തി രക്ഷിക്കുന്നതും, നമുക്കോരോരുത്തർക്കും ജീവൻ നല്കാൻവേണ്ടി കുരിശിൽ ബലി

യർപ്പിക്കുന്നതുമായിരുന്നിട്ടും; അതു നിറവേറ്റാനുള്ള വൈമനസ്യം തന്റെ പിതാവിനോടുപങ്കുവച്ച്, താൻ കടന്നുപോകുന്ന വികാരങ്ങൾ സത്യസന്ധമായി പ്രകടിപ്പിക്കാൻ യേശുവിനു കഴിഞ്ഞു. ദൈവ ഹിതത്തിനുമുന്നിൽ ഭയാദരവും വിനയവുമുള്ളവനാകുവാൻ യേശുവിനു കഴിഞ്ഞു. കോവിഡ് ബാധിച്ചു മരിച്ച നൈജീരിയ സഭയിലെ ഇവാഞ്ചലിസ്റ്റായ ഒകേചുക്വുവിന്റെ രോഗം എടുത്തുമാറ്റാനാണ് സഭയൊന്നാകെ പ്രാർത്ഥിച്ചത്, എന്നാൽ ദൈവഹിതം നിറവേറി. ദൈവഹിതത്തിനു നാം കീഴടങ്ങിയപ്പോൾ നമ്മിൽ സമാധാനം സ്ഥാപിതമായി. യേശുവിനു സ്വന്തമായുണ്ടായിരുന്ന രണ്ടു സ്വഭാവ ഗുണങ്ങളാണ് വിനയവും ഭക്ത്യാദരവും; വചനം പ്രതിഫലിപ്പിച്ചു പഠിക്കുന്നതിലൂടെ നമ്മിലും ഈ സ്വഭാവഗുണങ്ങൾ വളർന്നുവരണമെന്നത് യേശുവിന്റെ ഹിതമാണ്.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 8:4-8, ഫിലിപ്യർ 2:3-11

ദിനം 5

# പ്രാർത്ഥന - നമ്മുടെ ജീവശ്വാസം

**എന്താണു പ്രാർത്ഥന?**

ജീവിതത്തിൽ നാം മുഴുകിയിരിക്കുന്ന സകല തിരക്കേറിയ കാര്യങ്ങളിൽ നിന്നും വിരമിച്ച്, എല്ലാം നിർത്തിവച്ച്, ദൈവത്തോടൊപ്പം ചിലവഴിക്കാൻ നാം തിരഞ്ഞെടുക്കുന്ന സമയമാണ് പ്രാർത്ഥന. ആ സമയത്ത് നാം അവിടുത്തെ സാന്നിദ്ധ്യം ആസ്വദിക്കുന്നു, അവിടുത്തെ നോക്കി വിസ്മയിക്കുകയും ആരാധിക്കുകയും ചെയ്യുന്നു, ദൈവം നമ്മോടു സംവദിക്കുന്ന കാര്യങ്ങളെ കേൾക്കുന്നു.

**സങ്കീർത്തനം 46:10 പറയുന്നതുപോലെ:** സ്വസ്ഥരായിരിക്കുവിൻ, ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികൾക്കിടയിൽ ഉന്നതനാകും; ഞാൻ ഭൂമിയിൽ ഉന്നതനാകും

ചെയ്തു തീർക്കാൻ നൂറുകണക്കിനു കാര്യങ്ങൾ എപ്പോഴും ബാക്കിയായിട്ടുള്ള, തിരക്കുപിടിച്ച മനുഷ്യരാണ് നാം ഓരോരുത്തരും - ജോലിയായിട്ടും, വീട്ടുകാര്യങ്ങളായിട്ടും, കുട്ടികളുടെ കാര്യങ്ങളായിട്ടും, പരീക്ഷകളായിട്ടും, മറ്റുകാര്യങ്ങളായിട്ടുമെല്ലാം.

എന്നാൽ ഇതിന്റെയെല്ലാം ഇടയിൽനിന്നും മാറി, കുറച്ചു സമയം ദൈവവുമായി ചിലവഴിക്കുന്നതുവഴി; നാം ആശിക്കുന്നതിന്റെയെല്ലാം പിറകേ ഓടിനടന്നു കാര്യങ്ങൾ ചെയ്തുതീർക്കുന്നതിലും സുന്ദരമായ രീതിയിൽ ഇതെല്ലാം നടത്താനുള്ള ദൈവത്തിന്റെ കഴിവിനെ നാം ഉയർത്തി കാണിക്കുകയാണു ചെയ്യുന്നത്. അവനിലുള്ള നമ്മുടെ ആശ്രയത്തിന്റെ പരസ്യപ്രസ്താവനയാണത്. അവനുമായുള്ള ബന്ധത്തിന് നാം എത്രമാത്രം വിലനല്കുന്നുണ്ട് എന്ന നമ്മുടെ തിരിച്ചറിവാണത്. നാം ഉൾപ്പെട്ടിരിക്കുന്ന സകല കാര്യങ്ങളേക്കാളും പ്രധാനമാണ് ദൈവം, കാരണം മറ്റെല്ലാം താത്കാലികമാണ്. നാം സ്വന്തമാക്കുന്ന ഒരു നേട്ടവും നാം ഈലോകത്തിനു വെളിയിലേക്കു കൊണ്ടുപോകുന്നില്ല. നിത്യം വാഴുന്നവനാണ് നാം വിലകല്പിക്കുന്ന നിധി.

ഇതു മനസ്സിലാക്കിയതുകൊണ്ടാണ് മറിയ യേശുവിന്റെ കാല്ക്കീഴിൽനിന്നും മാറാതെ പറ്റിച്ചേർന്നിരുന്നത്. പ്രാർത്ഥനയിലെ മറ്റൊരു പ്രധാന കാര്യം നാം ദൈവത്തിനു കാതോർക്കുകയും ചെയ്യുന്നു എന്നതാണ്.

**സങ്കീർത്തനം 1:2** അവൻ യഹോവയുടെ ന്യായപ്രമാണത്തിൽ പ്രമോദിക്കുന്നു; ആ ന്യായപ്രമാണത്തെ അവൻ രാവും പകലും ധ്യാനിക്കുന്നു.

നമ്മുടെ പ്രാർത്ഥനയിൽ ധ്യാനവും ഉൾപ്പെടേണ്ടതുണ്ട്.

രാവിലെ ഒരു നിശ്ചിത സമയത്തു നാം ചെയ്തുതീർക്കുന്ന ഒരു സംഗതിമാത്രമല്ല പ്രാർത്ഥന, അതൊരു നല്ല തുടക്കം മാത്രമാണ്. ദിവസം മുഴുവൻ ദൈവത്തെക്കുറിച്ചു നാം ബോധവാനായി കഴിയുകയും, കണ്ടെത്താൻ കഴിയുന്ന സമയങ്ങളിലെല്ലാം ദൈവത്തിലേക്കു വന്ന് അവിടുത്തോടു കൂട്ടായ്മയിൽ കഴിയുകയും ചെയ്യുന്നതാണ് പ്രാർത്ഥന - കാരണം നാം അവന്റെ സാന്നിദ്ധ്യത്തിൽ ആനന്ദിക്കുന്നു. നമ്മുടെ ജീവിതത്തിലേക്ക് ഒരു ശിശു കടന്നുവരുന്ന സമയത്ത്, സന്തോഷം പ്രസരിപ്പിക്കുന്ന ആ ശിശുവിനടുത്തേക്കു വരുവാനുള്ള ആഗ്രഹവും, എത്ര തിരക്കായാലും ആ ശിശുവിനുവേണ്ടി

സമയം മാറ്റിവയ്ക്കുവാനുള്ള വ്യഗ്രതയും വാത്സല്യവും നമ്മിൽ എത്രമാത്രമുണ്ടാകും എന്നു ചിന്തിക്കുക. നമ്മുടെ സൃഷ്ടാവിനടുത്തേക്കു ചെല്ലുന്നത് ഇതിലെല്ലാം എത്രമാത്രം ഉന്നതമായ കാര്യമാണ്.

**ലൂക്കോസ് 5:16, 6:12** എന്നീ വചനങ്ങളിൽ, യേശു പതിവായി വിജനസ്ഥലത്തേക്കു പിന്മാറി പ്രാർത്ഥനയിൽ മുഴുകുന്നതും ചില രാത്രികളിൽ മുഴുവൻ സമയവും ദൈവവുമായി ചിലവഴിക്കുന്നതും നമുക്കു കാണാൻ കഴിയും. യേശുവിന്റെ ജീവിതത്തിൽ പതിവായി നടന്നിരുന്ന ഒരു കാര്യമായിരുന്നു ഇത്. തന്റെ പിതാവുമായി ഗുണകരമായ സമയം ചിലവഴിക്കുവാൻ യേശു ജാഗരൂകനായിരുന്നു, പിതാവിലുള്ള ആശ്രയം തനിക്കുവേണം എന്ന് യേശു മനസ്സിലാക്കിയിരുന്നു.

നമ്മുടെ ഹൃദയം തുറന്ന് ഒഴുക്കാനും, നമ്മുടെ ആത്മാവിനെ സമൃദ്ധമാക്കാനും, അറിവിനെ വെല്ലുന്ന സമാധാനം നമ്മുടെ ഹൃദയത്തിൽ അനുഭവിക്കാനും നമുക്ക് ഇടനല്കുന്നവനെ സ്നേഹിക്കാനും, അവനോടൊത്തു സമയം ചിലവഴിക്കാനും നമ്മൾ നോക്കിപാർത്തിരിക്കുന്നുണ്ടോ?

ശല്യമില്ലാത്തതും അർത്ഥപൂർണ്ണവും ആഴമേറിയതുമായ സമയം ദൈവവുമായി ചിലവഴിക്കാൻ നമുക്ക് സ്വകാര്യതയും ഏകാന്തതയും ആവശ്യമാണ്. പ്രാർത്ഥിക്കാനായി യേശു വിജനസ്ഥലങ്ങളിലേക്കു പോയി.

നിങ്ങൾക്ക് ഇതുപോലുള്ള സ്വകാര്യ സ്ഥലം/സ്ഥലങ്ങൾ ഉണ്ടോ? വെളിസ്ഥലമോ പാർക്കോ ടെറസ്സോ മറ്റോ? പ്രാർത്ഥനകൾ തമ്മിലുള്ള സമയദൈർഘ്യം എത്രമാത്രമാണ്? പ്രാർത്ഥനയിലൂടെ ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ പ്രാധാന്യം നിങ്ങൾ എത്രമാത്രം മനസ്സിലാക്കുന്നുണ്ട്?

പ്രാർത്ഥനയെന്നത് നമ്മുടെ കയ്യിലുള്ള ഒരു ദീർഘമായ പട്ടിക ദൈവത്തിനുമുന്നിൽ നിരത്തിയിടുന്നതുമല്ല. നാം ഏല്പ്പിക്കുന്ന ജോലിയെല്ലാം ഭംഗിയായി തീർത്തുവയ്ക്കുന്ന ഒരു ദാസനായി ദൈവത്തെ കാണരുത്. നമുക്കുവേണ്ടത് എന്ത് എന്നും, നമ്മുടെ ഹൃദയാഭിലാഷങ്ങൾ എന്ത് എന്നും ദൈവം നന്നായി അറിയുന്നു. നമുക്കുവേണ്ട കാര്യങ്ങൾ ഏറ്റവും മികച്ച രീതിയിൽ, തക്കനേരത്ത് ദൈവം നിറവേറ്റുമെന്ന ഉറപ്പോടെ നാം ദൈവത്തിൽ ആശ്രയിക്കേണ്ടതുണ്ട്.

**ഫിലിപ്യർ 4:6-7** ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവീകസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും.

നമ്മുടെ ആവശ്യങ്ങൾ ദൈവത്തിനുമുന്നിൽ സമർപ്പിക്കുന്നത് ആകുലതയോടെയല്ല, പകരം, പൂർണ്ണവിശ്വാസത്തോടും ആശ്രയത്തോടും സമർപ്പണത്തോടും കൂടെയാവണം. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിച്ച കാര്യങ്ങൾ ഓർത്തു നന്ദി പറഞ്ഞുകൊണ്ടുമാകണം.

നാം എപ്രകാരം പ്രാർത്ഥിക്കണം എന്നതിനെക്കുറിച്ച് യേശു നമ്മെ പഠിപ്പിക്കുന്നു

**മത്തായി 6:6-13** എന്നാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളുടെ മുറിയിൽ പ്രവേശിച്ചു, കതകടച്ചു നിങ്ങളുടെ അദൃശ്യനായ പിതാവിനോടു പ്രാർത്ഥിക്കുവിൻ. അപ്പോൾ രഹസ്യത്തിൽ ചെയ്യുന്നതു കാണുന്ന നിങ്ങളുടെ പിതാവു നിങ്ങൾക്കു പ്രതിഫലം നല്കും. 7നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ വ്യർത്ഥജല്പനം ചെയ്യരുത്. അതിഭാഷണത്താൽ പ്രാർത്ഥന കേൾക്കപ്പെടുമെന്നാണ് അവരുടെ വിചാരം. 8അവരെപ്പോലെ ആകരുത്; എന്തെന്നാൽ നിങ്ങൾ അപേക്ഷിക്കുന്നതിനു മുമ്പുതന്നേ നിങ്ങളുടെ ആവശ്യം എന്തെന്നു നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്. 9അതുകൊണ്ട് നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കണം: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടണമേ; 10അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. 11ദിനം പ്രതി വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. 12ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. 13പരീക്ഷയിലേക്കു ഞങ്ങളെ നയിക്കാതെ, ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കണമേ, എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അവിടുത്തേതല്ലോ, ആമേൻ.

**പ്രായോഗിക നിർദ്ദേശം:**

1. ദൈവവുമായി സ്വസ്ഥമായി സമയം ചിലവഴിക്കാൻ പറ്റുന്ന ഒരു വിശേഷാൽ സ്ഥലം കണ്ടെത്തുക

2. ദൈവവുമായി ചിലവഴിക്കുന്ന സമയത്ത് ഈ ആഴ്ചയിൽ എന്തെങ്കിലും വിശേഷപ്പെട്ടതു ചെയ്യുക –

ഒരു പാട്ടുപാടാം, നൃത്തമാടാം, കവിതയെഴുതാം, കത്തെഴുതാം, അങ്ങനെ എന്തെങ്കിലുമാകാം

3. സാദ്ധ്യമായ സമയങ്ങളിലെല്ലാം പ്രാർത്ഥിക്കുക. നിങ്ങൾ ഇതുവരെ തീരെ പ്രതീക്ഷിക്കാത്ത ഒരു സമയത്ത് പ്രാർത്ഥിക്കുക

**കൂടുതൽ വചനങ്ങൾ:** ലൂക്കോസ് 10:38-41, സങ്കീർത്തനം 119:23, 119:97, 119:147-148, ഏശയ്യ 59:1, യാക്കോബ് 5:16

ദിനം 6

# ജീവിക്കുന്ന ബലിയാകുന്നത്

**റോമർ 12:1** ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം മൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ

റോമായിലുള്ള വിശ്വാസികളോട് പൗലോസിനുള്ള പ്രബോധനമായിരുന്നു, അവരെ തന്നെ ദൈവത്തിനു യാഗമായി അർപ്പിക്കുക എന്നത്; മോശയുടെ ന്യായപ്രമാണം അനുസരിക്കുന്ന രീതിയിൽ മൃഗങ്ങളെ ബലിപീഠത്തിൽ ബലിനല്കുന്നതുപോലെയല്ല, പകരം ജീവിക്കുന്ന ഒരു ബലിയായി സ്വയം അർപ്പിക്കപ്പെടാൻ

**ദൈവകാരുണ്യം എന്നു പറയുന്നത് എന്താണ്?**

പഴയനിയമത്തിലെ അനുശാസനങ്ങൾ അനുസരിച്ച്, മൃഗബലിയെ ദൈവം സ്വീകരിച്ചിരുന്നു. എന്നാൽ അതെല്ലാം വരുവാനിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെ ബലിയുടെ നിഴലുകൾ മാത്രമായിരുന്നു. എല്ലാക്കാലത്തേക്കുംവേണ്ടി യേശു കുരിശിൽ തന്റെ അന്തിമമായ ബലി അർപ്പിച്ചു.

**എബ്രായർ 9:12** കോലാടുകളുടെയോ പശുക്കുട്ടികളുടെയോ രക്തത്താൽ അല്ല, സ്വന്ത രക്തത്താൽത്തന്നേ വിശുദ്ധസ്ഥലത്ത് ഒരിക്കലായി പ്രവേശിച്ചു നിത്യമായ വീണ്ടെടുപ്പു സാധിച്ചു.

നമുക്കുവേണ്ടി യേശു കുരിശിൽ തന്നെത്തന്നെ ബലിയർപ്പിച്ചു. അതുകൊണ്ട് നമ്മുടെ രക്ഷയ്ക്കുവേണ്ടി നാം ഒന്നും ചെയ്യേണ്ടതില്ല, പകരം യേശുവിനെ വിശ്വസിക്കുകയും യേശുവിൽ ആശ്രയിക്കുകയുമാണ് വേണ്ടത്. യേശുവിന്റെ സ്നേഹത്തിന്റെയും പ്രിയത്തിന്റെയും ഭാജനമായി നാം മാറി. യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റെ ആഴത്തിനു നാം പ്രകടിപ്പിക്കുന്ന നന്ദിയാണ് ജീവനുള്ള യാഗമായി മാറുക എന്നത്.

**എപ്രകാരമാണ് നാം നമ്മുടെ ശരീരത്തെ അർപ്പിക്കുന്നത്?**

അർപ്പിക്കുക എന്ന വാക്കിന്റെ അർത്ഥം, ഉപയോഗിക്കാൻവേണ്ടി വിട്ടുനല്കുക എന്നതാണ്. ഇതാ ഞാൻ, നിനക്കിഷ്ടമുള്ളതുപോലെ എന്നെ ഉപയോഗിച്ചുകൊൾക എന്നു നാം പറയുന്നതുപോലെയാണിത്. നമ്മുടെ ഇച്ഛകളെ ദൈവത്തിന്റെ കാല്ക്കീഴിൽ അർപ്പിക്കുന്നതാണിത്. യേശുക്രിസ്തുവിലൂടെ ദൈവം നമുക്കു നല്കിയിരിക്കുന്ന സ്വാതന്ത്ര്യം ഉപയോഗിക്കാനുള്ള ഒരു തീരുമാനമാണിത്. നമ്മുടെ കുട്ടി രോഗിയായിരിക്കുമ്പോൾ, നാം സ്വമനസ്സാലെയും സന്തോഷത്തോടെയും ആ കുട്ടിക്കുവേണ്ടി ഉറക്കമൊഴിയാനും അവനു വേണ്ട ശുശ്രൂഷകൾ ചെയ്യാനും തയ്യാറാകും. അല്ലെങ്കിൽ ആവശ്യത്തിലിക്കുന്ന ഒരു സുഹൃത്തിനെ സഹായിക്കാൻ നാം വഴിവിട്ടുചിലവഴിക്കാൻ തയ്യാറാകും.

നമ്മടെ മുന്നിൽ തിരഞ്ഞെടുക്കാനുള്ള അവസരങ്ങൾ എല്ലാദിവസവും ഉണ്ട്. നാം ദൈവത്തിനു നമ്മെത്തന്നെ യാഗമായി അർപ്പിക്കുമ്പോൾ, അവൻ നമ്മെ നിറയ്ക്കും, നമ്മെ സജ്ജമാക്കും, അർത്ഥപൂർണ്ണമായ ശുശ്രൂഷ്ക്കു നമ്മെ ഉപയോഗിക്കുകയും ചെയ്യും. ദൈവത്തിനു നമ്മെത്തന്നെ നല്കാതെ നാം പിടിച്ചുവയ്ക്കുമ്പോൾ, നാം പാപത്തിനു വഴങ്ങിക്കൊടുക്കുകയും ചെയ്യും. ശുഭ്രചിന്തകളോടും താത്പര്യത്തോടും കൂടി ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കേണ്ടത് ഇതിനാലാണ്.

**ജീവനുള്ള ബലി എന്നാൽ എന്താണ്?**

ബലിയർപ്പിക്കുമ്പോൾ ജീവൻ നഷ്ടപ്പെടുന്ന മൃഗങ്ങൾക്കു വിപരീതമായ കാര്യമാണ് ജീവനുള്ള ബലിയെന്നു പറയുന്നത്. അത്തരം ബലികൾ ഒരിക്കൽ മാത്രം അർപ്പിക്കപ്പെടുന്നു, എന്നാൽ ജീവനുള്ള ബലികൾ അനുദിനം നിരന്തരം അർപ്പിക്കപ്പെടുന്നു.

ജീവനുള്ള ഒരു ബലിക്ക്, ബലിപീഠത്തിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയും. ജീവനുള്ള ബലിയാകുമ്പോൾ, നമ്മുടെ തോന്നലനുസരിച്ച് നാം ബലിപീഠത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നില്ല എന്ന് നാം ഉറപ്പുവരുത്തേണ്ടതാണ്. നാം ചെയ്യുന്ന ഓരോപ്രവൃത്തിയിലും, നാം എവിടെയായിരുന്നാലും, ഏതു സമയത്തായിരുന്നാലും ബലിയായി അർപ്പിക്കപ്പെടണം. നമ്മുടെ വീട്ടിലും, നാം ചിലവഴിക്കുന്ന രഹസ്യസമയങ്ങളിലും, നമ്മുടെ പങ്കാളിയോടും കുട്ടികളോടും മാതാപിതാക്കളോടും ബന്ധുക്കളോടും അയല്ക്കാരോടും സഹപ്രവർത്തകരോടും ഇടപെടുന്നതിലും, നമ്മുടെ വിനോദപ്രവർത്തികളിലും എല്ലാം തന്നെ. നമ്മുടെ ഉള്ളിലെ മനോഭാവത്താലും, നാം ചെയ്യുന്ന പ്രവൃത്തികളുടെ പ്രചോദനം എന്ന രീതിയിലും, നാം തിരഞ്ഞെടുക്കുന്ന കാര്യങ്ങളാലും, നാം ദൈവത്തെ ആരാധിക്കുന്നു. നമ്മുടെ സമ്പത്തും സമയവും നമ്മുടെ ചുറ്റുമുള്ളവരും എല്ലാം ദൈവാരാധനയ്ക്കുള്ള ഉപാധികൾ തന്നെ.

**ബലി**

ബലിയെന്ന വാക്കിന്റെ നിഘണ്ടുവിലെ അർത്ഥം തന്നെ, “ദൈവത്തിനുവേണ്ടി മാറ്റിവച്ച് വിശുദ്ധീകരിക്കപ്പെട്ട എന്തും” എന്നാണ്. വിശ്വാസി എന്ന രീതിയിൽ, നാം നമ്മെത്തന്നെ എപ്രകാരമെല്ലാമാണ് ദൈവത്തിനുവേണ്ടി മാറ്റിവച്ചു വിശുദ്ധീകരിച്ചിരിക്കുന്നത്?

വിശ്വാസത്താൽ നാം ക്രിസ്തുവിലായിരിക്കുന്നതിനാൽ, ദൈവത്തിനു സ്വീകാര്യമായ ബലിയെന്നു പറയുന്നത് നമ്മെ തന്നെ നമ്മുടെ കർത്താവിനു സമർപ്പിക്കുന്നതാണ്. നമ്മുടേതായ എല്ലാം: ചിന്തകളും ആഗ്രഹങ്ങളും ഇച്ഛയും കഴിവുകളും സമയവും ഊർജ്ജവും കയ്യും കാലും വായും പ്രവർത്തികളും എല്ലാം. നാം എന്ന വ്യക്തിക്ക് എന്തൊക്കെയുണ്ടോ അതെല്ലാം ദൈവമഹത്വത്തിനായി നാം അർപ്പിക്കുന്നു, കാരണം യേശു നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നു.

**പ്രായോഗികതലത്തിൽ നാം എങ്ങനെയാണ് ഒരു ജീവനുള്ള ബലിയാകുന്നത്?**

റോമർ 12:2ൽ, ഈ ലോകത്തിന് അനുരൂപരാകാതെ നിൽക്കുമ്പോഴാണ് നാം ജീവനുള്ള ബലി ആകുന്നുത് എന്നു നാം മനസ്സിലാക്കുന്നു

ഈ ലോകം എന്താണ് എന്നതിനെക്കുറിച്ച് **1 യോഹന്നാൻ 2:15-16** വാക്യങ്ങൾ വ്യക്തമാക്കുന്നു: ലോകത്തെയോ ലോകത്തിലുള്ള യാതൊന്നിനെയുമോ സ്നേഹിക്കരുത്. ഒരാൾ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അയാളിൽ ഇല്ല. എന്തെന്നാൽ ലോകത്തിലുള്ള സകലവും - ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയെല്ലാം തന്നേ - പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നാണുവരുന്നത്.

ജഡമോഹം എന്നു പറയുന്നത്, അമിതമായുള്ള അഭിനിവേശങ്ങളാണ് - ഭക്ഷണപാനീയങ്ങളാകാം, ലൈംഗീകതയാകാം, ശാരീരിക മോഹങ്ങളെ തൃപ്തിപ്പെടുത്തുന്ന മറ്റെന്തെങ്കിലും കാര്യമാകാം. കൺമോഹം എന്നു പറയുന്നത്, ദ്രവ്യങ്ങളോടുള്ള ആസക്തിയാണ് - നാം കാണുന്നതിനോടും നമുക്കില്ലാത്തതിനോടും നാം വേണമെന്നാഗ്രഹിക്കുന്നതിനോടും ഉള്ള ആസക്തിയാണിത്. ജീവനത്തിന്റെ പ്രതാപം എന്നു പറയുന്നതാകട്ടെ, നമ്മെ ഒരു സിംഹാസനത്തിൽ കൊണ്ടുപോയി ഇരുത്തുന്ന സകല അഭിലാഷവും, നമ്മിൽ ചീർത്തുവരുന്ന സകലതുമാണ്. പരുഷവും അവഹേളനകരമായ വാക്കുകളും, നുണയും പരദൂഷണവുമെല്ലാം നമ്മിൽനിന്നും പുറത്തേക്കു നിർഗ്ഗളിക്കും.

ഈ മൂന്നു കാര്യങ്ങളെയും വേണ്ടെന്നുവയ്ക്കുന്നതുമാത്രമല്ല, പകരം, ദൈവത്തിനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ അവയ്ക്കു പകരം വയ്ക്കുന്നതാണ് ബലിയെന്നു പറയുന്നത്. നമുക്കു ചുറ്റുമുള്ള ലോകത്തിൽ ദൈവത്തിന്റെ സൗന്ദര്യം കണ്ടു ദൈവത്തെ സ്തുതിക്കുന്നതും, നാവുകൊണ്ടു നമുക്കു ചുറ്റുമുള്ളവരെ മാനിച്ചും പ്രോത്സാഹിപ്പിച്ചും പടുതുയർത്തുയർത്തുന്നതും, കരങ്ങൾകൊണ്ട് ആവശ്യത്തിലിരിക്കുന്നവരെ ശുശ്രൂഷിക്കുന്നതുമാണ് ദൈവത്തിനു സ്വീകാര്യമായ ബലി.

സമർപ്പണം എന്ന ആശയമാണ് ബലിയെന്ന ആശയം ഉൾക്കൊള്ളുന്നത്. ദൈവത്തെ ശുശ്രൂഷിക്കാനായി നമ്മുടെ ശരീരത്തെ സുബോധത്തോടെതന്നെ സമർപ്പിക്കുന്നതാണിത്. നമ്മിലൂടെ നമുക്കു ചുറ്റുമുള്ള ലോകത്തിന് ക്രിസ്തു ജീവിക്കുന്നവനാകണം.

വിശ്വാസികൾ ലോകത്തിന് അനുരൂപരാകാതെയിരിക്കുന്നത് എപ്രകാരമാണ്?

നമ്മുടെ മനസ്സുകളെ പുതുക്കി രൂപാന്തരം പ്രാപിക്കുന്നതിലൂടെയാണ് ഇതു സാദ്ധ്യമാകുന്നത്. പ്രധാനമായും ഇതു സംഭവിക്കുന്നത്, നമ്മെ രൂപാന്തരപ്പെടുത്താനുള്ള ദൈവവചനത്തിന്റെ ശക്തിയാലാണ്. അതിനായി നമ്മൾ:

വചനം കേൾക്കണം - റോമർ 10:17
വചനം വായിക്കണം - വെളിപാട് 1:3
വചനം പഠിക്കണം - അപ്പ 17:11
വചനം ഹൃദ്യസ്ഥമാക്കണം - സങ്കീർത്തനം 119:9-11
വചനം ധ്യാനിക്കണം - സങ്കീർത്തനം 1:2-3

ലൗകികതയിൽനിന്നും യഥാർത്ഥമായ ആത്മീയതയിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്നതിനായി ഈ ലോകത്തിലുള്ള ഏകശക്തി, പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ശുശ്രൂഷനടത്തുന്ന ദൈവവചനമാണ്. നമ്മെ പൂർണ്ണരാക്കാനും സകല സത്പ്രവർത്തികൾക്കും തികഞ്ഞവരാക്കാനും വചനം മാത്രം മതി (2 തിമോത്തി 3:16). ഇതിന്റെ അനന്തരഫലമെന്താണെന്നുവച്ചാൽ; നല്ലതും പ്രസാദകരവും പരിപൂർണ്ണവുമായ ദൈവഹിതം എന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ നിങ്ങൾ പ്രാപ്തരാകും (റോമർ 12:2)

നമ്മുടെ ബലിയർപ്പണം പരിശുദ്ധമായതായിരിക്കണം, എന്നുവച്ചാൽ അർദ്ധമനസ്സോടെ ഭാഗികമായിട്ടാകരുത്.

നമ്മുടെ ശുശ്രൂഷാപ്രവർത്തികളെ നാം ദൈവത്തിനു സമർപ്പിക്കുമ്പോൾ, ദൈവം അവയെ പരിശുദ്ധമായതായി പരിഗണിക്കുന്നു. ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും സമാധാനത്തെയുമെല്ലാം നാം മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുമ്പോൾ, ദൈവം അത്തരം ശ്രമങ്ങളെ പരിശുദ്ധമായ ബലിയായി കാണുന്നു.

നമ്മെക്കുറിച്ചുള്ള ദൈവഹിതം നാം പിന്തുടരുമ്പോഴാണ് നമ്മുടെ ബലി ദൈവമുന്നിൽ പ്രസാദകരമാകുന്നത്. ജീവനുള്ള ഒരു ബലിയാകേണ്ടതിന്, നാം മുഴുവൻ ഹൃദയത്തോടെ ദൈവത്തെ അനുസരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം. അനുദിനം നാം ചെയ്യേണ്ട വിരസമായ വീട്ടുജോലികളായാലും, നാം കടന്നുപോകുന്ന കഠിന കഷ്ടതകളായാലും, സന്തോഷകരമായ വിജയനിമിഷങ്ങളായാലും, എല്ലാസമയവും, ആയുസ്സുമുഴുവൻ, ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ ദൈവം പ്രസാദിതനാകും.

**കൂടുതൽ വചനങ്ങൾ:** റോമർ 8:11-13, 1 കൊരിന്ത്യർ 6:19-20, ലൂക്കോസ് 11:34-36, 2 കൊരിന്ത്യർ 4:10-12, റോമർ 6:11-14, 1 ശമുവേൽ 15:22

ദിനം 7

# സ്തുതികൾ എന്ന ബലി

**എബ്രായർ 13:15** അതുകൊണ്ടു നമുക്ക് അവിടുത്തെ നാമം ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം യേശുമുഖാന്തരം ദൈവത്തിനു നിരന്തരമായി അർപ്പിക്കാം

ഈ വാക്യങ്ങൾ വായിച്ചപ്പോൾ, എന്റെ മനസ്സിലൂടെ ചില കാര്യങ്ങൾ കടന്നുപോയി. എന്തുകൊണ്ടാണ് ഞാൻ സ്വർഗ്ഗീയപിതാവിന് നിരന്തരം യാഗമർപ്പിക്കേണ്ടത്? എബ്രായ ലേഖകൻ ഇത്തരത്തിലുള്ള വാക്കുകൾ ഉപയോഗിക്കുന്നത് എന്തുകൊണ്ടാണ്? സ്തുതിക്കുക എന്നത് ആഹ്ളാദത്തോടെ, നന്ദിയുള്ള ഒരു ഹൃദയത്തോടെ സ്വാഭാവികമായി ചെയ്യേണ്ട ഒരു കാര്യമല്ലേ?

രണ്ടു വാക്കുകൾ ഇവിടെ ശ്രദ്ധയാകർഷിക്കുന്നതാണ് - സ്തുതി, ബലി. വ്യത്യസ്ഥ ധ്രുവങ്ങളിൽ നിൽക്കുന്ന ഈ രണ്ടുവാക്കുകളും ഈ വാക്യത്തിൽ ഒരുമിച്ചു ചേർത്ത് ഉപയോഗിച്ചിരിക്കുന്നു. പോസിറ്റീവായ ഒരു വാക്കാണ് സ്തുതി എന്നത്, അതു നല്കുന്നതിൽ നമുക്കു ചിലവൊന്നുമില്ല. നമ്മുടെ വീട്ടിൽ ജോലിചെയ്യാൻ വേണ്ടി വിളിച്ച ഒരാൾ അതു ഭംഗിയായി ചെയ്തു തീർക്കുമ്പോൾ

നാം നല്കുന്ന ഒരു പ്രശംസയോ, ശത്രുക്കളെ പരാജയപ്പെടുത്തി തിരിച്ചുവരുന്ന ഒരു പടയാളിക്കു നാം നല്കുന്ന ഒരു സല്യൂട്ടോ ഒക്കെ നമുക്കു ചിലവില്ലാതെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ നമുക്കു പ്രയോജനം ചെയ്യുന്ന ഒരു കാര്യത്തിനു നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഒരു പ്രതികരണമാണ് സ്തുതി അല്ലെങ്കിൽ പ്രശംസ. നാം പ്രതീക്ഷിച്ചിരുന്ന ഒരു ജോലിക്കയറ്റമോ മറ്റോ വന്നുചേരുമ്പോൾ ദൈവത്തെ സ്തുതിക്കുകയെന്നത് വളരെ എളുപ്പമുള്ള സംഗതിയാണ്. അസുഖം ഭേദമാകുമ്പോഴോ, അനേകവർഷങ്ങൾ കാത്തിരുന്നതിനു ശേഷം നമുക്കൊരു ശിശു ജനിക്കുമ്പോഴോ ഒക്കെ സ്തുതി നമ്മുടെ നാവിൽ പ്രകൃത്യാ വന്നുചേരുന്നു.

എന്നാൽ നമ്മുടെ യാചനകൾക്കു ദൈവം ചെവിതരാതിരിക്കുമ്പോഴോ, അല്ലെങ്കിൽ അടുത്തകാലത്തൊന്നും നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാൻ പോകുന്നില്ല എന്നത് ഉറപ്പാകുമ്പോഴോ ഒക്കെ നമ്മുടെ അവസ്ഥയെന്താണ്? നിരാശപ്പെടുത്തുന്ന കാര്യങ്ങൾ നമുക്ക് അഭിമുഖമായി നിരന്തരം വരുന്നു, മരണമായോ പരാജയമായോ തടസ്സമായോ പ്രത്യാശാഭംഗമായോ ഒക്കെ. ദൈവം അകലെ നില്ക്കുന്നു എന്ന തോന്നൽ നമ്മിൽ നിറയുന്ന ഇത്തരം സന്ദർഭങ്ങളിൽ, നമ്മുടെ ഹൃദയത്തിൽനിന്നും സ്തുതികൾ പ്രകൃത്യാ ഉത്ഭവിക്കുന്നില്ല. നിരാശനിറയുന്ന സന്ദർഭങ്ങളിൽ, ദൈവത്തിന്റെ നന്മകൾ കാണുകയെന്നത് ദുഷ്കരമായിത്തീരുന്നു. എന്നാൽ ഇത്തരം സന്ദർഭങ്ങളിലാണ് വ്യക്തിപരമായുള്ള നമ്മുടെ വികാരങ്ങളെ ത്യജിച്ചുകൊണ്ട്, ഹൃദയത്തിൽനിന്നും വ്യാജമല്ലാത്ത സ്തുതികൾ നാം അർപ്പിക്കേണ്ടിവരുന്നത്. നമ്മുടെചുറ്റും നിരാശമാത്രം നല്കുന്ന സാഹചര്യങ്ങൾ പൊതിഞ്ഞിരിക്കുമ്പോൾ, അതിനെ തൃണവല്ക്കരിച്ചുകൊണ്ട് ഹൃദയത്തിൽനിന്നും നിർവ്യാജമായ സ്തുതികൾ നാം ദൈവകൃപയുടെ സിംഹാസനത്തിലേക്ക് അർപ്പിക്കുമ്പോൾ, അവൻ ദൈവമാണെന്ന് നാം ഹൃദയത്തിൽ നിന്നും ഏറ്റുപറയുകയാണ്.

അത്തരം സ്തുതികൾ നാം അർപ്പിക്കുമ്പോൾ, നാം ദൈവത്തിന് ആദരവുനല്കി അവനെ പ്രസാദിപ്പിക്കുന്നു, നമുക്കു വേണ്ടി പ്രവർത്തിക്കാൻ ദൈവത്തെ ചലിപ്പിക്കുകയും ചെയ്യുന്നു.

ആദ്യം നാം സൂചിപ്പിച്ച വചനത്തിലെ പ്രധാനപ്പെട്ട മൂന്നാമത്തെ വാക്യമാണ് നിരന്തരം എന്നത് (വാ 15). ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ നമുക്കു ലഭിക്കുമ്പോൾ മാത്രം നമ്മിലുണ്ടാകുന്ന പ്രതികരണമായി സ്തുതികൾ മാറരുത്. ഏശയ്യ 29:ൽ പറയുന്ന വ്യക്തികളായി നാം മാറരുത്: ഈ ജനം അധരസേവയാൽ എന്നോട് അടുത്തുവരികയും എന്നെ ബഹുമാനിക്കുകയും ചെയ്യുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. നമ്മുടെ സാഹചര്യങ്ങൾക്കു മുകളിലായി നില്ക്കുന്ന ഒരു സ്ഥിരത നമ്മുടെ സ്തുതികളിൽ ഉണ്ടാകണം

സമാധാനവും സ്വസ്ഥതയും വാഗ്ദാനം ചെയ്യപ്പെട്ട ഒരു ലോകത്തിലല്ല നാം വസിക്കുന്നത്, പരീക്ഷകളും ദുഃഖങ്ങളും ഉള്ള ഒരു ലോകമാണ് (യോഹന്നാൻ 16:33). ജീവിതം നമ്മുടെ വഴിയിലേക്ക് എറിഞ്ഞിട്ടു തരുന്ന സംഗതികൾക്കു മുകളിലായുള്ള സ്തുതികൾ നമ്മുടെ ഹൃദയത്തിൽ നിന്നും ഉയരുമ്പോൾ, നാം ദൈവത്തെ ആദരിക്കണം എന്ന തീരുമാനത്തിൽ നിലനില്ക്കുന്നവരായി തീരുന്നു.

**കൂടുതൽ വചനങ്ങൾ**: നാഹും 1:7, മലാഖി 3:13-17, ഇയ്യോബ് 13:15

# വിശ്വാസം

## എബ്രായർ 11:1-2

1വിശ്വാസം എന്നതോ പ്രത്യാശിക്കുന്നവയുടെ ഉറപ്പും
അദൃശ്യകാര്യങ്ങളുടെ നിശ്ചയവും ആകുന്നു.
2അതിനാലല്ലോ പൂർവ്വികർക്കു സാക്ഷ്യം ലഭിച്ചത്.

**വിശ്വാസം**


| | | |
|---|---|---|
| ദിനം 8 : | സദാ സന്നിഹിതനായ നമ്മുടെ സഹായി | സങ്കീർത്തനം 46:1 |
| ദിനം 9 : | കാഴ്ചയാൽ അല്ല | സംഖ്യ 14:1-9 |
| ദിനം 10 : | കൊടുങ്കാറ്റിനിടയിലെ പ്രോത്സാഹനം | മർക്കോസ് 6:45-51 |
| ദിനം 11 : | സ്വർഗ്ഗീയ കാഴ്ചപ്പാട് | കൊലോസ്യർ 3:2-3 |
| ദിനം 12 : | ജീവിതത്തിന്റെ ചിന്താകുലങ്ങൾ | ലൂക്കോസ് 21:43 |
| ദിനം 13 : | നിഷേധിക്കുന്ന വിശ്വാസം | എബ്രായർ 11:24-26 |
| ദിനം 14 : | വിശ്വാസം സംസാരിക്കുന്നു | 2 കൊരിന്ത്യർ 4:13-15 |


ദിനം 8

## സദാ സന്നിഹിതനായ നമ്മുടെ സഹായി

**സങ്കീർത്തനം 46:1** ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവിടുന്ന് ഏറ്റവും അടുത്ത തുണയാകുന്നു

വിശ്വാസം എന്ന തലക്കെട്ടുള്ള ഉപവിഭാഗത്തിലേക്ക് നാം ഇന്നു പ്രവേശിക്കുന്നു, ദൈവവുമായുള്ള നമ്മുടെ ബന്ധത്തിലെ മൂലക്കല്ലാണ് വിശ്വാസം.

കഷ്ടകാലങ്ങളിൽ നമ്മുടെ ബലവും ശക്തിയുമായവനാണ് ദൈവം എന്നു ശക്തമായ ഭാഷയിൽ സങ്കീർത്തനം 46 നമുക്ക് ഉറപ്പുനല്കുന്നു. വിനാശങ്ങളോ വെല്ലുവിളികളോ ഇല്ലാത്ത ഒരു ജീവിതം ബൈബിൾ വാഗ്ദാനം ചെയ്യുന്നില്ല, വിഷമകരമായ സമയങ്ങൾ നമ്മെ ചുറ്റിപ്പറ്റിയുണ്ടെന്നുള്ളതാണ് വാസ്തവം. എന്നാൽ ദൈവം നമുക്ക് ഒരു സങ്കേതം വാഗ്ദാനം ചെയ്യുന്നു. നമ്മുടെ ചുറ്റുമുള്ള സങ്കേതങ്ങൾ തകരും നമ്മെ സംബന്ധിച്ച ലോകം വിറയ്ക്കും, എന്നാൽ ദൈവം ഇടറുകയോ നമ്മെ മറക്കുകയോ ചെയ്യില്ല.

കുടുംബജീവിതത്തിലേക്കു പ്രവേശിച്ച ദമ്പതികൾ എന്ന നിലയ്ക്ക് ഞങ്ങൾക്കു നേരിടേണ്ടിവന്നിരിക്കുന്നത് ദുഷ്കരമായ ജീവിത സാഹചര്യങ്ങളാണ്. ഭാര്യയുടെ രക്തസമ്മർദ്ദവും പ്രമേഹവും വായു സംബന്ധമായ പ്രയാസങ്ങളും മറ്റ് അനാരോഗ്യവും, അടുത്തിടെ ഞങ്ങളുടെ കുട്ടിക്കു കടന്നുപോകേണ്ടിവന്ന ശസ്ത്രക്രിയയും, ഇപ്പോൾ ഇതെഴുതുമ്പോൾ, ശസ്തക്രിയയ്ക്കുശേഷം കുട്ടിക്കു വന്നുചേർന്ന അണുബാധയുമെല്ലാം ജീവിതം ദുഷ്കരമാക്കിയിരിക്കുന്നു. ഭയപ്പെടുത്തുന്നതും സന്തോഷം നശിപ്പിക്കുന്നതുമായ അനുഭവങ്ങളിലൂടെയാണ് ഞങ്ങൾ കണ്ണുനീരൊഴുക്കി കടന്നുപോകുന്നത്. പ്രസവവും ശസ്ത്രക്രിയയുമെല്ലാം വിജയകരമായി കടന്നുപോയി, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച ആഗോളസമൂഹത്തിനും കുടുംബത്തിനും നന്ദിപറയുന്നു, ഏറ്റവും ഉപരിയായി ദൈവത്തിനും. ഇതൊന്നും മറക്കാൻ പറ്റുന്ന കാര്യങ്ങളല്ല. ആകാംക്ഷയുടെ ആധിക്യം എനിക്കു മാനസിക അസ്വാസ്ഥ്യം നല്കിയ ഒരു സന്ദർഭം പോലും ഉണ്ടായിട്ടുണ്ട്. ഇതിലെല്ലാം പുറമേ, ഇപ്പോഴത്തെ സാഹചര്യങ്ങൾ നല്കുന്ന സാമ്പത്തിക പ്രയാസങ്ങളും ഞങ്ങളുടെ സഹനങ്ങളുടെ ഭാഗമായുണ്ട്.

വലിയ നിരാശയിലൂടെയായിരുന്നു ഞങ്ങൾ കടന്നുപോയത്, എന്നാൽ ദൈവം ഞങ്ങളുടെ കേടുപാടുകൾ തീർത്തു തന്നു.

നിങ്ങളിൽ ചിലർ സമാനസാഹചര്യങ്ങളിലൂടെയോ അല്ലെങ്കിൽ ഇതിലും മോശം സാഹചര്യങ്ങളിലൂടെയോ കടന്നുപോകുന്നവരായിരിക്കാം. എങ്കിലും നിങ്ങൾ നിരാശരാവരുത്. കയ്പ്പേറിയ ഒരു നാരങ്ങകൊണ്ട് ജീവിതം നമ്മെ എറിയുമ്പോൾ, അതുപയോഗിച്ച് സർബത്തുണ്ടാക്കാൻ നാം പഠിക്കേണ്ടതുണ്ട്.

ഒരു സദ്‌വാർത്തയും എനിക്കു നിങ്ങളോടു പങ്കുവയ്ക്കാനുണ്ട്. വെല്ലുവിളി ഉയർത്തുന്ന സകലസാഹചര്യങ്ങളിലൂടെയും ഞങ്ങൾ കടന്നുപോയപ്പോൾ (ഇപ്പോഴും കടന്നുപോകുമ്പോൾ), ഞങ്ങൾക്കു തുണയായ രണ്ടുവചനങ്ങൾ എപ്പോഴും ഹൃദയത്തോടു ചേർന്നു നില്ക്കുന്ന വചനങ്ങളാണ്.

**യോഹന്നാൻ 16:33** നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഞാൻ ഇതെല്ലാം നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ഈ ലോകത്തിൽ നിങ്ങൾക്കു കഷ്ടത ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു

നമ്മുടെ ജീവിതത്തിലേക്കു കടന്നുവന്നതും കടന്നുവരാനിരിക്കുന്നതുമായ പ്രയാസസമയങ്ങൾക്കുവേണ്ടി ക്രിസ്തു നമ്മുടെ ഹൃദയം ഒരുക്കുന്നുണ്ട്, അതുകൊണ്ട്, ധൈര്യസമേതം എല്ലാം നേരിടുക എന്ന ഒരു തീരുമാനം മാത്രമാണ് നമുക്കുമുന്നിലുള്ളത്. കാരണം, ക്രിസ്തു ഈ ലോകത്തെ കീഴടക്കിയിരിക്കുന്നു. നമ്മുടെ ബോധ്യങ്ങളിൽ വർദ്ധിക്കാനായി, നമ്മുടെ വിശ്വാസം നാം വർദ്ധിപ്പിക്കേണ്ടതുണ്ട്.

**യിരമ്യാ 29:11** എന്തെന്നാൽ നിങ്ങളെക്കുറിച്ചുള്ള എന്റെ ലക്ഷ്യങ്ങൾ എനിക്കറിയാം; നിങ്ങൾക്കു തിന്മയ്ക്കായിട്ടല്ല, മറിച്ച് നിങ്ങൾക്കൊരു ഭാവിയും ഒരു പ്രത്യാശയും നല്കുവാൻ തക്കവണ്ണം നന്മയ്ക്കായിട്ടുള്ള ലക്ഷ്യങ്ങളാണ് അവ.

നമുക്കിഷ്ടമായാലും ഇല്ലെങ്കിലും, ദൈവത്തിനു നമ്മെക്കുറിച്ചു പദ്ധതികൾ ഉണ്ട്. നമുക്കുവേണ്ടിയുള്ള പദ്ധതികളെപ്രതി നാം ദൈവത്തിൽ പൂർണ്ണമായ ആശ്രയം വയ്ക്കേണ്ടതുണ്ട്. നമ്മൾ എത്തിച്ചേരുന്ന സാഹചര്യങ്ങളിൽ ചിലത്, നമ്മിൽ ഭീതി ഉളവാക്കുന്നവയാണെന്ന് ഞാൻ മനസ്സിലാക്കുന്നു, പ്രത്യേകിച്ച് സാമ്പത്തിക പരാധീനതകൾ, ജോലി നഷ്ടം, ബന്ധങ്ങളിലെ ഉലച്ചിലുകൾ, ആത്മനഷ്ടം (നമ്മുടെ വിലയെന്താണെന്നുള്ള ചിന്ത), ആരോഗ്യപ്രശ്നങ്ങൾ അങ്ങനെ പലതും. അത്തരം അവസരങ്ങൾ നമ്മെ സംഭ്രമത്തിലാക്കുന്ന സമയങ്ങളാണ്, ദൈവത്തിലുള്ള നമ്മുടെ ആശ്രയം തിരിച്ചു പോയി തപ്പിയെടുക്കാൻവരെ ഇടയാക്കുന്ന സമയങ്ങളുമാണ്.

സംഭ്രമിക്കേണ്ട, സഹോദരീ സഹോദരന്മാരെ; നാം ചെയ്യേണ്ടത് ഇത്രമാത്രമാണ്, നമ്മുടെ ആകുലതകളും കഷ്ടതകളും വേദനകളും സഹനങ്ങളും കൊണ്ടുപോയി കുരിശിന്റെ ചുവട്ടിൽ ഇട്ടേച്ചുപോരുക. കാരണം, ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവിടുന്ന് ഏറ്റവും അടുത്ത തുണയാകുന്നു

ആമേൻ

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 62:8, എബ്രായർ 13:6

ദിനം 9

# കാഴ്ചയാൽ അല്ല

**ആമുഖം**

നമ്മുടെ കർത്താവായ യേശുവിലൂടെ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയെ സംബന്ധിച്ച കാര്യങ്ങളായ സ്നേഹത്തിന്റെയും പ്രത്യാശയുടെയുമൊപ്പം തലയുയർത്തിപ്പിടിച്ച് ഒത്തൊരുമയോടെ നിൽക്കുന്ന ഒരു കാര്യമാണ് വിശ്വാസം. വിശ്വാസം ഇല്ലാത്ത ഒരുവന്, മനുഷ്യനെ ദൈവത്തോടു ഒട്ടിച്ചു ചേർക്കുന്ന പശയെന്താണെന്ന കാര്യത്തിൽ തിരിച്ചറിവില്ലാതെ വരും. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ ഉൾപ്പെടുന്ന കാര്യങ്ങളെല്ലാം വിശ്വാസമെന്ന ബലിപീഠത്തിൽ പരീക്ഷയ്ക്കു വയ്ക്കപ്പെടുന്നു.

**വിശ്വാസം എന്നാൽ എന്താണ്?**

ഉള്ളിലുള്ള ഉറപ്പിനെ പ്രവർത്തനതലത്തിലേക്കു കൊണ്ടുവരുന്നതാണു വിശ്വാസം. എബ്രായർ 11:1ൽ പറയുന്നതുപോലെ: വിശ്വാസം എന്നതോ പ്രത്യാശിക്കുന്നവയുടെ ഉറപ്പും അദൃശ്യകാര്യങ്ങളുടെ നിശ്ച യവും ആകുന്നു. നമ്മിലുള്ള ഉറപ്പിന് വിശ്വാസം എണ്ണപകരുന്നു. വിശ്വാസത്തെക്കുറിച്ചു പറയുമ്പോൾ, മൂന്നുവാക്കുകൾ എടുത്തുപറയേണ്ടതുണ്ട് - ബോധ്യം, ഉറപ്പ്, പ്രത്യാശ. ഒരു മനുഷ്യന്റെ ഹൃദയത്തെ അനുസരണയിലേക്കു കൊണ്ടുവരുന്ന ഒരു സംഗതിയാണ് ബോധ്യം. ആ ബോധ്യത്തെക്കുറിച്ച് പ്രത്യാശയാൽ നാം ഉറപ്പുള്ളവരാണ്. ശിഷ്യന്മാർ എന്ന നിലയ്ക്ക്, നമ്മുടെ ബോധ്യം നാം കാണുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാകരുത്, ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്താലും യേശു ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയിലുമാകണം.

നാം കടന്നുപോകുന്ന സാഹചര്യങ്ങളുടെ തീനാമ്പുകളാൽ പരീക്ഷിക്കപ്പെടാതെ നമ്മുടെ വിശ്വാസ ത്തിന്റെ ബലത്തെ അളക്കുവാൻ സാദ്ധ്യമല്ല എന്ന കാര്യം വ്യക്തമാണ്. അനാരോഗ്യമോ, പ്രിയപ്പെ ട്ടവരുടെ മരണമോ, സാമ്പത്തിക പ്രയാസങ്ങളോ, തകർന്നതോ/തകർന്നുകൊണ്ടിരിക്കുന്നതോ ആയ ദാമ്പത്യമോ, കുട്ടികളുടെപ്രശ്നമോ, മറ്റുകുടുംബ ബന്ധങ്ങളിലുള്ള ഉരച്ചിലുകളോ, മറ്റനേകം കാര്യ ങ്ങളോ ആകാം ഈ പരീക്ഷനല്കുന്നത്. ഈ അടുത്തകാലത്ത് നിങ്ങൾ പരീക്ഷിക്കപ്പെട്ട വിധം ഏതാണ്? ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം ഈയിടെ ഇളകിയിട്ടുണ്ടോ? നിങ്ങളുടെ പ്രാർത്ഥ നാജീവിതം തടസ്സം കൂടാതെ മുന്നോട്ടുപോകുന്നുണ്ടോ? നിങ്ങളുടെ വിശ്വാസം പങ്കുവയ്ക്കലോ? നിങ്ങളുടെ ജീവിത സാഹചര്യങ്ങളുടെ ഞെരുക്കത്തിൽ നിങ്ങൾ അകപ്പെട്ടുപോയിട്ടുണ്ടോ?

അകപ്പെട്ടുപോയിട്ടുണ്ടെന്നാണു നിങ്ങൾ കരുതുന്നതെങ്കിൽ, ഒരു കാര്യം ഓർക്കുക, ഏതു സാഹചര്യ ത്തിലും നാം ദൈവത്തിലേക്കുനോക്കി അവനെ അനുസരിക്കണമെന്നാണ് ദൈവഹിതം. നിങ്ങളെ രക്ഷിക്കാനായി അവൻ പാഞ്ഞുവരും, നിങ്ങളുടെ വിശ്വാസത്തെ അടിച്ചമർത്തുന്ന എന്തെങ്കിലും കാര്യങ്ങളിലൂടെയാണ് നിങ്ങൾ പോകുന്നതെങ്കിൽ, പ്രത്യേകിച്ചും. ദൈവം ഒരിക്കലും പരാജയപ്പെ ടുകയില്ല, വിശ്വസിക്കുക.

**കാണാൻ വേണ്ടി കാത്തിരിക്കേണ്ടതില്ല**

നമുക്കുമുന്നേ ജീവിച്ചിരുന്ന വിശ്വാസവീരന്മാരെ ഓർക്കുക - നോഹയും അബ്രഹാമും ഇയ്യോബും അങ്ങനെ പലരും. അവരെല്ലാം ദൈവത്തെ എത്രമാത്രം വിശ്വസിച്ചു എന്നും അനുസരിച്ചു എന്നും നിങ്ങൾക്കറിയാമെന്ന് ഞാൻ കരുതുന്നു. അവർ എന്തിനെങ്കിലും വേണ്ടി നോക്കി നിന്നില്ല. അതു കൊണ്ടാണ് അവരെ വിശ്വാസവീരന്മാർ എന്നു വിളിക്കുന്നത്.

ദൈവകല്പനപ്രകാരം നോഹ പെട്ടകം പണിതു (ഉല്പ്പത്തി 6:14). അതു പൊങ്ങിക്കിടക്കുമോ എന്ന കാര്യത്തിൽ അവനു യാതൊരു അറിവുമുണ്ടായിരുന്നില്ല, അവൻ സമുദ്രം കണ്ടിട്ടില്ലായിരുന്നു.

ദൈവകല്പനപ്രകാരം ഇസഹാക്കിനെ ബലികൊടുക്കാൻ അബ്രഹാം ഇറങ്ങിപുറപ്പെട്ടപ്പോൾ പകരം ഒരു ബലിയെക്കുറിച്ചുള്ള യാതൊരു അറിവും അവനുണ്ടായിരുന്നില്ല (ഉല്പ്പത്തി 22:2-8). അബ്രഹാം വിശ്വാസത്താലാണ് അനുസരിച്ചത്, കാഴ്ചയാലല്ല. ഈ സംഭവങ്ങളെല്ലാം നമുക്കുമുന്നിൽ കൊണ്ടു വരുന്നത് വിശ്വാസത്തിന്റെ ശക്തിയാണ്, കാഴ്ചയുടെ ബലത്തെയല്ല.

പ്രകൃത്യാ നോക്കുമ്പോൾ, മനുഷ്യവംശം കാഴ്ചയാലാണു പ്രവർത്തിക്കുന്നത്, അവർ കാണുന്നതിനെ വിശ്വസിക്കുന്നു. എന്നാൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് വിശ്വാസത്താൽ നടക്കുവാനാണ്, കാഴ്ചയാൽ ചലിക്കുവാനല്ല.

ഇസ്രായേൽ ജനം വിശ്വാസമില്ലാതെ കഷ്ടപ്പെട്ട ഒരു സമയത്തെക്കുറിച്ചു നമുക്കുവായിക്കാം:

**സംഖ്യ 14:1-9.** ആ രാത്രിമുഴുവനും യിസ്രായാൽസഭ മുഴുവൻ ശബ്ദം ഉയർത്തി ഉച്ചത്തിൽ കരഞ്ഞു. സകല യിസ്രായേല്യരും മോശെയ്ക്കും അഹരോനും എതിരായി പിറുപിറുത്തു, സർവ്വ സഭയും അവരോടു പറഞ്ഞു: ഞങ്ങൾ ഈജിപ്റ്റിൽ വച്ചു മരിച്ചിരുന്നെങ്കിൽ! അല്ലെങ്കിൽ മരുഭൂമിയിൽത്തന്നെ ഞങ്ങൾ മരിച്ചി രുന്നുവെങ്കിൽ! ഞങ്ങൾ വാളിനാൽ വീഴുവാനായി യഹോവ ഞങ്ങളെ ഈ ദേശത്തേക്കു കൊണ്ടുവ ന്നത് എന്തിന്? ഞങ്ങളുടെ ഭാര്യമാരും കുട്ടികളും കൊള്ളയായിത്തീരും. ഈജിപ്റ്റിലേക്കു തിരികെപ്പോ കുന്നതല്ലേ നല്ലത്? ഒരു നായകനെ തിരഞ്ഞെടുത്ത് നമുക്ക് ഈജിപ്റ്റിലേക്ക് മടങ്ങിപ്പോകാം - അവർ തമ്മിൽത്തമ്മിൽ പറഞ്ഞു. അനന്തരം മോശെയും അഹരോനും അവിടെ കൂടിയിരുന്ന സർവ്വ യിസ്രാ യേൽസഭയുടെയും മുമ്പിൽ കവിണ്ണുവീണു. ദേശം ഒറ്റുനോക്കുവാൻ പോയവരിൽ നൂന്റെ മകൻ യോശു വയും യെഫുന്നയുടെമകൻ കാലേബും തങ്ങളുടെ വസ്ത്രം കീറി. സർവ്വ യിസ്രായേൽ സഭയോടും പറഞ്ഞു:

ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം ഏറ്റവും നല്ലത്. യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ, അവിടുന്ന് പാലും തേനും ഒഴുകുന്ന ദേശമായ ആ ദേശത്തേക്കു നമ്മെ കൊണ്ടുചെന്ന് അതു നമുക്കു തരും. യഹോവയോടു മത്സരിക്കുകമാത്രം അരുത്. ആ ദേശത്തെ ജനത്തെ ഭയപ്പെടരുത്, അവർ നമുക്കിരയാകും. അവരുടെ സുരക്ഷ നഷ്ടപ്പെട്ടിരിക്കുന്നു; എന്നാൽ യഹോവ നമ്മോടൊപ്പം ഉണ്ട്. അവരെ ഭയപ്പെടരുത്.

മരുപ്രദേശത്തുകൂടെ വാഗ്ദാനം ചെയ്യപ്പെട്ട ദേശത്തിന്റെ അരികുവരെ തങ്ങളെ കൊണ്ടുവന്ന ദൈവം പ്രവർത്തിച്ച അത്ഭുതങ്ങൾ അവർ അനുഭവിച്ചറിഞ്ഞിരുന്നു. എന്നാൽ മുന്നിൽ ഒരു വെല്ലുവിളിയും അസൗകര്യവും വന്നുപെട്ടപ്പോൾ, അവർ ഭയപ്പെടുകയും അവരുടെ കാഴ്ച മങ്ങുകയും ചെയ്തു. അവർക്കെന്തുചെയ്യാൻ കഴിയുമെന്നതിലും അവരുടെ സംഘബലത്തിലുമായി അവരുടെ കാഴ്ച ചുരുങ്ങി. അവരുടെ പഴയജീവിതത്തിലേക്ക് - ഈജിപ്തുദേശത്തേക്കു - മടങ്ങിപോകാൻ അവർ പദ്ധതിയൊരുക്കി. എന്നാൽ മുന്നോട്ടുപോകാൻ ദൈവത്തിലുള്ള വിശ്വാസം യോശുവയ്ക്കും കാലെബിനും ഉണ്ടായിരുന്നു.

വലിയ വിശ്വാസത്തോടെ തുടങ്ങിയതിനുശേഷം പിന്നോക്കം പോകാൻ സാദ്ധ്യമാണ്. അതുകൊണ്ടാണ്, ഉത്സാഹശീലത്തോടെ വിട്ടുകൊടുക്കാതെയും പിന്നോക്കം പോകാതെയും മുന്നോട്ടുപോകണമെന്നു ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത്.

**എബ്രായർ 10:35–39** പറയുന്നു: അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം ഉപേക്ഷിക്കരുത്, ദൈവേഷ്ടം നിറവേറ്റി വാഗ്ദാനം പ്രാപിക്കുവാൻ സഹിഷ്ണുതയാണു നിങ്ങൾക്ക് ആവശ്യം. ഇനി അല്പകാലം കഴിഞ്ഞ് "വരുവാനുള്ളവൻ വരും, താമസിക്കയുമില്ല". എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും. പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല". നാമോ പിന്മാറി നാശത്തിലേക്കു പോകുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ നേടുന്നവരുടെ കൂട്ടത്തിൽ ഉള്ളവരാണ്.

വിശ്വാസത്താൽ ജീവിക്കുന്ന, ദൈവത്തിന്റെ നീതിമാനായി ജീവിക്കാൻ നമുക്കു സാധിക്കും. ഈ ഭൂമിയിൽ നാം ജീവിക്കുമ്പോൾ നാനാവിധമായ പ്രതിസന്ധികളാൽ വെല്ലുവിളിക്കപ്പെട്ടു വഴിമുട്ടിനില്ക്കുമ്പോൾപോലും, സഹിഷ്ണുതയോടെ വിശ്വാസത്താൽ മുന്നോട്ടുപോകുന്ന ഒരു ജനതയാകണമെന്ന് ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

**അവസാനമായി:**

- വിശ്വാസത്താൽ ജീവിക്കുന്ന ഒരു വ്യക്തിയാകാൻ നമുക്കു തീരുമാനിക്കാം, എന്തെങ്കിലും അടയാളം കണ്ടിട്ടു വിശ്വസിക്കാം എന്നു ചിന്തിക്കാതെ
- നമ്മുടെ വാക്കുകളും ചിന്തകളും നമുക്കു പരിശോധിക്കാം, ഏതെങ്കിലും തരത്തിലുള്ള ഒരു പിന്തിരിയലിന്റെ ലക്ഷണം ഉണ്ടോ എന്നു നോക്കാം
- ദൈവത്തെ വിശ്വസിച്ച് അനുസരിച്ച വിശ്വാസവീരന്മാരെ നമുക്കു അനുകരിക്കാം
- ദൈവത്തിന്റെ നീതിമാന്മാർ എന്ന നിലയിൽ നമുക്ക് വിശ്വാസത്തിൽ സഹിഷ്ണുതയോടെ മുന്നേറാം
- ഗുണകരമായ സമയം ദൈവവുമായും ദൈവവചനവുമായും നമുക്കു ചിലവഴിക്കാം, നമ്മുടെ വിശ്വാസത്തിൽ വളരുകയും ചെയ്യാം

**കൂടുതൽ വചനം:** എബ്രായർ 11

ദിനം 10

# കൊടുങ്കാറ്റിനിടയിലെ പ്രോത്സാഹനം

**മർക്കോസ് 6:45–51**

അയ്യായിരത്തിലധികം വരുന്ന പുരുഷാരത്തെ പോറ്റിയതിനുശേഷം നടന്ന ഒരു സംഭവമാണ് ഇത്. തന്റെ ശിഷ്യന്മാരെ വഞ്ചിയിൽ കയറ്റിവിട്ടിട്ട് യേശു പ്രാർത്ഥിക്കാനായി കുന്നിൻ മുകളിലേക്കു പോയി. സന്ധ്യയായപ്പോൾ ശിഷ്യന്മാർ കയറിയ വഞ്ചി തടാകത്തിന്റെ നടുവിലും യേശു തനിച്ച് കരപ്രദേശത്തുമായി. ശരീരം കൊണ്ട് ശിഷ്യന്മാരുടെ അടുത്തില്ലായിരുന്നെങ്കിലും, യേശു അവരെ നോക്കുന്നുണ്ടായിരുന്നു. കാറ്റ് അവർക്കെതിരായിരുന്നതിനാൽ അവർ കഷ്ടപ്പെടുന്നത് യേശു കണ്ടു. അവരെ

രക്ഷിക്കാനായി യേശു ഉടൻതന്നെ ഓടിവന്നില്ല. പിന്നീട്, നാലാം യാമത്തിൽ, വെളുപ്പിന് മൂന്നുമണിക്കും ആറുമണിക്കും ഇടയിൽ, യേശു തടാകത്തിനുമീതെ നടന്ന് അവരുടെ അടുക്കൽ ചെന്നു.

ശിഷ്യന്മാരിൽ ചിലർ അനുഭവസമ്പത്തുള്ള മുക്കുവരായിരുന്നിട്ടുപോലും, അവർ പ്രയാസത്തിലും ഭയത്തിലുമായിരുന്നു. വെള്ളത്തിനുമീതെ നടന്ന് തങ്ങളുടെ അടുത്തേക്ക് ഒരാൾ വരുന്നതുകണ്ടപ്പോൾ, അതൊരു ഭൂതമാണെന്നു കരുതി അവർ ഭയപ്പെട്ടു കരഞ്ഞുവിളിച്ചു.

യേശു അവരോടു പറഞ്ഞു; ധൈര്യപ്പെടുവിൻ, ഇതു ഞാനാണ്, ഭയപ്പെടേണ്ട എന്ന്. യേശു അവരോടൊപ്പം വഞ്ചിയിൽ കയറി, കാറ്റു ശമിച്ചു, എല്ലായിടത്തും ശാന്തതയുണ്ടായി. അവർ ആശ്ചര്യപ്പെട്ടു. യേശുവിന് ഇത്തരമൊരു കാര്യം ചെയ്യാൻ സാധിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നില്ല എന്നു തോന്നുന്നു. കുറച്ചുമണിക്കൂറുകൾക്കുമുമ്പ്, അഞ്ച് അപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പേരെ പോറ്റിയ അത്ഭുതകരമായ കാഴ്ച കണ്ട വ്യക്തികളാണ് ഇവർ. അവരുടെ ഹൃദയം കഠിനമായതിനാൽ അവർ ഇക്കാര്യങ്ങളൊന്നും ഗ്രഹിച്ചില്ല.

ഇന്നു നാം കാണുന്ന ലോകം വളരെ വെല്ലുവിളി ഉയർത്തുന്ന ഒരു ലോകമാണ്, കൊടുങ്കാറ്റുകൾ ധാരാളമാണ്, അവ ഇനിയും ധാരാളമായി വന്നുകൊണ്ടിരിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയവുമില്ല. കഴിഞ്ഞുപോയ രണ്ടു വർഷങ്ങൾ തീർച്ചയായും ഭയാനകമായിരുന്നു, ഇപ്പോഴും നാം ജീവിക്കുന്നത് ഒരു അനിശ്ചിതാവസ്ഥയിലാണ്. വ്യക്തിപരമായും സഭയെ സംബന്ധിച്ചും ഉറ്റവരെ നഷ്ടപ്പെട്ട സമയങ്ങളാണ്. രാഷ്ട്രമെന്ന നിലയിൽ ഇത്രയും മോശമായ ഒരു സമയം ഉണ്ടായിട്ടുമില്ല. ജോലിയും അവസരങ്ങളുമെല്ലാം നോക്കിനിൽക്കുമ്പോൾ നഷ്ടപ്പെടുന്നു, എങ്ങും അരക്ഷിതാവസ്ഥ കനം പിടിച്ചിരിക്കുന്നു. ജീവിതചിലവ് ആകാശത്തേക്കു കുതിക്കുന്നു. ഇങ്ങനെ അനേക കാര്യങ്ങളെക്കുറിച്ച് എഴുതിക്കൊണ്ടേയിരിക്കാം. അടിസ്ഥാനപരമായി, എങ്ങും കൊടുങ്കാറ്റാണ്, എല്ലാം പ്രത്യാശരഹിതമായും അസാധ്യമായും കാണപ്പെടുന്നു.

കൊടുങ്കാറ്റുകൾ നമ്മുടെ ജീവിതത്തിലേക്കു കയറിവരുന്നത് പ്രതീക്ഷിക്കാത്ത സമയത്തും പ്രതീക്ഷിക്കാത്ത രൂപത്തിലുമാണ് - മരണമായിട്ടും അസുഖമായിട്ടും അവിശ്വസ്തതയായിട്ടും കുട്ടികളുടെ പ്രശ്നങ്ങളായിട്ടും ജോലിനഷ്ടമായിട്ടും കടബാധ്യതയായിട്ടും പീഡനമായിട്ടും മറ്റു പ്രശ്നങ്ങളായിട്ടുമൊക്കെ. കൊടുങ്കാറ്റിന്റെ സമയങ്ങളിൽ നാം ഭയത്തിനും ആകുലതയ്ക്കും വഴങ്ങിക്കൊടുക്കാനുള്ള സാദ്ധ്യതകൾ ധാരാളമാണ്. ശിഷ്യന്മാരുടെ കാര്യത്തിലെന്നപോലെ, കൊടുങ്കാറ്റ് നമ്മെ അസ്ഥിരപ്പെടുത്തുകയും ഭയപ്പെടുത്തുകയും ആകുലതയ്ക്കു വഴങ്ങി ശ്രദ്ധനഷ്ടപ്പെട്ടവരാവുകയും ചെയ്യാം.

എന്നാൽ പ്രോത്സാഹന ജനകമായ കാര്യമെന്തെന്നാൽ, നാം കടന്നു പോകുന്ന കൊടുങ്കാറ്റും പ്രശ്നങ്ങളും യേശു കാണുന്നുണ്ട് എന്നതാണ്. നാം അറിഞ്ഞാലും ഇല്ലെങ്കിലും യേശു നമ്മെ രക്ഷിക്കാനായി വരുന്നുണ്ട്. കാരണം യേശു കരുതുന്നവനാണ്.

നമ്മെസംബന്ധിച്ചുള്ള മറ്റൊരുകാര്യം; നമ്മുടെ ജീവിതത്തിൽ നിരന്തരമായി ദൈവം പ്രവർത്തിക്കുന്നതു നാം കണ്ടിട്ടുണ്ടെങ്കിലും നാം ഭയത്തിനു വഴങ്ങുകയും, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ സമാധാനമില്ലാത്തവരാവുകയും ചെയ്യുന്നു എന്നതാണ്. ചിലപ്പോൾ നാം ദൈവികതയില്ലാത്തവരും ആത്മീയതയില്ലാത്തവരുമായി മാറുന്നു.

സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ യാത്രയിൽ, നമുക്കു വാഗ്ദാനം നല്കപ്പെട്ടിരിക്കുന്ന ഒരു കാര്യം തന്നെയാണ് കൊടുങ്കാറ്റുകൾ (യാക്കോബ് 1:2-4, 1 പത്രോസ് 1:6-7, 1 പത്രോസ് 5:10, 2 കൊരിന്ത്യർ 4:17). നമുക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവ വരും. നമ്മെ വെട്ടിവെടിപ്പാക്കാനും, നമുക്കുവേണ്ട ശിക്ഷണം നല്കാനും, ദൈവത്തിൽ ആശ്രയവും ശ്രദ്ധയും വയ്ക്കാനും വേണ്ടി ദൈവം അവയെ ഉപയോഗിക്കുന്നു.

ജീവിതത്തിലെ കൊടുങ്കാറ്റുകൾ, സമയത്തെക്കുറിച്ചു നമുക്കു ലഭിക്കുന്ന സൂചനകളുമാണ്. ലോകവും അതിലെ സംഭവവികാസങ്ങളും കൂടുതൽ കൂടുതലായി നിരാശപ്പെടുത്തുന്നതും അധാർമ്മികവുമായിരിക്കും എന്ന സംഗതിയിലേക്ക്, ബൈബിൾ നമ്മെ മുന്നേറെ ഒരുക്കുന്നുണ്ട്. കാര്യങ്ങൾ മെച്ചമാകുമോ? ചിലപ്പോൾ ആകുമായിരിക്കും, ചിലപ്പോൾ ആകില്ലായിരിക്കും. എന്തൊക്കെ സംഭവിച്ചാലും ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിൽ ഇടറാതെ ഉറച്ചു നില്ക്കാൻ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (മത്തായി 24:9-14)

പ്രശ്നകലുഷിതമായ ഒരു സാഹചര്യത്തിലേക്ക്, യേശു പരിഹാരവുമായി വരുന്നു. അത്ഭുതകരമായി ശാന്തതയും സമാധാനവും കൊണ്ടുവരുന്ന ജോലിയിലാണ് യേശു ഇപ്പോഴും മുഴുകിയിരിക്കുന്നത്. ചോദ്യമെന്താണെന്നുവച്ചാൽ, ഇക്കാര്യത്തിൽ വിശ്വസ്തതയോടെയുള്ള വിശ്വാസം നമുക്കുണ്ടോ?

ആകുലതയിലും സ്വയം സംരക്ഷണത്തിലുമാണോ നിങ്ങൾ മുഴുകിയിരിക്കുന്നത്?

പ്രശ്നങ്ങളിലാണോ നിങ്ങളുടെ ദൃഷ്ടികൾ ഉറപ്പിച്ചിരിക്കുന്നത്, അതോ യേശുവിലോ? (2 കൊരിന്ത്യർ 4:18)

**മർക്കോസ് 6:51**ൽ ശിഷ്യന്മാർ അത്ഭുതപരതന്ത്രരായതായി കാണപ്പെടുന്നു. യേശു തന്റെ പ്രഭാവം കാണിച്ചു, അവനെക്കുറിച്ചുള്ള ഭയാദരവ് അവരുടെ ഉള്ളിൽ നിറച്ചു. അവന്റെ സാന്നിദ്ധ്യം നമ്മിൽ സമാധാനം സൃഷ്ടിക്കുന്നു. നാം കടന്നുപോകുന്ന സാഹചര്യം എന്തായാലും, ഇക്കാര്യം നമുക്ക് മനസ്സിൽ ഉറപ്പിക്കാം.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 16:8-9, 1 പത്രോസ് 5:7

ദിനം 11

# ജീവിതത്തിന്റെ ചിന്താകുലങ്ങൾ

**ലൂക്കോസ് 21:34**

...ജീവിതത്തിന്റെ ചിന്താകുലങ്ങളാലും നിങ്ങളുടെ ഹൃദയം ഭാരപ്പെടുകയും ആ നാൾ ഒരു കെണിയെന്നപോലെ നിങ്ങളുടെ മേൽ വരികയും ചെയ്യാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ

സൂക്ഷിച്ചുകൊൾവിൻ എന്ന വാക്കിനു പകരമായി ഉപയോഗിച്ചിരിക്കുന്ന പലവാക്കുകൾ നമുക്കു കാണാൻ കഴിയും; ശ്രദ്ധിപ്പിൻ, സ്വയം സൂക്ഷിപ്പിൻ, ജാഗ്രതയോടെയിരിപ്പിൻ, സ്വയം കാവൽചെയ്യുവിൻ എന്നിങ്ങനെയൊക്കെ.

അപകടത്തിലേക്ക് വേഗം പാഞ്ഞടുത്തുകൊണ്ടിരിക്കുന്ന ഒരാളോടു നാം അലറിവിളിച്ചു പറയുന്ന അതേ രീതിയിലാണ്, ഈ മുന്നറിയിപ്പ് യേശു എനിക്കും നിങ്ങൾക്കും വേണ്ടി നല്കുന്നത്.

**എന്തൊക്കെ കാര്യങ്ങളെക്കുറിച്ചു മുന്നറിയിപ്പുള്ളവരും ജാഗ്രതയോടെ ഇരിക്കുന്നവരുമാകാനാണ് ഇവിടെ നമ്മോട് ആവശ്യപ്പെടുന്നത്?**

- ഭക്ഷണത്തോടുള്ള ആർത്തി/ധാരാളിത്തം
- മദ്യപാനം
- ജീവിതത്തിന്റെ ചിന്താകുലങ്ങൾ/ആകുലതകൾ

ശിഷ്യന്മാരെന്ന നിലയിൽ ആദ്യത്തെ രണ്ടുകാര്യങ്ങൾ നാം അതിജീവിച്ച കാര്യങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നു, അതിനാൽ നമുക്കു മൂന്നാമത്തെ കാര്യത്തിലേക്കു നോക്കാം.

**യേശു നമുക്കു മുന്നറിയിപ്പു നല്കുന്ന ലോകത്തിന്റെ ചിന്താകുലങ്ങൾ എന്തൊക്കെയാണ്?**

- സാമ്പത്തിക സുരക്ഷ
- ആരോഗ്യം
- ജോലിയുടെ കാര്യത്തിലുള്ള ഉറപ്പ്
- ബന്ധങ്ങളിലുള്ള സുരക്ഷ
- ഭാവിയെ സംബന്ധിച്ച ഉറപ്പ്, അങ്ങനെ പലതുമുണ്ട്.

**എന്തുകൊണ്ടാണ് ഇതൊരു മുന്നറിയിപ്പായി യേശു നല്കുന്നത്?**

ഇത്തരം ആകുലതകൾ നമ്മിൽ എന്തു സ്വാധീനം ചെലുത്തുമെന്ന് യേശുവിനറിയാം

- നമ്മെ ഫലശൂന്യരും ക്രിയാത്മകത നഷ്ടപ്പെട്ടവരുമാക്കും
- നമ്മുടെ ജീവിതത്തിന്റെ മൂല്യബോധം നഷ്ടപ്പെടാനും നമ്മുടെ ആരോഗ്യം നഷ്ടപ്പെടാനും ഇടയാക്കും
- ഏറ്റവും പ്രധാനമായി, സ്വർഗ്ഗം നഷ്ടമാകാൻ ഇതിടയാക്കും

**ദൈവത്തെ ഭരമേല്പ്പിച്ചാൽ ഇതെല്ലാം ദൈവം കരുതിക്കോളും എന്ന വിശ്വാസം നിങ്ങൾക്കുണ്ടോ?**

**മത്തായി 6:25–34**

ആകുലപ്പെടുന്നതിലൂടെ നാം പ്രകടിപ്പിക്കുന്നത്, ദൈവത്തിലുള്ള ആശ്രയമില്ലായ്മയാണ്. എന്നെ കരുതും എന്നൊക്കെ ദൈവം പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ദൈവത്തിന് ഇതൊന്നുംചെയ്യാൻ സാദ്ധ്യമല്ല എന്ന ഒരു പ്രസ്താവനയാണിത്

ആകുലത എന്താണെന്ന് എനിക്കറിയാം, കാരണം, നിരന്തരം ആകുലതയിൽ വീണുപോകുന്ന ഒരു വ്യക്തിയാണു ഞാൻ. വലിയ കാര്യങ്ങളെക്കുറിച്ചു മാത്രമല്ല, നിസ്സാര കാര്യങ്ങളെക്കുറിച്ചുപോലും ഞാൻ ആകുലപ്പെടും. മറ്റുള്ളവർക്ക് എന്തു തോന്നുമെന്ന ചിന്തയിലും, സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും യാത്രാസുരക്ഷയിലും, അത്താഴത്തിന് എന്തു കരുതണമെന്ന കാര്യത്തിലും, മറ്റെന്തുകാര്യം നിങ്ങൾ പറഞ്ഞാലും ഞാൻ അവയെക്കുറിച്ചെല്ലാം ആകുലപ്പെടുന്ന വ്യക്തിയാണ്.

ഇത്തരമൊരു ജീവിതചര്യയായിരുന്നു എനിക്കുണ്ടായിരുന്നത് – ഉയർന്ന രക്തസമ്മർദ്ദം എന്നെ ബാധിക്കുന്നതിനുമുമ്പ്. അതിനു ശേഷം ഞാനൊരു പാഠം പഠിച്ചു.

നമുക്കു പ്രാർത്ഥിക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ആകുലപ്പെടുന്നത് എന്തിനാണ്?

പ്രാർത്ഥിക്കുക എന്നകാര്യമാണ് ഞാൻ ഇപ്പോൾ ചെയ്യുന്നത്, അത് എന്റെ ജീവിതത്തിൽ വ്യക്തമായ മാറ്റം കൊണ്ടുവന്നിട്ടുമുണ്ട് – ഞാൻ കൂടുതൽ ഉല്ലാസം നിറഞ്ഞവ്യക്തിയാണ്, ഹൃദയത്തിൽ സമാധാനം നിറഞ്ഞിരിക്കുന്നു, എന്റെ രക്തസമ്മർദ്ദം നിയന്ത്രണവിധേയവുമാണ്.

മുന്നോട്ടും പിന്നോട്ടും ആടുന്ന ഒരു കസേരയോട് നമുക്ക് ആകുലപ്പെടുന്നതിനെ ഉപമിക്കാം, അതു നമ്മെ എവിടെയും എത്തിക്കുന്നില്ല. എന്നാൽ ദൈവം നമ്മെ വിളിക്കുന്നത് സ്വസ്ഥമായിരുന്ന്, അവൻ ദൈവമാണന്ന് അറിയുവാൻ വേണ്ടിയാണ്.

ഈ പുതുവർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ, സ്വസ്ഥമായിരിക്കാൻ നമുക്കു തീരുമാനിക്കാം

**മത്തായി 13:7, 22** 7മറ്റു ചിലതു മുള്ളുകൾക്കിടയിൽ വീണു; മുള്ളുകൾ വളർന്നു ചെടികളെ ഞെരുക്കിക്കളഞ്ഞു. 22മുള്ളുകൾക്കിടയിൽ വിതയ്ക്കപ്പെട്ടതോ, ഒരാൾ വചനം കേൾക്കുന്നുവെങ്കിലും ഈ ജീവിതത്തിലെ ആകുലചിന്തകളും ധനത്തിന്റെ വഞ്ചനയും അതിനെ ഞെരിച്ചു ഫലശൂന്യമാക്കിത്തീർക്കുന്നതാണ്.

നിങ്ങളുടെ ജീവിതം ശ്വാസംമുട്ടിച്ച് ഇല്ലാതാക്കുന്ന ആകുലതകളെക്കുറിച്ച് നിങ്ങൾ ജാഗരൂകരായിരിക്കേണ്ടതുണ്ട്.

**യോഹന്നാൻ 16:33** നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഞാൻ ഇതെല്ലാം നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ഈ ലോകത്തിൽ നിങ്ങൾക്കു കഷ്ടത ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

ആകുലതകളും പ്രയാസങ്ങളും നിങ്ങളുടെ ജീവിതത്തിലേക്കു കടന്നുവരുമെന്നത് നിശ്ചയമായ കാര്യമാണ്, എന്നാൽ യേശു അതിനെയെല്ലാം നോക്കിക്കൊള്ളുമെന്ന വാഗ്ദാനം നമുക്കു നല്കിയിരിക്കുന്നു. ആകയാൽ നാം അവയെയെല്ലാം മറികടക്കും.

**എബ്രായർ 4:14–16** ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിലൂടെ കടന്നുപോയ ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ടു നാം ഏറ്റു പറയുന്ന വിശ്വാസം മുറുകെപ്പിടിക്കാം. നമ്മുടെ ബലഹീനതകളിൽ സഹതപിക്കാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, സകലത്തിലും നമ്മെപ്പോലെതന്നേ പരീക്ഷിക്കപ്പെട്ടവനാണ്; എങ്കിലും അവിടുന്ന് പാപരഹിതനായിരുന്നു. അതുകൊണ്ടു കരുണ ലഭിക്കുവാനും യഥാസമയം സഹായത്തിനുള്ള കൃപ പ്രാപിക്കുവാനും നമുക്കു ധൈര്യത്തോടെ കൃപാസനത്തിങ്കലേക്ക് അടുത്തുചെല്ലാം.

നിങ്ങൾ കടന്നുപോകുന്നത് എന്തിലൂടെയാണെന്ന കാര്യം യേശു മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നു. നമ്മുടെ ആകുലതകൾ അവനിലേക്കു കൊണ്ടുചെല്ലുക, അവന്റെ പാദത്തിൽ അവയെ ഇട്ടേച്ചുപോരുക

**വെളിപാട് 3:11** ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിക്കത്തക്കവണ്ണം നിനക്കുള്ളതു

മുറുകേ പിടിച്ചുകൊൾക.

എന്തു തരത്തിലുള്ള ആകുലതയിലും ആകാംക്ഷയിലും യേശുവിനോടു പറ്റിനില്ക്കുക. ഈ ലോകത്തിലെ ക്ലേശങ്ങളെ ഉപയോഗിച്ച്, സാത്താൻ വല്ലവിധേനയും നിങ്ങളുടെ ജീവന്റെ കിരീടം തട്ടിയെടുക്കാതെ സൂക്ഷിക്കുക.

**പ്രായോഗികമായി:**

1. ആകുലപ്പെടാനുള്ള പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ, ദൈവത്തോടു പ്രാർത്ഥിക്കുകയോ ദൈവത്തെ ആരാധിക്കുകയോ ചെയ്യുക
2. നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുക, നിങ്ങളെ വഴിനടത്തുന്നവരുമായി സംസാരിക്കുക, പ്രശ്നങ്ങളെക്കുറിച്ച് പുതിയ ഒരു ഉൾക്കാഴ്ചയും പരിഹാരവും കണ്ടെത്താൻ അതുവഴി കഴിയും.
3. ദൈവരാജ്യം പണിയുന്നതിൽ കൂടുതലായി മുഴുകുക

**കൂടുതൽ വചനങ്ങൾ:** മത്തായി 6:25-34, മത്തായി 13:1-23

ദിനം 12

# സ്വർഗ്ഗീയ കാഴ്ചപ്പാട്

**കൊലോസ്യർ 3:2-3** ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതുതന്നെ ചിന്തിപ്പിൻ. നിങ്ങൾ മരിച്ച്, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

കഴിഞ്ഞുപോയ വർഷങ്ങൾ നോക്കുകയാണെങ്കിൽ എന്റെ കാഴ്ചപ്പാടുകളിൽ വലിയ മാറ്റം വന്നിരിക്കുന്നതു കാണാനാകും. അടുത്തുകൊണ്ടിരിക്കുന്ന മരണമെന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാനുള്ള പ്രായമായതുകൊണ്ടായിരിക്കാം ഇത്. ലോക്ഡൗൺ അനുഭവങ്ങളും, കോവിഡ് 19ന്റെ പിടിമുറുക്കലുമെല്ലാം നമുക്കുമുന്നിൽ മരണമെന്ന യാഥാർത്ഥ്യത്തെ അടുത്തുകാണാൻ ഇടയാക്കി എന്ന് ഞാൻ കരുതുന്നു.

ഞാൻ പ്രതീക്ഷിക്കുന്നതിലും മുന്നേ തന്നെ എന്റെ അവസാനനിമിഷം അടുത്തുവന്നേക്കാം എന്ന കാര്യം ഞാൻ തിരിച്ചറിയുന്നു, കാരണം സമയത്തിന്റെ പോക്ക് അതുപോലെയാണ്. ലോകപ്രകാരമുള്ള ക്രമങ്ങളെല്ലാം ആ നിമിഷത്തിൽ പൊയ്പ്പോകും. എനുക്കുള്ളതെല്ലാം, എന്റെ വിജയങ്ങൾ, എന്റെ രൂപം, കുടുംബം, വിവാഹം, ഞാൻ കഠിനാധ്വാനം ചെയ്തും ആഗ്രഹിച്ചും നേടിയ സകലതും, കാറ്റിൽ മായുന്ന പുകയുടെ ഒരു കണം പോലെ അപ്രത്യക്ഷമാകും. വയൽ പൂക്കളെപ്പോലെ അവ പോകും. പോയ് മറയും.

യാഥാർത്ഥ്യമാണെന്നു കരുതി ഇന്നു നാം കാണുന്ന കാര്യങ്ങൾ കടന്നുപോകും. അതുകൊണ്ടുതന്നെ ഇതുപോലെ നമ്മൾ പണമുണ്ടാക്കാനും സൗകര്യങ്ങൾ നേടാനും വേണ്ടി എന്തിനു കഷ്ടപ്പെടണം? അഹങ്കാരവും സ്വാർത്ഥതയും പാപവുമെല്ലാം സ്വീകരിക്കണം? ഇതിനൊന്നും നിത്യജീവിതത്തിൽ മൂല്യമില്ല. എന്റെ അവകാശങ്ങൾക്കുവേണ്ടി ഞാൻ എന്തിനു മല്ലടിക്കണം? നന്മയും ദൈവീകതയും കൈമോശപ്പെടുത്തിയിട്ട്, എന്തിനു സുഖങ്ങളും സന്തോഷവും സ്വന്തമാക്കണം? ഇതൊന്നും ജ്ഞാനത്തിന്റെ വഴികളല്ല.

വരുവാനുള്ള ജീവിതത്തെ മുന്നിൽകണ്ടുകൊണ്ട് ഈ ജീവിതം ജീവിക്കുവാൻ ജ്ഞാനം നമ്മെ വഴിനടത്തുന്നു. യേശുവിലൂടെ നമുക്ക് ദൈവത്തിൽ നിത്യജീവിതമുണ്ട്. അതെപ്രകാരമാണെന്നറിയാൻ, സുവിശേഷം നിരന്തരമായി വായിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുക.

നാം ഇപ്പോൾ വിലമതിക്കുന്ന ബന്ധങ്ങൾ പോലും നിത്യമല്ല. എന്നാൽ ആളുകളാണ് നിത്യതയിൽ എത്തുന്നത്. അതുകൊണ്ടുതന്നെ, മക്കളെ വളർത്തുകയെന്നത്, അവരെ എല്ലാവിധത്തിലും വിജയികളാക്കാനും എല്ലാം വെട്ടിപ്പിടിക്കാനും പ്രാപ്തരാക്കുന്നതല്ല. ദൈവത്തെ അറിയാനും സ്നേഹിക്കാനുമുള്ള ഒരു ഹൃദയം അവരിൽ പരിപാലിച്ചെടുക്കുന്നതാണ്. നമുക്കുവേണ്ട സുഖസൗകര്യങ്ങളും നമ്മുടെ സങ്കല്പത്തിലുള്ള നേട്ടങ്ങൾ നേടിയെടുക്കാനുമുള്ളതല്ല നമുക്കു ലഭ്യമായ സമ്പത്ത്. പകരം, വിശാലമനസ്സോടെ നല്കാനും, ദൈവത്തിന്റെ ലക്ഷ്യങ്ങൾനിറവേറ്റാനുള്ള നമ്മുടെ

വിശ്വസ്തതയെ പ്രതിഫലിപ്പിക്കാനും, ഭൗതികകാര്യങ്ങൾക്കുമീതെ നാം ദൈവത്തിനു നല്കുന്ന സ്ഥാനം വിളിച്ചോതാനുമാണ്. നമ്മുടെ അനുദിന ജീവിതത്തിന്റെ ലക്ഷ്യമെന്നത് സന്തോഷമായിരിക്കുക എന്നതല്ല, പകരം, ദൈവത്തിന്റെ ബലിപീഠത്തിൽ നമ്മെ തന്നെ അർപ്പിക്കുന്നതും, നമ്മിലൂടെ അവനെ ജീവിക്കാൻ അനുവദിക്കുന്നതുമാണ്.

സ്വർഗ്ഗീയമായ ഈ കാഴ്ചപ്പാടുകളാണ് എന്നെ മാറ്റിയത്. ഞാൻ ഇനി പഴയവ്യക്തിയെപ്പോലെ ആകില്ല എന്ന് എനിക്കുറപ്പുണ്ട്. ജീവിതത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ ഞാൻ വിചാരിച്ചതിലും ഉന്നതമായ ഒന്നായിമാറി. എനിക്കു കാഴ്ചയും ഉയർന്ന കാഴ്ചപ്പാടും നല്കി അനുഗ്രഹിച്ചത്, ദൈവം തന്റെ ഉന്നതമായ കൃപയാലാണ്, അതിലെനിക്കു നന്ദിയുമുണ്ട്. മുന്നിൽ കാണുന്ന കാര്യങ്ങൾ എന്നിലെ ദൈവികതയെ ചോർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ ഞാൻ എന്നോടു പറയും, ഇതെല്ലാം കഴിഞ്ഞുപോകാനുള്ളതാണ് എന്ന്. ദൈവത്തെക്കുറിച്ചുള്ള അത്യന്തികമായ യാഥാർത്ഥ്യത്തിലേക്ക് എന്റെ കാഴ്ചപ്പാടുകൾ രൂപാന്തരപ്പെടും.

**അവസാനമായി**

നമ്മുടെ മുന്നിൽ വരുന്ന പരീക്ഷകളെ നമുക്കു വ്യത്യസ്തമായ കാഴ്ചപ്പാടിൽ കാണാം. നമ്മുടെ താത്പര്യങ്ങളെ വ്യത്യസ്തമായി കാണാം. നമ്മുടെ സമ്പത്തിനെയും നമുക്കുള്ളതിനെയുമെല്ലാം നമുക്കു വ്യത്യസ്തമായി കാണാം.

സ്വർഗ്ഗീയകാഴ്ചപ്പാടുകൾ ഒരു പുതിയ ജീവിതക്കാഴ്ച നല്കി, നമുക്കായി നിയോഗിച്ചുവച്ചിട്ടുള്ള മുന്നോട്ടുള്ള ദിവസങ്ങളിൽ നമ്മെ നയിക്കും, അതുവഴി നിത്യജീവൻ അവകാശമാക്കാനും. അപ്പോൾ ജീവിതം മൂല്യമുറ്റതാകും.

**വെല്ലുവിളി:**

നമുക്കു സ്വന്തമായുള്ള സകലതും ഉപയോഗിച്ച് സ്വർഗ്ഗത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാം

- ശിഷ്യത്വം: പാപത്തെ ഉപേക്ഷിക്കുക, സാദ്ധ്യമായ സമയങ്ങളിലെല്ലാം തുറന്നു സംസാരിക്കുക (1 യോഹന്നാൻ 1:9)

- ദൈവത്തെ പ്രസാദിപ്പിക്കാനായി ജീവിക്കുക (റോമർ 12:1)

- ദൈവം നല്കിയ ദൗത്യത്തിനായി നമ്മെത്തന്നെ സമർപ്പിക്കുക (മത്തായി 28:18–20)

**കൂടുതൽ വചനങ്ങൾ:** 1 കൊരിന്ത്യർ 7:29–31

ദിനം 13

## നിഷേധിക്കുന്ന വിശ്വാസം

എല്ലാവർക്കും സുപ്രഭാതം, ഇന്നു പതിമൂന്നാമത്തെ ദിവസമാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ നാം വിശ്വാസത്തിന്റെ വിവിധതലങ്ങളെക്കുറിച്ചു പഠിച്ചുവരികയാണ്. നാം വായിച്ചതുപോലെ: വിശ്വാസം എന്നതോ പ്രത്യാശിക്കുന്നവയുടെ ഉറപ്പും അദൃശ്യകാര്യങ്ങളുടെ നിശ്ചയവും ആകുന്നു. (എബ്രായർ 11:1)

ഇന്നു നമ്മൾ നോക്കാൻ പോകുന്നത് മോശയുടെ ജീവിതത്തിലേക്കാണ്, വിശ്വാസം മോശയുടെജീവിതത്തിൽ എപ്രകാരം സ്വാധീനിച്ചു എന്നും എപ്രകാരം പ്രവർത്തിച്ചു എന്നും നമുക്കു നോക്കാം.

**എബ്രായർ 11:24–26** വിശ്വാസത്താൽ, മോശെ താൻ വളർന്നപ്പോൾ ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടാൻ വിസമ്മതിച്ചു. അദ്ദേഹം പാപത്തിന്റെ താത്ക്കാലിക ഭോഗത്തേക്കാൾ ദൈവജനത്തോടു കൂടെയുള്ള കഷ്ടാനുഭവം തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് അദ്ദേഹം ഈജിപ്റ്റിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിനുവേണ്ടിയുള്ള നിന്ദ വലിയ ധനം എന്നു കണക്കാക്കി.

വിശ്വാസത്താൽ, മോശെ ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടാൻ വിസമ്മതിച്ചു.

തങ്ങൾ സ്വീകരിച്ച പുതിയ വിശ്വാസത്തിന്റെ പേരിൽ പീഡനങ്ങളും മറ്റുവിഷമതകളും അനുഭവിച്ചുകൊണ്ടിരുന്ന യഹൂദപശ്ചാത്തലത്തിൽ നിന്നുമുള്ള ശിഷ്യന്മാരെ പ്രബോധിപ്പിക്കാൻ വേണ്ടി എഴുതിയതാണ് എബ്രായരുടെ പുസ്തകം. വേദനാകരമായ അവരുടെ പുതിയജീവിതത്തെ, പീഡനങ്ങളൊന്നും ഇല്ലാതിരുന്ന പഴയജീവിതവുമായി അവർ താരതമ്യം ചെയ്യാൻ തുടങ്ങി. പുതിയ ജീവിതത്തിൽ അവർ നേരിട്ടത് ചുറ്റുമുള്ളവരിൽനിന്നുമുള്ള തിരസ്കരണം ആയിരുന്നെങ്കിൽ, പഴയ ജീവിതത്തിൽ അവർ ചുറ്റുമുള്ളവർക്കു സ്വീകാര്യരായിരുന്നു. ഒരു ഘട്ടത്തിൽ അവർ ചിന്തിച്ചുകാണും: പഴയജീവിതത്തിലേക്കു തിരികെ പോകുന്നതല്ലേ നല്ലത്, ഒന്നുമില്ലെങ്കിലും ഇതുപോലെ പീഡിപ്പിക്കപ്പെടേണ്ടതില്ലായിരുന്നു.

മോശയുടെ ഉദാഹരണം അവർക്കുവേണ്ടി എഴുതിയത്, അവരെ ധൈര്യപ്പെടുത്താനും അവരുടെ പുതിയ വിളിയായ ക്രിസ്തീയ ജീവിതത്തിൽ വിശ്വസ്തതയോടെ ഉറച്ചുനിൽക്കാനും വേണ്ടിയാണ്. മോശയുടെ അനുഭവങ്ങളിൽ നിന്നും പഠിക്കുന്നത് നമുക്കും യോഗ്യമായ കാര്യം തന്നെയാണ്.

മോശ, താൻ വളർന്നുവന്നപ്പോൾ, ഫറവോന്റെ മകളുടെ മകനെന്ന് അറിയപ്പെടാൻ വിസമ്മതിച്ചിട്ട്, കഷ്ടതകൾ അനുഭവിക്കുന്ന ഒരു ജനതയോടു താദാത്മ്യപ്പെടാൻ തയ്യാറായി. ഫറവോന്റെ കൊട്ടാരത്തിൽ തനിക്കു ലഭിക്കുമായിരുന്ന സ്ഥാനമാനങ്ങളും സൗഭാഗ്യങ്ങളും ത്യജിക്കാൻ അവന്റെ വിശ്വാസം അവനെ സജ്ജമാക്കി. ദൈവം നല്കുന്ന നിത്യമായ പ്രതിഫത്തിലായിരുന്നു മോശയുടെ പ്രധാന ശ്രദ്ധ. പാപത്തിൽനിന്നും ലഭിക്കുന്ന ആനന്ദം തുലോം താത്കാലികമാണ് എന്നകാര്യം മോശ മനസ്സിലാക്കി, നിത്യമായ ആനന്ദവും സംതൃപ്തിയും നല്കുന്നയാൾ ദൈവമാണെന്നും അവൻ മനസ്സിലാക്കി.

സഭയിലേക്കു കൂട്ടികൊണ്ടുവരപ്പെടുകയും ശിഷ്യനായി തീരുകയും ചെയ്ത സമയത്തിലേക്കു നമുക്കൊന്നു തിരിഞ്ഞുനോക്കാം. ലോകം നല്കുന്ന സുഖഭോഗങ്ങൾ വേണ്ടെന്നുവയ്ക്കാനും യേശുവിനെ പിൻഗമിക്കാനും വിശ്വാസത്താൽ നമുക്കു സാധിച്ചു. നുണയും ആത്മാർത്ഥതയില്ലായ്മയും മദ്യപാനവും വിദ്വേഷവും മറ്റു ലോകപരമായ സുഖങ്ങളും നാം ഉപേക്ഷിച്ചു. ജീവിതത്തിലേക്ക് ഒരു പുതിയ നിലവാരം കൊണ്ടുവരുവാൻ വിശ്വാസത്താൽ നമുക്കു കഴിഞ്ഞു. ശിഷ്യനാകുന്നതിനുവേണ്ടി നാം ഉപേക്ഷിച്ചു പോന്ന ചില കാര്യങ്ങൾ ഇല്ലാതെ ഭാവി എന്തായിത്തീരും എന്നു നമുക്ക് നിശ്ചയമില്ലായിരുന്നെങ്കിലും. എന്തുവന്നാലും ദൈവം നമ്മെ നയിക്കും എന്ന വിശ്വാസം നമ്മിൽ ഉറപ്പുള്ളതായിരുന്നു.

ഇപ്പോൾ നമുക്ക് നമ്മുടെ ജീവിതത്തെ ഒന്നു പരിശോധിച്ചു നോക്കാം. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം ത്യജിച്ച് ഇട്ടേച്ചുപോന്ന കാര്യങ്ങളിലേക്കു തിരികെപോകാനുള്ള പ്രലോഭനമുണ്ടോ, അതോ തിരികെ പോകുന്നുണ്ടോ?

യഹൂദപശ്ചാത്തലത്തിൽ നിന്നും വന്ന ശിഷ്യന്മാരെക്കുറിച്ചു നാം എബ്രായപുസ്തകത്തിൽ വായിച്ചതുപോലെ, ലോകത്തിലേക്കു തിരികെപോകാനുള്ള ഒരു ചായ്‌വ് നമുക്കും ഉണ്ടാകാം - ക്രിസ്തു നമ്മെ വിളിച്ച സ്വയം നിഷേധ ജീവിതത്തിൽ തുടരുന്നതിനു വിരുദ്ധമായി. മോശയെപ്പോലെ, ദൈവം നമുക്കു വാഗ്ദാനം ചെയ്ത നിത്യമായ പ്രതിഫലത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട്, നമുക്കു ചുറ്റുമുള്ള ലോകം വാഗ്ദാനം ചെയ്യുന്ന ക്ഷണികസന്തോഷങ്ങളെ നിഷേധിക്കാൻ, എബ്രായലേഖകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

അധികാരമായും, സമ്പത്തായും, ജഢികസന്തോഷമായുമെല്ലാം, ലോകം നമ്മുടെ മുന്നിലേക്കു വച്ചുനീട്ടുന്ന അംഗീകാരങ്ങളെ നിഷേധിക്കാൻ വിശ്വാസം നമ്മെ പ്രാപ്തമാക്കുന്നു.

ദാനിയേലിനെയും സുഹൃത്തുക്കളെയും നോക്കുമ്പോഴും, അന്യമായ ഒരു ദേശത്തുവച്ചുപോലും ദൈവം സ്ഥാപിച്ച നിലവാരത്തിൽ നിന്നും താഴേക്കുപോകാതെ, അവർ എത്രമാത്രം ബലത്തോടെ പിടിച്ചുനിന്നു എന്നു കാണാൻ കഴിയും. ബാബിലോണിൽ യുദ്ധതടവുകാരായി കഴിയുന്ന അവരുടെ ജീവൻ അപകടത്തിലായിരുന്നിട്ടുപോലും രാജകൊട്ടാരത്തിൽനിന്നും അവർക്കായി ഒരുക്കിയ ഭക്ഷണം കഴിക്കാനും രാജാവിനുമുന്നിൽ തലവണങ്ങാനും അവർ തയ്യാറായില്ല. അവർ ആരാധിച്ചിരുന്ന ദൈവത്തിലുള്ള വിശ്വാസം മൂലമാണ് അവർ അക്കാര്യങ്ങൾ നിഷേധിച്ചത്. രാജാവിനെ പ്രസാദിപ്പിക്കുമായിരുന്നെങ്കിൽ, അവരുടെ മുന്നിൽ വലിയ അംഗീകാരങ്ങളും അധികാരവുമെല്ലാം കാത്തിരിക്കുന്നുണ്ടായിരുന്നു. എന്നാൽ, മോശയെപ്പോലെ അവരും അവയെയെല്ലാം നിഷേധിച്ചു. ലോകം നല്കുന്ന സ്ഥാനമാനങ്ങളും അധികാരങ്ങളുമെല്ലാം ക്ഷണികമാണെന്നും ദൈവം നല്കുന്നവയാകട്ടെ നിത്യമാണെന്നും അവർ കരുതി.

തന്റെ നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം, യേശുവിനെയും സാത്താൻ പരീക്ഷിക്കുന്നതു നമുക്കു കാണാം; എളുപ്പവഴിയിൽ പേരും പെരുമയുമെല്ലാം നേടുന്നതിന്. എന്നാൽ സാത്താൻ മുന്നോട്ടുവച്ച സകല വാഗ്ദാനങ്ങളെയും യേശു തള്ളി; തന്റെ പിതാവിന്റെ ഹിതം നിറവേറ്റാൻ വേണ്ടി ക്രൂശിൽ ജീവൻ ബലിയർപ്പിക്കുന്ന ജീവിതം തിരഞ്ഞെടുക്കുകയും ചെയ്തു. ഈ ഭൂമിയിൽ ശിഷ്ടകാലം കഴിയുന്ന സമയത്ത്, തിന്മനിറഞ്ഞ നമ്മുടെ ജഡതാത്പര്യങ്ങളെ തൃപ്തിപ്പെടുത്താതെ, ദൈവഹിതം നിറവേറ്റി ജീവിക്കാൻ നമുക്കു തീരുമാനിക്കാം. ലോകം നമുക്കുമുന്നിൽ വയ്ക്കുന്ന വാഗ്ദാനങ്ങൾ നാം സ്വീകരിക്കാതെവരുമ്പോൾ, യേശുവിനെ അവർ പരിഹസിക്കുകയും ഉപേക്ഷിക്കുകയും ചെയ്തതുപോലെ, നമ്മെയും അവർ പരിഹസിക്കുകയും തള്ളിക്കളയുകയും ചെയ്യും. നാം ക്രിസ്തുവിനെ അനുകരിക്കുന്നവരാകുമ്പോൾ, അവൻ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിലേക്കു നോക്കുന്നു, യേശുവിനുവേണ്ടി ഇത്തരം തിരസ്കരണങ്ങൾ നാം എപ്രകാരം സ്വീകരിക്കുന്നു എന്നും നോക്കുന്നു.

തങ്ങളുടെ ചുറ്റുമുള്ള ലോകത്തിന്റെ അംഗീകാരം, മോശയാൽ നിഷേധിക്കപ്പെട്ട ഈജിപ്റ്റിലെ കൊട്ടാരത്തിൽ നിന്നുമുള്ള ക്ഷണത്തിനു തുല്യമായിരുന്നു എന്നകാര്യം ഈ എബ്രായശിഷ്യന്മാർക്ക് അറിയാമായിരുന്നു. ആകയാൽ ലോകത്തിന്റെ ഈ ക്ഷണങ്ങളെ/അംഗീകാരങ്ങളെ നാം ഉപേക്ഷിക്കുകയും, ക്രിസ്തുസ്വീകരിച്ച ലജ്ജയും നിന്ദയും നിഷേധിക്കപ്പെടലും നാം സ്വീകരിക്കുകയുമാണുവേണ്ടത്.

ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ ഉലയ്ക്കുകയും തകർക്കുകയും ചെയ്യാൻ കെല്പ്പുള്ള ധാരാളം കാര്യങ്ങൾ നമുക്കു ചുറ്റുമുണ്ട്. തന്റെ വിശ്വാസത്തെ തകർക്കാൻ കെല്പുള്ള കാര്യങ്ങളെ, അതു ഫറവോന്റെ കൊട്ടാരത്തിൽ നിന്നുമുള്ളതായാലും നിഷേധിച്ച മോശയെപ്പോലെ തന്നെയാണ് സ്വയം നിഷേധവും ത്യാഗപൂരിതവുമായ ക്രിസ്ത്വാനുകരണം. വീടിന്റെ സുരക്ഷയിൽനിന്നും പുറത്തേക്കു വന്ന് ഉത്സാഹത്തോടും സന്തോഷത്തോടും കൂടെ വിശ്വാസം പങ്കുവയ്ക്കുവാനും മോശയുടെ മാതൃക നമുക്കുപ്രേരണയാകട്ടെ. മഹത്തായ പ്രതിഫലം നമുക്കായി കാത്തിരിക്കുന്നു എന്ന കാര്യം നമുക്കോർക്കാം, ആമേൻ.

**കൂടുതൽ വചനങ്ങൾ:** ദാനിയേൽ 1:8, മത്തായി 4:1–11, 1 പത്രോസ് 4:1–5

ദിനം 14

## വിശ്വാസം സംസാരിക്കുന്നു

**2 കൊരിന്ത്യർ 4:7–18**

1998ൽ, ഞങ്ങൾ പതിനഞ്ചുവർഷം വാടകയ്ക്കു താമസിച്ചിരുന്ന വീട് പെട്ടെന്ന് ഒഴിഞ്ഞുകൊടുക്കാനുള്ള നിർദ്ദേശം ഒരു സുപ്രഭാതത്തിൽ എന്റെ മാതാപിതാക്കൾക്കു ലഭിച്ചു, ഞാൻ ജനിച്ചു വളർന്ന വീടായിരുന്നു അത്. വീടിന്റെ ഉടമയാകട്ടെ, ഞങ്ങളെ അവരുടെ മക്കൾ എന്നപോലെ കരുതുന്ന ഒരു ശ്രേഷ്ഠവനിതയായിരുന്നു. അവർക്കു പ്രായം അധികരിച്ചതിനാലും, ഓർമ്മശക്തി നഷ്ടപ്പെട്ടതിനാലും, അവരുടെ മക്കളിൽ ഒരാൾ അവരെ വേറൊരു ദേശത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവരുടെ വേറൊരു മകൾ അവിടെ താമസം തുടങ്ങി. ധിക്കാരിയായ അവളെ വീട്ടിൽനിന്നും ഓടിച്ചുവിട്ടതായിരുന്നു. വീടു പുതുക്കാൻ പദ്ധതിയിട്ട മകൾ ഞങ്ങളോട് പെട്ടെന്നുതന്നെ ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെട്ടു.

കൗമാരപ്രായക്കാരനായിരുന്ന എനിക്ക് എന്താണു ചെയ്യേണ്ടതെന്നറിയില്ലായിരുന്നു, എല്ലാം ഇരുണ്ടിരിക്കുന്നതുപോലെ തോന്നി. മഴപെയ്തുകൊണ്ടിരുന്ന ഒരു സായാഹ്നത്തിൽ ഞങ്ങളുടെ പിതാവ് വീട്ടുസാധനങ്ങളെല്ലാം തന്റെ വാനിൽ കയറ്റി ഓടിച്ചു പോയി, ഞാനും അമ്മയും ചേട്ടനും സഞ്ചരിച്ച വാഹനം വേറൊരു വാഹനവുമായി കൂട്ടിയിടിച്ചു, മഴയായതിനാൽ വഴി വ്യക്തമല്ലായിരുന്നു. രണ്ടുവാഹനങ്ങളിലും ഉണ്ടായിരുന്നവർക്ക് നിസ്സാരപരിക്കുകളേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ, രണ്ടു വാഹനങ്ങൾക്കും സാരമായ കേടുപറ്റി. കാർ നന്നാക്കാൻ വേണ്ടി, പപ്പയുടെ വാഹനം വില്ക്കേണ്ടി വന്നു. ഇതിനെല്ലാം ഇടയിൽ എന്റെ സ്കൂൾ പഠനത്തിന്റെ അവസാനപരീക്ഷ രണ്ടുപ്രാവശ്യം ഞാൻ എഴുതിയിട്ടും ജയിക്കാൻ വേണ്ട മാർക്കു കിട്ടിയില്ല. കുറച്ചൊരു സമയം എല്ലാറ്റിലും നിന്നു മാറി നിൽക്കാൻ ഞാൻ തീരുമാനിച്ചു. 2002 ഫെബ്രുവരി പത്താം തീയതി, ഞാൻ ഒരു പുതിയ സൃഷ്ടിയായി, ദൈവരാജ്യത്തിൽ സ്നാനമെടുത്തു. സ്കൂൾ ഫൈനൽ പരീക്ഷ എഴുതാൻ ഞാൻ പ്രൈവറ്റായി പേരുകൊടുത്തു.

ആദ്യത്തെ ദിവസം ഇംഗ്ലീഷ് പരീക്ഷയായിരുന്നു. പരീക്ഷനടത്തിപ്പുകാരും സ്കൂൾ അധികൃതരുമെല്ലാം ഉത്തരം പറഞ്ഞുകൊടുത്തും, ബോർഡിൽ എഴുതിക്കൊടുത്തുമെല്ലാം വ്യാപകമായ ക്രമക്കേടുകൾ കാണിക്കുന്നുണ്ടായിരുന്നു. മറ്റുകുട്ടികൾ എല്ലാവരും പരീക്ഷ എഴുതി പേപ്പർ കൊടുത്തു, സമയം കഴിഞ്ഞിട്ടും ഞാൻ എഴുതി തീർന്നിട്ടുണ്ടായില്ല. എന്നോട് ഉത്തര കടലാസ് ചോദിച്ചപ്പോൾ, മറ്റുള്ള വരെ പോലെ ഞാൻ ഉത്തരമൊന്നും നോക്കി എഴുതിയില്ല, അതിനാൽ എനിക്കു കുറച്ചുകൂടി സമയം തരണമെന്നു ഞാൻ പറഞ്ഞു. എന്റെ നിഷേധമനോഭാവത്താൽ എന്നെ അവർ ഒറ്റപ്പെടുത്തി, തോല്പി ക്കുമെന്നു ഭീഷണിയും തന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ ഞാൻ മറ്റുള്ളവരുടെ മുന്നിൽ ഒരു വീരനായകനായി, എന്നാൽ വേറൊരുവി ധത്തിൽ നോക്കുമ്പോൾ, ഇനിയും കുറേ പരീക്ഷകളും കൂടി എനിക്കെഴുതാനുണ്ട്, എന്റെ നിഷേധ മനോഭാവം അവരുടെ മുന്നിൽ എന്നെ ഒരു ഒറ്റുകാരനും ആക്കി.

ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും കഠിനമായി പരിശ്രമിക്കുകയും ചെയ്തു. പിന്നീടുള്ള എല്ലാ പരീക്ഷയിലും ദൈവത്തിന്റെ കരം എന്നോടൊപ്പമുണ്ടായിരുന്നു. ദൈവം എനിക്കു നല്ല ഓർമ്മ ശക്തി നല്കി. മറ്റുള്ളവർ എന്നെ അന്യനും ഒറ്റപ്പെട്ടവനുമായി കണ്ടുവെങ്കിലും, എനിക്ക് എന്നെക്കു റിച്ച് അഭിമാനം തോന്നി. ദൈവത്തിനും എന്നെക്കുറിച്ച് അഭിമാനമായിരുന്നു.

തെറ്റു ചൂണ്ടി സംസാരിക്കാൻ എനിക്കു ഭയമായിരുന്നു, എന്നാൽ ഞാനല്ല സംസാരിച്ചത്, എന്നിൽ വസി ക്കുന്ന പരിശുദ്ധാത്മാവായിരുന്നു. വിശ്വാസം എന്നെ സംസാരിക്കുമാറാക്കി. അവരുടെ ഭീഷണി കൾക്കു മുന്നിലും ഞാൻ നല്ല മാർക്കോടുകൂടി പരീക്ഷ പാസ്സായി. പിന്നീട് ഉയർന്ന വിദ്യാഭ്യാസ ത്തിനുള്ള പരീക്ഷയും ഞാൻ ജയിച്ചു, എനിക്ക് പ്രവേശനവും ലഭിച്ചു.

**എന്തുകൊണ്ടാണ് എനിക്കു സംസാരിക്കാനായത്?**

1. ഒരു ശിഷ്യൻ ദൈവീകമായതിനുവേണ്ടി നിലകൊള്ളണം, ഒറ്റയ്ക്കു നില്ക്കേണ്ടിവന്നാലും
2. എല്ലാ നല്ലപ്രവൃത്തികൾക്കും ദൈവം പ്രതിഫലം നല്കും, അതിനു കഴിവുള്ളവനാണ് ദൈവം
3. വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങക്ക് ഈ ഭൂമിയിൽമാത്രമേ പേരുള്ളൂ, എന്നാൽ എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടവയാണ്.
4. എല്ലാറ്റിലുമുപരിയായി, ദൈവം അനുസരണയെ വിലമതിക്കുന്നു
5. നമ്മുടെ മനസ്സ് എത്തിച്ചേരാത്ത ലക്ഷ്യസ്ഥാനത്ത് നമ്മുടെ പാദങ്ങൾക്ക് എത്തിച്ചേരാൻ കഴിയു കയില്ല
6. വിശ്വാസം മൂലമാണ് നാം സ്നാനം സ്വീകരിച്ചത്
7. വിശ്വാസമില്ലാതെ ദൈവത്തെ പ്രീതിപ്പെടുത്താൻ സാദ്ധ്യമല്ല
8. നാം കാണുന്നതിനുമപ്പുറത്തേക്ക് നമ്മെ കൊണ്ടുപോകാൻ കഴിയുന്നത് വിശ്വാസത്തിനാണ്
9. ഒരിക്കലും ഇല്ലാതിരുന്ന സംഗതികളെ ദൈവം ഉളവാക്കിയത് വിശ്വാസത്താലാണ്
10. വിശ്വാസം പിറുപിറുക്കുകയല്ല ചെയ്യുന്നത്, വിശ്വാസം ഉറക്കെ സംസാരിക്കുന്നു

നിങ്ങളുടെ ജീവിതത്തിൽ ഇന്നു സാധാരണകാര്യമായിത്തീർന്നിരിക്കുന്ന ലജ്ജാകരമായ കാര്യങ്ങൾ എന്തൊക്കെയാണ്? നിങ്ങളിലെ പരിശുദ്ധാത്മാവിന്റെ ശക്തിയെ നിങ്ങൾ ഉപയോഗപ്പെടുത്തു ന്നുണ്ടോ? അതോ നിയന്ത്രണമെല്ലാം നിങ്ങൾ ഏറ്റെടുത്ത്, നിങ്ങളെ നയിക്കാൻ നിയുക്തനാക്കിയ പരിശുദ്ധാത്മാവിനെ യാത്രക്കാരന്റെ ഇരിപ്പിടത്തിലേക്കു മാറ്റി ഇരുത്തിയിരിക്കുകയാണോ? ദൈവം മാറിയിട്ടില്ല, മാറിയത് നിങ്ങളാണ്.

എന്തിനെങ്കിലും വേണ്ടി നിങ്ങൾ നിലകൊള്ളുന്നില്ലെങ്കിൽ നിങ്ങൾ എല്ലാറ്റിലും വീഴും എന്ന ഒരു ചൊല്ലു ണ്ട്. ശിഷ്യനെന്ന നിലയിൽ ബോധ്യത്തോടെ ജീവിക്കുന്ന ഒരു പുരുഷനാണോ/സ്ത്രീയാണോ നിങ്ങൾ? നീതിയും ന്യായവും സത്യവുമല്ലാത്ത കാര്യങ്ങൾക്കെതിരെ സംസാരിക്കുന്ന ഒരുവനാണു നിങ്ങൾ എന്ന് നിങ്ങളുടെ സഹപ്രവർത്തകർക്കോ, സഹപാഠികൾക്കോ അയല്ക്കാർക്കോ ഒക്കെ അറിയാമോ? നിശബ്ദമായ ഒരു വിശ്വാസത്തോടെ ജീവിക്കാൻ ഒരു ശിഷ്യനു കഴിയില്ല. നാം വിശ്വ സിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ വാക്കുകളും പ്രവൃത്തിയും പ്രകടിപ്പി ക്കുകയും ചെയ്യേണ്ടതുണ്ട്.

**കൂടുതൽ വചനങ്ങൾ:** എസ്തേർ 4:12-14, എബ്രായർ 11:1-6

# സമാധാനം

## ഫിലിപ്യർ 4:6-7

6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്.
എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും
നിങ്ങളുടെ ആവശ്യങ്ങൾ
സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്.
7അങ്ങനെയെങ്കിൽ
സകല അറിവിനെയും കവിയുന്ന ദൈവീകസമാധാനം
നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും

**സമാധാനം**

| | | |
|---|---|---|
| ദിനം 15 | : | ദൈവസാന്നിദ്ധ്യം നല്കുന്ന സുരക്ഷ - സങ്കീർത്തനം 46:2-3, സങ്കീർത്തനം 34:7 |
| ദിനം 16 | : | കാലുഷ്യത്തിൽനിന്നും ക്രിസ്തുവിലേക്ക് - മർക്കോസ് 9:14-27, മർക്കോസ് 5:15-18 |
| ദിനം 17 | : | ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത (1): ക്രിസ്തുവിന്റെ മനസ്സിനെ വളർത്തിയെടുക്കുന്നത് - റോമർ 8:16, 1 കൊരിന്ത്യർ 2:16 |
| ദിനം 18 | : | ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത (2): നിങ്ങളുടെ ചിന്തകളെ കയ്യടക്കുക, ഹൃദയത്തെ പരിരക്ഷിക്കുക - 2 കൊരിന്ത്യർ 10:4-5, സദൃശവാക്യം 4:23 |
| ദിനം 19 | : | പച്ചപുൽപ്പുറങ്ങളും പ്രശാന്തജലാശയങ്ങളും - സങ്കീർത്തനം 23:1-2 |
| ദിനം 20 | : | സ്വാതന്ത്ര്യവും സമാധാനവും - റോമർ 5:1, അപ്പ 3:19 |
| ദിനം 21 | : | ദൈവത്തിനു കൊടുത്തേക്കുക - 1 പത്രോസ് 5:7 |

ദിനം 15

## ദൈവസാന്നിദ്ധ്യം നല്കുന്ന സുരക്ഷ

**സങ്കീർത്തനം 34:7** യഹോവയുടെ ദൂതൻ അവിടുത്തെ ഭയപ്പെടുന്നവർക്കു ചുറ്റും പാളയമടിച്ചു അവരെ വിടുവിക്കുന്നു

**സങ്കീർത്തനം 46:2-3** അതുകൊണ്ട് ഭൂമിനീങ്ങിപ്പോയാലും പർവ്വതങ്ങൾ സമുദ്രമദ്ധ്യത്തിൽ വീണാലും അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അവയുടെ ഇളക്കംകൊണ്ടു പർവ്വതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുകയില്ല.

**സങ്കീർത്തനം 121** ഞാൻ പർവ്വതങ്ങളിലേക്ക് എന്റെ കണ്ണ് ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിൽ നിന്നു വരുന്നു. നിന്റെ കാൽവഴുതുവാൻ അവിടുന്ന് അനുവദിക്കുകയില്ല; നിന്നെ കാവൽചെയ്യുന്നവൻ ഉറങ്ങുകയുമില്ല. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലതുഭാഗത്തു നിനക്കു തണൽ ആകുന്നു. പകൽ സൂര്യനോ രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല. യഹോവ സകല ദോഷത്തിൽനിന്നും നിന്നെ പരിപാലിക്കും. അവിടുന്ന് നിന്റെ പ്രാണനെ കാത്തുകൊള്ളും. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും കാത്തുകൊള്ളും.

“സമാധാനം” എന്ന ഉപവിഭാഗത്തിലേക്കു നമ്മൾ ഈ ആഴ്ചയിൽ കടക്കുകയാണ്. ആത്മാവിന്റെ ഈ ഫലം നിങ്ങളിൽ വർദ്ധിച്ചുവളരാൻ ഈ ആഴ്ചയിലെ ഓരോ പാഠഭാഗവും സഹായിക്കട്ടെയെന്നത്

എന്റെ പ്രാർത്ഥനയാണ്.

ഫുട്ബോളിലെ ഇംഗ്ലീഷ് പ്രീമിയർ ലീഗ് എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു കാലയളവാണ്. ഏതൊരു ഫുട്ബോൾ മൈതാനത്തിലെയും ഏറ്റവും ദുർഘടമായ ജോലി ഗോൾവല കാക്കുന്ന ഗോളിയുടേതാണ്. തന്റെ ടീമിന്റെ ചെറുത്തുനില്പ്പിന്റെ അവസാന കണ്ണിയാണ് അയാൾ, സദാനേരവും ശ്രദ്ധയോടെ പോസ്റ്റിൽ മാറിമാറിനിന്ന്, തന്റെ ടീമിന്റെ വലയെ സുരക്ഷിതമാക്കുന്ന ഒരുവ്യക്തി. ചിലപ്പോൾ അസൗകര്യമായ രീതിയിൽ ചാടിവീഴേണ്ടിവരും, ചിലപ്പോൾ മുന്നിലേക്കു പന്തുമായി വരുന്ന അക്രമിയെ തടുക്കേണ്ടിവരും, എതിർ ടീമിനെ ഗോളടിക്കുന്നതിൽ നിന്നും തടയാനായി തന്റെ ശരീരം കൊണ്ട് പന്തിനെ മൂടി സംരക്ഷിക്കേണ്ടിവരും.

ക്രിസ്തീയ ജീവിതത്തിൽ, ദൈവമാണ് നമ്മുടെ ഗോൾകീപ്പർ, നിരന്തരമായ സംരക്ഷണകവചം, നമ്മുടെ സുരക്ഷ. ആകാശവും ഭൂമിയും സൃഷ്ടിച്ച അതേ നാഥനിൽ നിന്നുമാണ് നമുക്ക് സഹായം ലഭിക്കുന്നത് എന്ന് സങ്കീർത്തനം 121ൽ കാണുന്നു (വാ 2). നമ്മുടെ കാവല്ക്കാരൻ നമ്മെ കാവൽചെയ്യുന്നു (വാ 3). അവൻ ക്ഷീണിതനാകുന്നില്ല, തന്റെ ജോലിക്കിടയിൽ ഉറക്കം തൂങ്ങുന്നുമില്ല (വാ 4). ഏറ്റവും ശ്രേഷ്ഠമായ വാക്കുകൾ ഏഴാം വാക്യത്തിൽ നമുക്കുകാണാം: യഹോവ സകല ദോഷത്തിൽനിന്നും നിന്നെ പരിപാലിക്കും. അവിടുന്ന് നിന്റെ പ്രാണനെ കാത്തുകൊള്ളും.

നിങ്ങളുടെ എതിരാളികൾ (ഈ വാക്കു സൂചിപ്പിക്കുന്നത് എന്തുതന്നെയായാലും) നിങ്ങൾക്കെതിരെ ഗോളുകൾ അടിച്ച്, നിങ്ങളെ തളർത്തി പരാജയപ്പെടുത്തിയ ഒരു അവസ്ഥയിലായിരിക്കാം നിങ്ങൾ ഇപ്പോൾ ഉള്ളത്. അതേയെന്ന തരത്തിലാണ് നിങ്ങൾ പ്രതികരിക്കുന്നതെങ്കിൽ, ഇക്കാര്യം ഓർക്കുക, ദൈവമാണ് നിങ്ങളുടെ സംരക്ഷകൻ, നിങ്ങൾക്ക് നിങ്ങളുടെ രക്ഷകനെ പൂർണ്ണമായും ആശ്രയിക്കാൻ കഴിയും. ഈ ഒരു തിരിച്ചറിവുമാത്രം മതി നിങ്ങളുടെ ഹൃദയത്തിൽ സമാധാനവും പുനഃരുറപ്പും നിറയാൻ. നിങ്ങൾ അറിയാതിരുന്ന പല ആക്രമണങ്ങളെയും അവൻ തെറിപ്പിച്ചുവിട്ടിട്ടുണ്ട്. നിങ്ങൾക്കു സ്വസ്ഥതയോടെ വിശ്രമിക്കാനുള്ള തണൽ അവൻ ഒരുക്കുന്നുണ്ട് (വാ 5). നിങ്ങളുടെ ആത്യന്തികമായ സുരക്ഷാവലയമാണ് അവൻ. കർത്താവോ വിശ്വസ്തൻ; അവിടുന്ന് നിങ്ങളെ ശക്തരാക്കി ദുഷ്ടനിൽനിന്നു കാത്തുകൊള്ളും (2 തെസ്സലോനിക്യർ 3:3)

ഇന്നത്തെ പ്രാർത്ഥനയിൽ, നിത്യം നിങ്ങളുടെ ഗോൾവലകാക്കുന്നയാളാണു ദൈവമെന്നോർത്ത് അവനെ സ്തുതിക്കുക. എതിർപക്ഷത്തുനിന്നും എന്തു തരത്തിലുള്ള മുന്നേറ്റമുണ്ടായാലും അവിടുത്തെ സാന്നിദ്ധ്യത്തിൽ മുറുകെ പിടിച്ചിരിക്കുമെന്നും പ്രതിജ്ഞയെടുക്കുക.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 91

ദിനം 16

# കാലുഷ്യത്തിൽനിന്നും ക്രിസ്തുവിലേക്ക്

**മർക്കോസ് 5:1–20**
**സങ്കീർത്തനം 18:4–6**

മരണപാശങ്ങൾ എന്നെ ചുറ്റി; നാശപ്രവാഹങ്ങൾ എന്റെ മീതേ കവിഞ്ഞൊഴുകി. പാതാളപാശം എന്നെ വളഞ്ഞു; മരണക്കുരുക്കുകൾ എന്റെമേൽ വീണു. എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു...

ഒരു ദൈവപൈതലിനെ സംബന്ധിച്ച്, ജീവിതം പൂവിരിച്ച ഒരു പാതയല്ല. നാശപ്രവാഹങ്ങൾപോലെ വെല്ലുവിളികൾ നമ്മിലേക്കു ഇരച്ചുവരാം, ഒന്നിനുമീതെ മറ്റൊന്നായി. വന്നുകയറിയ നാശപ്രവാഹത്തിന്റെ വലുപ്പമായിരിക്കും ചിലസമയത്തു നമ്മെ അമ്പരപ്പിക്കുന്നത്. നമ്മുടെ ഏറ്റവും മികച്ച പരിശ്രമം കൊണ്ടു പോലും ഈ കാര്യങ്ങൾ നമ്മെ വിട്ടുമാറുന്നില്ലായിരിക്കാം.

ചില വെല്ലുവിളികൾ വ്യക്തിപരമായതായിരിക്കാം, മറ്റുള്ളവരോടു പറയുന്നതുപോലും ലജ്ജയുണർത്തുന്ന കാര്യങ്ങൾ. കറുത്ത കരിമ്പടം പോലെ അതുനമ്മെ ഭാരപ്പെടുത്തും, രക്ഷയുടെ സന്തോഷം നമ്മിൽനിന്നും മോഷ്ടിച്ചെടുക്കും. ഏറെനാളുകൾ നീണ്ടുനിൽക്കുന്ന ദുർഘടസാഹചര്യങ്ങൾ നമ്മുടെ മനസ്സിനെ വ്രണപ്പെടുത്തുകയും സഭയെയും കൂട്ടായ്മയെയും ദൈവത്തെപ്പോലും ഉപേക്ഷിക്കാൻ പ്രലോഭിപ്പിക്കുകയും ചെയ്യും.

മുകളിൽ വായിച്ച വേദഭാഗത്ത് (**മർക്കോസ് 5ൽ**), പ്രശ്നകലുഷിതമായ ഒരു ജീവിതത്തിനു നടുവിൽപ്പെട്ട ഒരു വ്യക്തിയെ നാം കണ്ടു, ഭീകരരീതിയിലുള്ള സ്വയം വിനാശക പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ. മറ്റുള്ളവരിൽനിന്നും തന്നെത്തന്നെ ഒറ്റപ്പെടുത്തി ശവകുടീരങ്ങളുടെ ഇടയിൽപോയി പാർത്ത്, സ്വയം മുറവേല്പിച്ചും ആർത്തു കരഞ്ഞും ദീർഘകാലം ജീവിച്ചിരുന്ന ഒരാൾ (വാ 3–8). അവനെ അറിയുന്നവർപോലും സഹായിക്കാനോ അടുത്തുചെല്ലാനോ ശ്രമിച്ചില്ല.

ഈ മനുഷ്യന്റെ അവസ്ഥയുടെ കാരണമൊന്നും വചനത്തിൽ സൂചിപ്പിക്കുന്നില്ല. തിന്മയുടെ ശക്തികൾ അവന്റെ ജീവിതത്തിൽ ഒരു വിളയാട്ടം തന്നെയാണ് നടത്തിയിരുന്നത്. സാത്താന്റെ പ്രവർത്തികളെ നശിപ്പിക്കാനായി യേശു ഭൂമിയിലേക്കുവന്നു എന്നത് നമ്മെ സംബന്ധിച്ച് ഒരു സദ്വാർത്ത തന്നെയാണ് (**1 യോഹന്നാൻ 3:8**). എല്ലാ ശക്തികൾക്കു മീതെയും അവനു പ്രഭാവമുണ്ട്, ശാരീരികമായാലും ആത്മീയമായാലും മറ്റെന്തായാലും. അവനാൽ വീണ്ടെടുക്കാൻ പറ്റാത്ത യാതൊരു കലുഷിത അവസ്ഥയുമില്ല.

ആരെക്കൊണ്ടും നിയന്ത്രണവിധേയമാക്കാൻ കഴിയാതിരുന്ന ഭൂതഗ്രസ്തനെ ശാന്തനാക്കാനും തെളിമയുള്ളവനാക്കാനും യേശുവിന്റെ ഇടപെടലിനാൽ കഴിഞ്ഞു. പിന്നീട് പട്ടണങ്ങൾ തോറും കയറിയിറങ്ങി യേശുവിന്റെ നന്മയെക്കുറിച്ചു പ്രഘോഷിക്കാനും അയാളെക്കൊണ്ടു സാധിച്ചു.

വർഷങ്ങൾ നീണ്ടുനില്ക്കുന്ന ദ്രവ്യാടിമത്തവും വിഷാദവും ആത്മഹത്യാചിന്തകളും ആകെമൂടിയ നിരാശയും കൊണ്ടു കഷ്ടപ്പെട്ടിരുന്ന ഒരു വ്യക്തിയായിരുന്നു ജേയ്ക്ക് (യഥാർത്ഥപേരല്ല) – ദൈവത്തെ അറിയുന്ന ഒരു വ്യക്തിയായിട്ടുപോലും. ഇനിയും മുന്നോട്ടുപോയാൽ തകർന്നുപോകുമെന്നുള്ള ഒരു സ്ഥിതിയെത്തിയപ്പോൾ, ജേയ്ക്ക് തന്റെ മുഖം മൂടികൾ അഴിച്ചുവയ്ക്കാനും, താൻ ഒളിച്ചിരിക്കുന്നയിടത്തുനിന്നും പുറത്തുവന്നു തന്നെക്കുറിച്ച് മറ്റാരെയും അറിയിക്കാതെ കൊണ്ടുനടന്നിരുന്ന രഹസ്യങ്ങൾ ഏറ്റുപറയാനും അവൻ തയ്യാറായി. ദൈവത്തിനുമുന്നിൽ പൂർണ്ണമായും കീഴടങ്ങിയപ്പോൾ, സഹോദരന്മാരുടെയും മനശാസ്ത്രവിദഗ്ദ്ധരുടെയും സഹായം അവനു ലഭിച്ചു, അടിമത്തത്തിലും ദുശ്ശീലങ്ങളിലും മുഴുകി ബുദ്ധിമുട്ടുന്ന അനേകരുടെ ജീവിതത്തിലേക്ക് സഹായമെത്തിക്കാൻ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയായി ജേയ്ക്ക് മാറി.

ദൈവപൈതലേ, ഹൃദയം കലങ്ങേണ്ട. നിങ്ങൾ കടന്നുപോകുന്ന വർത്തമാനകാല സാഹചര്യങ്ങൾ നിങ്ങളെ ദൈവത്തിൽ നിന്നും സഹോദരീസഹോദരന്മാരിൽ നിന്നും അകറ്റാൻ ഇടയാക്കേണ്ട. സാഹചര്യങ്ങളിൽ മാറ്റം വരില്ല എന്നുവിചാരിച്ച് നിങ്ങളെത്തന്നെ ഉപേക്ഷിക്കുന്നവരാകേണ്ട. സങ്കീർത്തകൻ ചെയ്തതുപോലെ, നിങ്ങളുടെ ആത്മരോദനങ്ങൾ ദൈവത്തെ കേൾപ്പിക്കുക. നമ്മുടെ ജീവിതത്തിൽ കയറിപ്പറ്റാനും വിനാശം വിതയ്ക്കാനുമുള്ള സാത്താന്റെ അവസരങ്ങളാണ് നമ്മുടെ പാപം. അതിനെ നമ്മൾ ഏറ്റുപറഞ്ഞു മാനസാന്തരപ്പെടണം. ഏറ്റവും മോശമായ നമ്മുടെ അവസ്ഥകളെപ്പോലും ദൈവത്തിന് തന്റെ ശക്തിയും കരുണയും പ്രകടിപ്പിക്കാനുള്ള അവസരമായി ഉപയോഗിക്കാൻ കഴിയും, അവന്റെ സദ്പ്രവർത്തികൾക്ക് ഒരു സാക്ഷിയാകാൻ നമ്മെ ഒരുക്കാൻ കഴിയും എന്നുള്ള കാര്യങ്ങൾ നാം നമ്മെത്തന്നെ ഓർമ്മിപ്പിക്കേണ്ടതുണ്ട്.

**കൂടുതൽ വചനങ്ങൾ:** റോമർ 7:24–25

ദിനം 17

# ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത – 1
# ക്രിസ്തുവിന്റെ മനസ്സിനെ വളർത്തിയെടുക്കുന്നത്

**റോമർ 8:6**
**1 കൊരിന്ത്യർ 2:16**

ജഡത്തിന്റെ ചിന്ത മരണത്തിൽ കലാശിക്കുന്നു; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും ആകുന്നു

നിങ്ങളുടെ എല്ലാ ചിന്തകളും ഒരു സ്ഥലത്തു റെക്കോർഡ് ചെയ്യപ്പെട്ടിട്ട്, എല്ലാമനുഷ്യരും കാൺകെ അതിനെ വലിയ ഒരു സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതിനെക്കുറിച്ച് എപ്പോഴെങ്കിലും സങ്കല്പിച്ചിട്ടുണ്ടോ? ജീവിതത്തിലെ വിജയങ്ങളും പരാജയങ്ങളും ആദ്യം നിർണ്ണയിക്കപ്പെടുന്നത് മനസ്സെന്ന പോരാട്ടവേദിയിലാണ്. വെറുതെയല്ല...

ക്രിസ്തുവിന്റെ മനസ്സു നമ്മിൽ വളർത്തിയെടുക്കാനും, ആത്മാവിനാൽ നയിക്കപ്പെടുന്ന ചിന്താശ്രേണികൾ നമ്മിൽ വികസിച്ചുവരാനും വേണ്ടി, നാം മുറുകെപിടിച്ചുവച്ചിരിക്കുന്ന സകലകാര്യങ്ങളിലും ദൈവാത്മാവിനു പിടിമുറുക്കാൻ വേണ്ടി വിട്ടുകൊടുക്കാൻ നാമൊരു തീരുമാനമെടുക്കേണ്ടതുണ്ട്. സ്നാനം എടുത്ത സമയത്ത് നമുക്കൊരു ദാനമായി ലഭിച്ചതാണ് ദൈവാത്മാവിനെ; നേരായജീവിതത്തിനുവേണ്ടി നമ്മെ സഹായിക്കാനും, നമ്മുടെ ചിന്തകൾമുതൽ സ്വാധീനം ചെലുത്താനും വേണ്ടി.

ഇതു കൂടുതൽ മനസ്സിലാക്കാൻവേണ്ടി, നമുക്കു നമ്മുടെ മനസ്സിനെ ഒരു പൂന്തോട്ടമായി സങ്കല്പിക്കാം. എങ്ങനെ പരിപാലിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്, ഒരു പൂന്തോട്ടം എന്തായി തീരുന്നു എന്നു നിർണ്ണയിക്കപ്പെടുന്നത്. ഒരു പൂന്തോട്ടത്തെ പരിപാലിക്കാതെയും വളർത്താതെയും ഇട്ടേച്ചു പോന്നാൽ, കുറച്ചുസമയം കഴിയുമ്പോഴേക്ക് കളകളും കുറ്റിച്ചെടികളും അവിടെ മേയാൻ തുടങ്ങും. നല്ല ചെടികളും വിത്തുകളും അവിടെ വീണുമുളയ്ക്കാനും വളരാനും ശ്രമിച്ചാൽ പോലും കളകൾ വളർന്ന് അവയെ ഞെരിക്കാനും നശിപ്പിക്കാനും തുടങ്ങും

ഇതുപ്രകാരം തന്നെ, നമ്മുടെ മനസ്സിനെ നാം പരിപാലിക്കാതെ തോന്നുന്നിടത്തെല്ലാം മേയാൻ വിട്ടാൽ, വന്യമായ ചിന്തകളും പ്രലോഭനങ്ങളും നമ്മുടെ മനസ്സിൽകയറി അധീശത്വം സ്ഥാപിക്കാൻ തുടങ്ങും. ഇവ പിന്നീട്, തെറ്റായതും ബുദ്ധിശൂന്യമായതും പാപകരമായതുമായ പ്രവർത്തികൾക്കു വഴി തെളിക്കും.

വളരെ പെട്ടെന്നുള്ളതും ബുദ്ധിശൂന്യമായതുമായ ഒരു പാപം നിങ്ങൾ ചെയ്യാൻ ഇടവന്നിട്ട്, അത്ഭുതപ്പെട്ടു സ്വയം ചോദിച്ചിട്ടുണ്ടോ; ഞാൻ ഈ നിലയിൽ എങ്ങനെ എത്തിയെന്ന്?

തെറ്റായ സ്ഥലങ്ങളിൽ നിങ്ങളുടെ മനസ്സിനെ മേയാൻ വിട്ടതിൽനിന്നുമാണ് ഇത്തരം ഒരു പാപത്തിന്റെ തുടക്കം ഉണ്ടായത്.

പരിപാലിക്കാതെ വിടുന്ന പൂന്തോട്ടത്തിൽ, ഉപദ്രവകാരികളായതും വിഷകാരികളുമായ ചെടികൾ പോലും വളർന്നേക്കാം. അതുപ്രതീക്ഷിക്കാതെ അത്തരം ചെടുകളുമായി ഇടപെടുന്നവർക്ക് ഉപദ്രവങ്ങൾ ഉണ്ടാകാം, അതു ഭക്ഷിക്കുന്ന ആടുമാടുകൾക്കു ജീവഹാനിവരെ സംഭവിക്കാം. നമ്മുടെ ഉള്ളിൽ കയ്പും, സൗഖ്യപ്പെടാത്ത മുറിവുകളും, അസൂയയും, കണ്ണുകടിയും, വിദ്വേഷവും, പരിഹാസവും, ക്ഷമിച്ചുകൊടുക്കാത്തതും, അതുപോലുള്ള മറ്റു തെറ്റായ ചിന്തകളും സ്വതന്ത്രമായി മേയാൻ നാം അനുവദിച്ചു കൊടുക്കുമ്പോൾ, അതു നമ്മുടെ ഉള്ളിൽ വിഷമേന്തി നിൽക്കുന്ന സംഗതികളായി തീരും. നമ്മുടെ മാത്രം ആത്മീയതയും സന്തോഷവും നശിപ്പിക്കുകമാത്രമല്ല, നമ്മളോടു ബന്ധപ്പെട്ടു നില്ക്കുന്ന വ്യക്തികളെ അവ മോശമായി ബാധിക്കുകയും ചെയ്യും.

ഇത്രമാത്രം നാശംവിതയ്ക്കുന്നതാണ് തെറ്റായ ചിന്തകളുടെ വിനാശകരമായ പ്രകൃതം.

ഒരു പൂന്തോട്ടത്തെ അനുദിനം പരിപാലിക്കാനും വളർത്താനും വേണ്ടി ഒരു തോട്ടക്കാരൻ ഉണ്ടായിരിക്കും. പൂന്തോട്ടക്കാരൻ വെള്ളംപകരുകയും കളകൾ പിഴുതുകളയുകയും വളം നല്കുകയും നടുവാനായി ഏറ്റവും നല്ല വിത്തുകൾ നടുവാൻ തിരഞ്ഞെടുക്കുകയും, ആരോഗ്യകരമല്ലാത്തവയെ വെട്ടി ഒരുക്കുകയും ചെയ്യുന്നു. ഇതുപോലെയുള്ള ഒരു പൂന്തോട്ടം കണ്ണിനു കുളിർമ്മ നല്കുന്ന ഒരു കാഴ്ചയാണ്. അതിലെ പൂക്കളും ഫലങ്ങളും മധുരതരമാണ്. സുന്ദരമായ ചിത്രശലഭങ്ങളും മനോഹരമായ പക്ഷികളും ഇത്തരമൊരു പൂന്തോട്ടത്തിലേക്ക് ആകർഷിക്കപ്പെടുന്നു. ഇപ്പറഞ്ഞതുപോലെതന്നെ, നമ്മുടെ ചിന്തകളുടെ പരിപാലകനായി നമുക്ക് പരിശുദ്ധാത്മാവിനെ പങ്കാളിയാക്കാൻ പറ്റും. തെറ്റായതും പാപകരമായതും പ്രയോജനകരമല്ലാത്തതുമായ ചിന്തകളെ വേരോടെ പിഴുതെറിയാനും നശിപ്പിക്കാനും വേണ്ടി. ഇത്തരം ചിന്തകൾ ആത്മാവിനും ശരീരത്തിനും വിനാശം മാത്രം കൊണ്ടുവരുന്നവയും, യാതൊരു വിലയും ഇല്ലാത്തവയുമാണ്. അത്തരം ചിന്തകളെ വേരോടെ പിഴുതുകളഞ്ഞ്, അവയ്ക്കു പകരം ശുദ്ധവും ശ്രേഷ്ഠവും സ്നേഹാർദ്രവും ഉന്നതവും സ്തുത്യർഹവുമായ ചിന്തകളെ നാം നട്ടുവളർത്തേണ്ടതുണ്ട്. ആദ്യം കേൾക്കുമ്പോൾ ഇതു വളരെ ദുഷ്കരമാണെന്നു നമുക്കു തോന്നും, കാരണം നമ്മുടെ സാധാരണമായ ഒരു പ്രകൃതം ഇതല്ല. എന്നാൽ നമുക്ക് വലിയ ഒരു സദ്വാർത്തയുണ്ട്, നമ്മുടെ ഭാഗത്തുനിന്ന് ഒരു ചെറിയ പ്രയത്നം നാം നടത്തുമ്പോൾ, നമ്മുടെ സഹായകനായ പരിശുദ്ധാത്മാവ്, നമ്മെ സഹായിക്കാനായി കൂടുതൽ പ്രയത്നിക്കുന്നു.

നമ്മോടുതന്നെ രണ്ടു ചോദ്യങ്ങൾ ചോദിക്കാൻ നമുക്കു പഠിക്കാം:

- യേശു എങ്ങനെയായിരിക്കും ഇത്തരമൊരു സാഹചര്യത്തിൽ ചിന്തിക്കുക?
- യേശു എന്തായിരിക്കും ഇത്തരമൊരു സാഹചര്യത്തിൽ ചെയ്യുക?

നിങ്ങളുടെ ചിന്തയുടെ തലങ്ങളിൽ, ദൈവാത്മാവിന്റെ വഴിനടത്തിപ്പിനു കീഴടങ്ങാൻ നിങ്ങളെസംബന്ധിച്ച് ഏറ്റവും വിഷമമേറിയ തലങ്ങൾ ഏതാണ്? നിങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ദൈവത്തോടു തുറന്നുസംസാരിക്കുന്നതിൽനിന്നും തുടങ്ങുക, ദൈവത്തിൽനിന്നും സഹായം തേടുക. നിങ്ങളുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക. നിങ്ങളുടെ ക്ഷണം തീർച്ചയായും അവിടുന്ന് മാനിക്കും.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 139:23-24, റോമർ 12:2

ദിനം 18

# ആത്മാവിന്റെ വഴിനടത്തിപ്പിലുള്ള ചിന്ത -2
# നിങ്ങളുടെ ചിന്തകളെ കയ്യടക്കുക, ഹൃദയത്തെ പരിരക്ഷിക്കുക

**സദൃശവാക്യം 4:23**
**2 കൊരിന്ത്യർ 10:4-5**

പൂർണ്ണജാഗ്രതയോടെ നിന്റെ ഹൃദയത്തെ സൂക്ഷിച്ചുകൊള്ളുക...
ക്രിസ്തുവിനോടുള്ള അനുസരണത്തിനായി ഏതു ചിന്തയെയും കീഴടക്കുകയും ചെയ്യുന്നു.

നമ്മുടെ ഹൃദയത്തെയും ചിന്തകളെയും ജാഗ്രതയോടെ സൂക്ഷിക്കാൻ ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. ഒരു നുഴഞ്ഞുകയറ്റകാരൻ കയറി പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ നാം അവനു പ്രവേശനം അനുവദിക്കരുത്.

കുറ്റവാളികളെ കൈവിലങ്ങുവച്ച് അറസ്റ്റുചെയ്തുകൊണ്ടുപോകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? പിടിച്ചു കീഴടക്കുക എന്നു ബൈബിൾ പറയുമ്പോൾ ഇത്തരം ഒരു കാര്യം തന്നെയാണ് അർത്ഥമാക്കുന്നത്. **2 കൊരിന്ത്യർ 10:5** വാക്യം നാം അതുപോലെ വായിക്കുകയാണെങ്കിൽ; ഏതു ചിന്തകളെയും അറസ്റ്റുചെയ്ത കൈവിലങ്ങുവച്ച് ക്രിസ്തുവിനോടുള്ള അനുസരണത്തിനായി കീഴടക്കുന്നു.

**എപ്രകാരം നമുക്കിതു ചെയ്യാൻ കഴിയും?**

നാം നമ്മോടുതന്നെ സംസാരിക്കുന്നതിനെ സ്വയം സംസാരം (self talk) എന്നു പറയും. നാം നമ്മോട് എന്തു സംസാരിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ടതാണ്. അത്തരം കാര്യങ്ങളാണ് നമ്മുടെ ചിന്തകളേയും മനോഭാവത്തെയും അങ്ങനെ നമ്മുടെ പ്രവർത്തികളെയും പ്രതികരണങ്ങളെയും രൂപപ്പെടുത്തുന്നത്. നമ്മുടെ ചിന്തകളെ നിയന്ത്രിക്കുന്നതിനായി, നാം നമ്മോടുതന്നെ സംസാരിക്കുന്ന കാര്യങ്ങളെ അവലോകനം ചെയ്യേണ്ടതുണ്ട്. നാം നമ്മോടു സംസാരിക്കുന്നത് ദൈവവചനത്തിനു നിരക്കുന്ന കാര്യങ്ങളാണെങ്കിൽ അവയെ നിലനിർത്തുക. അക്കാര്യങ്ങൾ സത്യമല്ലെന്നും സ്വീകാര്യമല്ലെന്നും ദൈവവചനം നമ്മെ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിൽ, പെട്ടെന്നു തന്നെ അവയെ ചവറ്റുകുട്ടയിൽ എറിയുക.

**നിങ്ങളോടുതന്നെ ഈ ചോദ്യങ്ങൾ ചോദിക്കുക:**
- എന്നെക്കുറിച്ചു ഞാൻ എന്നോടു തന്നെ പറയുന്നത് എന്തൊക്കെയാണ്?
- എന്നെക്കുറിച്ചു ഞാൻ മറ്റുള്ളവരോടു പറയുന്നത് എന്തൊക്കെയാണ്?
- എന്നെക്കുറിച്ചു ഞാൻ ദൈവത്തോടും ദൈവം സ്ഥാപിച്ച വ്യക്തികളോടും പറയുന്നത് എന്തൊക്കെയാണ്?

**ഉദാഹരണം 1:**
- എന്നെക്കുറിച്ചു ഞാൻ പറയുന്നത്: ഇത് എന്നെക്കൊണ്ടു പറ്റില്ല
- എന്നാൽ ദൈവം എന്നോടുപറയുന്നത്: നിനക്ക് എല്ലാം ചെയ്യാൻ കഴിയും (ഫിലിപ്യർ 4:13)

ഇതിൽ ഏതാണ് ഞാൻ വിശ്വസിക്കുന്നത്? ഞാൻ ചിന്തിക്കുന്നതാണോ അതോ ദൈവം പറയുന്നതാണോ?

**ഉദാഹരണം 2:**
- മറ്റൊരാളെക്കുറിച്ചു ഞാൻ ചിന്തിക്കുന്നത്: അവൻ/അവൾ എന്നെപ്പോലെയല്ല കാര്യങ്ങളെ കാണു

ന്നത്? അതുകൊണ്ട് അവനോടു/അവളോടു ഞാൻ കൂട്ടുകൂടേണ്ടതില്ല
- ദൈവം ചിന്തിക്കുന്നത്: (മത്തായി 4:44)

ഇവിടെ ഞാൻ എന്താണു ചെയ്യേണ്ടത്? ഞാൻ ചിന്തിക്കുന്നകാര്യമാണോ അതോ ദൈവം കല്പിക്കുന്ന കാര്യമാണോ?

**ഉദാഹരണം 3:**
- എന്നെക്കുറിച്ച് ഞാൻ ചിന്തിക്കുന്നത്: ദൈവം എന്നെ ഉപേക്ഷിച്ചു
- എന്നാൽ ദൈവം പറയുന്നത്: ഞാൻ നിന്നെ ഒരു നാളും വിടുകയില്ല.. (എബ്രായർ 13:3)

ഇവിടെ എന്റെ ബോധ്യം എന്തായിരിക്കണം? ഞാൻ മനസ്സിലാക്കുന്നതും ചിന്തിക്കുന്നതുമായ കാര്യങ്ങളാണോ അതോ ദൈവം അരുളിച്ചെയ്യുന്ന കാര്യങ്ങളാണോ?

സഹോദരീ സഹോദരന്മാരെ, നമ്മുടെ ചിന്തകളുടെയും, പ്രവർത്തികളുടെയും, പ്രതികരണങ്ങളുടെയുമെല്ലാം കടിഞ്ഞാൺ പിടിക്കാൻ ദൈവം നമ്മെ അധികാരപ്പെടുത്തിയിരിക്കുന്നു. ചിന്തകളും മതിപ്പുകളും - നല്ലതായിട്ടും ചീത്തതായിട്ടും - നമ്മുടെ മനസ്സുകളിലൂടെ സദാ സമയവും കടന്നുപൊയ്ക്കൊണ്ടേയിരിക്കും. എന്നാൽ, ദൈവഹിതപ്രകാരമല്ലാത്തതും വചനനാനുസൃതമല്ലാത്തതുമായ ഏതു ചിന്താസരണിയെയും വച്ചുപൊറുപ്പിക്കാൻ നാം വിസമ്മതിക്കേണ്ടതുണ്ട്. നെഗറ്റീവായതും ചീത്തയായതുമായ ചിന്തകൾ നമ്മിൽ കയറിപ്പറ്റി വാസം ഉറപ്പിച്ചു എന്നു നാം കാണുമ്പോൾ, അവയെ നാം കയ്യാമം വച്ച്, നമ്മുടെ മനസ്സിന്റെ അധികാരപരിധിയുടെ പുറത്തേക്കു നാടുകടത്തേണ്ടതുണ്ട്.

അപ്പോൾ നമുക്കു വിശദീകരിക്കാൻ കഴിയാത്ത ദൈവസമാധാനം, നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ക്രിസ്തുവിൽ സംരക്ഷിച്ചുകൊള്ളും.

**കുറച്ചു പ്രായോഗിക നിർദ്ദേശങ്ങൾ:**
- ദൈവവചനം വായിക്കാനും അതെക്കുറിച്ചു ധ്യാനിക്കാനുമായി കുറച്ചു സമയം എല്ലാദിവസവും കണ്ടെത്തുക. നിങ്ങളുടെ മനസ്സിൽ എത്രമാത്രം വചനം നിറയുന്നുവോ, അത്രമാത്രം നിങ്ങൾ ക്രിസ്തുവിനെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും തുടങ്ങും.

- നിങ്ങളിൽ വന്നു ചേരുന്ന നെഗറ്റീവ് ചിന്തകൾ, വിശ്വസ്തനായ/വിശ്വസ്തയായ ഒരു ശിഷ്യനുമായി പങ്കുവയ്ക്കുക, ഒരുമിച്ചു പ്രാർത്ഥിക്കുക

- നിങ്ങളുടെ ഹൃദയത്തെയും മനസ്സിനെയും ദൈവത്തിനു സമർപ്പിച്ചു പ്രാർത്ഥിക്കുക. നിങ്ങളുടെ മനസ്സിനെ നവീകരിച്ചുകൊണ്ട് നിങ്ങളെ രൂപാന്തരപ്പെടുത്താൻ യാചിക്കുക, അതുമുഖാന്തരം സന്തോഷത്തോടെ ദൈവശുശ്രൂഷചെയ്യാൻ ഇടയാകാനും അപേക്ഷിക്കുക.

**കൂടുതൽ വചനങ്ങൾ:** എഫേസ്യർ 6:10-18

ദിനം 19

## പച്ചപുൽപുറങ്ങളും പ്രശാന്തജലാശയങ്ങളും

**സങ്കീർത്തനം 23:1-2** യഹോവ എന്റെ ഇടയൻ ആകുന്നു; എനിക്കൊന്നിനും കുറവുണ്ടാകുകയില്ല, പച്ചപ്പുല്പ്പുറങ്ങളിൽ അവിടുന്ന് എന്നെ കിടത്തുന്നു; പ്രശാന്തജലാശയങ്ങളിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു.

തന്റെ ജീവന്റെ ഉടയവൻ ദൈവമാണെന്നുള്ള ഒരു പ്രസ്താവനയോടെയാണ് ദാവീദ് ഈ സങ്കീർത്തനം തുടങ്ങുന്നത് - യഹോവ എന്റെ ഇടയനാകുന്നു. യഹോവ നമ്മുടെ ഇടയനാകുമ്പോൾ, നാം അവിടുത്തെ കരുതലിൻ കീഴുള്ള ആടുകളും ആകുന്നു. നമ്മുടെ ജീവിതം ദൈവത്തിന്റെ മതിയായ കരുതലിലേക്ക് നാം ഏല്പിച്ചുകൊടുത്തിരിക്കുന്നു. പുരാതനകാലങ്ങളിലേക്കു നീളുന്ന ഒരു ബന്ധമാണ് ഇടയനും ആടുകളും എന്ന ബന്ധം. ശിഷ്യന്മാരുമായി/സഭയുമായി തനിക്കുള്ള ബന്ധത്തെ വിവരിക്കാൻ വേണ്ടി യേശുവും ഈ ഒരു ബന്ധത്തെ തന്നെ ഉപയോഗിക്കുന്നു (യോഹന്നാൻ 10).

പ്രശ്നകലുഷിതമായ ഈ ലോകത്തിൽ, നിങ്ങൾക്ക് എത്രമാത്രം സുരക്ഷിതത്വം തോന്നുന്നുണ്ട്? പ്രതീക്ഷിക്കാതെ വന്നുചേരുന്ന ജീവിത സാഹചര്യങ്ങളിലും സമയങ്ങളിലും നിങ്ങൾക്ക് എത്രമാത്രം സുരക്ഷിതത്വം തോന്നുന്നുണ്ട്?

**യോഹന്നാൻ 10:11** ഞാൻ നല്ല ഇടയൻ; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.

**റോമർ 8:32** സ്വന്തപുത്രനെ ഒഴിവാക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ, പുത്രനോടൊപ്പം സകലവും കൃപയാൽ നമുക്കു നല്കാതിരിക്കുമോ?

നിങ്ങൾ വളരെയേറെ സുരക്ഷിതരാണ്. ഒരു ഇടയൻ എന്ന നിലയിൽ ദൈവത്തിന്റെ പ്രഥമ ഉത്തരവാദിത്തം ആടുകളുടെ സുരക്ഷിതത്വമാണ്. തന്റെ മകനെ നമുക്കായി നല്കിയത് ദൈവത്തിന്റെ ഏറ്റവും ഉദാത്തമായ ദാനവുമാണ്. ആടുകളോടുള്ള തന്റെ ഇടറാത്ത വിശ്വസ്തതയുടെ ഉറപ്പാണ് ഈ ദാനം.

**"പച്ചപുല്പ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു"**

സമ്പത്തിന്റെ ആധിക്യത്തെ സൂചിപ്പിക്കുന്ന രീതിയിൽ ഈ വചനത്തെ ചിലർ തെറ്റായി ഉപയോഗിക്കാറുണ്ട്. തെക്കൻ ഇസ്രായേൽ ദേശത്തിന്റെ വരണ്ട ഭൂപ്രകൃതിയെ നോക്കുമ്പോൾ നമുക്കു കുറച്ചുകൂടി വ്യക്തത ലഭിക്കും. മലകളും പർവ്വതങ്ങളും നിറഞ്ഞ ഒരു ഭൂപ്രകൃതിയുള്ള ജെറുസലേമിനും പ്രാന്തപ്രദേശങ്ങൾക്കും പച്ചപ്പ് ഒരു അപൂർവ്വതയാണ്. വർഷത്തിൽ 6 സെന്റിമീറ്റർ മഴയാണ് ജെറുസലേമിനു ലഭിക്കുന്നത്. ഇതുപോലുള്ള മലമ്പ്രദേശത്തെ സാഹചര്യങ്ങളിൽ വളരുന്നത് മലയുടെ താഴ്വാരത്തു ചിതറി നാമ്പെടുക്കുന്ന പുൽനാമ്പുകളാണ്. അതു ഭക്ഷിക്കാൻ മതിയായതല്ല. അതുകൊണ്ട്, ചിലർ പറയുന്നതുപോലെ, സമ്പത്തിന്റെ ആധിക്യമല്ല ഇവിടെ സൂചിപ്പിക്കുന്നത്.

**പിന്നെ എന്തുകൊണ്ടാണ് "എനിക്ക് ഒന്നിനും കുറവില്ല"എന്നു ദാവീദ് പറയുന്നത്?**

ദൈവം നമ്മുടെ ഇടയസ്ഥാനം വഹിക്കുന്നത് ഇപ്രകാരമാണ്. നന്നായി തഴച്ചുനിൽക്കുന്ന ഒരു പുൽതകിടിയിലേക്കല്ല ദൈവം നമ്മെ നയിക്കുന്നത്, പകരം, നമുക്കാവശ്യമുള്ള പുൽനാമ്പുകൾ തളിരിട്ടു നിൽക്കുന്ന നേർവഴികളിൽ ദൈവം നമ്മെ നയിക്കുന്നു, ഓരോ ദിനത്തിലും വേണ്ടതു നല്കുന്നു. നാളെ നമ്മുക്കാവശ്യമുള്ളതു ലഭ്യമാക്കാൻ അവൻ നമ്മെ നയിക്കും. ചില ദിവസങ്ങളിൽ വേണ്ടതിലധികം പുല്നാമ്പുകൾ തളിർത്തുനില്ക്കുന്ന ഇടങ്ങളിലേക്കു നമ്മെ നയിക്കുമായിരിക്കും, ചിലദിവസങ്ങളിൽ പുല്നാമ്പുകൾ കുറച്ചു കുറവായിരിക്കും. എന്നിരുന്നാലും നമുക്ക് ആവശ്യമായത് അവൻ എപ്പോഴും നമുക്കായി കരുതിവയ്ക്കും.

പച്ച പുല്പ്പുറങ്ങളിൽ കിടക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ, ആടുകൾക്കു ഭക്ഷണം കഴിച്ചു തൃപ്തമായി രാത്രി സ്വസ്ഥമായി കിടന്നുറങ്ങാൻ, ഇടയൻ സുരക്ഷിതമായ ഒരു ഇടം ഒരുക്കുന്നു. ഇടയന്റെ (ദൈവത്തിന്റെ) ശ്രദ്ധയോടുകൂടിയുള്ള കാവലിൽ സുരക്ഷിതമായി വിശ്രമിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ അർത്ഥമാക്കുന്നത്. ദൈവം വന്നു നമ്മെ കിടത്തി ഉറക്കാനൊന്നും പോകുന്നില്ല, എന്നാൽ, തന്നെ അന്വേഷിക്കുന്നവർക്ക്, ദൈവം സമാധാനവും സംതൃപ്തിയും വാഗ്ദാനം ചെയ്യുന്നു. നാം ആഗ്രഹിക്കുന്ന തരത്തിൽ മതിയായത്രയുമൊന്നും നമുക്കുണ്ടാകണമെന്നില്ല, എന്നിരുന്നാലും, അവിടുത്തെ കൃപാപൂർണ്ണമായ അനുദിന കരുതലിൽ നാം തൃപ്തി അനുഭവിക്കും.

**നമുക്കെന്തിനാണ് നിശ്ചല ജലാശയം?**

നിശ്ചലജലാശയം എന്നു പറയുന്നത് സുരക്ഷിതമായ ജലാശയങ്ങളെയാണ്. ഇടയൻ ആടുകളെ കൊണ്ടുപോകുന്നത് ശക്തമായ ഒഴുക്കും ആഴവുമുള്ള ജലാശയങ്ങളിലേക്കല്ല, ആഴംകുറഞ്ഞ തെളിഞ്ഞ ജലാശയത്തിലേക്കാണ്, ആടുകൾക്ക് സുരക്ഷിതമായി ദാഹം തീർക്കാനായി. നമ്മുടെ ഇടയനായ കർത്താവ് നമുക്കുവേണ്ടി കണ്ടെത്തുന്നത് അത്തരം ഒരു സ്ഥലമാണ്. നമുക്ക് എല്ലാ കാര്യങ്ങളിലും നിന്നു പിൻവാങ്ങി നിശ്ചലമായി അവനോടു ചേർന്നുനിന്ന്, ദൈവത്തിന്റെ ആഴമേറിയ പരിശുദ്ധമായ സ്നേഹം അടുത്തറിയാനുള്ള ഒരിടം. അത്തരം ഒരു സമയം നാം ആഗ്രഹിക്കേണ്ടതുണ്ട്. അത്തരം സമയങ്ങൾ പുതുക്കം നല്കുന്നതും നമ്മെ രൂപാന്തരപ്പെടുത്തുന്നതും ആണ്. **സങ്കീർത്തനം 42:1–2** വായിക്കുക

**ഒരു ആട് എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?**

ഒരു ഇടയനെ പിന്തുടരുന്നകാര്യത്തിൽ സമർപ്പണവും വിശ്വസ്തതയും പുലർത്തുന്ന പ്രകൃതമാണ് ആടുകൾക്കുള്ളത്. **യോഹന്നാൻ 10:4, 14, 16**. ഇടയന്റെ കാവലിൻകീഴിൽ, സുരക്ഷിതരാണെന്ന ബോധ്യം അവർക്കുണ്ട്, അതുകൊണ്ട് അവർ ഇടയനോടും മറ്റു ആടുകളോടും അടുത്തുചേർന്നു വസിക്കും. ഇതുപോലെതന്നെ, നമുക്കും നമ്മുടെ ഇടയനോടു പറ്റിച്ചേർന്നു നടക്കാം, അവന്റെ വഴിനടത്തിപ്പിനെ പൂർണ്ണമായും ആശ്രയിക്കാം. അപ്പോൾ, അപ്പോൾ മാത്രമാണ് നമുക്ക് ഒന്നിനും കുറവില്ലാതെ വരുന്നത്.

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 100:3, എബ്രായർ 13:17

ദിനം 20

# സ്വാതന്ത്ര്യവും സമാധാനവും

**അപ്പ 3:19** മാനസാന്തരപ്പെടുവിൻ... ദൈവത്തിന്റെ സന്നിധിയിൽ നിന്നു ആശ്വാസകാലങ്ങൾ വരും

കാരാഗൃഹത്തിൽ അകപ്പെട്ടിരിക്കാതെ, ശല്യങ്ങളിൽ നിന്നും അകന്നുമാറി സ്വതന്ത്രമായിരിക്കുന്ന അവസ്ഥയെയാണ് സ്വാതന്ത്ര്യം എന്നു പറയുന്നത്. ശാന്തവും സ്വസ്ഥവും ഒത്തുചേരുന്നതുമായ ഒരു അവസ്ഥയും, അക്രമങ്ങളിൽ നിന്നും സ്വതന്ത്രമായിരിക്കുന്നതിനെയാണ് സമാധാനം എന്നു പറയുന്നത്.

ശിഷ്യരെന്ന നിലയിൽ, പാപത്തിൽനിന്നും സ്വാതന്ത്ര്യവും, പറഞ്ഞറിയിക്കാൻ കഴിയാത്ത സമാധാനവും നമുക്കായി ഉറപ്പുനല്കുന്നത്, കുരിശിന്മേലുള്ള യേശുവിന്റെ ബലിയർപ്പണമാണ്.

**റോമർ 5:1–5** അതുകൊണ്ട്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്. അദ്ദേഹത്തിലൂടെയാണ് നാം ഇപ്പോൾ നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നത്. ദൈവതേജസ്സിന്റെ പ്രത്യാശയിൽ നാം ആനന്ദിക്കുന്നു. അതുമാത്രമല്ല, നമ്മുടെ കഷ്ടതയിലും നാം ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത പരിപക്വതയെയും പരിപക്വത പ്രത്യാശയെയും ഉളവാക്കുന്നു എന്നും നാം അറിയുന്നു. പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവസ്നേഹം, താൻ നമുക്കു നല്കിയ പരിശുദ്ധാത്മാവിനാൽ, നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.

കുരിശിന്മേലുള്ള യേശുവിന്റെ ബലിയർപ്പണത്താൽ, നമുക്ക് ദൈവവുമായി സമാധാനമുണ്ട്. ശാന്തമായ ഒരു അന്തരീക്ഷം നമുക്കു നല്കുന്ന സമാധാനമെന്ന വികാരം പോലെ ഒരു കാര്യമല്ല ഇത്, അതിൽനിന്നും വ്യത്യസ്തമായതാണ്. ദൈവത്തോടുള്ള നിരപ്പ് അല്ലെങ്കിൽ സമാധാനം എന്നു പറയുന്നത്, ദൈവവുമായി നാം വീണ്ടും രമ്യപ്പെട്ടു എന്നതാണ്. ദൈവവുമായി ഇനിയൊരു ശത്രുത നിലനിൽക്കുന്നില്ല, ദൈവവുമായുള്ള ബന്ധത്തിൽ നമുക്ക് തടസ്സമായി നിൽക്കുന്ന ഒരു പാപവും ഇല്ല. ഈ സമാധാനം നിലവിൽ വന്നത്, യേശുവിന്റെ രക്തത്താലാണ്.

ക്രിസ്തീയ ജീവിതത്തിന് രണ്ട് വശമുള്ള യാഥാർത്ഥ്യം നിലവിലുണ്ട്.

ഒരു വശത്തു നോക്കിയാൽ, ക്രിസ്തുവിൽ നാം പൂർണ്ണരാണ് (ക്രിസ്തുവിന്റെയടുത്തുള്ള നമ്മുടെ സ്വീകാര്യത സുരക്ഷിതമാണ്).

മറ്റൊരു വശം നോക്കിയാൽ, നാം ക്രിസ്തുവിൽ വളർന്നുകൊണ്ടിരിക്കുന്നു. (നാം ക്രിസ്തുവിനോടു കൂടുതൽ സാമ്യമുള്ളവരായി വളരുന്നു)

ഒരേസമയം തന്നെ, രാജാവിന്റെ സ്ഥാനവും ദാസന്റെ ഉത്തരവാദിത്തങ്ങളും ഉള്ള ആളുകളാണ് നമ്മളെല്ലാവരും. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും പാപത്തിന്റെ സമ്മർദ്ദവും നമ്മിലുണ്ട്. ദൈവവുമായി നിരപ്പുപ്രാപിച്ചതിന്റെ സമാധാനം നാം ആസ്വദിക്കുന്ന അതേ സമയത്തുതന്നെ, നമ്മെ വളരാൻ സഹായിക്കുന്ന, അനുദിനജീവിത വെല്ലുവിളികൾ നാം നേരിടുകയും ചെയ്യുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ ഈ രണ്ടുവശങ്ങളും നാം ഓർക്കുമ്പോൾ, പ്രലോഭനങ്ങളും വെല്ലുവിളികളും നമ്മുടെ മുന്നിലേക്കുവരുമ്പോൾ നാം നിരാശരാകുന്നില്ല. പകരം, പരിശുദ്ധാത്മാവിലൂടെ നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ ശക്തിയിൽ ആശ്രയിക്കാൻ നാം പഠിക്കുന്നു. കുറ്റവാളിയല്ല എന്ന പ്രഖ്യാപനം ദൈവത്തിന്റെ സന്നിധിയിൽനിന്നും നമുക്കു ലഭിച്ചിരിക്കുന്നതുമാത്രമല്ല, നമ്മെ അവന്റെയടുത്തേക്ക് വലിച്ചടുപ്പിക്കുകയും ചെയ്തിരിക്കുന്നു. ശത്രുക്കളാകേണ്ടതിനുപകരം ഇപ്പോൾ നാം സുഹൃത്തുക്കൾ ആയിത്തീർന്നിരിക്കുന്നു - സത്യത്തിൽ ദൈവമക്കളായി തീർന്നിരിക്കുന്നു (**യോഹന്നാൻ 15:15**). ഇതിലൂടെയെല്ലാം, നമ്മുടെ സ്വഭാവത്തെ ശക്തിപ്പെടുത്തുന്ന സ്ഥിരോത്സാഹശീലവും സഹിഷ്ണുതയും നാം വളർത്തിയെടുക്കുന്നു. ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെ ആഴത്തിലാക്കുന്നു, ഭാവിയെക്കുറിച്ചുള്ള ആത്മവിശ്വാസം നമുക്കു ലഭിച്ചിരിക്കുന്നു.

**അപ്പ 3:19–21** ഇപ്പോൾ നിങ്ങളുടെ പാപങ്ങൾ മായിക്കപ്പെടേണ്ടതിനു മാനസാന്തരപ്പെട്ട് അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിഞ്ഞുകൊള്ളുവിൻ; എന്നാൽ കർത്താവിന്റെ സന്നിധിയിൽനിന്ന് ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവാകുന്ന യേശുവിനെ അവിടുന്ന് അയക്കുകയും ചെയ്യും. പണ്ടുകാലം മുതൽ തന്റെ വിശുദ്ധ പ്രവാചകരിലൂടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്

എല്ലാം അവിടുന്ന് യഥാസ്ഥാനപ്പെടുത്തുന്ന കാലംവരെ യേശു സ്വർഗ്ഗത്തിൽ ആയിരിക്കേണ്ടതാകുന്നു.

മാനസാന്തരപ്പെടുമ്പോൾ നമ്മുടെ പാപങ്ങൾ തുടച്ചുനീക്കുമെന്നു മാത്രമല്ല ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്; ആത്മീയമായ പുത്തനുണർവ്വും അവൻ നമുക്കു നല്കുന്നു. ആദ്യഘട്ടത്തിൽ മാനസാന്തരം നമുക്കു നല്കുന്നത് വേദനയായിരിക്കും, എന്നാൽ ദൈവം നമുക്കു മുന്നിൽ പുതിയവഴികൾ തുറന്നു തരും.

എല്ലാം അവിടുന്നു യഥാസ്ഥാനപ്പെടുത്തും എന്നു പറയുന്നത്, യേശുവിന്റെ രണ്ടാം വരവും അന്തിമന്യായവിധിയും ലോകത്തിൽനിന്നും പാപങ്ങൾ തുടച്ചു നീക്കുന്നതും സൂചിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഒരു പരാമർശമായിട്ടാണ്.

ചോദ്യം: പുതുക്കപ്പെടേണ്ടതിന്റെ ആവശ്യകത നിങ്ങൾക്കു തോന്നുന്നുണ്ടോ?

**ഹോശിയ 6:3** നാം യഹോവയെ അറിയുക; അറിയുവാൻ നാം ജാഗ്രതകാണിക്കുക. അവിടുത്തെ പ്രത്യക്ഷത പ്രഭാതം പോലെ ഉറപ്പുള്ളത്. മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിൻമഴപോലെ അവിടുന്നു വരും

നമുക്ക് കർത്താവിനെ ഏറ്റുപറയാം; അവനെ അംഗീകരിക്കുന്നതിൽ നമുക്കു ശ്രദ്ധകേന്ദ്രീകരിക്കാം. സൂര്യൻ ഉദിക്കുമെന്ന നിശ്ചയമുള്ളതുപോലെ, അവൻ തീർച്ചയായും തിരികെ വരും. മഞ്ഞുകാലത്തെ മഴപോലെ അവൻ വരും, വസന്തകാലത്തു ഭൂമിയെ നനയ്ക്കുന്ന മഴപോലെ അവൻ വരും.

- യേശുവിന്റെ മരണത്താൽ നമുക്കു പാപത്തിൽനിന്നും സ്വാതന്ത്ര്യമുണ്ട്.
- തിരിച്ചറിവിനെകവിയുന്ന സമാധാനം ദൈവം നിങ്ങൾക്കു നല്കട്ടെ
- നിങ്ങൾക്കു സ്ഥിരമായി പുതുക്കം ലഭിക്കാൻവേണ്ടി, പ്രാർത്ഥനയിൽ ദൈവത്തിൽ ശരണപ്പെടേണ്ട സമയമായിരിക്കുന്നു.

**കൂടുതൽ വചനങ്ങൾ**: സങ്കീർത്തനം 119:165, 1 പത്രോസ് 2:16

“അധരംകൊണ്ട് നിങ്ങൾ സമാധാനം എന്നു പ്രഖ്യാപിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിൽ കൂടുതലായി സമാധാനമുണ്ടെന്നകാര്യം ഉറപ്പാക്കാൻ നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്” - ഫ്രാൻസീസ് അസ്സീസ്സി

ദിനം 21

# ദൈവത്തിനു കൊടുത്തേക്കുക

**1 പത്രോസ് 5:7** ദൈവം നിങ്ങൾക്കായി കരുതുന്നതുകൊണ്ടു നിങ്ങളുടെ സകല ചിന്താകുലവും ദൈവത്തെ ഭരമേല്പ്പിക്കുവിൻ

എന്നെപ്പോലെതന്നെ, നിങ്ങളോരോരുത്തരും ഈ വേദഭാഗം പലവട്ടം വായിച്ചിട്ടുണ്ടെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. എന്നാലും അനുസരിക്കാൻ ഏറെ ബുദ്ധിമുട്ടുള്ള ഒരു വേദഭാഗമാണ് ഇത് എന്നെനിക്കു തോന്നിയിട്ടുണ്ടെന്ന് ഞാൻ ഏറ്റുപറയുന്നു. ഭരമേല്പിക്കുവിൻ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു വാക്കിന് പതിനെട്ടോളം അർത്ഥം നിഘണ്ടുവിൽ കാണാൻ കഴിയും. എറിയുക, എടുത്തിടുക, കൂട്ടിവയ്ക്കുക, വഴിതിരിച്ചുവിടുക, ഉത്തരവാദിത്തമേല്പ്പിക്കുക എന്നതൊക്കെ അർത്ഥമായി വരുന്ന വാക്കുകളാണ്. ഇത്തരം അർത്ഥ വിശദീകരണങ്ങൾ നമുക്കു കൂടുതൽ സഹായകമാണ്. നിങ്ങളുടെ ആകുലതകളെല്ലാം ദൈവത്തിൽ കൂട്ടിയിടുന്നതിനെക്കുറിച്ച് സങ്കല്പിച്ചു നോക്കുക. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ആകുലതകൾ എന്നിലേക്കു വരുമ്പോൾ ആദ്യം തോന്നുന്ന കാര്യം ഇതല്ല. ആകുലചിന്തകൾ കാടുകയറി മനസമാധാനം നഷ്ടപ്പെട്ട് പലദിവസങ്ങൾ കഴിയുമ്പോൾ മാത്രമാണ് ദൈവത്തിലേക്ക് ഏല്പ്പിക്കാം എന്ന ചിന്ത മനസ്സിൽ വരുന്നത്. തീർച്ചയായും ഞാൻ പ്രാർത്ഥിക്കുന്നുണ്ടാകും, എന്നിരുന്നാലും എന്റെ ആകുലതയെ ദൈവത്തിന്റെ കൈയ്യിൽ ഏല്പ്പിച്ചു സ്വതന്ത്രനാകുന്നില്ല. നിങ്ങളുടെ കാര്യം അങ്ങനെയാണോ?

ചിലസമയങ്ങളിൽ, നമ്മുടെ ദൈവം തന്റെ അപരിമേയമായ ജ്ഞാനത്തിൽ, നമ്മുടെ സാഹചര്യങ്ങളെ വളരെയധികം ദുഷ്കരമായ ഒന്നാക്കി തീർക്കാറുണ്ട്, ദൈവത്തിനു കീഴടങ്ങുക എന്ന ഒരേ ഒരു കാര്യം മാത്രം നമ്മുടെ മുന്നിൽ പോം വഴിയാക്കിക്കൊണ്ട്. നമ്മുടെ കയ്യിൽനിന്നു വിട്ടുകളയാതെ, നമുക്ക് ദൈവത്തിലേക്കു ഭരമേല്പ്പിക്കാൻ സാധിക്കില്ല. എന്റെ വ്യക്തിപരമായ അനുഭവത്തിൽ,

എല്ലാറ്റിനുമൊടുവിൽ വിട്ടുകൊടുത്തപ്പോൾമാത്രം ദൈവം എന്റെ പ്രാർത്ഥന കേട്ട നിരവധി സമയങ്ങൾ ഉണ്ട്. നമ്മുടെ ആകുലതകൾ ദൈവത്തിനു വിട്ടുകൊടുക്കാൻ സഹായകമായ ചില സംഗതികൾ പരിഗണിക്കാനായി താഴെ കൊടുത്തിരിക്കുന്നു.

**അത്യന്തികമായ ദൈവത്തിന്റെ നന്മയെ നാം എപ്പോഴും മനസ്സിൽ സൂക്ഷിക്കണം:**
നമ്മുടെ ദൈവം നല്ലവനാണെന്നും വിശ്വസ്തനാണെന്നും ആശ്രയിക്കാൻ യോഗ്യമായവനാണെന്നുമുള്ള കാര്യങ്ങൾ മറന്നുപോകാൻ നമ്മുടെ സാഹചര്യങ്ങൾ മിക്കവാറും ഇടനല്കും. ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകളോ, നാം കടന്നുപോകുന്ന സഹനങ്ങളോ ഒക്കെയായിരിക്കാം നമ്മുടെ ആകുലതകൾക്കു കാരണം. ഇത്തരം കാര്യങ്ങളിലൂടെ നാം കടന്നുപോകുന്നത് എന്തിനാണെന്ന ചോദ്യത്തിന് എളുപ്പത്തിലുള്ള മറുപടിയൊന്നും ലഭ്യമല്ല; എന്നിരുന്നാലും ദൈവത്തിന്റെ നന്മ ഓർക്കുന്നത് നമ്മുടെ ആകുലതകൾ അവനിൽ ഭരമേല്പ്പിക്കാൻ നമുക്കു സഹായകമാകും. ദൈവത്തിന്റെ പ്രകൃതമനുസരിച്ച്, ദൈവം ദയയില്ലാത്തവനോ ദുഷ്ടനോ അല്ല (**സങ്കീർത്തനം 145:9, 1 തെസ്സലോനിക്യർ 5:24**)

**ദൈവത്തിനു നമ്മോടുള്ള ബന്ധത്തിന്റെ അന്തസത്ത ഓർമ്മിക്കുക:**
സ്നേഹനിധിയായ നമ്മുടെ പിതാവാണ് ദൈവം. മത്തായി 6:9ൽ ദൈവം നമ്മുടെ പിതാവാണെന്ന് ഓർത്തുകൊണ്ട് ദൈവത്തോടു പ്രാർത്ഥിക്കണം എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. നാം ദൈവമക്കളാകയാൽ ദൈവത്തെ ഭയപ്പെടേണ്ടതില്ല (**റോമർ 8:15**)

**നാം പ്രാർത്ഥിച്ചതുപോലെയല്ല നമുക്കു ലഭിച്ച ഉത്തരം എന്നാകിലും ദൈവത്തിൽ ആശ്രയിക്കുക:**
ഇക്കാര്യം ബുദ്ധിമുട്ടായതാണ്, എന്നിരുന്നാലും നമ്മുടെ ആകുലതകൾ ദൈവത്തിൽ ഭരമേൽപ്പിക്കൽ അത്യാവശ്യമായി വേണ്ട ഒരു നടപടിയാണ്. തന്റെ സഹനങ്ങളെ ഒഴിവാക്കണമെന്നാണ് യേശു പ്രാർത്ഥിച്ചത്, എന്നിരുന്നാലും, ദൈവഹിതത്തിനുവഴങ്ങാൻ യേശു തയ്യാറായി, കുരിശിലെ യാതനയെ ഏറ്റെടുത്തു. സഹനങ്ങൾ എടുത്തുമാറ്റാതെ, അതിനെ അതിജീവിക്കാനുള്ള കരുത്ത് ദൈവം അവനു നല്കി (**ലൂക്കോസ് 22:39-44**)

ദൈവത്തിന്റെ സംരക്ഷണത്തെക്കുറിച്ചും കരുതലിനെക്കുറിച്ചും നമ്മെ ഓർമ്മിപ്പിക്കുന്ന വചനങ്ങൾ നിരവധിയാണ്. നമ്മുടെ പാറയും, പ്രയാസഘട്ടങ്ങളിലെ സഹായിയും ആയ ദൈവത്തെക്കുറിച്ചു കൂടുതൽ ആഴത്തിൽ അറിയാനും പ്രോത്സാഹിതരാകാനും ഈ വചനങ്ങളിലേക്കു പോവുക:

**സങ്കീർത്തനം 57:1** എന്നോടു കരുണയുണ്ടാകണമേ; ദൈവമേ, എന്നോടു കരുണയുണ്ടാകണമേ. എന്റെ ആത്മാവ് അങ്ങയെ അഭയം പ്രാപിച്ചിരിക്കുന്നു. ഈ ആപത്തുകൾ നീങ്ങിപ്പോകും വരെയും അവിടുത്തെ ചിറകിൻ നിഴലിൽ ഞാൻ ശരണം പ്രാപിക്കുന്നു.

**ലൂക്കോസ് 12:7** നിങ്ങളുടെ തലയിലെ മുടികൾ എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ ഭയപ്പെടരുത്, നിങ്ങൾ അനവധി കുരികിലിനേക്കാളും വിലപ്പെട്ടവരാണ്

**പ്രതിഫലനം:** ദൈവത്തിലേക്കു നിങ്ങളുടെ ആകുലതകൾ ഭരമേല്പിച്ചു, ദൈവമുന്നിൽ സ്വസ്ഥമായിരിക്കാൻ മുകളിൽ കൊടുത്ത ഓർമ്മപ്പെടുത്തലുകൾ സഹായിക്കട്ടെ. ആകാംക്ഷയുടെ നിമിഷങ്ങളിൽ നിങ്ങളുടെ ഹൃദയങ്ങളെ നയിക്കാനായി മുകളിൽ പറഞ്ഞ വചനങ്ങളിൽ ഏതെങ്കിലും ഹൃദ്യസ്ഥമാക്കുക

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 55:22, പുറപ്പാട് 33:22, ഏശയ്യ 51:16, മത്തായി 6:25

# പ്രത്യാശ

## റോമർ 5:1–5

അതുകൊണ്ട്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു
നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.
2അദ്ദേഹത്തിലൂടെയാണ് നാം ഇപ്പോൾ നില്ക്കുന്ന
ഈ കൃപയിലേക്കു നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നത്.
ദൈവതേജസ്സിന്റെ പ്രത്യാശയിൽ നാം ആനന്ദിക്കുന്നു.
3അതുമാത്രമല്ല, നമ്മുടെ കഷ്ടതയിലും നാം ആനന്ദിക്കുന്നു.
എന്തുകൊണ്ടെന്നാൽ കഷ്ടത സഹിഷ്ണുതയെയും 4സഹിഷ്ണുത പരിപക്വതയെയും
പരിപക്വത പ്രത്യാശയെയും ഉളവാക്കുന്നു എന്നും നാം അറിയുന്നു.
5പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല;
ദൈവസ്നേഹം, താൻ നമുക്കു നല്കിയ പരിശുദ്ധാത്മാവിനാൽ,
നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.

**പ്രത്യാശ**

| | | |
|---|---|---|
| ദിനം 22 | : | ദൈവത്തിന്റെ വിശ്വസ്തതയെ വിളംബരം ചെയ്യുന്ന തിരിഞ്ഞുനോട്ടം<br>സങ്കീർത്തനം 77:10–12 |
| ദിനം 23 | : | ദൈവത്തിന്റെ മാറ്റംവരാത്ത പ്രകൃതം: നമ്മുടെ വിശ്വാസത്തിന്റെ മൂലക്കല്ല്<br>എബ്രായർ 13:8, മത്തായി 7:24–27 |
| ദിനം 24 | : | വ്യാജ പ്രത്യാശകൾ – സങ്കീർത്തനം 33:17, മത്തായി 6:19 |
| ദിനം 25 | : | ഏറ്റവും മികച്ചതു വരുവാനിരിക്കുന്നു – യിരമ്യ 29:11, ഫിലിപ്യർ 3:13–14 |
| ദിനം 26 | : | ദൈവം സകല ആവശ്യങ്ങളും നിറവേറ്റുന്നു – സംഖ്യ 11:9, ഫിലിപ്യർ 4:19 |
| ദിനം 27 | : | മഞ്ഞുകണങ്ങൾ രാവിലെ പ്രത്യക്ഷപ്പെടുന്നു – സങ്കീർത്തനം 30:5 |
| ദിനം 28 | : | നല്ലവാഗ്ദാനങ്ങളൊന്നും പരാജയപ്പെടില്ല – യോശുവ 23:14, യാക്കോബ് 1:17 |

ദിനം 22

## ദൈവത്തിന്റെ വിശ്വസ്തതയെ വിളംബരം ചെയ്യുന്ന തിരിഞ്ഞുനോട്ടം

**സങ്കീർത്തനം 77:11–12** യഹോവയുടെ പ്രവൃത്തികളെ ഞാൻ ഓർക്കും; അതേ, പൂർവ്വകാലത്തെ അത്ഭുതങ്ങൾ ഞാൻ ഓർക്കും. അവിടുത്തെ എല്ലാ പ്രവൃത്തികളും ഞാൻ ധ്യാനിക്കും അവിടുത്തെ വീര്യപ്രവൃത്തികളെല്ലാം ചിന്തിക്കും.

നമ്മുടെ പ്രാർത്ഥനാ സമയ പരമ്പരയുടെ ഒരു പുതിയ ഉപവിഭാഗത്തിലേക്കു സ്വാഗതം. കഴിഞ്ഞ മൂന്നു ആഴ്ചകളിൽ നാം ഭയഭക്തിയെയും വിശ്വാസത്തെയും സമാധാനത്തെയും കുറിച്ചു നോക്കി. അടുത്ത ആഴ്ച നാം ശ്രദ്ധകേന്ദ്രീകരിക്കുന്ന ഉപവിഭാഗം പ്രത്യാശ എന്നതാണ്. നമ്മിൽ ഒരു പ്രതീക്ഷയും ആഗ്രഹവും ജനിപ്പിക്കുന്ന ഒരു വാക്കാണ് ബൈബിളിൽ 166 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന പ്രത്യാശ എന്ന വാക്ക്. ക്രിസ്തീയ ജീവിത പന്ഥാവിലെ പ്രധാനപ്പെട്ട മൂന്നു ഭാഗങ്ങളിൽ ഒന്നുമാണ് പ്രത്യാശ – സ്നേഹത്തോടും വിശ്വാസത്തോടുമൊപ്പം. കാണുകയോ സ്വന്തമാക്കുകയോ ചെയ്യുമ്പോൾ മറഞ്ഞുപോകുന്ന ഒരു സംഗതി. **റോമർ 8:24–25** ഇപ്രകാരം പറയുന്നു: ഈ പ്രത്യാശയിലാണ് നാം രക്ഷി

ക്കപ്പെട്ടത്. എന്നാൽ, കാണുന്നതിനെക്കുറിച്ചുള്ള പ്രത്യാശയാകട്ടെ, പ്രത്യാശയല്ല. കാണുന്നതിനുവേണ്ടി ഇനി പ്രത്യാശിക്കുന്നതെന്തിന്? എന്നാൽ ഇതുവരെയും കാണാത്തതിനുവേണ്ടി പ്രത്യാശിക്കുന്നുവെങ്കിൽ അതിനായി നാം ക്ഷമയോടെ കാത്തിരിക്കുന്നു.

ഇപ്പോൾ നമുക്കില്ലാത്ത കാര്യത്തിലാണ് പ്രത്യാശ ശ്രദ്ധയൂന്നുന്നത്, അതിനാൽ നമുക്കു പ്രചോദനം ലഭിക്കുവാൻ വേറെ രണ്ടു മേഖലയിലേക്കു നാം നോക്കേണ്ടതുണ്ട് - നമ്മുടെ ഭാവിയിലേക്കും (ദൈവം നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന കാര്യങ്ങളിൽ), നമ്മുടെ കഴിഞ്ഞകാലത്തിലേക്കും (ദൈവം നമുക്കായി ചെയ്ത കാര്യങ്ങളിൽ). **റോമർ 5:2**, നമുക്കു മുന്നിൽ വച്ചിരിക്കുന്ന കാര്യത്തിലാണ് നമ്മുടെ പ്രത്യാശ - നിത്യജീവിതത്തിൽ

**സങ്കീർത്തനം 77** ഒരു വിലാപഗീതമാണ്. ദീർഘകാലത്തേക്കു കഷ്ടതയും ദുഃഖവും അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ അവസ്ഥയെ ഇത്തരം സങ്കീർത്തനങ്ങൾ വിവരിക്കുന്നു. ഈ സങ്കീർത്തകനു (ആസാഫ്) തന്റെ കാഴ്ച മറനീക്കികിട്ടിയത്, തന്റെ കഴിഞ്ഞകാല ജീവിതത്തിൽ ദൈവം തന്നോടു കാണിച്ച വിശ്വസ്തതനിറഞ്ഞ സ്നേഹത്തെയും ശക്തിയെയും കുറിച്ച് ഓർത്ത സമയത്താണ്.

ആദ്യഭാഗത്ത് (1-9 വാക്യങ്ങൾ) ദൈവം തന്നെ ഉപേക്ഷിച്ചതായും തനിക്കു സഹനവും ദുഃഖവും നല്കിയതായും പരാതിപറയുന്നു. കഴിഞ്ഞ കാലജീവിതത്തിലെ മഹത്വത്തെ ഓർക്കുമ്പോൾ തന്റെ വേദനയ്ക്ക് ആക്കം കൂടുകയും ചെയ്യുന്നു. ദൈവം തന്നോടുള്ള സ്നേഹവും കരുതലും നിറുത്തിവച്ചിരിക്കുന്നു എന്ന് സങ്കീർത്തകൻ വിലപിക്കുന്നു. എന്നാൽ 10-12 വാക്യങ്ങളിൽ അദ്ദേഹം തന്റെ സമാശ്വാസവും പ്രത്യാശയും പ്രകടിപ്പിക്കുന്നു.

ബൈബിൾ മനുഷ്യന്റെ വ്യത്യസ്തമായ അവസ്ഥകളെയെല്ലാം പ്രതിഫലിപ്പിക്കുന്ന ഒരു പുസ്തകമായതിനാൽ, പ്രത്യാശയിലേക്കു നയിക്കുന്നതിനുള്ള വ്യവസ്ഥകളും പ്രവർത്തികളും നാം ആദ്യംതന്നെ മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. മുന്നേ സൂചിപ്പിച്ച, പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ പറയുന്നതുപോലെ, കാണുന്നതിനെക്കുറിച്ചുള്ള പ്രത്യാശയാകട്ടെ, പ്രത്യാശയല്ല

ഒരു തിരിഞ്ഞുനോട്ടം ദൈവത്തിന്റെ വിശ്വസ്തതയെ മാത്രമാണ് വിളിച്ചോതുന്നത്. അതുകൊണ്ടുതന്നെയാണ്, ക്രിസ്ത്യാനികളായിരിക്കുന്നവർ തങ്ങളുടെ പ്രയാസകാലത്ത് ദൈവത്തിന്റെ പ്രവർത്തികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തേണ്ടത്.

സങ്കീർത്തനം 77ൽ നിന്നുമുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ

**വാ 10: ഞാൻ അപേക്ഷിച്ചു**

ദൈവത്തിൽ ശ്രദ്ധിക്കാനുള്ള ബോധപൂർവ്വമായ ഒരു തീരുമാനത്തോടെ നാം തുടങ്ങേണ്ടതുണ്ട്. അവനിലേക്കാണ് നാം പോകേണ്ടത്. അവനിലേക്കു ഞാൻ പോകും എന്നു തീരുമാനിക്കുക. ഒരാളിലേക്കോ ഒരു സംഗതിയിലേക്കോ പോകുന്നുവെന്നു നാം തീരുമാനിക്കുകയെന്നു പറയുന്നത്; നിങ്ങൾ അയാളിലേക്കോ ആ സംഗതിയിലേക്കോ ശ്രദ്ധയൂന്നുന്നു എന്നതാണ്. നിങ്ങൾ മുഴുകുന്നു, നിങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു, നിങ്ങൾ അപേക്ഷിക്കുന്നു, നിങ്ങൾ വിളിച്ചു ശല്യപ്പെടുത്തുന്നു, നേരായ ചിന്തയോടെ നിങ്ങൾ ഇക്കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കുന്നു. ദൈവത്തിന്റെ ശക്തി നിങ്ങളുടെ ചിന്തകളിൽ ഇന്നു നിറയട്ടെ, നിങ്ങൾ ഇപ്പോൾ കടന്നുപോകുന്ന വെല്ലുവിളികളിൽ പോലും.

ദൈവത്തെ വിവരിക്കാൻ വേണ്ടി ഉപയോഗിക്കുന്ന "സർവ്വ" (omni) എന്ന നാമവിശേഷണത്തെക്കുറിച്ച് പരിഗണിക്കുക. സർവ്വശക്തൻ, സർവ്വവും അറിയുന്നവൻ, സർവ്വവും കാണുന്നവൻ, സർവ്വവ്യാപി, സർവ്വസ്നേഹി, സർവ്വാധികാരി എന്നിവയെല്ലാം. ഇത്തരം വിശേഷണങ്ങളുടെ വെളിച്ചത്തിൽ നിങ്ങൾ കടന്നുപോകുന്ന വെല്ലുവിളികൾ പരിഗണിക്കുക. ഏറ്റവും വലിയത് എന്താണ്? നിങ്ങൾ കടന്നുപോകുന്ന വികാരങ്ങൾ എന്തൊക്കെയാണ്?

**വാക്യം 11: ഞാൻ ഓർക്കും**

നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ട ഒരു സമയം ഏതെന്നു ചിന്തിക്കുക, ഏത്ര പിറകോട്ടുനോക്കിയിട്ടായാലും. നിങ്ങളുടെ കഴിവുകൾക്കും മീതെ നിങ്ങളെ സഹായിച്ച സമയങ്ങൾ ഓർക്കുക. നല്ല സമയങ്ങളെക്കാൾ ചീത്ത സമയങ്ങളാണ് നിങ്ങളുടെ മനസ്സിലേക്ക് വേഗം കയറിവരുന്നത് എന്ന കാര്യം നിങ്ങൾ കാണുന്നുണ്ടോ? ഓർമ്മയുള്ളവരാകണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. നിങ്ങളിൽ ചിലർക്ക് എളുപ്പത്തിൽ ഓർമ്മകിട്ടും, എന്നാൽ ചിലർക്ക് ഓർമ്മി

ക്കുകയെന്നത് വെല്ലുവിളിയാണ്. ബോധപൂർവ്വമായി നാം നല്ല ഓർമ്മകൾ ശേഖരിച്ചുവയ്ക്കുമ്പോൾ, ദൈവത്തോടു നന്ദികാണിക്കുകയെന്നത് എളുപ്പമായിത്തീരുന്നു. ഓർമ്മിച്ചുവയ്ക്കുക എന്നത് ഒരു വെല്ലുവിളിയായിട്ടുള്ളവർ, ബോധപൂർവ്വം ദൈവത്തിന്റെ നന്മകളെ എണ്ണുകയും ശേഖരിച്ചുവയ്ക്കുകയും ചെയ്യേണ്ടതുണ്ട്.

**വാക്യം 12: ഞാൻ ധ്യാനിക്കും**

ആരുടെയടുത്തേക്കുപോകും എന്ന തീരുമാനത്തിനും, കഴിഞ്ഞകാലങ്ങളിലെ അനുഗ്രഹങ്ങളെ ഓർമ്മിക്കാനും തീരുമാനിച്ച ശേഷം; അടുത്ത പടിയായി നാം ചെയ്യേണ്ടത്, ഈ ചിന്തകളെക്കുറിച്ച് ധ്യാനിക്കാനായി ഒരു നല്ല സമയം വിനിയോഗിക്കുക എന്നതാണ്. ആത്മീയമായ ഉദ്ദേശ്യത്തോടുകൂടി, നമ്മുടെ മനസ്സിനെയും ചിന്തകളെയും കുറേ നേരത്തേക്ക് ഒരു കാര്യത്തിൽ കേന്ദ്രീകരിക്കുക എന്നതാണ് ധ്യാനിക്കുക എന്നതിന്റെ അർത്ഥം. നമ്മുടെ പാരമ്പര്യത്തിൽ നാം കണ്ടുവരുന്ന ധ്യാനങ്ങളുടെ ഉദ്ദേശ്യം മനസ്സിനെ ശൂന്യമാക്കിയെടുക്കുക എന്നതാണ്. എന്നാൽ ക്രിസ്തീയമായ ധ്യാനമെന്നു പറയുന്നത്, ദൈവത്തെക്കുറിച്ചുള്ള ശ്രേഷ്ഠമായ ചിന്തകളാൽ നമ്മുടെ ഹൃദയത്തെയും മനസ്സിനെയും നിറയ്ക്കുക എന്നതാണ്.

**അവസാനമായി:**

ഇന്നു നിങ്ങൾ നിങ്ങളുടെ കലുഷമായ മനസ്സിനെ ദൈവത്തിലേക്കു ചൊരിയുമ്പോൾ, ദൈവം നിങ്ങളുടെ വിലാപങ്ങളെ സ്തുതികളായും സംശയങ്ങളെ സമാശ്വാസമായും മാറ്റട്ടെ. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും തന്റെ ജനത്തെ സ്വതന്ത്രമാക്കിയ ദൈവത്തിന്റെ വഴികളെക്കുറിച്ച് ഓർത്ത് വിശ്വാസത്തിൽ പുനഃരുറപ്പുലഭിച്ച ആസാഫിനെപ്പോലെ നമുക്കും പുനഃരുറപ്പു ലഭിച്ചവരാകാം. നമ്മുടെ സങ്കടങ്ങളുടെ നടുവിൽ നമുക്കു ദൈവത്തെ ഓർക്കാം, ആസാഫിനെപ്പോലെ. നമ്മുടെ യാതനകളിലേക്കു തിരിഞ്ഞുനോക്കി നമുക്കും ഇപ്രകാരം പ്രഖ്യാപിക്കാൻ ഓർക്കാം; ജീവനെ രക്ഷിക്കാനായി നിങ്ങൾക്കുമുമ്പേ ദൈവം എന്നെ ഇവിടെ അയച്ചതാണ്.

നിങ്ങളുടെ പിൻകാഴ്ച എല്ലായ്പ്പോഴും ദൈവത്തിന്റെ വിശ്വസ്തതയെ വിളിച്ചോതുന്നതാകട്ടെ

**കൂടുതൽ വചനങ്ങൾ:** 1 ദിനവൃത്താന്തം 16:8-15, നെഹെമിയ 4:14, വെളിപാട് 3:3

ദിനം 23

# ദൈവത്തിന്റെ മാറ്റംവരാത്ത പ്രകൃതം: നമ്മുടെ വിശ്വാസത്തിന്റെ മൂലക്കല്ല്

**എബ്രായർ 13:8**
**മത്തായി 7:24-27**

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻ തന്നേ

"മാറ്റം വരാത്ത ഏകകാര്യം മാറ്റം മാത്രമാണ്" എന്ന ചൊല്ലിൽ നമ്മുടെ ജീവിതത്തെ നമുക്കു ചുരുക്കി പറയാനാകും. മാറ്റം സദാ സംഭവിക്കുന്നതാണ്, അതെക്കുറിച്ചു മുന്നേപറയാൻ കഴിയില്ല, അതു നമ്മെ കുഴപ്പത്തിലാക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന ഒരു കാര്യവുമാണ്. നമ്മുടെ ജീവിതത്തെക്കുറിച്ച് പദ്ധതികളും ആഗ്രഹങ്ങളും പ്രതീക്ഷകളും ഉള്ളവ്യക്തികളാണ് നാം ഓരോരുത്തരും, എന്നിരുന്നാലും, നമ്മുടെ പ്രത്യാശകളെ തകിടംമറിക്കുന്ന അപ്രതീക്ഷിതമാറ്റങ്ങൾ എപ്പോൾവേണമെങ്കിലും സംഭവിക്കാം എന്ന ഒരു ഭയം വിടാതെ പിന്തുടരുകയും ചെയ്യാം. എല്ലാം എന്റെ നിയന്ത്രണത്തിലാകണമെന്നുള്ള ഒരു പാപകരമായ ചിന്തയെ വെല്ലുവിളിക്കുന്ന ഒരു കാര്യം കൂടിയാണ് മാറ്റം.

മാറ്റങ്ങൾ സംഭവിക്കുമ്പോൾ നമുക്കുണ്ടാകുന്ന വികാരങ്ങൾ; എന്തുചെയ്യണമെന്നറിയുന്നില്ല എന്നതും, ഭാരപ്പെടുത്തുന്നു എന്നതുമാണ്. തീർച്ചയായും ചിലമാറ്റങ്ങൾ സന്തോഷകരവും സ്വാഗതാർഹവുമാണ്, ചിലമാറ്റങ്ങൾ സാധാരണമായവയാണ്, എന്നിരുന്നാലും ചിലമാറ്റങ്ങൾ നമ്മുടെ ചിന്തകൾക്ക

തീതവുമാണ്. ഇത്തരം മാറ്റങ്ങൾ സംഭവിക്കാൻ ദൈവം അനുവദിക്കുന്നു എങ്കിലും ദൈവം മാറ്റമില്ലാത്തവനാണ് എന്നകാര്യം നാം ഓർത്തുവയ്ക്കേണ്ടതുണ്ട്. ദൈവത്തിന്റെ പ്രകൃതം മാറ്റമില്ലാത്തതാണ്.

ദൈവത്തിനു യാതൊരു ആശയക്കുഴപ്പവും ഉറപ്പില്ലായ്മയും ഇല്ല എന്ന കാര്യം യാക്കോബ് 1:17 നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം ആടിക്കളിക്കുന്നില്ല, യാതൊരു വിശ്വാസയോഗ്യതയില്ലായ്മയും ദൈവത്തിനില്ല. ദൈവത്തിന്റെ മാറ്റംവരാത്ത പ്രകൃതത്തെക്കാണിക്കുന്ന ചില വചനങ്ങളിലേക്കു നമുക്കു നോക്കാം, വിശ്വാസത്തിനും സ്ഥിരതയ്ക്കും പ്രത്യാശയ്ക്കും ആവശ്യനേരത്തു സഹായത്തിനുമായി ഈ പ്രകൃതത്തെ ആശ്രയിക്കാനും

- ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8, സങ്കീർത്തനം 136:1–26)
- ദൈവം അനുകമ്പാപൂർണ്ണനാണ് (സങ്കീർത്തനം 145:9)
- ദൈവം വിശ്വസ്തനാണ് (ആവർത്തനം 7:9, 1 തെസ്സലോനിക്യർ 5:24)
- പ്രയാസ സമയങ്ങളിൽ സദാ സന്നിഹിതനായിരിക്കുന്ന സഹായമാണ് (സങ്കീർത്തനം 46:1)
- ദൈവം നല്ലവനാണ് (സങ്കീർത്തനം 145:9)

**പ്രതിഫലനം:**

ദൈവത്തിന്റെ പ്രകൃതത്തിലെ ഈ സവിശേഷതകൾ നിങ്ങളെ സ്വാധീനിക്കുന്നത് എപ്രകാരമാണ്? ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ മാറാൻ ഈ വചനങ്ങൾ സഹായിക്കുന്നുണ്ടോ? നിങ്ങൾ ഇപ്പോൾ കടന്നുപോകുന്ന ഒരു സാഹചര്യത്തിൽ ഈ വചനങ്ങൾ നിങ്ങളെ സഹായിക്കുന്നത് എപ്രകാരമാണ്? കഴിഞ്ഞകാലങ്ങളിൽ ഈ ചിന്തകൾ നിങ്ങളെ സഹായിച്ചത് എപ്രകാരമാണ്?

ദൈവത്തിന്റെ പ്രകൃതത്തിലെ ചില ഭാവങ്ങൾ, ഭയഭക്തിയോടെ നീതിജീവിതം നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ്.

- ദൈവം പരിശുദ്ധനാണ് (സങ്കീർത്തനം 99:9, ഏശയ്യാ 6:3, ലേവ്യർ 11:44)
- ദൈവം നീതിമാനാണ് (സങ്കീർത്തനം 119:137, സങ്കീർത്തനം 145:17, എഫേസ്യർ 6:14)
- ദൈവം നേരുള്ളവനാണ് (സെഫന്യാവ് 3:5, റോമർ 2:2, സങ്കീർത്തനം 82:3)

ദൈവത്തിന്റെ പ്രകൃതത്തിലെ മുകളിൽ കൊടുത്ത സവിശേഷതകൾ, നമ്മെ സമാശ്വസിപ്പിക്കുന്നതും നമ്മെ മുകളിലേക്കു വിളിക്കുന്നതുമാണ്. ദൈവത്തിന്റെ വിശ്വസ്തതയും അനുകമ്പയും സ്നേഹപൂർണ്ണമായ ദയയും നമ്മെ സദാ സമാശ്വസിപ്പിക്കുന്നതോടൊപ്പം വിശുദ്ധിയിലും നീതിയിലും വളരാൻ നമ്മെ വിളിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രകൃതം അനുകരിക്കാനായി ഏറ്റവും മികച്ചരീതിയിൽ പ്രയത്നിക്കുന്നതിനോടൊപ്പം, ഭയഭക്തിയോടുകൂടിയുള്ള അനുസരണത്തിനായി നമുക്കു പുനർസമർപ്പിക്കുകയും ചെയ്യാം.

**പ്രതിഫലനം:**

രണ്ടാമത്തെ പട്ടികയിൽ കൊടുത്തിട്ടുള്ള ദൈവത്തിന്റെ സവിശേഷതകളിൽ, ഉൾക്കൊള്ളാനും വളരാനും ഏറെബുദ്ധിമുട്ടായ സവിശേഷതകൾ ഏതാണ്? ഇക്കാര്യത്തെക്കുറിച്ചു നിങ്ങളെ വഴിനടത്തുന്നവരോടു സംസാരിക്കുകയും നിങ്ങളെ നിരന്തരമായി ഓർമ്മിപ്പിക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യുക

**തീരുമാനം:**

**എബ്രായർ 13:8, മത്തായി 7:24–27** എന്നീ വചനങ്ങൾ വായിക്കുക. യേശുക്രിസ്തു നമ്മുടെ മുന്നിലുള്ള ഉദാഹരണം മാത്രമല്ല നമ്മുടെ സഹായിയും കൂടെയാണ്. മാറ്റംവരാത്ത അവിടുത്തെ പ്രകൃതത്തെ ധ്യാനിക്കുക. യേശുവാകുന്ന മൂലക്കല്ലിൽ നമ്മുടെ ജീവിതവും ഭാവിയും നമുക്കു പണിയാം. അവനിൽ ആശ്രയിക്കാനും അവനോട് അനുരൂപരാകാനും നമുക്കു തീരുമാനിക്കാം. അപ്പോൾ മാത്രമാണ് നിങ്ങളുടെ ഭവനം തകരാതെ നിൽക്കുന്നത്, എന്തു പ്രകൃതിക്ഷോഭം വന്നാലും

**കൂടുതൽ വചനങ്ങൾ:** സങ്കീർത്തനം 112:6–9, ഹോശിയ 10:12, മത്തായി 5:20, 1 തെസ്സലോനിക്യർ 5:23–24

ദിനം 24

# വ്യാജ പ്രത്യാശകൾ

**സങ്കീർത്തനം 33:17**
**മത്തായി 6:19**

പടക്കുതിരയെക്കൊണ്ട് ജയിക്കാമെന്ന ആശ വ്യർത്ഥമത്രേ. അതിന്റെ വലിയ ശക്തികൊണ്ടുമാത്രം വിടുതൽ ലഭിക്കുന്നില്ല.

**സങ്കീർത്തനം 33:1-24** വായിച്ചുകൊണ്ട് നമ്മുടെ വായന ആരംഭിക്കാം. ഇന്നലെ നമ്മൾ ദൈവത്തിന്റെ മാറ്റമില്ലാത്ത പ്രകൃതത്തെക്കുറിച്ചു നോക്കി. സങ്കീർത്തനം 33, ഇക്കാര്യത്തെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുക മാത്രമല്ല, വ്യാജപ്രത്യാശയിൽ ശ്രദ്ധകേന്ദ്രീകരിച്ച് നമുക്കു സംഭവിക്കുന്ന വീഴ്ചയെക്കുറിച്ചും ഉയർത്തിക്കാണിക്കുന്നു (വാ 17).

ദൈവത്തിൽ ആശ്രയിക്കുന്നതിൽ നാം പരാജയപ്പെടുന്നതിന്റെ വ്യർത്ഥതയെക്കുറിച്ച് അനേകം വചനങ്ങൾ സുദൃഢമായി സംസാരിക്കുന്നുണ്ട്.

ഈ ലോകവും അതിന്റെ ആഗ്രഹങ്ങളും നിരന്തരമായി നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. മാനുഷികവും ഭൗതികവുമായ കാര്യങ്ങളിൽ നിന്നും നമ്മെ വേർപെടുത്തി നിർത്തേണ്ടതിന്റെ സമ്മർദ്ദവും ക്രിസ്ത്യാനികളായ നമ്മൾ അനുദിനം നേരിടുന്നുണ്ട്. ലോകപ്രകാരമുള്ള നിലവാരത്തിൽ എത്തിച്ചേരാനും അവരോടു സമരസപ്പെട്ടു ജീവിക്കാനുമുള്ള വ്യഗ്രതയ്ക്കു കാരണമായിട്ടുള്ളത് നമ്മുടെ അപകർഷതാബോധമാണ്, അതു തന്നെയാണ് നമ്മെ വ്യാജപ്രത്യാശയിലേക്കു നയിക്കുന്നതും. ഈ വ്യാജപ്രത്യാശകളെ നമുക്കെപ്രകാരം തിരിച്ചറിയാനാകും? അവയെക്കുറിച്ചു ബൈബിൾ നമുക്കു നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്താണ്? ഇതേക്കുറിച്ചൊരു ധാരണ ലഭിക്കാൻ, നാം പൊതുവേ വശംവദരാകുന്ന ചില വ്യാജപ്രത്യാശകളെക്കുറിച്ചു നോക്കാം.

**മനുഷ്യരിലുള്ള ആശ്രയം: സങ്കീർത്തനം 118:9, ഏശയ്യ 2:22.**

മനുഷ്യരിൽ ആശ്രയിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പുകൾ ഈ രണ്ടു വചനങ്ങളും വ്യക്തമായി നല്കുന്നു. മനുഷ്യരിൽ ആശ്രയം വയ്ക്കുന്നത് എല്ലായ്പ്പോഴും ഒരു മോശം കാര്യമല്ല എന്നു നമുക്കറിയാം. മനുഷ്യരെ വിശ്വസിക്കാതെ സംശയദൃഷ്ടിയോടെ കാണണമെന്നുമൊന്നും വചനം പഠിപ്പിക്കുന്നില്ല. മനുഷ്യരിൽ നാം വയ്ക്കുന്ന ആശ്രയം, നമ്മുടെ സമാധാനം എടുത്തുകളയാനും ദൈവത്തിനുമുന്നിൽ നിശ്ചലരായി നില്ക്കാതിരിക്കാനും ഇടയാക്കുന്നുണ്ടോ? മനുഷ്യരിലുള്ള നമ്മുടെ പ്രത്യാശയ്ക്കു ഭംഗം വരുമ്പോൾ, നാം നിരാശരും ബന്ധങ്ങൾ തകർന്നവരും ആയിത്തീരുന്നുണ്ടോ?

**സമ്പത്തിലുള്ള ആശ്രയം: സദൃശവാക്യം 18:11, ലൂക്കോസ് 12:19-20.**

ഭൗതികവസ്തുക്കളിൽ നമ്മുടെ ആശ്രയം വയ്ക്കുന്നതിനെതിരെ ഈ വചനങ്ങൾ മുന്നറിയിപ്പുതരുന്നു. സമ്പത്തിൽ ആശ്രയം വയ്ക്കാതിരിക്കുന്നതിനെക്കുറിച്ചു പൗലോസ് തിമോത്തിക്കു നല്കുന്ന നിർദ്ദേശങ്ങൾ പ്രായോഗികമാണ് (1 തിമോത്തി 6:17). ഞാൻ ധനികനൊന്നുമല്ല, അതിനാൽ ഈ വചനങ്ങളൊന്നും എനിക്കു ബാധകമായതല്ല എന്നു ചിന്തിക്കാൻ എളുപ്പമാണ്. നാം ശ്രദ്ധിക്കേണ്ട കാര്യമെന്തെന്നാൽ, അത്യാഗ്രഹത്താലോ അസൂയയാലോ സംതൃപ്തിയില്ലായ്മയാലോ നാം വിഷമിക്കുന്നുണ്ടെങ്കിൽ, നാമും, സമ്പത്തിൽ വ്യാജപ്രത്യാശവയ്ക്കുന്നവരുടെ ഗണത്തിൽ പെടുന്നവരാണ്.

**അവനവനിലുള്ള ആശ്രയം: സദൃശവാക്യം 28:26, 1 കൊരിന്ത്യർ 10:12.**

അവനവനിൽ ആശ്രയിക്കുന്നതിന്റെ വ്യർത്ഥതയെക്കുറിച്ച് ഈ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരുവൻ സ്വന്തവിവേകത്തിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയം വയ്ക്കണം (സദൃശവാക്യം 3:5-6). വേണ്ടതിലധികം ഭാവിക്കാതെ, നിങ്ങളെത്തന്നേ സമചിത്തതയോടെ വിലയിരുത്തണം (റോമർ 12:3). ലൂക്കോസ് 18:9-14 വാക്യങ്ങളിൽ യേശു ഇക്കാര്യത്തെക്കുറിച്ചു ശക്തമായി സംസാരിക്കുന്നുണ്ട്. സ്വയം നീതീകരിക്കുന്നതിനെതിരെ നല്കിയിട്ടുള്ള മുന്നറിയിപ്പുകൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക. സ്വയാശ്രയത്തിനെതിരായ പ്രതിരോധമരുന്നിനെക്കുറിച്ചു ഫിലിപ്യർ 2:3ൽ നമുക്കു കാണാം. താഴ്മയോടെ മറ്റുള്ളവരെ നിങ്ങളെക്കാൾ ശ്രേഷ്ടരെന്നു കരുതുകയാണുവേണ്ടത്.

**പ്രതിഫലനങ്ങൾ:**

**സദൃശവാക്യം 3:5–6** ഒരിക്കൽ കൂടിവായിച്ചുകൊണ്ട് നമുക്ക് ഈ കാര്യങ്ങളിലേക്കു തിരിഞ്ഞുനോക്കാം. നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് എഴുതിവയ്ക്കുക. മനുഷ്യരിൽ ആശ്രയിക്കുന്നതിലൂടെ നിങ്ങൾ നിങ്ങളുടെ മേലും മറ്റുള്ളവരുടെ മേലും ചെലുത്തുന്ന സമ്മർദ്ദം വിട്ടുകളയുക. സമ്പത്തിലുള്ള ആശ്രയത്തെക്കുറിച്ചു മാനസാന്തരപ്പെട്ട് ദൈവത്തിനു നല്കുന്നവരാകുക (അപ്പ 20:35). നിങ്ങളിൽ തന്നെ ആശ്രയിച്ചുകൊണ്ട് ദൈവത്തിൽനിന്നും എത്രമാത്രം മാറിപ്പോയിരിക്കുന്നു എന്ന കാര്യം ശോധന ചെയ്യുക. നിങ്ങൾക്കു തിരിച്ചറിയാൻ പറ്റിയ കാര്യങ്ങളെക്കുറിച്ചു തുറന്നുപങ്കുവച്ചുകൊണ്ട് വേറൊരാളുമായി പ്രാർത്ഥിക്കുക.

**കൂടുതൽ വചനങ്ങൾ:** ഏശയ്യാ 31:1, യിരമ്യ 17:5

*പ്രത്യാശയാൽ, കാണാൻ കഴിയാത്തതിനെ കാണുന്നു, തൊടാൻ കഴിയാത്തതിനെ അനുഭവിക്കുന്നു, അസാദ്ധ്യമായതിനെ സ്വായത്തമാക്കുന്നു* - ഹെലൻ കെല്ലർ

ദിനം 25

# ഏറ്റവും മികച്ചതു വരുവാനിരിക്കുന്നു

ഇന്ന് ഇരുപത്തി അഞ്ചാം ദിവസമാണ്, രണ്ടുവചനങ്ങളിൽ നമുക്കിന്നു ശ്രദ്ധയർപ്പിക്കാം

**യിരമ്യ 29:11** എന്തെന്നാൽ നിങ്ങളെക്കുറിച്ചുള്ള എന്റെ ലക്ഷ്യങ്ങൾ എനിക്കറിയാം; നിങ്ങൾക്കു തിന്മയ്ക്കായിട്ടല്ല, മറിച്ച് നിങ്ങൾക്കൊരു ഭാവിയും ഒരു പ്രത്യാശയും നല്കുവാൻ തക്കവണ്ണം നന്മയ്ക്കായിട്ടുള്ള ലക്ഷ്യങ്ങളാണ് അവ.

**ഫിലിപ്യർ 3:13–14** സഹോദരരേ, ഇപ്പോഴും അതു ഞാൻ പിടിച്ചുവെന്നു കരുതുന്നില്ല. എന്നാൽ ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ദൈവം ക്രിസ്തുയേശുവിൽ എന്നെ വിളിച്ച സ്വർഗ്ഗീയവിളിയുടെ വിരുതിനായി ലക്ഷ്യത്തിലേക്ക് ഓടുന്നു.

കഴിഞ്ഞുപോയ നാളുകളിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുമ്പോൾ നിങ്ങളിലൂടെ കടന്നുപോകുന്നത് എന്തു വികാരങ്ങളാണ്? കഴിഞ്ഞുപോയ നാളുകളായിരുന്നു നിങ്ങളുടെ ഏറ്റവും മികച്ചനാളുകൾ എന്നു തോന്നുന്നുണ്ടോ? ഭാവിയെ നിങ്ങൾ കാണുന്നത് ഏതുപ്രകാരമാണ്? ഉണങ്ങിവരണ്ടതായിട്ടോ അതോ അനുഗ്രഹീതമായിട്ടോ?

നിങ്ങൾ ക്രിസ്തുവിൽ ഭക്തിയും സമർപ്പണവുമുള്ളവരായി ജീവിക്കുമ്പോൾ, ഒരു കാര്യവും നിങ്ങളെ തളർത്തുകയോ തകർക്കുകയോ ചെയ്യില്ല.

ശ്രേഷ്ഠമായ സമാധാനവും ഭാവിയും പ്രത്യാശയും നമുക്കു നല്കുവാൻ ദൈവം സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് മഹത്തായ ഒരു പദ്ധതിയുണ്ട്. നിങ്ങളുടെ കുടുംബത്തെക്കുറിച്ചും ജോലിയെക്കുറിച്ചും കുട്ടികളെക്കുറിച്ചും ആത്മീയവളർച്ചയെക്കുറിച്ചുമെല്ലാം വലിയ പദ്ധതി ഒരുക്കുന്നവനാണു ദൈവം.

യേശുവിനെ പിന്തുടരുന്നവരാകുമ്പോൾ, നമ്മുടെ മികച്ച ദിവസങ്ങൾ വരുവാനിരിക്കുന്നതേയുള്ളൂ, എല്ലായ്പ്പോഴും; ഈ ജീവിതത്തിൽ മാത്രമല്ല, നിത്യജീവിതത്തിലും. ജീവിതത്തിലെ ഏറ്റവും ദുർഘടസമയങ്ങളിൽക്കൂടിയാണുനാം കടന്നുപോകുന്നതെങ്കിലും, ഒന്നിനാലും ഇളകാത്ത സമാധാനവും സന്തോഷവും പ്രത്യാശയും നമുക്കു കാണാനാകും - ദൈവത്തിന്റെ ഒരിക്കലും ഇളകാത്ത വിശ്വസ്തതയിലും നന്മയിലും സ്നേഹത്തിലും നമ്മൾ വസിക്കുമ്പോൾ.

മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലും, ബുദ്ധിമുട്ടേറിയ ജീവിത സാഹചര്യങ്ങളിലും, ദൈവത്തിന്റെ മാറാത്ത സ്നേഹപ്രകൃതി നമുക്കു കണ്ടെത്താൻ കഴിയും. ചില സമയങ്ങളിൽ നാം തകർന്നവരും നിരാശരും നടുങ്ങിയ അവസ്ഥയിലിരിക്കുന്നവരുമായേക്കാം, പലവിധകാരണങ്ങളാൽ. ഉറ്റവരെ നഷ്ടപ്പെടുകയോ, സാമ്പത്തികനഷ്ടം ഉണ്ടാവുകയോ, കുടുംബബന്ധങ്ങളിൽ ഉലച്ചിൽ ഉണ്ടാവുകയോ, മറ്റുബന്ധങ്ങളിൽ പ്രയാസങ്ങൾ നേരിടുകയോ, അസുഖബാധിതരോ, സഹപ്രവർത്തകരിൽനിന്നുമുള്ള സമ്മർദ്ധമനുഭവിക്കുന്നവരോ, പഠന/ജോലിക്കാര്യങ്ങളിൽ വെല്ലുവിളികൾ നേരിടുകയോ ചെയ്യുന്നുണ്ടാകാം.

ഇത്തരം കഠിനതകളും മറ്റനേകം കാര്യങ്ങളും നമ്മുടെ വിശ്വാസത്തെ ഹനിക്കുകയും ദൈവത്തിലുള്ള നമ്മുടെ പ്രത്യാശയെ മായ്ച്ചുകളയുകയും, താത്പര്യമില്ലായ്മയും ദോഷംമാത്രം കാണുന്ന ഒരു മനോഭാവത്തിലേക്കു നയിക്കുകയും ചെയ്യാം. ലോകത്തിൽ എന്തൊക്കെ തന്നെ സംഭവിച്ചാലും സൂര്യൻ അതിന്റെ നിശ്ചിത സമയത്ത് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതു നാം നിരീക്ഷിച്ചിട്ടുണ്ടാകും. ദൈവത്തിന്റേതായ സ്വഭാവപ്രകൃതിയിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല.

**എബ്രായർ 13:8** യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻതന്നേ

എല്ലായ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകവും ചുറ്റുപാടുകളും നമുക്കുള്ളപ്പോൾ, യാതൊരു കാരണവശാലും മാറാത്ത ഒരു ദൈവം നമുക്കുണ്ടെന്ന കാര്യം നമുക്കു മനസ്സിലാക്കാം, അവന്റെ പ്രകൃതത്തിൽ നമുക്ക് ആശ്രയം വയ്ക്കുകയും ചെയ്യാം. യേശുക്രിസ്തു എന്നും ഒരുപോലെയാണ്.

- ദൈവത്തിനു നമ്മോടുള്ള സ്നേഹം ഒരിക്കലും മാറുന്നില്ല
- ദൈവത്തിലേക്കു തിരിയുന്നവനു, ദൈവത്തിന്റെ കൃപ എല്ലായ്പ്പോഴും ലഭ്യമാണ്
- ദൈവത്തിന്റെ ശക്തിയും ഉന്നതിയും നമുക്ക് എല്ലായ്പോഴും ലഭ്യമാണ്, നാം അവനിലേക്കു തിരിയുമ്പോൾ
- നമ്മുടെ ജീവിതത്തിൽ, ദൈവത്തിന്റെ വിശ്വസ്തതയുടെ സാന്നിദ്ധ്യം എല്ലായ്പോഴുമുണ്ട്. അതുകൊണ്ടുതന്നെ, നമ്മുടെ വേദനയെയും സാഹചര്യങ്ങളെയും ദൈവത്തിന്റെ വിശ്വസ്തത നന്മയ്ക്കായി തീർക്കുന്നു. നമ്മുടെ ജീവിതം എളുപ്പവഴിയിലുള്ള ഒരു ക്രിയചെയ്യലാകുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടില്ല. എന്നിരുന്നാലും, എല്ലായ്പോഴും, അവസാനംവരെ കൂടെയുണ്ടാകുമെന്ന വാഗ്ദത്തം അവൻ നമുക്കു നല്കിയിട്ടുണ്ട്. – **മത്തായി 28:18–20**

നമ്മുടെ ഭാവിയെക്കുറിച്ചു സുരക്ഷിതത്വമില്ലായ്മ തോന്നുന്ന സമയങ്ങളിലും, ഇന്നലെയും ഇന്നും നാളെയും മാറ്റം വരാത്ത നമ്മുടെ കർത്താവിലേക്കു നമുക്കു ദൃഷ്ടികൾ ഉയർത്താം. നമ്മുടെ പ്രത്യാശയെ നമുക്കു സജ്ജീവമാക്കി വയ്ക്കാം, കാരണം ഏറ്റവും മികച്ചതു വരുവാനിരിക്കുന്നതേയുള്ളു.

**പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ:**

നിങ്ങളുടെ ജീവിതത്തിൽ മറുപടി ലഭിച്ചിട്ടില്ലാത്ത പ്രാർത്ഥനകളുടെ ഒരു പട്ടിക തയ്യാറാക്കുക, അതിലോരോന്നിലും കൂടി ഇന്നു പ്രാർത്ഥിക്കുക. ദൈവം തക്കസമയത്ത് ഇടപെട്ടു പ്രവർത്തിക്കുമെന്ന പുനർനവീകരിക്കപ്പെട്ട പ്രത്യാശയോടെതന്നെ പ്രാർത്ഥിക്കുക

**കൂടുതൽ വചനങ്ങൾ:** സദൃശവാക്യം 23:18, റോമർ 8:38–39

ദിനം 26

# ദൈവം സകല ആവശ്യങ്ങളും നിറവേറ്റുന്നു

**സംഖ്യ 11:9** രാത്രി പാളയത്തിൽ മഞ്ഞിനോടൊപ്പം മന്നയും പൊഴിയും

നാം ഒരു പ്രഭാതസവാരിക്കായി ഇറങ്ങുമ്പോൾ, പുല്നാമ്പുകളിൽ കാണുന്ന വെള്ളത്തുള്ളികൾ നമ്മെ അതിശയിപ്പിക്കുന്ന കാഴ്ചയാണ്, പ്രത്യേകിച്ച്, ഉദയസൂര്യന്റെ കിരണങ്ങൾ അതിൽതട്ടി പ്രതിഫലിക്കുമ്പോൾ. അത്തരം പുല്നാമ്പുകളെ നോക്കുമ്പോൾ നമ്മിലേക്കു കടന്നുവരുന്ന ഒരു വചനം ഇതായിരിക്കാം – **മത്തായി 6:30** ഇന്നുള്ളതും നാളെ തീയിൽ ഇട്ടു കളയുന്നതുമായ പുല്ലിനെ ദൈവം ഇങ്ങനെ അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്രയധികം

**സംഖ്യ 11:9**ൽ നിന്നു നാം മനസ്സിലാക്കുന്നതുപോലെ, കൂടാരത്തിൽ മഞ്ഞുപെയ്യുന്നത് ദൈവത്തിന്റെ അനുഗ്രഹങ്ങളെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ദൈവം തന്റെ മക്കൾക്കായി ചൊരിയുന്ന അനുഗ്രഹങ്ങളും കരുതലുമാണ് സ്വർഗ്ഗത്തിൽ നിന്നും പൊഴിയുന്ന ആ മന്ന.

**ഉല്പത്തി 27:28**ൽ ഇസഹാക്ക് യാക്കോബിനെ അനുഗ്രഹിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ കാണാം: ദൈവം നിനക്ക് ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും ധാന്യത്തിന്റെയും പുതുവീഞ്ഞിന്റെയും സമൃദ്ധിയും നല്കട്ടെ.

ഇവിടെയും ദൈവത്തിൽനിന്നും പെയ്യുന്ന മഞ്ഞ് ദൈവം നല്കുന്ന കരുതലിനെ സൂചിപ്പിക്കുന്നു.

നമ്മുടെ ജീവിതത്തിൽ പലസമയങ്ങളിലും നാം പലവിധത്തിലുള്ള ആകുലതകളിലൂടെ കടന്നുപോകുന്നുണ്ട്.

- നമുക്ക് ആവശ്യത്തിനുള്ളയത്രയും ഉണ്ടോ?
- നമുക്കുള്ളതു മതിയാകുമോ?
- ഈ സാഹചര്യത്തിൽനിന്നും എങ്ങനെയാണ് ഒന്നു പുറത്തേക്കുവരിക?

ദൈവം കരുതുമെന്നു വാഗ്ദാനം ചെയ്ത പലകാര്യങ്ങളെക്കുറിച്ചും നമ്മൾ ആകുലപ്പെട്ട് അനേകം സമയങ്ങൾ പാഴാക്കിയിട്ടുണ്ടാകാം. **ഫിലിപ്യർ 4:19**ൽ എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തന്റെ മഹിമാധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ സമ്പൂർണ്ണമായി തീർത്തുതരും എന്ന് എഴുതിയിട്ടുണ്ടെങ്കിലും, ദൈവം നമുക്കായി തന്നുകഴിഞ്ഞതും നമ്മെ അനുഗ്രഹിച്ചുകഴിഞ്ഞതുമായ കാര്യങ്ങളെക്കുറിച്ചു ആകുലപ്പെടാനാണ് നാം നമ്മുടെ സമയത്തിന്റെ ഭൂരിഭാഗവും ചിലവഴിക്കുന്നത്. നമ്മുടെ അനുദിന ജീവതം മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമായ കാര്യങ്ങൾ ദൈവം പൂർണ്ണരീതിയിൽ നല്കുന്നു. നാം ഉണരുന്നതിനുമുമ്പുതന്നേ ദൈവം നമ്മെ ഉണർത്തുന്നു, അതിനും മുമ്പുതന്നെ ദൈവം മഞ്ഞുപൊഴിച്ചിട്ടുണ്ടായിരുന്നു. നാം എത്രമാത്രം ആകുലപ്പെട്ടെന്നോ, ചോദിച്ചെന്നോ, ദൈവവുമായി ധാരണയുണ്ടാക്കിയെന്നോ ഉള്ള കാര്യങ്ങൾക്കൊന്നും ഇവിടെ യാതൊരു പ്രസക്തിയുമില്ല. ദൈവത്തിന്റെ കൃപയാലും ദൈവത്തിനു നമ്മോടുള്ള സ്നേഹത്താലും, തന്റെ അനന്തമായ ശേഖരത്തിൽനിന്നും ദൈവം നമുക്ക് വേണ്ടതിലധികമായി തരുന്നു.

സഹോദരീ സഹോദരന്മാരേ, ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു, നിങ്ങൾ ആകുലതകളിലേക്കു കൂപ്പുകുത്താൻ തുടങ്ങുമ്പോഴോ, മതിയായത്രയും ഇല്ലെന്ന ചിന്ത നിങ്ങളെ ഭരിക്കാൻ തുടങ്ങുമ്പോഴോ ഒക്കെ, പുറത്തേക്കു നോക്കുക, മഞ്ഞുകണം പേറിനില്ക്കുന്ന പുല്നാമ്പിലേക്ക്. ആ പുൽനാമ്പുകൾക്കിടയിലൂടെ നഗ്നപാദരായി ഒന്നു നടക്കുക, ആ മഞ്ഞുകണങ്ങൾ നിങ്ങളുടെ പാദത്തിനു നല്കുന്ന നനവ് അനുഭവിച്ചറിയുക. അതു ചെയ്യുന്നതു ദൈവമാണെന്ന് ഓർക്കുക. മഹത്വപൂർണ്ണമായ തന്റെ സമ്പത്തിൽനിന്നും അവൻ നിങ്ങൾക്കായി അനുദിനവും വേണ്ടതു നല്കുന്നുണ്ടെന്ന് ഓർക്കുക.

**കൂടുതൽ വചനങ്ങൾ:** 2 കൊരിന്ത്യർ 9:8, എഫേസ്യർ 3:20–21

ദിനം 27

# മഞ്ഞുകണങ്ങൾ രാവിലെ പ്രത്യക്ഷപ്പെടുന്നു

ബൈബിളിലെ ഏറ്റവും പ്രചോദനാത്മകമായ വചനങ്ങളിൽ ഒന്ന് നിങ്ങളോടു പങ്കുവച്ച്, നിങ്ങളെ പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു

**സങ്കീർത്തനം 30:5** അവിടുത്തെ കോപം ക്ഷണനേരത്തേക്കുമാത്രം; അവിടുത്തെ കരുണയോ ആജീവനാന്തമുള്ളത്; രാത്രിയിൽ വിലാപം ഉണ്ടായേക്കാം; എന്നാൽ പ്രഭാതത്തിലോ ആനന്ദം വരുന്നു.

ഈ വചനത്തെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, നമ്മുടെ ജീവിതത്തിലേക്ക് നമുക്കൊന്നു തിരിഞ്ഞുനോക്കാം, നാം കടന്നുപോയ ഉയർച്ചകളിലൂടെയും താഴ്ചകളിലൂടെയുമെല്ലാം.

- നിങ്ങൾക്ക് എന്തു വികാരമാണ് അനുഭവപ്പെടുന്നത്?
- ദൈവം നമ്മോടു കാണിക്കുന്ന വിശ്വസ്തതയെപ്രതി നിങ്ങളിൽ നന്ദി നിറയുന്നുണ്ടോ?

ഒന്നും ശരിയാവാൻ പോകുന്നില്ലയെന്ന ചിന്തയോ, ഒന്നും പ്രതീക്ഷിക്കാനില്ലയെന്നോ യാതൊരു സഹായവും ലഭിക്കുവാനില്ലെന്ന ചിന്തയോ നിങ്ങളെ പിടികൂടിയ സമയങ്ങൾ ഉണ്ടായിരിക്കാം. അത്തരം സാഹചര്യങ്ങളിൽ പോലും നമ്മുടെ ജീവിതത്തിലേക്കു പാഞ്ഞുവന്ന് നമ്മുടെ സാഹചര്യങ്ങൾ മാറ്റിയെഴുതിയ സമയങ്ങൾ നമ്മൾ ധാരാളം കണ്ടിട്ടുണ്ട്. ആകുലതകളും ആകാംക്ഷകളും നമ്മെ മൂടുന്ന ഇരുണ്ടസമയങ്ങളിൽപോലും – അതു ചിലപ്പോൾ സാമ്പത്തിക പ്രതിസന്ധിയാകാം, കൗമാരപ്രായം പിന്നിടുന്ന കുട്ടികളെക്കുറിച്ചുള്ള ആകുലതകളാകാം, പ്രായം ചെന്ന മാതാപിതാക്കളെ ബാധിച്ചിരിക്കുന്ന രോഗങ്ങളാകാം, ജോലിയെസംബന്ധിച്ച പ്രശ്നങ്ങളാകാം – ദിവസത്തിന്റെ

അവസാനം നിങ്ങൾ ഏകനായിരുന്ന്, എന്താണുവരാൻ പോവുക എന്ന ചിന്തകളുമായി മല്ലിടുമ്പോൾ:

- വീട്ടുവാടകകൊടുത്തു തീർക്കാൻ പറ്റാതെവന്നാൽ...
- കുട്ടികളുടെ സ്കൂൾ/കോളേജ് ഫീസ് അടക്കാൻ കഴിയാതെവന്നാൽ...
- അമ്മയോ/അപ്പനോ വീണ്ടും രോഗബാധിതരായാൽ...
- എന്റെ മകൻ/മകൾ മാറ്റംമൊന്നും വരുത്താതെ തുടർന്നാൽ...
- പ്രതീക്ഷിക്കുന്ന രീതിയിൽ എന്റെ ജോലി പുരോഗതിപ്രാപിക്കാതിരുന്നാൽ...
- എഴുതിയ പരീക്ഷയിൽ ഞാൻ പരാജയപ്പെട്ടാൽ...
- ജോലിക്കായി കൊടുത്ത അപേക്ഷ സ്വീകരിക്കാതെവന്നാൽ...

എന്താണുസംഭവിക്കുക എന്ന ഈ ചിന്തകൾ നമ്മുടെ ചിന്തകളെ കീഴടക്കുമ്പോൾ...

പുൽനാമ്പുകളിലും ഇലകളുടെ അറ്റത്തും കണ്ടിട്ടുള്ള ചെറിയ വെള്ളത്തുള്ളികളെ ശ്രദ്ധിച്ചിട്ടുണ്ടോ? രാത്രിയിൽ ഊഷ്മാവു താഴുകയും ഭൂമിയിലെ ഓരോ വസ്തുക്കളും തണുക്കുകയും ചെയ്യുമ്പോഴാണ് ഈ മഞ്ഞുതുള്ളികൾ രൂപം കൊള്ളുന്നത്. ഇരുട്ടിൽ, ഏറ്റവും തണുപ്പായ സമയത്ത്, ഏറ്റവും ഏകാന്തമായ സമയത്ത്, സൂര്യൻ ഉദിച്ചുവരുന്നതിനും മുമ്പ്, പക്ഷികൾ ഉണർന്നു പാടുന്നതിനും മുമ്പ്, ലോകം ഉണരുന്നതിനും മുമ്പുതന്നെ ഈ മഞ്ഞുതുള്ളികൾ രൂപം കൊള്ളുന്നു. മഞ്ഞുതുള്ളിയെ നോക്കി നാം അതിശയിക്കേണ്ട കാര്യമെന്തെന്നാൽ, നാം നമ്മുടെ ആകുലതകളും ഭയങ്ങളുമായി മല്ലടിക്കുന്ന സമയത്തും ദൈവം നമുക്കൊരു പുതിയ ദിനം വിജയകരമായി നടത്താനും വേണ്ടതു നല്കി അനുഗ്രഹിക്കാനും വേണ്ടി നമുക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന സംഗതിയാണ്.

**റോമർ 8:29** എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാകാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു.

നാം ചിന്താക്കുഴപ്പത്തിലായിരിക്കുന്ന സമയങ്ങളിൽ പോലും ദൈവം നമ്മെ അനുഗ്രഹിക്കാനുള്ള വഴികൾ തേടുകയും മുന്നോട്ടുള്ള നമ്മുടെ പ്രയാണം നമുക്കനുകൂലമാക്കുകയും ചെയ്യുന്നു എന്നു നാം മനസ്സിലാക്കുന്നത് എത്ര അതിശയകരമാണ്?

സുഹൃത്തുക്കളേ, പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ പ്രത്യക്ഷപ്പെടും എന്നതാണ് നമുക്കുള്ള സദ്വാർത്ത. രാത്രി എപ്രകാരമുള്ളതായാലും, എത്ര കഠിനമായതായാലും, മഞ്ഞുതുള്ളികൾ രാവിലെ വരും, അവ ഇലകളെ തിളക്കമാർന്നതും സുന്ദരമായതുമാക്കി തീർക്കും.

ദൈവം വിശ്വസ്തനാണ്, നമ്മുടെ ഇരുണ്ട-താഴ്ന്ന-ഏകാന്തമായ സമയങ്ങളിൽ പോലും ദൈവം അവിടെയുണ്ട്. അവൻ അപ്പോഴും കരുതും, അപ്പോഴും അനുഗ്രഹിക്കും, അപ്പോഴും ചലിക്കും, അപ്പോഴും നല്ലവനാണ്, അപ്പോഴും സ്നേഹിക്കുന്നവനാണ്, അപ്പോഴും വിശ്വസ്തനാണ്. നമുക്ക് അവനിൽ ആശ്രയിക്കാം.

**കൂടുതൽ വചനങ്ങൾ:** എഫേസ്യർ 6:12

ദിനം 28

# നല്ലവാഗ്ദാനങ്ങളൊന്നും പരാജയപ്പെടില്ല

**യോശുവ 23:6-16** ദൈവമായ യഹോവ നിങ്ങൾക്കു നല്കിയ നല്ല വാഗ്ദാനങ്ങളിൽ ഒന്നുപോലും പരാജയപ്പെട്ടിട്ടില്ല

അടുത്തിടെ ഒരു സുഹൃത്തുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ഞങ്ങൾക്കു രണ്ടുപേർക്കും നന്നായി അറിയാമായിരുന്ന ഒരു പണിക്കാരനെക്കുറിച്ചു സംസാരിക്കാനിടയായി. മേലിൽ അയാളുടെ സഹായം തേടില്ലയെന്ന് എന്റെ സുഹൃത്തു പറഞ്ഞു. എന്തുകൊണ്ടാണത് എന്ന എന്റെ ചോദ്യത്തിന്: അയാൾക്കു പണിയറിയാം എന്നാൽ വാക്കിന്റെ വിലയെന്താണെന്ന് അറിയില്ല എന്നു പറഞ്ഞു. എന്റെ സുഹൃത്തിനെ കുറ്റം പറയാൻ എനിക്കു കഴിഞ്ഞില്ല. എന്നെ പോലെ ചിന്തിക്കുന്ന ഒരു വ്യക്തിയാണുനിങ്ങൾ എങ്കിൽ, ഉവ്വ് എന്ന വാക്കിന് ഉവ്വ് എന്ന അർത്ഥം കല്പിക്കാത്ത ഒരു വ്യക്തി

യുമായി ഒരു ഇടപാടിനും നില്ക്കാൻ നിങ്ങളും തയ്യാറാകില്ല.

ജോലിസ്ഥലത്തും, പഠനസ്ഥലത്തും, ബിസിനസ്സിലും, സുഹൃത്തുക്കളുടെയടുത്തുമെല്ലാം, നാം പാലിക്കുമെന്ന് ഉറപ്പില്ലാത്ത അലക്ഷ്യമായ വാഗ്ദാനങ്ങൾ നാം ചെയ്ത സമയങ്ങൾ ഉണ്ടായിരിക്കാം. ചിലസന്ദർഭങ്ങളിൽ ഇതൊന്നും നമ്മെ ഏശാതെ നാം രക്ഷപെട്ടുപോയിട്ടുമുണ്ടാകാം. എന്നാൽ വാസ്തവമെന്നത്, ആത്മാർത്ഥതയില്ലായ്മയും ആശ്രയംവയ്ക്കാൻ കഴിയാത്തതും ശ്രേഷ്ഠമായ ബന്ധങ്ങളുടെ കൊലയാളിയാണ്.

ഇന്നത്തെ വചനം നമ്മോട് ഉദ്ഘോഷിക്കുന്ന ഒരു കാര്യമെന്തെന്നാൽ, നമ്മുടെ കർത്താവായ യഹോവയായ ദൈവം അത്തരക്കാരനല്ല എന്നാണ്. നാം ശുശ്രൂഷിക്കുന്ന നമ്മുടെ ദൈവത്തിന്, പരാജയപ്പെടാത്ത വിശ്വസനീയതയുടെ ഒരു നാൾവഴികണക്കുണ്ട്.

നാല്പതുവർഷത്തെ പരദേശിപ്രയാണത്തിനുശേഷം, ദൈവം ഇസ്രായേൽ ജനതയെ പാലും തേനും ഒഴുകുന്ന കാനാൻ ദേശത്തു പാർക്കുമാറാക്കി. നൂറ്റാണ്ടുകൾക്കുമുമ്പ്, തങ്ങളുടെ പൂർവ്വപിതാവായ അബ്രഹാമിനു ദൈവം നല്കിയ ഒരു വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു അത് (**ഉല്പത്തി 12:6–7**). എത്രമാത്രം സംഭവങ്ങൾ ഈ നൂറ്റാണ്ടുകളിലൂടെയെല്ലാം അരങ്ങേറിയിട്ടുണ്ടാകും, എത്രമാത്രം തലമുറകൾ വന്നുപോയിക്കാണും, എന്നിരുന്നാലും ദൈവം തന്റെ വാക്കു നിറവേറ്റി. ഇക്കാര്യത്തെക്കുറിച്ചാണ് പതിനാലാം വാക്യത്തിൽ യോശുവ ഇസ്രായേൽ മക്കളെ ഓർമ്മിപ്പിച്ചത്. ...നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു നല്കിയ നല്ല വാഗ്ദാനങ്ങളിൽ ഒന്നുപോലും പരാജയപ്പെട്ടിട്ടില്ല എന്നു നിങ്ങൾക്കു പൂർണ്ണമായും അറിയാമല്ലോ...

രക്ഷിക്കാനും വിടുവിക്കാനുമുള്ള തന്റെ വാഗ്ദാനം ദൈവം പാലിച്ചതുപോലെ തന്നെ, അനുസരണക്കേടിൽ തുടർന്നാൽ തന്റെ ശാസനയും ശിക്ഷണവും നിശ്ചയമായും നിലവിൽവരുമെന്ന ദൈവത്തിന്റെ മുന്നറിയിപ്പിനെക്കുറിച്ചും യോശുവ ജനത്തോടു പറഞ്ഞു (വാ 15). ദൈവത്തിന്റെ വ്യവസ്ഥകൾക്കു നാം വിധേയരായില്ലെങ്കിൽ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ നമുക്ക് അവകാശമൊന്നും ഉന്നയിക്കാൻ കഴിയില്ല.

ദൈവത്തിന്റെ വിശ്വസ്തത, വിശ്വസ്തരായി തുടരുന്നതിൽ നമുക്ക് പ്രചോദനമാകേണ്ടതുണ്ട്.

നൈമിഷികമായ വീഴ്ചകളും നിരാശയുമൊക്കെ നാം നേരിടുമ്പോൾ, ദൈവത്തിന്റെ വാഗ്ദാനങ്ങളെ ഓർക്കുക. നാം കാണുന്ന സാഹചര്യങ്ങളിൽ ശ്രദ്ധയുറപ്പിക്കാതെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ നമുക്ക് ഉറച്ചുനില്ക്കാം, ദൈവത്തിന്റെ വിശ്വസ്തമായവാക്കുകളിലേക്ക് നമ്മുടെ ശ്രദ്ധയുറപ്പിക്കാം. ദൈവം നമുക്കുവേണ്ടി നിറവേറ്റാനിരിക്കുന്ന വാഗ്ദാനങ്ങളെ ഓർത്തു പോലും നന്ദി പറഞ്ഞുകൊണ്ട്, നമുക്കു ഒരു പടി മുന്നോട്ടു നില്ക്കാം. എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് അവൻ നിങ്ങളിലേക്ക് എത്തുന്ന സമയംവരെ മുറുകെ പിടിച്ചു നില്ക്കാൻ അവിടുത്തെ കൃപ നിങ്ങൾക്കുണ്ടാകുവാൻ പ്രാർത്ഥിക്കുക. ഒന്നും നിങ്ങളെ ഇടറിക്കല്ലെ. വിശ്വസ്തരായവർക്ക്, ദൈവം എല്ലായ്പ്പോഴും വിശ്വസ്തനാണെന്ന് തെളിയിക്കുന്നവനാണ്.

ഇന്നത്തെ ഡിവോഷണൽ അവസാനിക്കുന്നതിനുമുമ്പ്, താഴെക്കൊടുത്തിരിക്കുന്ന വാക്കുകളിൽ ഉള്ള ഉറപ്പിനെക്കുറിച്ചുകൂടി നമുക്കു നോക്കാം

**യാക്കോബ് 1:17** നല്ലതും പൂർണ്ണവുമായ എല്ലാ ദാനങ്ങളും ഉയരത്തിൽനിന്ന്, സ്വർഗ്ഗീയപ്രകാശങ്ങളുടെ പിതാവികൽ നിന്ന് ഇറങ്ങിവരുന്നു; മാറിക്കൊണ്ടിരിക്കുന്ന നിഴലുകൾക്കുതുല്യം അവിടുന്നു മാറിപ്പോകുന്നവനല്ല.

**2 കൊരിന്ത്യർ 1:20** ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടായിരുന്നാലും അവയെല്ലാം ക്രിസ്തുവിൽ "ഉവ്വ്" എന്നു തന്നേ.

അപ്പസ്തോലൻ പൗലോസ് പ്രഖ്യാപിച്ചതുപോലെ നമുക്കും ആത്മവിശ്വാസത്തോടെ പ്രഖ്യാപിക്കാം: **2 തിമോത്തി 1:12** ... എന്തുകൊണ്ടെന്നാൽ, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു...

**കൂടുതൽ വചനങ്ങൾ:** സംഖ്യ 23:19, റോമർ 4:18–21

# സ്നേഹം

## മത്തായി 10:29-31

29ഒരു കാശിനു രണ്ടു കുരുവിയെ വില്ക്കുന്നില്ലയോ?
എങ്കിലും നിങ്ങളുടെ പിതാവിന്റെ ഇഷ്ടം കൂടാതെ
അവയിൽ ഒന്നുപോലും നിലത്തുവീഴികയില്ല.
30നിങ്ങളുടെ തലയിലെ ഓരോ രോമവും എണ്ണപ്പെട്ടിരിക്കുന്നു.
31ആകയാൽ ഭയപ്പെടേണ്ട,
അനവധി കുരുവികളെക്കാളും നിങ്ങൾ വിലയേറിയവരത്രേ

**സ്നേഹം**

| | | |
|---|---|---|
| ദിനം 29 | : | ദൈവത്തിന്റെ സ്നേഹാർദ്രമായ അനുകമ്പ - വിലാപങ്ങൾ 3:22-23, 1 യോഹന്നാൻ 3:1 |
| ദിനം 30 | : | സ്നേഹത്തോടുകൂടിയ ദൈവത്തിന്റെ ശിക്ഷണം - എബ്രായർ 12:4-6 |
| ദിനം 31 | : | നമ്മുടെ പ്രചോദനമായ യേശു - യോഹന്നാൻ 13:12-17, 2 കൊരിന്ത്യർ 5:14 |
| ദിനം 32 | : | കൊടുത്തുതീർക്കാത്ത കടം - റോമർ 13:8 |
| ദിനം 33 | : | പ്രവൃത്തിപഥത്തിലുള്ള സ്നേഹം - 1 കൊരിന്ത്യർ 13:4-7, റോമർ 12:9-21 |
| ദിനം 34 | : | സ്നേഹം പാപത്തിന്റെ ആധിക്യം മറയ്ക്കുന്നു - 1 പത്രോസ് 4:8, മത്തായി 18:32-35 |
| ദിനം 35 | : | ദൈവീകമായ സൂപ്പർഗ്ലൂ: സകലതിനെയും ഒരുമിച്ചു നിർത്തുന്ന സ്നേഹം - കൊലോസ്യർ 3:13-14 |

ദിനം 29

## ദൈവത്തിന്റെ സ്നേഹാർദ്രമായ അനുകമ്പ

**വിലാപങ്ങൾ 3:22-23** യഹോവയുടെ മഹാസ്നേഹം നിമിത്തം ഞാൻ നശിപ്പിക്കപ്പെട്ടില്ല. അവന്റെ കരുണകൾ തീർന്നു പോകുന്നില്ല. അവ പ്രഭാതംതോറും പുതിയതാകുന്നു; അവിടുത്തെ വിശ്വസ്ത വലിയതും ആകുന്നു.

ദൈവത്തിന്റെ കേന്ദ്രസത്തു തന്നെയായ സ്നേഹത്തിലാണ് ഈ ആഴ്ചയിൽ നാം ശ്രദ്ധയർപ്പിക്കുന്നത്. മനുഷ്യമനസ്സുകൾക്കു ഗ്രഹിക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ഉയരവും ആഴവും പരപ്പും ദൈവസ്നേഹത്തിനുണ്ട് (**എഫേസ്യർ 3:18**). ഇന്നു നമുക്ക് ദൈവത്തിന്റെ സ്നേഹാർദ്രമായ അനുകമ്പയിലേക്കു ശ്രദ്ധയൂന്നാം.

അനുകമ്പ എന്ന വാക്കിന് ദയയെന്നും സഹതാപമെന്നുമൊക്കെയുള്ള ച്ഛായയുണ്ട്. എന്നാൽ ശരിക്കും അനുകമ്പ എന്ന വാക്ക് കൂടുതൽ ആഴത്തിലുള്ളതും ശക്തമായതും ഔന്നത്യമുള്ളതുമായ ഒന്നാണ്.

ഈ വാക്കിന്റെ ആഴവും പ്രാധാന്യവും കൂടുതൽ വ്യക്തമാകുന്നതിനുവേണ്ടി നമുക്ക് മൂലവാക്കിലേക്കു നോക്കാം. അനുകമ്പയെന്ന് നമ്മൾ വിവർത്തനം ചെയ്യുന്ന കംപാഷൻ "compassion"എന്ന വാക്ക് ജന്മമെടുത്ത ലത്തീനിലെ (Latin) "കംപാറ്റി" (compati) എന്ന വാക്കിന് "കൂടെ സഹിക്കുക" (suffer with) എന്നാണ് അർത്ഥം. മറ്റൊരാളുടെ ഹൃദയവേദന നിങ്ങളുടെ ഹൃദയവേദനതന്നെയാകുന്നു.

മറ്റൊരുവന്റെ സഹനം നിങ്ങളുടെ സ്വന്തം സഹനമായിത്തീരുന്നു. ശരിയായ രീതിയിലുള്ള അനുകമ്പ നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്നു.

മുഴുവൻ ഇസ്രായേൽ മക്കളെയും ദൈവവചനം പഠിപ്പിക്കാനും പ്രവചിക്കാനുമാണ് യിരമ്യാ തന്റെ ജീവിതകാലം വിനിയോഗിച്ചത്. എന്നാൽ എല്ലാക്കാലത്തും അവർ പ്രവാചകനെ തള്ളിക്കളയുകയും അവഹേളിക്കുകയും പരിഹസിക്കുകയുമാണുണ്ടായത്. എന്നാൽ പിന്നീട് ജെറുസലേമിനുമീതെ തകർച്ചയും വിനാശവും വന്നു പതിച്ചപ്പോൾ, യിരമ്യാവ് ആഴത്തിലുള്ള ഒരു വിഷാദാവസ്ഥയിൽ എത്തിച്ചേർന്നു. ദൈവത്തിന്റെ സുന്ദരമായ ആ പട്ടണത്തിന്റെ നാശാവശേഷങ്ങൾക്കു മുകളിൽ ഇരുന്നു വിലപിക്കുകയും ദുഃഖിക്കുകയും ചെയ്തു. ദൈവത്തിന്റെ സ്വന്തം പട്ടണമെന്നു വിളിച്ചിരുന്ന ജെറുസലേമിന്റെ അവശേഷിപ്പുകൾ കാണുമ്പോൾ തനിക്കുണ്ടായ വേദനയും ദുഃഖവും വിലാപങ്ങളുടെ പുസ്തകം നമ്മെ മനസ്സിലാക്കി തരുന്നു.

**വിലാപങ്ങൾ 3:22-32** വായിക്കുമ്പോൾ; തന്റെ ദുരവസ്ഥയിലും പ്രവാചകന് ദൈവത്തിന്റെ സ്നേഹത്തോടുകൂടിയ കരുണയും, ആഴത്തിലുള്ള അനുകമ്പയും, മറുതലിക്കുന്നവരായ തന്റെ ജനത്തിനുവേണ്ടിയുള്ള നീണ്ട സഹനങ്ങളും കാണാൻ സാദ്ധ്യമാകുന്നു. അതുകൊണ്ടുതന്നെയാണ് സുന്ദരമായ ഈ സത്യം വിളിച്ചുപറയാൻ യിരമ്യാവിനു കഴിഞ്ഞത്. ...*അവന്റെ കരുണകൾ തീർന്നു പോകുന്നില്ല. അവ പ്രഭാതം തോറും പുതിയതാകുന്നു; അവിടുത്തെ വിശ്വസ്തത വലിയതും ആകുന്നു.*

നമ്മുടെ ജീവിതത്തിൽ പ്രതീക്ഷിക്കാത്ത വഴിത്തിരിവുകൾ ഉണ്ടാകുമ്പോഴോ, നമ്മുടെ സാഹചര്യങ്ങൾ നമുക്കുതന്നെ മനസ്സിലാക്കാൻ കഴിയാതെവരുമ്പോഴോ, ദുർഘടകരമായ ഒരു സമയത്ത് വേദനയിലും ദുഃഖത്തിലും കൂടി നാം കടന്നുപോകുമ്പോഴോ ഒക്കെ, നമ്മളും ദൈവത്തിന്റെ പരിപാലനയെയും കരുതലിനെയും സംശയിക്കാൻ പ്രലോഭിപ്പിക്കപ്പെടും. പിറുപിറുക്കാനും, "എന്നോട് ഇത് എന്തിന്?" എന്നു ചോദിക്കാനും നാം മുതിർന്നേക്കാം.

ദൈവത്തിന്റെ സ്നേഹമസൃണമായ അനുകമ്പ ഒരിക്കലും പരാജയപ്പെടാത്തതാണ് എന്ന് യിരമ്യാവ് പെട്ടെന്നു തന്നെ തിരിച്ചറിയുന്നു എന്ന സംഗതി ഈ വചനങ്ങൾ നമുക്കു കാണിച്ചു തരുന്നു. ദൈവം തന്റെ മക്കളെ പൂർണ്ണമായും കൈവിട്ടിട്ടില്ല എന്നകാര്യം യിരമ്യാവ് മനസ്സിലാക്കി. ഇപ്പോൾ ഉപേക്ഷിക്കപ്പെട്ടും തരിശായും കിടക്കുന്ന ഈ ഭൂമിയിലേക്ക് ദൈവം തന്റെ ജനതയെ കൂട്ടിച്ചേർക്കുന്ന ദിവസം വരുമെന്ന് പ്രവാചകൻ മുന്നേ കണ്ടു.

നമ്മുടെ കാര്യം എങ്ങനെയാണ്? നമ്മുടെ ദുർഘട സമയങ്ങളിൽ, ദൈവത്തിന്റെ സ്നേഹം നിറഞ്ഞ അനുകമ്പയിലും അവിടുത്തെ വലിയ സ്നേഹത്തിലും ശ്രദ്ധയർപ്പിച്ച് പ്രത്യാശയോടെയിരിപ്പാൻ നമുക്കു കഴിയുന്നുണ്ടോ?

**യോഹന്നാൻ 3:16**ൽ ദൈവത്തിന്റെ സ്നേഹാർദ്രമായ അനുകമ്പയുടെ ഏറ്റവും സുന്ദരമായ വിവരണം നമുക്കു കാണാനാകും. ലോകം ദൈവത്തെ തള്ളിയെങ്കിലും, ദൈവം ലോകത്തെ വീണ്ടെടുക്കാനായി തന്റെ മകനെ ഭൂമിയിലേക്കയച്ചു. തന്നെ ക്രൂശിച്ചവർക്കുവേണ്ടിത്തന്നെ യേശു കുരിശിലേക്കു പോയി, അതിനെയാണ് അനുകമ്പ എന്നു പറയുന്നത്.

ദൈവത്തിനു നമ്മോടുള്ള മഹത്തായ സ്നേഹത്താൽ, ഇന്നു നമുക്കോരോരുത്തർക്കും ദൈവമക്കളാകുവാൻ ശ്രേഷ്ഠമായ ഒരു അവസരം ഒരുങ്ങിയിരിക്കുന്നു. ഇസ്രായേൽ ദേശത്തിനും ലോകത്തിനുമുഴുവനും നേരെ ദൈവം കാണിക്കുന്ന സ്നേഹപൂർണ്ണമായ അനുകമ്പയാൽ ചലിപ്പിക്കപ്പെടാതെ മത്തായി 28:18-20ൽ യേശു നമുക്കു നല്കിയിരിക്കുന്ന മഹത്തായ കല്പന നിറവേറ്റാൻ നമുക്കു കഴിയുകയില്ല.

തിന്മയും ദൈവീകതയില്ലായ്മയും വെറുപ്പും അത്യാഗ്രഹവും ദുഷ്ടതയും നിറഞ്ഞ ഒരു ലോകമാണ് നമുക്കിന്നുള്ളത്. ഓരോരുത്തരും അവരുടെ ഹൃദയത്തിലെ പാപഗ്രസ്തമായ ആഗ്രഹങ്ങൾക്കു പിറകേപോകുന്ന കാഴ്ച നാം കാണുന്നു. സ്ത്രീകളെയും കുട്ടികളെയും ക്രൂരമായ രീതിയിൽ ലൈംഗീകമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു. ദൈവത്തിന്റെ സാദൃശ്യത്താൽ സൃഷ്ടിക്കപ്പെട്ട ദശലക്ഷക്കണക്കിനു കുട്ടികൾ ഗർഭച്ഛിദ്രത്തിലൂടെ ഓരോ വർഷവും വധിക്കപ്പെടുന്നു.

നമ്മുടെ ഹൃദയത്തിൽ ദൈവം തന്റെ സ്നേഹവും അനുകമ്പയും നിറയ്ക്കാൻ നമുക്കു പ്രാർത്ഥിക്കാം, സുവിശേഷം അനേകർക്കു പങ്കുവയ്ക്കുവാൻ നാം പ്രചോദിതരാകുവാനും. നമ്മിലൂടെ അനേകഹൃദയങ്ങൾ ദൈവവചനത്തിലൂടെ വിശുദ്ധീകരിക്കപ്പെടാൻ ഇടയാകട്ടെ.

**പരിഗണനയ്ക്കുവയ്ക്കാൻ ചില ചോദ്യങ്ങൾ ചുവടെ കൊടുക്കുന്നു:**

1. നിങ്ങൾ കടന്നുപോകുന്ന ദുർഘടസമയങ്ങളിൽ ദൈവത്തിന്റെ സ്നേഹവും അനുകമ്പയും തിരിച്ചറിയാൻ കഴിയുന്നുണ്ടോ?

2. ശരിക്കുമൊരു ദൈവപൈതലാണോ നിങ്ങൾ?

3. നിങ്ങളുടെ സ്വഭാവരീതികൾ നല്കുന്ന സൂചനകൾ ഇതിലേക്കു വിരൽ ചൂണ്ടുന്നുണ്ടോ?

4. ദൈവത്തിൽ നിന്നു നിങ്ങൾക്കു ലഭിച്ച സ്നേഹവും അനുകമ്പയും നിങ്ങൾ മറ്റുള്ളവരോടു പങ്കുവയ്ക്കുന്നുണ്ടോ?

**കൂടുതൽ വചനങ്ങൾ:** 1 യോഹന്നാൻ 3:1, ഏശയ്യ 30:18

ദിനം 30

# സ്നേഹത്തോടുകൂടിയ ദൈവത്തിന്റെ ശിക്ഷണം

**എബ്രായർ 12:4-6** ...കർത്താവു താൻ സ്നേഹിക്കുന്നവനു ശിക്ഷണം നല്കുന്നു...

നാമെല്ലാവരും തന്നെ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ശിക്ഷണത്തിലൂടെ കടന്നുപോയിട്ടുണ്ട്, അതുകൊണ്ടുതന്നെ, ശിക്ഷണത്തിലൂടെ കടന്നുപോകുന്നത് എത്രമാത്രം ബുദ്ധിമുട്ടാണ് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഇന്നു നമ്മൾ ഈ വചനങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഒന്നുകിൽ നാം മുമ്പേ കടന്നുപോയ ഒരു ശിക്ഷണസമയത്തേക്കു വർദ്ധിച്ച കൃതജ്ഞതയോടെ തിരിഞ്ഞുനോക്കാൻ സഹായിക്കും, അല്ലെങ്കിൽ നാം ഇപ്പോൾ കടന്നുപോകുന്ന വെല്ലുവിളികളിൽ ശക്തി കണ്ടെത്താൻ സഹായിക്കും.

മനുഷ്യനിൽനിന്നുമുള്ള ശിക്ഷണം തിരിച്ചറിയാൻ എളുപ്പമാണ്. നമ്മുടെ കുട്ടികളുടെ കുറവുകൾക്കു ശിക്ഷണം നല്കുന്നതും, സർക്കാർ നിർദ്ദേശങ്ങൾ തെറ്റിക്കുമ്പോൾ നാം ശിക്ഷണത്തിലൂടെ കടന്നുപോകുന്നതുമെല്ലാം ഉദാഹരണമായി പറയാവുന്നതാണ്. എന്നാൽ, ദൈവത്തിൽ നിന്നും വരുന്ന ശിക്ഷണം നാം എപ്രകാരമാണ് മനസ്സിലാക്കി എടുക്കുന്നത്?

എബ്രായർ പതിനൊന്നാം അദ്ധ്യായത്തിൽ വിശ്വാസ വീരന്മാരെക്കുറിച്ചു സംസാരിക്കുന്നു. ശിക്ഷണത്തിലൂടെ കടന്നുപോകുമ്പോൾ നാം സഹിഷ്ണുതയോടെ അതിനെ സ്വീകരിക്കേണ്ടതുണ്ട്. ഒന്നാമത്തെ കാര്യം, ഈ വിശ്വാസവീരന്മാരെല്ലാം നമ്മുടെ മുന്നിൽ സാക്ഷികളുടെ ഇത്രവലിയൊരു സമൂഹമായി നിലകൊള്ളുന്നു, അവർ നമ്മെ നിരന്തരമായി പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ അതിലും പ്രധാനമായ കാര്യം, നമ്മുടെ വിശ്വാസത്തിന്റെ നായകനും (തുടക്കക്കാരനും) പൂർത്തിവരുത്തുന്നവനുമായ യേശുവിനെ പ്രതിയാണ് നാം സഹിഷ്ണുതയോടെ നമ്മുടെ ഓട്ടം പൂർത്തിയാക്കേണ്ടത്. ഈ ഭൂമിയിലായിരുന്നപ്പോൾ യേശുവും ശിക്ഷണം നേടി, സഹനത്തിലൂടെ അനുസരണം അഭ്യസിച്ചു (**എബ്രായർ 5:8**)

ദൈവം നല്കുന്ന ശിക്ഷണത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്? തീർച്ചയായും ദൈവം അനേകവഴികളിൽ പ്രവർത്തിക്കുന്നു, അതിനാൽ പൂർണ്ണമായ ഒരു പട്ടിക ഉണ്ടാക്കുകയെന്നത് അസാദ്ധ്യമാണ്. എന്നിരുന്നാലും, ചില സാദ്ധ്യതകൾ ചുവടെ ചേർക്കുന്നു. ഇവയെല്ലാം ദൈവം നല്കുന്ന ശിക്ഷണത്തിലേക്കു വിരൽ ചൂണ്ടുന്നു:

1. ഒരു പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാൻ വേണ്ടി നാം കാത്തിരിക്കുന്നത്

2. മനപൂർവ്വമായോ അല്ലാതെയോ നാം ചെയ്ത ഒരു പാപത്തിന്റെ അനന്തരഫലം അനുഭവിക്കുന്നത്

3. നമ്മുടെ തെറ്റിന്റെ ഫലമായല്ലാതെ, ശാരീരികമായോ വൈകാരികമായ ഉള്ള ഒരു ദുരവസ്ഥയിലൂടെ നാം കടന്നുപോകുന്നത്

4. നമ്മുടെ അവഗണനമൂലം നാം കടന്നുപോകുന്ന ശാരീരിക-വൈകാരിക വിഷമഘട്ടം

5. വിശ്വാസത്തെപ്രതി നാം ഒരു പീഡനത്തിലൂടെയോ സഹനത്തിലൂടെയോ കടന്നു പോകുന്ന ഒരു കാലഘട്ടം

ദൈവം നല്കുന്ന ശിക്ഷണത്തിന്റെ ലക്ഷ്യങ്ങൾ നാം മനസ്സിലാക്കുമ്പോൾ, നമുക്കുസംഭവിക്കുന്നത് എന്താണ് എന്ന ഒരു തിരിച്ചറിവു നമുക്കുണ്ടാകും, ഇത്തരം ദുർഘടഘട്ടങ്ങളിൽ അതു നമ്മെ സഹായിക്കുകയും ചെയ്യും. ദൈവം നല്കുന്ന ശിക്ഷണം നമ്മെ നയിക്കേണ്ടത്:

1. നമ്മുടെ സ്വഭാവത്തെ സംശുദ്ധമാക്കുന്നതിനുവേണ്ടിയും

2. നമ്മുടെ വിശ്വാസത്തെ ശക്തീകരിക്കുന്നതിനുവേണ്ടിയും

3. ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെ ആഴപ്പെടുത്തുന്നതിനുവേണ്ടിയും

4. ദൈവത്തോടുള്ള നമ്മുടെ അനുസരണം ഉയർത്തപ്പെടുവാൻ വേണ്ടിയുമാണ്.

നിഷ്കളങ്കനായിരുന്നിട്ടുപോലും, താൻ അനുഭവിച്ച കഷ്ടതകളിൽ കൂടി യേശുവിന് ശിക്ഷണം അഭ്യസിക്കേണ്ടിവന്നു. അതുകൊണ്ടുതന്നെ, ശിക്ഷണത്തിലൂടെ കടന്നുപോവുക എന്നത്, നിങ്ങൾ തെറ്റുകാരനാണെന്നോ ശിക്ഷയ്ക്കു യോഗ്യനാണെന്നോ അർത്ഥമാക്കുന്നില്ല - നമ്മുടെ തെറ്റുകളിലും കുറവുകളിലും ദൈവം നമുക്കു ശിക്ഷണം നല്കുന്നു എന്നത് ഒരു വസ്തുതയാണെങ്കിലും. ദൈവമക്കൾ എന്ന നിലയ്ക്ക്, ശിക്ഷണത്തിലൂടെ കടന്നുപോകുമ്പോൾ നാം അതിശയിക്കേണ്ടതില്ല, കാരണം, സ്നേഹവാനായ നമ്മുടെ സ്വർഗ്ഗീയപിതാവ് ഇതിലൂടെയെല്ലാം നമ്മെ പക്വതയുള്ളവരാക്കുകയാണു ചെയ്യുന്നത്. ഈ പ്രയാസങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോൾ, ശാന്തനായിരിക്കുകയും പ്രാർത്ഥനാനിരതനായിരിക്കുകയും ചെയ്യുക. കാരണം, ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു (**എബ്രായർ 12:7**)

സഹനങ്ങളിലൂടെ പോയനാളുകളിൽ, "എന്തിനാണ്?" എന്ന ചോദ്യം ഞാൻ ആവർത്തിച്ചു ചോദിച്ചിട്ടുണ്ട്. എന്നാൽ സഹോദരീസഹോദരന്മാരെ, നമ്മുടെ ചോദ്യങ്ങൾക്കെല്ലാമുള്ള മറുപടി വേഗത്തിലുള്ളതും എളുപ്പം ഗ്രഹിക്കാവുന്നതുമല്ല, അതുകൊണ്ട് നാം ക്ഷമാശീലരായി ഇരുന്നേ പറ്റൂ. വേഗത്തിലുള്ളതും ലളിതമായതുമായ ഉത്തരങ്ങൾ ഇല്ല എന്നുതന്നെ പറയാം. നമ്മിൽ കൊണ്ടുവരണമെന്ന് ദൈവം ആഗ്രഹിക്കുന്ന ചില സ്വഭാവരൂപീകരണങ്ങൾ വളരെ നേര്യതും ആഴത്തിലുള്ളതുമാകാം, ചിലമാറ്റങ്ങൾ നീണ്ട കാലയളവിലൂടെ മാത്രം സംഭവിക്കുന്നതുമാകാം. എന്തുതന്നെയായാലും, ഇതിലൂടെയെല്ലാം ദൈവത്തിന്റെ മുഖം കാംക്ഷിക്കുന്ന ഒരു ഹൃദയം നാം സ്വന്തമാക്കിയെടുത്ത് പഠിക്കുകയും വളരുകയും ചെയ്യണം. ദൈവത്തിന്റെ ജ്ഞാനത്തിനും കരുതലിനും സമയക്രമത്തിനും വഴങ്ങുന്ന ഒരു ആത്മാവും നമുക്കു സ്വന്തമാകണം.

ശിക്ഷണത്തിന്റെ കാലഘട്ടങ്ങളിൽ നാം ദൈവത്തിനുമുന്നിൽ ശാന്തരായി നിലകൊള്ളാൻ പഠിക്കേണ്ടതുണ്ട്. പ്രാർത്ഥനയിൽ നമുക്ക് ദൈവത്തിലുള്ള ആശ്രയം പ്രകടിപ്പിക്കാം. ദൈവവചനത്തോടുള്ള അനുസരണത്തിൽ വളരാൻ നമുക്കു തീരുമാനിക്കാം, അങ്ങനെ, വിശുദ്ധിയിലേക്കു നമ്മെ നയിക്കുന്ന നീതിയുടെയും സമാധാനത്തിന്റെയും വിളവെടുപ്പ് നമ്മിൽ ഉളവാകാനും ശിക്ഷണങ്ങൾ നമുക്കു കാരണമാകട്ടെ.

ദിനം 31

# നമ്മുടെ പ്രചോദനമായ യേശു

**യോഹന്നാൻ 13:12-17**
**2 കൊരിന്ത്യർ 5:14**

ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്കറിയാം. ഇതനുസരിച്ചു പ്രവർത്തിച്ചാൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും

മനുഷ്യമനസ്സിന്റെ വ്യക്തിത്വത്തിന്റെ ആകെയുള്ള വർദ്ധനയ്ക്ക് പ്രചോദനം അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. നാം ഒരു സവിശേഷരീതിയിൽ പ്രവർത്തിക്കുന്നതിനും പെരുമാറുന്നതിനും ഉള്ള ഒരു കാരണമിതാണ്. നാം ചെയ്യുന്ന കാര്യങ്ങൾ എന്തുകൊണ്ടു ചെയ്യുന്നു എന്നതിന്റെ കാരണവുമിതാണ്. അതിരാവിലെ ഉണർന്നു സജ്ജീവമായി ഗതാഗതകുരുക്കുകളിൽനിന്നും മോചിതനാകുന്നതിന്റെയും, ജീവിതത്തിലെ ചില മേഖലകളിൽ വിജയം നേടുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതിന്റെയെല്ലാം കാരണവും പ്രചോദനമാണ്. ജീം റൂയൻ പറഞ്ഞതുപോലെ: നമ്മുടെ തുടക്കത്തിനു കാരണം പ്രചോദനമാണ്, നമ്മെ മുന്നോട്ടു കൊണ്ടുപോകുന്നത് ശീലങ്ങളാണ്.

ഓരോ ദിവസത്തിന്റെയും തുടക്കത്തിനു കാരണം ക്രിസ്തുവിന്റെ സ്നേഹമാകണം, കാരണം അവനാണ് നമ്മുടെ പ്രചോദനം. ക്രിസ്തുവാണ് എന്റെ പ്രചോദനം എന്നു ഞാൻ പറയുമ്പോൾ, ഞാൻ അർത്ഥമാക്കുന്ന ചില കാര്യങ്ങളുണ്ട്. ഞാൻ ജീവിക്കുന്ന ജീവിതത്തിനു കാരണവും എന്റെ പെരുമാറ്റങ്ങളുടെ കാരണവും യേശുവാണ്. ഞാൻ അനുകരിക്കുന്ന മാതൃകയും യേശുവാണ്. എന്റെ പെരുമാറ്റങ്ങളുടെയും പ്രവർത്തികളുടെയും പിന്നിലുള്ള പ്രേരകശക്തിയും, ജീവിതസാഹചര്യങ്ങളോടുള്ള എന്റെ പ്രതികരണങ്ങളുടെ പിന്നിലുള്ള കാരണങ്ങളും യേശുവാണ്.

**യോഹന്നാൻ 13:12-17**

യേശുവിന്റെ സന്ദേശത്തിൽനിന്നും മൂന്നുപ്രധാനപ്പെട്ട പാഠങ്ങൾ അപ്പസ്തോലനായ യോഹന്നാൻ ഗ്രഹിച്ചെടുക്കുന്നുണ്ട്:

- എന്നിൽ നിന്നും പഠിക്കുക: നായകനാകേണ്ടതിന് ഒരാൾ ചെയ്യേണ്ടത് ശുശ്രൂഷകനാവുകയാണ് എന്ന പാഠം തന്റെ ശിഷ്യന്മാർ മനസ്സിലാക്കണമെന്ന് യേശു ആവശ്യപ്പെടുന്നു

- എന്നെ അനുകരിക്കുക: താൻ മറ്റുള്ളവർക്ക് എന്തുചെയ്തു കൊടുക്കുന്നുവോ അതുപോലെതന്നെ തന്റെ ശിഷ്യരും ചെയ്യണമെന്ന് യേശു ആവശ്യപ്പെടുന്നു.

- ബന്ധങ്ങൾ: ഗുരുവും ശിഷ്യനുമായുള്ള ബന്ധം (നായകനും പിന്തുടരുന്നവരും) പരസ്പരം ശുശ്രൂഷിക്കുന്നതിലാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് (പരസ്പരം കാൽ കഴുകുന്നതിൽ)

ഈ വേദഭാഗത്തുനിന്നും നമുക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമെന്നത്, യേശുവാണ് ഒരു മാതൃകാ ദാസൻ എന്നതാണ്, മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി കാര്യങ്ങൾ ചെയ്യുന്നതിലൂടെ. തന്റെ ശിഷ്യന്മാരുടെ പൊടിപിടിച്ചു നാറ്റംവമിക്കുന്ന വൃത്തികെട്ട കാലുകൾ കഴുകുന്നതിലൂടെ, യേശു തന്റെ ദാസമനോഭാവം നമുക്കുകാണിച്ചുതന്നു. യേശുജീവിച്ചിരുന്ന കാലഘട്ടത്തിൽ, അതിഥികളുടെ കാൽ കഴുകുവാനുള്ള ഉത്തരവാദിത്തം വീട്ടിലെ ദാസന്മാർക്കായിരുന്നു. എന്നാൽ ഒരു വീട്ടിലെ ഏറ്റവും താഴേക്കിടയിലുള്ള ഒരു ഭൃത്യൻ ധരിക്കുന്ന രീതിയിൽ അരയിൽ കച്ചകെട്ടിയാണ് യേശു ശുശ്രൂഷിച്ചത്. വിനയത്തിലും ശുശ്രൂഷയിലും യേശു നമുക്കു പിന്തുടരാൻ ഒരു മാതൃക വച്ചിട്ടുപോയിരിക്കുന്നു.

യേശുവിനെ ഇപ്രകാരം മനസ്സിലാക്കിയതിനുശേഷം നാം ചോദിക്കേണ്ട ചിലചോദ്യങ്ങൾ:
- അനുദിന ജീവിതത്തിൽ എപ്രകാരമെല്ലാമാണ് ക്രിസ്തു എനിക്കു പ്രചോദനമാകുന്നത്
- മറ്റുള്ളവരിലേക്കു തിരിഞ്ഞ് ഞാൻ അവർക്കായി ചെയ്യേണ്ടതിന്, ക്രിസ്തു എനിക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
- ഏതു രീതിയിലാണ് എനിക്ക് ഇന്നു ശുശ്രൂഷിക്കാൻ കഴിയുന്നത്?
- എന്റെ വിശ്വാസം പങ്കുവച്ച് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൽ എനിക്ക് ഏതൊക്കെവിധത്തിൽ മെച്ചമാകാൻ കഴിയും?
- സഭയെയും ശിഷ്യന്മാരെയും മെച്ചമായ രീതിയിൽ ശുശ്രൂഷിക്കുന്നത് എപ്പോൾ മുതൽ തുടങ്ങാനാകും?

മറ്റുള്ളവരോടു ക്ഷമിക്കുന്നതിനും അവരെ ശുശ്രൂഷിക്കുന്നതിനും എനിക്കുള്ള കാരണം ക്രിസ്തുവാണ്. ദൈവീകമായ മുൻഗണനകൾ ഉൾക്കൊള്ളുന്നതിനും അവയെ പിന്തുടരുന്നതിനും, സ്വയം നിഷേധിക്കുന്നതിനും സ്വയം നിയന്ത്രിക്കുന്നതിനും, നന്മചെയ്യുന്നതിനും മറ്റനേകം കാര്യങ്ങൾക്കുമുള്ള കാരണം ക്രിസ്തുവാണ്. **യോഹന്നാൻ 13:17** "ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്കറിയാം. ഇതനുസരിച്ചു പ്രവർത്തിച്ചാൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും"

**1 കൊരിന്ത്യർ 5:14**

- ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബ്ബന്ധിക്കണം (പ്രചോദിപ്പിക്കണം). അനേകരെ വീണ്ടെടുക്കാൻ വേണ്ടി ക്രിസ്തു സ്വയം ബലിനല്കിയത്, അനേകരെ രക്ഷയിലേക്കു കൊണ്ടുവരുവാൻ വേണ്ട ത്യാഗങ്ങൾ ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കണം.

- യേശു സ്വയം ബലി നല്കി, നമ്മുടെ മുന്നിലുള്ള യാതൊരു ഒഴിവുകഴിവും നമുക്ക് ന്യായീകരിക്കാവുന്നതല്ല

- ക്രിസ്തുവിനുവേണ്ടി നാം ജീവിക്കണം, നമുക്കുവേണ്ടിയല്ല

ചുരുക്കിപറയുമ്പോൾ, പ്രചോദിപ്പിക്കപ്പെടാൻ നമ്മുടെ മുന്നിൽ അനേകം വഴികൾ ഉണ്ട്. എന്നാൽ രക്ഷയുടെ കാര്യത്തിലും ദൈവത്തോടൊപ്പം നിത്യജീവിതത്തിൽ ആകുന്നതിനും നമ്മെ പ്രചോദിപ്പിക്കാൻ യേശു എന്ന ഏകവഴിയേ ഉള്ളൂ. നമുക്കുവേണ്ടതിലുമെല്ലാം ഉപരിയായ മാതൃകയും സ്നേഹവും യേശുനമുക്ക് നല്കിയിരിക്കുന്നു.

ദിനം 32

## കൊടുത്തുതീർക്കാത്ത കടം

**റോമർ 13:8** സ്നേഹിക്കാനുള്ള കടപ്പാടൊഴികെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്.

നാം പൂർണ്ണമായും കൊടുത്തുതീർക്കാതെ ബാക്കിവയ്ക്കണമെന്ന് യേശു ആവശ്യപ്പെടുന്ന ഒരു കടമുണ്ട്; പരസ്പരം സ്നേഹത്തിൽ തുടരുകയെന്ന കടമാണിത്. അതിനുള്ള കാരണം തേടി നാം എങ്ങും പോകേണ്ടതില്ല, കാരണം ഇതാണ് - മറ്റുള്ളവരെ സ്നേഹിക്കുന്നവൻ ന്യായപ്രമാണങ്ങൾ നിറവേറ്റിയിരിക്കുന്നു.

ആരിൽനിന്നെങ്കിലും നാം എന്തെങ്കിലും കടം വാങ്ങിയിട്ടുണ്ടെങ്കിൽ, അതു കൊടുത്തു തീർക്കുന്നതു വരെ നാം കടക്കാരൻ തന്നെയാണ്. കൊടുത്തു തീർക്കാമെന്ന് ഏറ്റസമയത്ത് അതു കൊടുത്തു തീർക്കാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ, അതു നമ്മെ ലജ്ജയിലേക്കു നയിക്കുകയും ചെയ്യും.

കടം വാങ്ങിച്ചവന് കടം നല്കിയവനോട് ഒരു കടപ്പാടുണ്ട്, കടം കൊടുത്തു തീർക്കുംവരെ. ഇതേ തരത്തിലുള്ള ഒരു കടപ്പാടുതന്നെയാണ് യേശു നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്, പരസ്പരം സ്നേഹിക്കുന്ന കാര്യത്തിൽ. **റോമർ 12:10** സഹോദരതുല്യം അന്യോന്യം സ്നേഹിക്കുവിൻ

എന്നിരുന്നാലും, മറ്റുള്ളവരുടെ ഭാഗത്തുനിന്നുമുള്ള കുറവുകൾ അവഗണിച്ചുകൊണ്ട് വ്യവസ്ഥകളില്ലാതെ അവരെ സ്നേഹിക്കുകയെന്നത്, പ്രായോഗികതലത്തിൽ വിഷമമേറിയ സംഗതിയാണ്. നമ്മെ നിരന്തരമായി മുറിവേല്പ്പിക്കുകയും, അവരുടെ പ്രവർത്തികൾ നമ്മെ എത്രമാത്രം വിഷമിപ്പിക്കുന്നു എന്നതിനെക്കുറിച്ചു പരിഗണിക്കുകപോലും ചെയ്യാത്ത ഒരാളെ നിരന്തരമായി സ്നേഹിക്കുക എന്നത് വിഷമകരമായ ഒരു കാര്യമായേക്കാം.

വേറൊരാൾ നമ്മുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാത്തപ്പോഴും, നാം വിശ്വാസമർപ്പിച്ച ഒരു വ്യക്തി നമ്മുടെ ഹൃദയം തകർത്ത് നമ്മെ വഞ്ചിക്കുമ്പോഴുമെല്ലാം നമ്മുടെ സ്നേഹത്തെ അതു ബാധിക്കുന്നു.

നിങ്ങളെ ഞാൻ സ്നേഹിക്കുന്നു എന്നു മുഖത്തുനോക്കി പറഞ്ഞിട്ട്, പിറകിൽ നിന്നു നമ്മെ കുത്തുമ്പോൾ നമുക്കെന്തു തോന്നും? ഒരിക്കൽ നടന്ന ഒരു കാര്യമാണെങ്കിൽ നാം അത് അവഗണിച്ചു മുന്നോട്ടു

പോകും. എന്നാൽ അതു വീണ്ടും വീണ്ടും നടമാടുന്ന ഒരു കാര്യമാണെങ്കിലോ?

ദൈവത്തിന്റെ നിലവാരം തികച്ചും വിഭിന്നമാണ്. **എഫേസ്യർ 2:4–5** പറയുന്നു: എന്നാൽ കരുണാസമ്പന്ന നായ ദൈവം, നമ്മോടുള്ള തന്റെ മഹാസ്നേഹം നിമിത്തം, നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്ന പ്പോൾത്തന്നെ നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു. നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു കൃപയാല ത്രേ.

**എഫേസ്യർ 5:1–2** പറയുന്നു: ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആകു വിൻ. ക്രിസ്തുവും നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി സൗരഭ്യമുള്ള വഴിപാടും യാഗവുമായി തന്നെത്തന്നെ ദൈവത്തിന് ഏല്പിച്ചുകൊടുത്തതുപോലെ സ്നേഹത്തിൽ നടപ്പിൻ

ദൈവമക്കൾ ആയതുകൊണ്ട്, ദൈവസ്നേഹത്തിലേക്ക് നമുക്ക് സദാ പ്രവേശനം ഉണ്ട്. അതുകൊണ്ട്, ആരെയെങ്കിലും സ്നേഹിക്കാൻ നമുക്കു കഴിയുന്നില്ല എന്നുവന്നാൽ, സ്നേഹസമ്പന്നനായ നമ്മു ടെ പിതാവായ ദൈവത്തോടു ചോദിച്ചാൽ മാത്രം മതി.

അവസാനമായി, നാം എല്ലാവരും എപ്പോഴും കടപ്പെട്ടിരിക്കുന്ന ഒരു സംഗതിയാണ് പാപം. ആ കടം നമു ക്കുവേണ്ടി യേശുകർത്താവ് കൊടുത്തുതീർത്തു (**റോമർ 3:23–24**)

മറുവശത്തുനോക്കുമ്പോൾ, നാം പരസ്പരം കടപ്പെട്ടിരിക്കേണ്ട വ്യത്യസ്തമായ ഒരു കടമായി യേശു സ്നേഹത്തെ കാണുന്നു. പാപവും സ്നേഹവും കൊടുത്തു തീർക്കേണ്ട കടങ്ങളാണ്. നമുക്കു പര സ്പരം വീട്ടിത്തീർക്കാൻ കഴിയാത്ത ഒരു കടമായി സ്നേഹം നിലനിൽക്കുന്നുണ്ടെന്ന് ബൈബിൾ എതിർശബ്ദമില്ലാത്തരീതിയിൽ സംസാരിക്കുന്നു. അതായത്, നാം കൊടുത്തുകൊണ്ടേയിരിക്കണം, സ്നേഹിച്ചുകൊണ്ടേയിരിക്കണം. യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യം പ്രകടമാക്കാൻ വേണ്ടി, അവൻ നമുക്കുവേണ്ടി മരിച്ചു. മറ്റുള്ളവരോടു നിരന്തരം ക്ഷമിച്ചുകൊണ്ട്, അവരോടുള്ള സ്നേഹം നാം പ്രകടമാക്കുകയാണുവേണ്ടത്.

**കൂടുതൽ വചനങ്ങൾ:** 1 പത്രോസ് 1:22, 1 യോഹന്നാൻ 4:7–11

ദിനം 33

# പ്രവൃത്തിപഥത്തിലുള്ള സ്നേഹം

**1 കൊരിന്ത്യർ 13:4–7** സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാണ്. സ്നേഹം അസൂയപ്പെടുകയോ, വമ്പുപ റയുകയോ, അഹങ്കരിക്കുകയോ ചെയ്യുന്നില്ല. പരുഷമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, ദോഷം കണക്കിടുന്നില്ല. സ്നേഹം തിന്മയിൽ രസിക്കാതെ സത്യത്തിൽ സന്തോഷിക്കു ന്നു. എല്ലാം വഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

സ്നേഹത്തെക്കുറിച്ച് ഇവിടെ നല്കുന്ന വിവരണം അവിശ്വസനീയവും മനസ്സിനെ ത്രസിപ്പിക്കുന്നതുമാ ണ്. മുകളിൽ പറഞ്ഞ വാക്യങ്ങളെ മറ്റൊരു രീതിയിൽ മാറ്റിപറയുകയാണെങ്കിൽ, സ്നേഹം സാഹ ചര്യങ്ങളുടെ സ്വാധീനത്തിൽ ഉള്ളതല്ല, വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതല്ല, തിരിച്ച് എന്തു കിട്ടും എന്ന ചിന്തയിൽനിന്നും തുടങ്ങുന്നതുമല്ല. വികാരങ്ങളെക്കുറിച്ച് ഈ വേദഭാഗത്തിൽ ഒരിടത്തും പരാമർശിക്കുന്നുമില്ല.

പൗലോസ് അപ്പസ്തോലൻ കൊരിന്തിലെ സഭക്കെഴുതിയ ഈ വേദഭാഗം വായിക്കുമ്പോൾ എന്റെ ഹൃദ യത്തിലേക്കു കടന്നുവരുന്ന ഒരു ചോദ്യമെന്താണെന്നുവച്ചാൽ: ഇവിടെ പറയുന്നപ്രകാരം ഏതെങ്കി ലുമൊരു വ്യക്തിക്ക് എല്ലാസമയത്തും എല്ലാമനുഷ്യരോടും പെരുമാറാൻ കഴിയുമോ? അതിന്റെ സാധ്യത എത്രമാത്രമാണ്? ഇത് യാഥാർത്ഥ്യബോധത്തോടെ നടപ്പിൽവരുത്താൻ കഴിയുന്ന ഒരു പെരുമാറ്റമാണോ? അസാദ്ധ്യമായ ഒരു കാര്യം നമ്മുടെ തലയിൽ കെട്ടിവയ്ക്കാൻ തക്കവണ്ണം ദൈവം അത്രയ്ക്ക് പിശുക്കനാണോ? ഉത്തരമെന്താണെന്നുവച്ചാൽ; ദൈവത്തിനു തെറ്റുപറ്റില്ല (**ആവർത്തനം 32:4**)

ദൈവം സ്നേഹമാണ് (**1 യോഹന്നാൻ 4:8, 16**)
ദൈവത്തിന്റെ സ്നേഹം എല്ലായ്പ്പോഴും പ്രവർത്തനനിരതമാണ് (**യോഹന്നാൻ 3:16**)

ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തുന്നത് വാക്കുകളാൽ മാത്രമല്ല പ്രവർത്തികളാലും കൂടിയാണെന്ന കാര്യം വേദപുസ്തകത്തിലുടനീളം നാം കാണുന്നു. നാം ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്, നമുക്കും ദൈവത്തെപ്പോലെ സ്നേഹിക്കാനുള്ള കഴിവുണ്ടെന്നാണ് അതിന്റെ അർത്ഥം. ദൈവത്തെ അനുകരിക്കാനും ദൈവത്തെ പോലെ സ്നേഹിക്കാനും ദൈവം കല്പിച്ചിട്ടുമുണ്ട്. നമ്മെ സംബന്ധിച്ച ദൈവഹിതം ഇതാകയാൽ, സ്നേഹനിധിയായ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ, സ്നേഹപൂർണ്ണമായ ഒരു ജീവിതം ജീവിക്കുവാനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും തീരുമാനിച്ചുറച്ചു നിലകൊള്ളുകയും വേണം.

ഇവരെക്കൊണ്ടു മടുത്തു, ഇവരൊന്നും ഒരിക്കലും മാറില്ല, എന്തിനാണ് ഇങ്ങനെ സോറി ചോദിച്ചുകൊണ്ടിരിക്കുന്നത്, ഒരു മാറ്റമെങ്കിലും വരുത്തിക്കൂടേ, എന്നൊക്കെയുള്ള രീതിയിൽ നാം നമ്മുടെ സഹോദരങ്ങളെക്കുറിച്ച് എത്രമാത്രം പരാതിപറയാറുണ്ട്? ഇത്തരം പ്രസ്താവനകൾ സ്നേഹത്തോടുകൂടിയുള്ള ഒരു ഹൃദയത്തെയല്ല കാണിക്കുന്നത്. നല്ല സമയങ്ങളിൽ മാത്രമല്ല, ബുദ്ധിമുട്ടേറിയ സമയങ്ങളിലും നാം സ്നേഹം കാണിക്കേണ്ടതുണ്ട്. ആരെങ്കിലും നിരന്തരമായി നമ്മെ മുറിവേല്പ്പിക്കുമ്പോൾ, അവഹേളിക്കുമ്പോൾ, ചതിക്കുമ്പോൾ, അവഗണിക്കുമ്പോൾ, അന്യായമായി പെരുമാറുമ്പോൾ, എന്നെ തരംതിരിച്ചു കാണുമ്പോൾ, എല്ലാം, വീണ്ടും അവരോടു സ്നേഹം പ്രകടിപ്പിക്കാൻ കഴിയുന്നതെങ്ങനെയാണ്?

**റോമർ 8:9-21**

ഒരു മനുഷ്യനും സ്വന്തനിലയ്ക്ക് മറ്റു സകലമനുഷ്യരെയും എല്ലാസാഹചര്യങ്ങളിലും സ്നേഹിക്കാൻ കഴിയില്ല. നാം ദൈവത്തിൽ ജീവിക്കുമ്പോൾ, ദൈവം തന്റെ ആത്മാവിനെ നല്കി നമ്മെ ശക്തീകരിക്കുന്നു. തിരിച്ചടിക്കാനും സ്വാർത്ഥരാകാനും വമ്പുപറയാനുമുള്ള നമ്മുടെ പ്രകൃതിയിൽ മരിച്ച്, ദൈവഹിതപ്രകാരം സ്നേഹിക്കാൻ ദൈവാത്മാവുനമ്മെ സഹായിക്കുന്നു. സ്നേഹത്തോടെയുള്ള ജീവിതം തുടങ്ങുന്നത്, ദൈവത്തെ അനുസരിക്കാനുള്ള ഒരു തീരുമാനത്തിൽ നിന്നുമാണ്. എല്ലാ ദിവസവും സ്നേഹം പ്രകടിപ്പിച്ചു ജീവിക്കാനുള്ള ഒരു സമർപ്പണം നമ്മിൽനിന്നും ഉണ്ടാകേണ്ടതുമുണ്ട്. സ്നേഹശൂന്യത നമ്മിൽ നാമ്പെടുക്കാൻ തുടങ്ങുമ്പോൾ, ദൈവാത്മാവു നമ്മോടു സംസാരിക്കുന്ന കാര്യങ്ങൾക്കു നാം ചെവികൊടുക്കേണ്ടതുമുണ്ട്.

**പ്രതിഫലനം:** സ്നേഹിക്കുന്നതിൽ ഏറ്റവും പ്രയാസകരമായ മേഖല/മേഖലകൾ ഏത് എന്ന് പരിശോധിക്കുക. അതെക്കുറിച്ചു പ്രാർത്ഥിക്കുക. **1 കൊരിന്ത്യർ 13:4-7** വാക്യങ്ങളിൽ പറയുന്ന സ്നേഹപൂർണ്ണത നിങ്ങളിൽ രൂപപ്പെടുവാനായി ആത്മാവു നിങ്ങളെ വഴിനടത്തട്ടെ.

*ജീവിതം വളരെ ലഘുവാണ്. ഞാൻ നല്കുന്നത് എന്നിലേക്കു തിരിച്ചുവരുന്നു.*
*ഇന്ന്, സ്നേഹം നല്കാൻ ഞാൻതീരുമാനിക്കുന്നു* - ലൂയിസ് ഹെ

ദിനം 34

# സ്നേഹം പാപത്തിന്റെ ആധിക്യം മറയ്ക്കുന്നു

**മത്തായി 18:21-35**
**1 പത്രോസ് 4:8**

നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോടും അങ്ങനെതന്നെ ചെയ്യും.

മുകളിൽ പത്രോസ് എഴുതിയ വേദഭാഗം, പൊന്തോസ്, ഗലാത്യ, കപ്പദോക്യ, ഏഷ്യ, ബിഥ്ന്യ (ടർക്കി പ്രദേശം) എന്നിവിടങ്ങളിൽ ചിതറിപ്പാർക്കുന്നവർക്കായി എഴുതിയ ഒരു ഭാഗമാണ്. പീഡനങ്ങളുടെ അനന്തരഫലമായാണ് അവർ ഈ ദേശങ്ങളിലേക്കു ചിതറിക്കപ്പെട്ടത്. ആ കാലഘട്ടങ്ങളിൽ റോമാസാമ്രാജ്യത്തിൽ, ക്രിസ്ത്യാനികൾക്കെതിരായ എതിർപ്പുകൾ വളരെ വർദ്ധിച്ചു വന്നിരുന്നു. അവരെ പ്രോത്സാഹിപ്പിക്കാനും, അവർ കടന്നു പോകുന്ന ദുർഘട സമയങ്ങളിൽ അവർക്ക് പ്രത്യാശയും ജീവിതത്തിൽ അർത്ഥവും നല്കുവാനുമാണ് പത്രോസ് അവർക്കായി ലേഖനമെഴുതിയത്.

ഒന്നാം അദ്ധ്യായത്തിന്റെ ഇരുപത്തി രണ്ടാം വാക്യത്തിൽ, ഹൃദയത്തിൽനിന്ന് പരസ്പരം ആഴത്തിലും

ആത്മാർത്ഥമായും സ്നേഹിക്കാൻ പത്രോസ് അവരെ ഊർജ്ജപ്പെടുത്തുന്നു. നാം മുകളിൽ വായിച്ച വചനത്തിലാകട്ടെ, ചിതറിക്കപ്പെട്ട ക്രിസ്ത്യാനികളോട് അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നും, വിജാതീയരുടെ ഇടയിൽ പാർക്കുമ്പോൾ പോലും ദൈവീകമായി ജീവിതം നയിക്കണമെന്നും, ക്രിസ്ത്യാനിയെന്ന നാമധേയത്തിൽ നന്മപ്രവർത്തിക്കുന്നതിനുപോലും സഹനങ്ങളിലൂടെ കടന്നുപോകണമെന്നും പത്രോസ് ഓർമ്മപ്പെടുത്തുന്നു. ക്രിസ്ത്യാനി എന്ന നാമധേയത്തിൽ പീഡനം സഹിക്കേണ്ടതിനെക്കുറിച്ചു സംസാരിക്കുന്നതിനിടയിലാണ് പത്രോസ് അവരോട് സ്നേഹം പാപത്തിന്റെ ആധിക്യത്തെ മറയ്ക്കുന്നു എന്ന പ്രസ്താവിക്കുന്നത്. **മത്തായി 18:35**ൽ ആകട്ടെ, നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോടും അങ്ങനെതന്നെ ചെയ്യും എന്ന് യേശുവും പറഞ്ഞിരിക്കുന്നു. ശിഷ്യന്മാരെന്ന നിലയിൽ നാം മറ്റുള്ളവരോട് എപ്രകാരമാണ് പെരുമാറുന്നത് എന്ന കാര്യത്തിൽ ദൈവം ജാഗരൂകനാണ്. അന്നത്തെ ജനതയിൽനിന്നും നേരിട്ട പീഡനങ്ങളുടെ മദ്ധ്യത്തിലാണ് അന്നത്തെ ശിഷ്യന്മാർ ജീവിച്ചിരുന്നത്. എന്നാൽ ഇന്നാകട്ടെ, മാലിന്യം നിറഞ്ഞ ഒരു ലോകത്തിൽ ദൈവീകമായ ഒരു ജീവിതം നയിക്കുന്നതിനുള്ള വെല്ലുവിളിയാണ് ശിഷ്യന്മാർക്കുള്ളത്. ശിഷ്യനായി ജീവിക്കുമ്പോൾ നാം വഹിക്കേണ്ട സകല ക്രൂശുകൾക്കും മീതെ, ഒരു സഹോദരനോടോ/സഹോദരിയോടോ കയ്പും ക്ഷമയില്ലായ്മയും ഹൃദയത്തിൽ സൂക്ഷിച്ചു ജീവിക്കുകയെന്നത് വളരെ ദുഷ്കരമായ ഒരു സംഗതി തന്നെയാണ്. നാം പരസ്പരം വേണ്ടപ്പെട്ടവരാണ്.

മറ്റു സഹോദരീ സഹോദരൻമാരിൽനിന്നും മുറിവുകൾ നിരന്തരം ഏറ്റതിന്റെ വടുക്കൾ നമ്മിൽ ചിലരിൽ അവശേഷിക്കുന്നതിനാൽ, അവരോടു ക്ഷമിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ ഒരു കാര്യമായി അവശേഷിക്കുന്നു.

ആരുടെയൊക്കെ പാപങ്ങളാണ് നിങ്ങൾ അക്കമിട്ടു നിരത്തി വച്ച്, ക്ഷമിക്കാൻ ആഗ്രഹമില്ലാതെയും മനസ്സില്ലാതെയും തുടരുന്നത്? നിങ്ങളുടെ ജീവിതത്തിൽ നിന്നും നിങ്ങൾ അകറ്റിനിർത്തിയിരിക്കുന്നത് ആരെയാണ്? ഇപ്പോഴും ഉള്ളിൽ സൂക്ഷിക്കുന്ന മുറുമുറുപ്പ് എന്താണ്? ആരെ സ്നേഹിക്കുന്നതിലാണ് നിങ്ങൾക്ക് ഏറ്റവും ബുദ്ധിമുട്ടു തോന്നുന്നത്? സ്നേഹിക്കാനായി നമ്മുടെ ഹൃദയം തുറന്നില്ലെങ്കിൽ, സ്നേഹം എന്ത് എന്ന് നാം മനസ്സിലാക്കാൻ പോകുന്നില്ല. നാം സ്നേഹിക്കുന്നില്ലെങ്കിലോ, നമ്മെ മുറിവേല്പിച്ചവരോടു ക്ഷമിക്കാൻ നമുക്കു കഴിയുകയുമില്ല. നമ്മുടെ സ്നേഹം കൊണ്ട് നാം ശിഷ്യരാണെന്ന് ഈ ലോകം അറിയും എന്ന് **യോഹന്നാൻ 13:34–35**ൽ യേശു പറഞ്ഞിരിക്കുന്നു.

പ്രായോഗികതലത്തിൽ: ക്ഷമിക്കാൻ താത്പര്യമുള്ളതും, തിരിച്ചു നമുക്കുകിട്ടുന്ന പ്രതികരണം എന്തുതന്നെയായാലും സജീവമായി അവർക്കു നന്മചെയ്യാനുള്ള ആഗ്രഹമുള്ളതുമായ ഒരു ഹൃദയം നമുക്കുണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കുക. നിങ്ങളെ മുറിവേല്പിച്ചവരെ കാണാനും, അവർ നിങ്ങളോടു ചെയ്ത അതിക്രമങ്ങളെ പൊറുക്കാനും ദൈവം സഹായിക്കാനായി പ്രാർത്ഥിക്കുക.

**കൂടുതൽ വചനങ്ങൾ:** കൊലോസ്യർ 3:12–13

> *"നിങ്ങൾക്ക് ഇല്ലാത്തതിനെ ആഗ്രഹിച്ചുകൊണ്ട്, നിങ്ങൾക്ക് ഉള്ളതിനെ നശിപ്പിക്കാതിരിക്കുക. ഇപ്പോൾ നിങ്ങൾക്കു സ്വന്തമായുള്ള സംഗതികൾ ഒരിക്കൽ നിങ്ങൾ ആശിച്ചിരുന്ന കാര്യങ്ങൾ മാത്രമായിരുന്നു എന്ന് ഓർക്കുക."* എപ്പികുറസ്

ദിനം 35

# ദൈവീകമായ സൂപ്പർഗ്ലൂ: സകലതിനെയും ഒരുമിച്ചു നിർത്തുന്ന സ്നേഹം

**കൊലോസ്യർ 3:13–14**

ഇതിനെല്ലാം ഉപരി സമ്പൂർണ്ണതയുടെ പരസ്പരബന്ധമായ സ്നേഹം ധരിപ്പിൻ

പരസ്പരം സഹിപ്പിൻ എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നുവച്ചാൽ; നമ്മെചുറ്റിപ്പറ്റിയുള്ളവർ എത്ര കുറവുകൾ ഉള്ളവരാണെന്നും അവർനമ്മെ എപ്രകാരമെല്ലാം ഉപദ്രവിക്കാൻ പോകുന്നുവെന്നും

നമുക്കുറിയാം, എന്നിരുന്നാലും, അവർ നമ്മോടു മോശമായി പെരുമാറുന്നതിനുമുമ്പുതന്നെ അവരോടു ക്ഷമിക്കാനും മുന്നോട്ടുപോകാനും നാം നമ്മുടെ ഉള്ളിൽ ഒരുങ്ങിയിരിക്കുന്നതാണ്.

നമ്മുടെ പാപങ്ങൾ നമ്മോടു ക്ഷമിച്ചു തന്നുകൊണ്ട്, യേശു നമുക്ക് ക്ഷമയുടെ ഏറ്റവും ഉദാത്തമായ മാതൃക കാണിച്ചു തന്നിരിക്കുന്നു. നമ്മുടെ ഉള്ളിൽ ക്ഷമയില്ലായ്മ വാഴുന്നുണ്ടെങ്കിൽ, നമുക്ക് ദൈവവുമായി ശരിയായ നിലനില്പ്പുണ്ടാവുകയില്ല.

മറ്റുള്ളവരുമായി, പ്രത്യേകിച്ച് ഏറ്റവും അടുപ്പമുള്ളവരുമായി, നമുക്കു യാതൊരു പ്രശ്നങ്ങളുമുണ്ടാവില്ല എന്ന് ഇതിനർത്ഥമില്ല. ഒരു പഴഞ്ചൊല്ലുപറയുന്നതുപോലെ, പല്ലും നാവും തമ്മിൽ ഇടയ്ക്കിടയ്ക്ക് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടല്ലോ!

ക്ഷമിക്കുക എന്നുവച്ചാൽ, നാം ആവ്യക്തിയെക്കുറിച്ച് അല്ലെങ്കിൽ ആസംഭവത്തെക്കുറിച്ച് കയ്പോടെ ഓർക്കുന്നില്ല എന്നതാണ്. ചിലസമയത്ത്, നാം ആളുകളോട് ഉപരിതലത്തിൽ ക്ഷമിക്കും, അവരോടു ക്ഷമിച്ചു എന്ന ഒരു തോന്നലും നമ്മിലുണ്ടാകും, എന്നിരുന്നാലും, നമ്മുടെ ഉള്ളിൽ അവരോടു നീരസവും അവരോട് കൂട്ടുകൂടാൻ വിസ്സമ്മതവും ഉണ്ടാകും. നമ്മുടെ ക്ഷമ നിർവ്യാജമായതായിരിക്കണം. അവർ നമുക്കു നല്കിയ വേദനകൾ വിട്ടുകളയുകയും അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ അവരെ സ്വതന്ത്രമാക്കി വിടുകയും വേണം. അപ്പോൾ നമ്മൾ യഥാർത്ഥത്തിൽ ചെയ്യുന്നത്, ദൈവത്തെ അനുസരിക്കാനും ദൈവപ്രകൃതി അനുകരിക്കാനും തീരുമാനിക്കുന്നതാണ്.

യേശുവിന്റെ പ്രകൃതത്തിൽ പങ്കാളിയായിക്കൊണ്ട്, അവനെ അനുകരിക്കാൻ നമ്മെ സഹായിക്കാൻവേണ്ടിയാണ് യേശു അത്തരം സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഒരുക്കുന്നത് എന്നതാണ് പരമമായ വാസ്തവം

**പ്രവർത്തി പഥത്തിൽ കൊണ്ടുവരാനായി:**

1. നന്നായി ചിന്തിക്കുക: ഈ പാഠഭാഗം വായിക്കുമ്പോൾ, എന്തൊക്കെ സാഹചര്യങ്ങളാണ് നിങ്ങളുടെ മനസ്സിലേക്കു കടന്നുവരുന്നത്?

2. ആ സഹോദരനോടോ/സഹോദരിയോടോ സംസാരിക്കാനും ഹൃദയത്തിൽ എന്തെങ്കിലും സൂക്ഷിച്ചുണ്ടെങ്കിൽ ക്ഷമിച്ചുകളയാനും തീരുമാനിക്കുക - അങ്ങനെ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കാനായി നിങ്ങളെത്തന്നെ സ്വതന്ത്രമാക്കാനും. ഉള്ളിൽ പിറുപിറുപ്പ് സുക്ഷിക്കുന്നവരാണുനാമെങ്കിൽ, അതെത്ര വലുതായാലും ചെറുതായാലും, നമ്മുടെ ആരാധന വൃഥാവിലാണ്.

സ്നേഹം കൂടാതെ ദൈവകല്പനകൾ അനുസരിക്കാൻ നമുക്കു സാദ്ധ്യമാവുകയില്ല. നമ്മെസഹായിക്കുന്ന ഒരു കാര്യമെന്തെന്നാൽ:

3. **1 കൊരിന്ത്യർ 13:4–7** വാക്യങ്ങളിൽ സ്നേഹം എന്നു കാണുന്നിടത്തെല്ലാം നിങ്ങളുടെ പേരു ചേർത്തു വായിക്കുക. ദൈവം നിങ്ങൾക്കു കല്പിക്കുന്ന നിലവാരം നമുക്കു കാണാനാകും.

4. സ്നേഹം നിറഞ്ഞ ഒരു വ്യക്തിയാകാൻ വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ദൈവീകമായ മറ്റുഗുണങ്ങളെയെല്ലാം നമ്മോട് ഒട്ടിച്ചുചേർത്ത്, പരിപൂർണ്ണ ഐക്യം കൊണ്ടുവരുവാനുള്ള മാർഗ്ഗമാണ് സ്നേഹം.

**കൂടുതൽ വചനങ്ങൾ:** ലേവ്യർ 19:18

# ദൗത്യം

## ലൂക്കോസ് 4:42–44

42പ്രഭാതത്തിൽ യേശു ഒരു വിജനസ്ഥലത്തേക്കു പോയി.
ജനങ്ങൾ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടിരുന്നു.
അവർ അദ്ദേഹം ഇരുന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ
തങ്ങളെ വിട്ടുപോകാതിരിപ്പാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു.
43എന്നാൽ അദ്ദേഹം പറഞ്ഞു: ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം
മറ്റു പട്ടണങ്ങളിലും അറിയിക്കേണ്ടതാകുന്നു; അതിനായിട്ടല്ലോ എന്നെ അയച്ചിട്ടുള്ളത്.
44തുടർന്ന് അദ്ദേഹം യെഹൂദ്യയിലെ പള്ളികളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു.

**ദൗത്യം**

ദിനം 36 : ക്രിസ്തുവിന്റെ പരിമളം പരത്തുന്നത് – മത്തായി 5:14–16, 2 കൊരിന്ത്യർ 2:14–15
ദിനം 37 : സകലരാഷ്ട്രങ്ങളുടെയും ദൈവം – സങ്കീർത്തനം 46:6, മത്തായി 28:19
ദിനം 38 : ദൈവത്തിന്റെ കഥ പറയുന്നത് – സങ്കീർത്തനം 46:8–9, യെഹെസ്കേൽ 2:4–5
ദിനം 39 : സദ്വാർത്തയുടെ ഒരു ദിവസം – ലൂക്കോസ് 4:18–19, 2 രാജാക്കന്മാർ 7:9
ദിനം 40 : നമ്മെ അയച്ചവനിൽ നമുക്കുള്ള ആത്മവിശ്വാസം – യോശുവ 1:9

ദിനം 36

## ക്രിസ്തുവിന്റെ പരിമളം പരത്തുന്നത്

**മത്തായി 5:14–16**
**2 കൊരിന്ത്യർ 2:14–15**

...ഞങ്ങളിലൂടെ തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ പരിമളം എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

*"പൂക്കൾ തങ്ങളുടെ നിറവും പരിമളവും എല്ലാദിവസവും ഒരേപോലെ വഹിച്ചുനില്ക്കുന്നതുപോലെ, ക്രിസ്ത്യാനികളും അവരുടെ സ്വഭാവം എല്ലാസമയങ്ങളിലും എല്ലാസാഹചര്യങ്ങളിലും നിലനിർത്തണം"* – ഹെൻട്രി വാർഡ് ബീച്ചർ

റോമാക്കാരുടെ വിജയഘോഷയാത്രയിൽ, സൈന്യാധിപനെ, താൻ പിടിച്ചെടുത്ത യുദ്ധത്തടവുകാരുടെയും കൊള്ളമുതലിന്റെയും ഒപ്പം ഉയർത്തി പ്രദർശിപ്പിച്ച് ആദരിക്കുമായിരുന്നു. റോമായിലെ ദൈവങ്ങൾക്കായി പുരോഹിതർ അർപ്പിക്കുന്ന ബലികളുടെ പുകമദ്ധ്യത്തിലൂടെയായിരുന്നു സൈന്യാധിപന്റെ രഥം പട്ടണത്തിൽ പ്രവേശിച്ചിരുന്നത്.

പാപത്തിന്റെയും മരണത്തിന്റെയും ശക്തികളെ ക്രിസ്തുവിൽ ദൈവം പരാജയപ്പെടുത്തിയതിനെക്കുറിച്ചു സംസാരിക്കാൻ പൗലോസ് ഈ ഒരു ദൃഷ്ടാന്തം ഉപയോഗിക്കുന്നു. ക്രിസ്തു വിജയശ്രീലാളിതനായി! ക്രിസ്തുവിനെ പിന്തുടരുന്നവർ എന്ന നിലയ്ക്ക്, നാമും ക്രിസ്തുവിന്റെ ജയഘോഷയാത്രയിലെ ഭാഗമാണെന്ന് പൗലോസ് പറയുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് എന്ന പരിമളം പരത്തലാണ് ഈ ഘോഷയാത്രയിൽ നമ്മുടെ ദൗത്യം. ഇനിയുള്ള നമ്മുടെ ദിവസങ്ങളിൽ "ദൗത്യം" എന്നതാണ് നമ്മുടെ ശ്രദ്ധാകേന്ദ്രം, നമുക്ക് നമ്മുടെ ദൗത്യത്തിന്റെ ഉള്ളുകള്ളികളിലേക്കു നോക്കാം.

**മത്തായി 5:14–16**ലും **യോഹന്നാൻ 8:12**ലും ക്രിസ്ത്യാനികളെ ലോകത്തിന്റെ വെളിച്ചമായാണു പരാമർശിച്ചിട്ടുള്ളത്. ലോകത്തിനു കാണാനുള്ള കണ്ണുകളാണു നാം. ദൈവത്തെ കണ്ടെത്തുന്നതിനെക്കുറിച്ചും ദൈവത്തിനു വേണ്ടി ജീവിക്കുന്നതെങ്ങനെ എന്നതിനെക്കുറിച്ചും നമ്മുടെ ജീവിതം മറ്റുള്ളവരോടു സംവദിക്കുന്നുണ്ടോ? മറ്റുള്ളവർക്കു കാണാൻ തക്കരീതിയിൽ മിഴിവുള്ളതല്ല എന്റെ വെളിച്ചമെങ്കിൽ, എന്റെ വെളിച്ചം മൂല്യമറ്റതാണ്. എന്റെ വെളിച്ചം മറഞ്ഞിരിക്കുന്നുവോ? എന്റെ വെളിച്ചത്തെ മറച്ചിരിക്കുന്നത് എന്താണ്? അലസതയോ മടിയോ അനുസരണക്കേടോ ആകാം. വെളിച്ചത്തിന്റെ മക്കളായിട്ടു ജീവിക്കാനാണ് ദൈവം നമ്മോടു കല്പിച്ചിരിക്കുന്നത് (**എഫേസ്യർ 5:8**)

**നമ്മുടെ തിരഞ്ഞെടുപ്പ്**

**എഫേസ്യർ 5:1–2**ൽ ദൈവത്തിന്റെ സത്യം വഹിക്കുന്നവരാകാൻ ക്രിസ്ത്യാനികളെ വിളിച്ചിരിക്കുന്നു. കുട്ടികൾ മാതാപിതാക്കളെ അനുകരിക്കുന്നതുപോലെ, നാം ക്രിസ്തുവിനെ അനുകരിക്കുകയും ക്രിസ്തുവിന്റെ പരിമളം പരത്തുന്ന ഒരു ജീവിതം നയിക്കുകയും വേണം. എന്റെ പ്രവർത്തികളും പ്രവർത്തിയില്ലായ്മയും, മറ്റുള്ളവർക്ക് ക്രിസ്തുവിനെക്കുറിച്ചു നല്കുന്ന പരസ്യങ്ങളാണ്.

**റോമർ 13:14**ൽ, യേശുവിനെ ഒരു വസ്ത്രമായി ധരിക്കാൻ നമ്മോടു കല്പിച്ചിരിക്കുന്നു. ഞാൻ യേശുവിനെ ധരിച്ചിട്ടുണ്ടോ? ഇപ്രകാരം തന്നെ, നമ്മിൽ പ്രവർത്തിക്കുന്ന ദൈവശക്തിയാൽ, ക്രിസ്തുവിന്റെ പരിമളം പരത്തി, നാം അനേകം പുരുഷന്മാരെയും സ്ത്രീകളെയും സ്വതന്ത്രമാക്കേണ്ടതുണ്ട്.

സുവിശേഷം സുന്ദരമായതാണ്. **ഏശയ്യാ 52:7**ൽ, ദൈവത്തിന്റെ നന്മകളെക്കുറിച്ച് പ്രഘോഷിക്കുന്നത് എത്രമാത്രം വിശിഷ്ടമായ ഒരു അവകാശമാണെന്നു പ്രസ്താവിക്കുന്നു. മറ്റുള്ളവരോടുള്ള നമ്മുടെ സംസാരവും പ്രവൃത്തിയും നമ്മുടെ ജീവിതത്തെ സുന്ദരവും ആകർഷകവുമാക്കുന്നു. സ്നേഹം നിറഞ്ഞ നമ്മുടെ ജീവിതം, മുറിവേറ്റ ഈ ലോകത്തിന് ക്രിസ്തുവിന്റെ സുന്ദരമായ പരിമളം നല്കുന്നു.

ചില ദിവസങ്ങളിൽ ദൈവത്തിനുവേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യാനും മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനുമെല്ലാം നമുക്ക് ഒരുക്കമുണ്ടായിരിക്കും, എന്നാൽ ചിലദിവസങ്ങളിൽ നാം ക്ഷീണിതരും ജീവിത ഭാരങ്ങൾ കൊണ്ട് അങ്ങേയറ്റത്ത് എത്തിയവരുമായി കാണപ്പെടും. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും, വചനങ്ങളാൽ ഉത്സാഹിപ്പിക്കപ്പെടാനും നാം നമ്മെത്തന്നെ താഴ്മപ്പെടുത്തുന്ന സമയങ്ങളാണ് അത്തരം സമയങ്ങൾ.

പരിശുദ്ധാത്മാവിനു നാം അനുദിനം കീഴടങ്ങി ജീവിക്കുമ്പോൾ, നാം നമ്മിൽ ക്രിസ്തുവിന്റെ പരിമളത്താൽ നിറയ്ക്കുകയാണു ചെയ്യുന്നത്. ഞാൻ പരത്തുന്ന പരിമളം, ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിന്റേതാണോ അതോ മനുഷ്യനെ സംബന്ധിച്ച അറിവിന്റേതാണോ? (കായികവിനോദങ്ങളും രാഷ്ട്രീയവും മറ്റുവിനോദങ്ങളുമൊക്കെ?) ഞാൻ പരത്തുന്ന പരിമളം അനേകർക്ക് രക്ഷകൊണ്ടുവരുന്ന ഒന്നാണോ അതോ മരണം കൊണ്ടുവരുന്ന ഒന്നാണോ?

നിങ്ങൾ പരത്തുന്ന പരിമളം എന്താണ് എന്നതിനെക്കുറിച്ച് ഇന്നു പരിഗണിക്കുക.

ദിനം 37

# സകലരാഷ്ട്രങ്ങളുടെയും ദൈവം

അനേകനൂറ്റാണ്ടുകൾക്കുമുമ്പ് ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഒരു പുരുഷനെ സൃഷ്ടിച്ചു, അവന് ഏകനായിരിക്കാൻ കഴിയില്ല എന്ന തന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അവന്റെ വാരിയെല്ലിൽ നിന്നും ദൈവം ഒരു സ്ത്രീയെയും സൃഷ്ടിച്ചു. ആദത്തോടും ഹവ്വയോടുമൊപ്പം ദൈവം ഉണ്ടായിരുന്നു, അവരുടെ പിതാവായും അവർക്കു ഒരു നല്ല സുഹൃത്തായും. അവരോടൊപ്പം നടക്കുകയും സംവദിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്ത ദൈവം അവർ തെറ്റിക്കാൻ പാടില്ലാത്ത ഒരു നിർദ്ദേശവും അവർക്കായി നല്കി.

ദൈവകല്പന ലംഘിച്ച മനുഷ്യനെ ദൈവം ശിക്ഷിച്ചു, എന്നാൽ വാസ്തവത്തിൽ അതൊരു അനുഗ്രഹമായിരുന്നു. ദൈവം സ്ത്രീയുടെ പ്രസവവേദന വർദ്ധിപ്പിച്ചു. അവരെ രണ്ടുപേരെയും ദൈവം തുറന്ന

ലോകത്തിലേക്കു വിട്ടു, എങ്കിലും ദൈവം അവരോടുകൂടെ ഉണ്ടായിരുന്നു.

മനുഷ്യവംശം പാപത്തിൽ മുഴുകുന്നതു കണ്ട അത്യുന്നതന്റെ ഹൃദയം വേദനിച്ചു.

**ഉല്പത്തി 6:5–6** ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വളരെയധികം വർദ്ധിച്ചിരിക്കുന്നുവെന്നും അവന്റെ ഹൃദയവിചാരങ്ങൾ എല്ലായ്പ്പോഴും ദോഷത്തിലേക്കാകുന്നുവെന്നും യഹോവ കണ്ടു. ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ട് യഹോവ ദുഃഖിച്ചു; അവിടുത്തെ ഹൃദയം അത്യന്തം വേദനിച്ചു.

ദൈവത്തിനുമുന്നിൽ നീതിയും നേരുമുള്ളവനായി നോഹയെന്ന ഒരുവൻ മാത്രം ഉണ്ടായിരുന്നതിനാൽ ദൈവം അവന് ഒരു ഉത്തരവാദിത്തം നല്കി. ഒരു പെട്ടകം പണിയാനും തന്റെ കുടുംബത്തെ രക്ഷപ്പെടുത്താനും ദൈവം ഏല്പിച്ചു. പ്രളയം അയച്ചു ഭൂവാസികളെ മുഴുവൻ നശിപ്പിച്ച ദൈവം നോഹയെയും കുടുംബത്തെയും രക്ഷിച്ചു. അവരിൽനിന്നും മനുഷ്യവർഗ്ഗം ലോകം മുഴുവൻ പരന്നു.

മനുഷ്യർ അഹങ്കാരികളായിരുന്നു. അവർക്കു സ്വർഗ്ഗം വരെ എത്തണമെന്ന ചിന്ത വന്നു കയറിയിട്ട് അവർ ബാബേൽ ഗോപുരം പണിതു. ദൈവം ഇറങ്ങിവന്ന് അവരുടെ ഭാഷയെ കുഴപ്പിച്ചു. നരവംശം വീണ്ടും ചിതറിക്കപ്പെട്ടു, ഒരേ ഭാഷ സംസാരിക്കുന്നവർ ഒരുമിച്ചു താമസിച്ചു.

ലോകത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നതിനാൽ, ദൈവം വലിയ മനുഷ്യരെ ഉപയോഗിച്ച് ലോകത്തെ രക്ഷിക്കാൻ ശ്രമിച്ചു. നോഹ മുതൽ, അബ്രഹാം, യാക്കോബ്, ജോസഫ്, മോശ, അഹറോൻ, മിറിയം, ദെബോറ, സാംസൺ, ഗിദെയോൻ, റൂത്ത്, ശമുവേൽ, ഏലിയാ, എലീശ, എസ്തേർ, ദാവീദ്, ഏശയ്യാ, യിരമ്യാ, അങ്ങനെ പഴയനിയമ കാലഘട്ടത്തിൽ പലരെയും. അവസാനം ദൈവം തന്റെ സ്വന്തം പുത്രനെ, യേശുവിനെത്തന്നെ നല്കി, പാപത്തിന്റെ പിടിയിൽ നിന്നും ഈ ലോകത്തെ രക്ഷിക്കുവാനായി. ഈ ഭൂമിയിലെ തന്റെ ശുശ്രൂഷാക്കാലത്ത്, യേശു പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. അവർ ദൈവത്തോടൊപ്പം നടക്കുകയും, ലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്കുവാൻ യേശുവിനാൽ പര്യാപ്തരാകുകയും ചെയ്തു. തന്റെ നാമം വിളിച്ചപേക്ഷിക്കുന്ന സകലർക്കും യേശു സമീപസ്ഥനാണ്.

നമുക്കുവേണ്ടിയുള്ള യേശുവിന്റെ അവസാന പ്രസ്താവന; **മത്തായി 28:18–20** പിന്നെ, യേശു അവരുടെ അടുക്കൽവന്നു പറഞ്ഞു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കിയിരിക്കുന്നു. അതുകൊണ്ടു നിങ്ങൾപോയി സകല ജനതകളെയും ശിഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കാൻ അവരെ ഉപദേശിക്കയും ചെയ്‌വിൻ. ഞാനോ യുഗാന്ത്യംവരെ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

ഈ കല്പനയെ നിറവേറ്റാനായി ശിഷ്യന്മാർ ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചു, ദൈവത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേക്ക് അനേകർ കൂടിച്ചേർന്നു. ദിവസങ്ങൾ കടന്നുപോയപ്പോൾ പൗലോസും, ബർണ്ണാബാസും, അനനിയാസും, അക്വിലയും, പ്രിസ്കിലയും അങ്ങനെ പലരെയും ദൈവം തിരഞ്ഞെടുത്തു.

ദൈവം തന്റെ സാന്നിദ്ധ്യവും വീണ്ടെടുപ്പും ഇസ്രായേൽ ദേശത്തിനുമാത്രമായി ഒതുക്കിയില്ല, പകരം ലോകം മുഴുവനും ലഭ്യമാക്കി. ഒരു മനുഷ്യന് തന്റെ മനോഭാവവും അനുഭവങ്ങളും വച്ചുകൊണ്ട് ലോകത്തെ വിധിക്കാം. മതമോ രാഷ്ട്രീയമോ നിറമോ ജാതിയോ സമ്പത്തോ ദാരിദ്ര്യമോ ഒക്കെ ഇതിനു മാനദണ്ഡവുമാക്കാം. എന്നാൽ നമ്മുടെ ദൈവം സ്വജനപക്ഷവാദിയായ ദൈവമല്ല, അവൻ സകലരെയും ഒരേപോലെ സ്നേഹിക്കുന്നവനാണ്. എന്റെയും നിങ്ങളുടെയും പിതാവായ ആ ദൈവം ലോകത്തുള്ള സകലരുടെയും പിതാവാണ്, സകലരോടുമുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കാനായി അവിടുന്ന് സ്വന്തം പുത്രനെ സകലർക്കും വേണ്ടി ബലിയർപ്പിച്ചു.

സകലലോകങ്ങളുടെയും ദൈവം, നാം ആയിരിക്കുന്ന സ്ഥലത്ത്, തന്റെ വചനം അനേകരെ അറിയിക്കുവാനായി നമ്മെ ഓരോരുത്തരെയും തിരഞ്ഞെടുത്തു. ദൈവം നമ്മോടു കല്പിച്ചിരിക്കുന്ന വാക്കുകൾ നമുക്കു നോക്കാം, **അപ്പ 13:47**ൽ: നീ ഭൂമിയുടെ അതിരുകൾവരെ രക്ഷ എത്തിക്കേണ്ടതിനു ഞാൻ നിന്നെ വിജാതീയർക്കു വെളിച്ചമാക്കിയിരിക്കുന്നു.

മനുഷ്യരെ ദൈവത്തിലേക്ക് അടുപ്പിക്കാനായുള്ള ഈ ദൗത്യത്തിൽ നമ്മുടെ ഭാഗം നിറവേറ്റാനായി നമുക്ക് ശ്രദ്ധാലുക്കളാകാം.

നമുക്കു പ്രാർത്ഥിക്കാം: സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവേ, അങ്ങു ഞങ്ങൾക്കുവേണ്ടി ചെയ്തു

തന്ന കാര്യങ്ങൾക്കും, അങ്ങു ഞങ്ങൾക്കു വേണ്ടി തന്ന തിരുവചനങ്ങൾക്കും ഞാൻ നന്ദി പറയുന്നു. സലക ജനതയ്ക്കും വേണ്ടിയുള്ള ഒരു ഉൾക്കാഴ്ച അങ്ങു ഞങ്ങൾക്കു തന്നു. ഈ സന്ദേശം മീഡിയാ വഴികേൾക്കാനിടയായ ഒരു വ്യക്തിയായിരിക്കാം, അങ്ങയെ അന്വേഷിക്കുന്നു എന്ന് വാർത്ത കേൾക്കാനും, അവർ അങ്ങയെ കണ്ടെത്തുമ്പോൾ ഈ കേട്ട സന്ദേശം ഓർക്കാനും അങ്ങ് ഇടവരുത്തേണമേ. കാരണം അങ്ങാണ് സകല ലോകത്തിന്റെയും ദൈവം. ഇപ്പോൾ ഈ സന്ദേശം കേൾക്കുന്ന ഒരു വ്യക്തിയോ കുടുംബമോ, മറ്റാരും സുവിശേഷം എത്തിച്ചിട്ടില്ലാത്ത ഒരു ഇടത്ത് സുവിശേഷവുമായി പോകാനുള്ള ഒരു തീരുമാനം ഇന്ന് എടുക്കാൻ, ഇന്നത്തെ സന്ദേശം അതിനൊരു പ്രോത്സാഹനമാകാൻ, നീ ഇടവരുത്തേണമേ. ദൈവമേ അങ്ങുവലിയവനാകുന്നു, അങ്ങു ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യവും വലുതാകുന്നു. വലിയ ധൈര്യത്തോടെ നിന്റെ വചനം സംസാരിക്കാനുള്ള പ്രാപ്തി ഞങ്ങൾക്കു നീ തരേണമേ. എപ്പോഴും നന്ദിയോടെ, യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. ആമേൻ

**അവസാനമായി:**

നിങ്ങളോടു ദൈവവചനം അറിയിച്ചയാൾക്ക് ഒരു കത്തെഴുതുക/മെസ്സേജ് അയക്കുക, ഈ ആഴ്ചയിൽ അയാളുമായി പ്രാർത്ഥിക്കുക

**കൂടുതൽ വചനങ്ങൾ:** 1 ദിനവൃത്താന്തം 16:23–31, സങ്കീർത്തനം 67:1–7

ദിനം 38

# ദൈവത്തിന്റെ കഥ പറയുന്നത്

എല്ലാവർക്കും പറയാൻ ഒരു കഥയെങ്കിലും കാണും. നമ്മൾ കടന്നുപോയകാര്യങ്ങളും, നമ്മുടെ ഇപ്പോഴത്തെ അവസ്ഥയും, നമ്മുടെ ഭാവിപ്രതീക്ഷയും നമ്മുടെ കഥകളിൽ പ്രതിഫലിക്കുന്നു. അവയെക്കുറിച്ചു പറയുക എന്നുള്ളത് പ്രധാനപ്പെട്ടതുമാണ്. എന്നാൽ അതുകേൾക്കാൻ ആരെങ്കിലും ഉണ്ടാവുകയെന്നത് അതിലും പ്രധാനമാണ്. ദൈവമക്കൾ എന്ന നിലയിൽ നമ്മൾ കഥപറയുന്ന ആളുകളാണ്. ആദിമുതൽക്കു തന്നേ, ദൈവത്തിന്റെ കഥ പറയപ്പെട്ടിട്ടുള്ളതാണ്. തന്റെ കഥ തലമുറകൾ കൈമാറപ്പെടാൻ ദൈവം തന്നെ മുൻകൈ എടുത്തിരിക്കുന്നതു കാണാം.

മഹത്തായ ആ പാരമ്പര്യം നമുക്കു കാണാൻ **ആവർത്തനം 6:1–3, 20–21** വാക്യങ്ങൾ നോക്കിയാൽ മതി. പത്തുകല്പനകളെക്കുറിച്ചു നാം വായിച്ചതിനുശേഷം ഉടനെതന്നെ നമ്മോട് ആവശ്യപ്പെടുന്നകാര്യം ഇതു തലമുറകൾ കൈമാറുക എന്ന നിർദ്ദേശമാണ്. പ്രധാനപ്പെട്ട ഒരു കാര്യമാണിത്. നമ്മുടെ കുട്ടികളോടു മാത്രമല്ല അവരുടെ കുട്ടികളോടും കൈമാറണം. ജീവിതം മികച്ചതാകുവാനും ജീവിതത്തിൽ അഭിവൃദ്ധി ഉണ്ടാകുവാനും ഇതു നമ്മെ സഹായിക്കും. മാത്രമല്ല, ഇതെല്ലാം പരിപാവനമായ നിർദ്ദേശങ്ങളും കൂടിയാണ്. അവയെ നമ്മൾ നമ്മുടെ ഹൃദയത്തോടു ചേർക്കേണ്ടതുണ്ട്. നിങ്ങളോട് അതു കെട്ടിവയ്ക്കുക, എപ്പോഴും അവയെ നമ്മൾ ഓർക്കാനും, ഈജിപ്തുകാലം മുതൽ ഇന്നേവരെ ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്ന സജീവസാന്നിദ്ധ്യമാകുവാനും ഇടയാക്കുക.

മരുഭൂമിയിലൂടെ അലയുന്ന ഇസ്രായേൽമക്കൾക്ക്, ഇത് പ്രത്യേകമായി പ്രധാന്യമർഹിക്കുന്ന ഒരു ഓർമ്മപ്പെടുത്തലാണ്. അവർ അവരുടെ മണ്ണിൽനിന്നും അകലെയാണ്, അവർക്കറിയാവുന്ന സംഗതികളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ, ഭാവിയെക്കുറിച്ചു യാതൊരു നിശ്ചയവുമില്ല. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ, ദൈവസാന്നിദ്ധ്യം അവരെബോധ്യപ്പെടുത്താൻ ഈ കഥകൾ ഉരുക്കഴിക്കുക മാത്രം മതിയായിരുന്നു. നാടുകടത്തപ്പെട്ട ഒരു ജനതയെസംബന്ധിച്ച്, ഈ കഥകളാണ് അവരെ മുന്നോട്ടുനയിച്ചതും, ജീവനോടെ നിലനിർത്തിയതും, തങ്ങളുടെ മാതൃഭൂമിയുമായുള്ള ബന്ധം നിലനിർത്തിയതും, നാളെയെക്കുറിച്ച് ഒരു ശുഭപ്രതീക്ഷ സജീവമായി നിലനിർത്താൻ ഇടയാക്കിയതും.

എഴുതപ്പെട്ട തിരുവചനങ്ങളുടെ അടിസ്ഥാനം തന്നെ കഥാഖ്യാനമാണ്. വാമൊഴിയായാണ് ആദ്യം അവയെ പങ്കുവച്ചുകൊണ്ടിരുന്നത്, എന്നാൽ പിന്നീട് തുകലിലേക്കും പേപ്പറിലേക്കുമെല്ലാം ഇപ്പോൾ സ്മാർട്ട്ഫോൺ പിക്സലിലേക്കുമെല്ലാം വകഭേദമായി. ഏതുരീതിയിൽ കൈമാറപ്പെട്ടാലും, ഈ പുസ്തകങ്ങളുടെ അത്യന്തികമായ ലക്ഷ്യമെന്തെന്ന് **യോഹന്നാൻ 20:31** വ്യക്തമാക്കിയിരിക്കുന്നു – വിശ്വസിച്ച് അവിടുത്തെ നാമത്തിൽ ജീവൻ പ്രാപിക്കേണ്ടതിനുമായി ഇവ എഴുതപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ കഥയാണ് ബൈബിൾ. ഓരോ തവണയും നാം അതിന്റെ പേജുകൾ മറിക്കുമ്പോൾ, വചനം നമുക്കു നല്കുന്ന അവർണ്ണനീയമായ സാക്ഷ്യം ആദ്യം മുതൽ അവസാനംവരെ നാം കാണുന്നു.

എത്രമാത്രം ശ്രദ്ധയോടെയുള്ള കരുതലും വഴിനടത്തലും കൊണ്ടാണ് ദൈവം ഇസ്രായേലിനെ നയിച്ചത് എന്നു നമുക്കറിയാം. നമുക്കായി യേശു നല്കിയ ഉപദേശങ്ങളിലും മാതൃകകളിലും താൻ മരിച്ചുയർത്തു നേടിത്തന്ന സുവിശേഷത്തിലും നാം ആനന്ദിക്കുന്നു, അവ നമ്മെ എളിമപ്പെടുത്തുകയും ചെയ്യുന്നു. ശിഷ്യന്മാരോടൊത്തു പ്രവർത്തിച്ചുകൊണ്ട് ഈ ലോകം മാറ്റാൻ സഭ എത്രമാത്രം കഷ്ടപ്പെട്ടിരിക്കുന്നു?

നാം ബൈബിൾ വായിക്കുമ്പോൾ, വെറുമൊരു ചരിത്രപുസ്തകമോ സാഹിത്യരചനയോ അല്ല വായിക്കുന്നത്. കുറച്ചു വാസ്തവങ്ങൾ കുറിച്ചുവയ്ക്കുകയോ, ദൈവികമായ കുറച്ചു വിശദീകരണങ്ങൾ നിരത്തിവയ്ക്കുകയോ അല്ല ഇവിടം. പകരം, അതു വായിക്കുന്ന നമ്മിൽ ഒരു ചലനം സൃഷ്ടിക്കാൻ വേണ്ടിയാണ് ഈ വചനങ്ങൾ എഴുതപ്പെട്ടത്. നമ്മുടെ ഹൃദയവും മനസ്സും ആത്മാവും കവരുകയും, പ്രവർത്തിപഥത്തിലേക്കു നമ്മെ തള്ളിവിടുകയുമാണ് ഈ കഥകൾ ചെയ്യുന്നത്.

ബൈബിൾ ദൈവത്തിന്റെ കഥയാണെന്നതുപോലെ നമ്മുടെയും കഥയാണ്. ബൈബിൾ നാം പഠിക്കുമ്പോൾ, നൂറ്റാണ്ടുകൾക്കപ്പുറം നീണ്ടു കിടക്കുന്ന വിശ്വാസവീരന്മാരെ നമുക്കു കാണാൻ കഴിയുന്നു. നമ്മെപ്പോലെയാണെന്നു തോന്നിക്കുന്ന ആളുകളെ നാം കാണുന്നു. ദരിദ്രനും ധനികനും, ചെറുപ്പക്കാരും പ്രായമായവരും, സ്ത്രീയും പുരുഷനും, പ്രത്യാശയുള്ളവനും ദോഷംമാത്രം കാണുന്നവനുമെല്ലാം ബൈബിളിലെ കഥാപാത്രങ്ങളായി വരുന്നു - ദൈവം അവരിലൂടെയെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്നു. ബൈബിളിൽ നാം കാണുന്ന കഥാപാത്രങ്ങൾ പോലെ നമുക്കും നമ്മുടെ വിശ്വസത്തെക്കുറിച്ചുള്ള കഥകൾ ഉണ്ട്. നാം കരയുകയും വിശ്വാസം നിലനിർത്താൻ പാടുപെടുകയും ഒക്കെ ചെയ്യുന്ന സമയങ്ങൾ. അവയെല്ലാം നമ്മുടെ വിശ്വാസകഥകളാണ്.

ദൈവത്തിന്റെ കഥകൾ ശക്തവും ശ്രേഷ്ഠവും പ്രധാനപ്പെട്ടതുമായതിനാലാണ്, നാം ഒത്തുകൂടി അവ പരസ്പരം പങ്കുവയ്ക്കേണ്ടത്. ഓരോ ആഴ്ചയിലെയും ആരാധനയിൽ സംഭവിക്കേണ്ടത് അതാണ്. ദൈവത്തിന്റെ കഥകൾ ആവർത്തിച്ചുപറയാനും ദൈവത്തിന്റെ കഥകൾ നമ്മുടെകഥയുമായി ചേർച്ചവന്നതിനെക്കുറിച്ചു പറയാനും. യേശുവിന്റെ കഥയിലൂടെ, ദൈവം നമ്മോടുകാണിച്ച മഹത്സ്നേഹം വിശദീകരിക്കാൻ ആരാധനയ്ക്ക് ഒത്തുകൂടുമ്പോൾ നമുക്കു കഴിയുന്നു. നമ്മുടെ കഥയ്ക്കും ലോകത്തിന്റെ കഥയ്ക്കും മികച്ച ഒരു കാരണം കണ്ടെത്താൻ നമുക്കാവുന്നു. അങ്ങനെ ദൈവത്തിൽ ആശ്രയിച്ച് ശാന്തനായിരിക്കാനും, എല്ലാ കഥകളുടെയും ഉപജ്ഞാതാവായ ആൽഫയും ഒമേഗയുമായുള്ളവനെ സ്തുതിക്കാനും.

നമ്മുടെ കഥകളും ദൈവത്തിന്റെ കഥയും കൂടിച്ചേരുന്നിടത്താണ് ശിഷ്യത്വം ആരംഭിക്കുന്നത്. ദൈവത്തിന്റെ കഥകളിൽ ജീവിച്ച് അവ നമ്മുടെ കഥകൾ ആക്കുന്നിടത്താണ് നാം വിശ്വാസത്തിൽ ജീവിക്കുന്നവരാകുന്നത്. അവയെ നാം വായിക്കുകയും പഠിക്കുകയും അവയെക്കുറിച്ചു നാം സംസാരിക്കുകയും ചെയ്ത്, അവയെ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഭാഗമാക്കണം. ദൈവത്തിന്റെ കഥകളെ നാം കൂടുതൽ മനസ്സിലാക്കുമ്പോൾ, ആ കഥകൾ മറ്റനേകം സാഹചര്യങ്ങളിലൂടെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുന്നു, അങ്ങനെ നാം കഥപറയുന്നവർ ആയിത്തീരുന്നു.

ഞായറാഴ്ചയിൽ സന്ദേശം പറയുന്നയാൾ മാത്രമല്ല, നാം ഓരോരുത്തരും ദൈവകഥയുടെ ഭാഗമായി നിന്നുകൊണ്ട് ഇന്നും എന്നും ദൈവത്തിന്റെ കഥകൾ പറയാൻ ആവശ്യപ്പെടുന്നു. ഈ പ്രഭാതത്തിൽ നമുക്ക് കുറച്ചു സമയം മാറ്റിവയ്ക്കാം, ജീവിതത്തിലെ കുറച്ചു ഏടുകൾ നമുക്കു പരിശോധിക്കാം, നിങ്ങളുടെ ഒരു സുഹൃത്തിനോട് നിങ്ങളുടെ വിശ്വാസത്തിന്റെ ആ കഥകൾ പങ്കുവയ്ക്കാം.

നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വചനമാകാം, നിങ്ങളുടെ ജീവിതത്തിൽ വിശ്വാസത്തിൽ ഉണ്ടായ ഒരു ഉയർച്ചയോ താഴ്ചയോ ആകാം, നിങ്ങളുടെ ഭൂതകാലത്തിലെയോ വർത്തമാനകാലത്തിലെയോ ഒരു കഥയാകാം, അല്ലെങ്കിൽ ഭാവിയിലേക്കു നിങ്ങൾ പ്രത്യാശയോടെ നോക്കുന്ന ഒരു കഥയാകാം. കഥയെന്തായാലും അതിലൂടെ നമുക്ക് ദൈവത്തിന്റെ കഥയെ വിശകലനം ചെയ്യാം, നമ്മുടെ കഥകൾ മറ്റുള്ളവരോടു പങ്കുവയ്ക്കുകയും ചെയ്യാം. കാരണം നാം അപ്രകാരം ചെയ്യുമ്പോൾ, നമ്മുടെ കഥകളുടെ രചയിതാവായ, ഇപ്പോഴും നമ്മുടെ കഥ എഴുതിക്കൊണ്ടിരിക്കുന്ന, സജീവവും ഊർജ്ജസ്വലവുമായവനെ നാം സാക്ഷിക്കുകയാണു ചെയ്യുന്നത്.

ഇതാണു ദൈവത്തിന്റെ കഥ, ഇതാണു നമ്മുടെ കഥ, അതങ്ങനെ പറയപ്പെട്ടുകൊണ്ടേയിരിക്കട്ടെ, ആമേൻ

**കൂടുതൽ വചനങ്ങൾ:** ആവർത്തനം 6, അപ്പ 7, അപ്പ 20:22-24, അപ്പ 26:24-29

ദിനം 39

# സദ്വാർത്തയുടെ ഒരു ദിവസം

**2 രാജാക്കന്മാർ 7:1–9** അപ്പോൾ എലീശാ: "യഹോവയുടെ അരുളപ്പാടു കേൾക്കുവിൻ; നാളെ ഈ നേരത്ത് ശമര്യയുടെ പടിവാതില്ക്കൽ ശേക്കെലിന് ഒരു സേയാ കോതമ്പുമാവും ശേക്കെലിനു രണ്ടു സേയാ യവവും വില്ക്കപ്പെടുമെന്ന് യഹോവ അരുളിച്ചെയ്യുന്നു" എന്നു പറഞ്ഞു. രാജാവിനെ കൈകൊണ്ടു താങ്ങിയിരുന്ന സൈനികോദ്യോഗസ്ഥൻ: "നോക്കൂ, യഹോവ ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാക്കിയാൽത്തന്നെയും ഇതു സാദ്ധ്യമാകുമോ?" എന്നു ചോദിച്ചു. "നിന്റെ കണ്ണുകൊണ്ട് നീ അതു കാണും; എങ്കിലും നീ അതു ഭക്ഷിക്കുകയില്ല" എന്ന് എലീശാ മറുപടി പറഞ്ഞു. അന്ന് നഗരവാതില്ക്കൽ കുഷ്ഠരോഗികളായ നാലുപേർ ഉണ്ടായിരുന്നു; അവർ തമ്മിൽത്തമ്മിൽ പറഞ്ഞു "നാം മരിക്കുവോളം ഇവിടെയെന്തിനു കഴിയുന്നു? നാം നഗരത്തിലേക്കു പോകുന്നപക്ഷം അവിടെ ക്ഷാമമുള്ളതുകൊണ്ട് നാം മരിച്ചു പോകും; ഇവിടെയിരുന്നാലും നാം മരിക്കും. അതിനാൽ നമുക്ക് അരാമ്യരുടെ പാളയത്തിലേക്കു ചെല്ലാം. അവർ നമ്മെ ജീവനോടെ വച്ചേക്കുന്ന പക്ഷം നാം ജീവിക്കും, അവർ നമ്മെ കൊന്നാൽ നാം മരിക്കുകയേ ഉള്ളല്ലോ." സന്ധ്യാസമയത്ത്, അവർ അരാമ്യരുടെ പാളയത്തിലേക്കു ചെന്നു. അവർ പാളയത്തിന്റെ അറ്റത്ത് എത്തിയപ്പോൾ അവിടെ ആരെയും കണ്ടില്ല. രഥങ്ങളുടെയും കുതിരകളുടെയും ഒരു വലിയ സൈന്യത്തിന്റെയും ആരവം അരാമ്യർ കേൾക്കുവാൻ യഹോവ ഇടയാക്കി. അതുകൊണ്ട് അവർ തമ്മിൽത്തമ്മിൽ: "നോക്കൂ! നമ്മെ ആക്രമിക്കുവാൻ യിസ്രായേൽ രാജാവ് ഹിത്യരാജാക്കന്മാരെയും ഈജിപ്റ്റ് രാജാക്കന്മാരെയും കൂലികൊടുത്തിരിക്കുന്നു" എന്നു പറഞ്ഞു. അതിനാൽ അവർ സന്ധ്യയ്ക്കുതന്നെ എഴുന്നേറ്റ് ഓടിപ്പോയി. അവരുടെ കൂടാരങ്ങളെയും കുതിരകളെയും കഴുതകളെയും ഉപേക്ഷിച്ചിട്ടാണ് അവർ ഓടിയത്. പാളയം അതേപടി ഉപേക്ഷിച്ചിട്ട് അവർ പ്രാണരക്ഷാർത്ഥം ഓടിപ്പോയി. ആ കുഷ്ഠരോഗികൾ പാളയത്തിന്റെ അരികിൽച്ചെന്ന് ഒരു കൂടാരത്തിൽക്കയറി; അവർ തിന്നുകയും കുടിക്കുകയും ചെയ്തു. സ്വർണ്ണവും വെള്ളിയും വസ്ത്രങ്ങളും അവർ എടുത്തുകൊണ്ടുപോയി ഒളിച്ചുവച്ചു. അവർ മടങ്ങിവന്ന് മറ്റൊരുകൂടാരത്തിൽക്കയറി; അതിൽനിന്നും ചില സാധനങ്ങളെടുത്ത് അതും അവർ ഒളിപ്പിച്ചു. പിന്നെ അവർ തമ്മിൽത്തമ്മിൽ: "നാം ഈ ചെയ്യുന്നതു ശരിയല്ല. ഇന്ന് സുവാർത്താദിനമാണ്. നാമത് നമുക്കുമാത്രമായി സൂക്ഷിച്ച് പ്രഭാതംവരെ ഈ വാർത്ത ആരെയും അറിയിക്കാതെ കാത്തിരുന്നാൽ നമുക്കു ശിക്ഷയുണ്ടാകും. അതിനാൽ നമുക്കുപോയി രാജകൊട്ടാരത്തിൽ വിവരം അറിയിക്കാം" എന്നു പറഞ്ഞു.

ഒരു ഗതിയുമില്ലാതെ മരിക്കാൻവേണ്ടി തീരുമാനിച്ച നാലു കുഷ്ഠരോഗികളുടെ കഥ നാമിവിടെ കാണുന്നു. ക്ഷാമം കൊണ്ടുവരാൻ പോകുന്ന മരണം അവരുടെ തലയ്ക്കുമീതെ നില്ക്കുമ്പോൾ, എപ്രകാരം മരിക്കണം എന്ന ഒരു തീരുമാനമാണ് അവർ എടുത്തത്. ശമരിയദേശത്തിനുമീതെ ഉപരോധം ഏർപ്പെടുത്തിയ അരാമ്യസൈന്യത്തോട് ദൈവം എന്താണു ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ച് അവർക്ക് ലവലേശം അറിവില്ലായിരുന്നു. ദൈവം അരാമ്യസൈന്യങ്ങളുടെ ഹൃദയത്തിൽ ഭീതി വിതച്ച് അവർ ചകിതരായി ഓടിയപ്പോൾ ഇട്ടിട്ടുപോയ ഭക്ഷണസാധനങ്ങളുടെയും വിലപിടിപ്പുള്ള മറ്റു സാധനങ്ങളുടെയും ധാരാളിത്തത്തിൽ ആകസ്മികമായി ആദ്യമേ പെട്ടുപോയവരാണിവർ. സ്വന്തമായി ഇതെല്ലാം ആസ്വദിക്കാൻ ആദ്യമേ അവർ കുറച്ചു സമയം ചിലവഴിച്ചെങ്കിലും, ശമരിയാദേശത്തെ മുഴുവൻ ആളുകളും വിശന്നു ചാകുമ്പോൾ അവർ തങ്ങളുടെ ദേശത്തോടും ജനങ്ങളോടും മര്യാദയില്ലാതെ പെരുമാറുന്നതിന്റെ ദുഷ്ടത പെട്ടെന്നു തന്നെ തിരിച്ചറിഞ്ഞു. "നാം ഈ ചെയ്യുന്നതു ശരിയല്ല. ഇന്ന് സുവാർത്താദിനമാണ്. നാമത് നമുക്കുമാത്രമായി സൂക്ഷിച്ചുവയ്ക്കുന്നു" എന്ന് അവർ പരസ്പരം പറഞ്ഞു.

യേശുവിന്റെ ശിഷ്യരായ നമ്മളുമായി ഈ സാഹചര്യത്തെ ഒന്നു താരതമ്യം ചെയ്യുക. യേശുവിന്റെ ശിഷ്യരെന്ന നിലയിൽ, നമ്മുടെ ചുറ്റുമുള്ളവരുടെയടുത്ത് യേശുവിന്റെ നിത്യസുവിശേഷം നാം പങ്കുവയ്ക്കുന്നുണ്ടോ? നമുക്കു ചുറ്റുമുള്ളവരോടു സുവിശേഷത്തിനു സാക്ഷ്യം വഹിക്കുക എന്നത്, യേശുവിന്റെ ജോലി ഏറ്റെടുത്തു ചെയ്യാനായി ദൈവം നമ്മെ ഏല്പിച്ച സവിശേഷമായ ഒരു അവകാശമാണ്. വേറെ ഒരാൾ നമ്മിലേക്ക് ഇറങ്ങിവന്ന് നമ്മെ സുവിശേഷസത്യങ്ങൾ ബോധ്യപ്പെടുത്തിയതുകൊണ്ടാണ് നാം ഇന്ന് ഒരു ശിഷ്യനായിട്ടിരിക്കുന്നത്. ഇതൊരു സവിശേഷഅവകാശമാണെന്നിരിക്കിലും, ഇക്കാര്യത്തിൽ നമ്മിൽ പലരും ശക്തരല്ല. ശിഷ്യരായിത്തീരാൻ ആഗ്രഹിക്കുന്ന ഒരാളെ ദൈവം എന്റെ മുന്നിലേക്കു കൊണ്ടുവരുമെന്നു നാം പ്രത്യാശിക്കും, അങ്ങനെ യേശുവിന്റെ സുവിശേഷം പങ്കുവയ്ക്കുന്ന ദൗത്യം വളരെ പെട്ടെന്ന് നിറവേറാനും. വാസ്തവമെന്താണെന്നുവച്ചാൽ, സുവിശേഷം പ്രഘോഷിക്കാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ദൈവത്തിന്റെ കരത്താൽ ഉപയോഗിക്കപ്പെടാൻ യോഗ്യമായ, ശുദ്ധവും വിനയപൂർണ്ണവുമായ ഒരു പാത്രമായി നാം ഇരിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. അപ്രകാരമാകുമ്പോൾ അവനു നമ്മെ ഉപയോഗിക്കാനാകും. സഭയിലുള്ള നമ്മുടെ ഓരോരുത്തരുടെയും ബലഹീനതകൾ നിലനിൽക്കെത്തന്നെ, സഭ വളരുന്നുണ്ടെന്നതു സത്യം തന്നെയാണ്. കാരണം, യേശു നമ്മോടൊപ്പമുണ്ട്, സുവിശേഷം പ്രഘോ

ഷിക്കപ്പെടുന്നതിൽ നമ്മുടെ ഭാഗം നിറവേറ്റാൻ അവൻ നമുക്കു ശക്തിതരുന്നുമുണ്ട് എന്നതാണ്.

നമ്മുടെ പോരാട്ടം ഒന്നാമതായി ആത്മീയമാണ്, അതുകൊണ്ടുതന്നെ, സാത്താന്റെ ഇരുട്ടിന്റെ അധീശത്വത്തിൽനിന്നും ജനത്തെ വിടുവിക്കാൻ നാം പ്രാർത്ഥനയിൽ ആശ്രയിക്കേണ്ടതുണ്ട്. സുവിശേഷ സത്യം ജനങ്ങൾക്കു ബോധ്യപ്പെടാൻ ദൈവം അവരുടെ കണ്ണുകൾ തുറക്കേണ്ടതുണ്ട് (**2 കൊരിന്ത്യർ 4:4-6**). യേശു നല്കിയ വലിയ കല്പനയിൽ, സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു, ആകയാൽ നിങ്ങൾ പോയി സകലജനതകളെയും ശിഷ്യരാക്കുവിൻ എന്നു പറഞ്ഞിരിക്കുന്നു (**മത്തായി 28:18-20**). പരിശുദ്ധാത്മാവു നിങ്ങളിൽ വരുമ്പോൾ നിങ്ങൾക്കു ശക്തിലഭിക്കുകയും, നിങ്ങൾ എന്റെ സാക്ഷികൾ ആവുകയും ചെയ്യും (**അപ്പ 1:8**). യേശുവിന്റെ കുരിശിലൂടെ നമുക്കു കണ്ടെത്താൻ കഴിയുന്ന രക്ഷാകരമായ കൃപയെക്കുറിച്ചു മറ്റുള്ളവരോടു സംസാരിക്കാൻ ദൈവത്തിന്റെ അധികാരത്തിലും ശക്തിയിലും നാം ആശ്രയിക്കേണ്ടതുണ്ട്.

നമ്മുടെ ശിഷ്യത്വജീവിതമാണ് യേശുവിന്റെ സന്ദേശത്തെ പിന്താങ്ങുന്നത്. ബൈബിളിൽ നാം കാണുന്ന ശിഷ്യന്മാർ സാധാരണക്കാരായ ആളുകളാണ്, അവരുടെ ജീവിതങ്ങൾ വ്യത്യസ്തമായത് യേശുവിനാലാണ്. അവർ പ്രഘോഷിച്ച സന്ദേശവുമായി അവരുടെ ജീവിതത്തിനുണ്ടായിരുന്ന സാമ്യമാണ് അവർ പോയ ഇടങ്ങളിലെല്ലാം ജനങ്ങൾ കണ്ടത്. ക്രിസ്തുവിനെ ഒരു യാഥാർത്ഥ്യമായി നമ്മുടെ ചുറ്റുമുള്ളവർക്കു നമ്മിൽ കാണാൻ ഇടവരുമ്പോൾ അവർ നാം നല്കുന്ന സന്ദേശത്തിൽ താത്പര്യമുള്ളവരാകും.

**റോമർ 10:15** അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും? "സുവാർത്തയുമായി വരുന്നവരുടെ പാദം എത്ര മനോഹരം" എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാം അയയ്ക്കപ്പെട്ടവരാണ്. സുന്ദരമായ ഈ ഉത്തരവാദിത്തം നമുക്ക് ആസ്വദിച്ചു ചെയ്യാം.

**അവസാനമായി**

- ഈ സദ്വാർത്ത എല്ലാവർക്കുംവേണ്ടിയുള്ളതായതിനാൽ ഇതുപ്രഘോഷിക്കപ്പെടേണ്ടതാണ് എന്ന യാഥാർത്ഥ്യബോധത്തിലേക്ക് നാം പൂർണ്ണമായും എത്തിച്ചേരേണ്ടതുണ്ട്.

- യേശുവിന്റെ അതേ ദൗത്യം തന്നെയാണ് നമുക്കുമുള്ളത് - അറിവില്ലാത്തവരെയും ബന്ധനത്തിലായിരിക്കുന്നവരെയും ദൈവരാജ്യത്തിലുള്ള സ്വാതന്ത്ര്യത്തിലേക്കു നയിക്കുക എന്നത്

- സുവിശേഷം പങ്കുവയ്ക്കാനുള്ള തീരുമാനമെടുക്കേണ്ട ദിവസം ഇന്നു തന്നെയാണ്, കാരണം ഇന്ന് സദ്വാർത്തയുടെ ദിവസമാണ്.

**കൂടുതൽ വായനയ്ക്ക്:** മർക്കോസ് 16:15, അപ്പ 4:19-20

ദിനം 40

# നമ്മെ അയച്ചവനിൽ നമുക്കുള്ള ആത്മവിശ്വാസം

**യോശുവ 1:9** ബലവും ധൈര്യവും ഉള്ളവനായിരിക്കുവാൻ ഞാൻ നിന്നോടു കല്പിച്ചുവല്ലോ; ഭയപ്പെടരുത്, ഭ്രമിക്കയും അരുത്. നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉണ്ടായിരിക്കും.

ഒരു ഉദ്യാനത്തിൽകൂടി നടന്നു കാഴ്ചകൾ കാണാനുള്ള ഒരു ഉത്തവാദിത്തമല്ല ഇവിടെ യോശുവയ്ക്കും കൂട്ടർക്കും ലഭിച്ചിരിക്കുന്നത്. ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക എന്നു ദൈവം യോശുവയോടു കല്പിച്ചതു മൂന്നുപ്രാവശ്യമാണ് (**യോശുവ 1:6, 7, 9**). മൂന്നാമത്തെ തവണയാകട്ടെ ഭയപ്പെടരുത് എന്നുകൂടി കല്പിച്ചിരിക്കുന്നു.

മുന്നിലുള്ള ജീവിതത്തെക്കുറിച്ച് ആശയക്കുഴപ്പവും ആകാംക്ഷയും ഏകാന്തതയും തോന്നുന്ന സമയങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ? അതു തന്നെയാണ് യോശുവയ്ക്കും അനുഭവപ്പെട്ടത്. മോശ മരിച്ചുപോയി. ഇസ്രായേൽ ജനതയെ നയിക്കുവാനുള്ള വലിയ ഉത്തരവാദിത്തം

യോശുവയുടെ ചുമലിൽ വന്നു ചേർന്നു. നമുക്കു യോശുവയുടെ ജീവിതത്തോട് ഒന്നു താദാത്മ്യം പ്രാപിക്കാം. ഒരുവ്യക്തി നിങ്ങളെ സമീപിച്ച്, ആദ്യമായി ബൈബിൾ പഠിപ്പിച്ച ആ ദിവസത്തെക്കുറിച്ചു ഓർത്തുനോക്കുക. ആദ്യമായി ദൈവവുമായി ഒരു ബന്ധത്തിലേക്കുവരുവാൻ ഒരാൾ സഹായിച്ച ആ ദിവസം. മുന്നോട്ടുപോകുവാനും യേശുവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കാനും നിങ്ങളുടെ ഉള്ളിൽ ശക്തമായ ഒരു പ്രേരണയുണ്ടായി. പുതുതായി ശിഷ്യനായ ഒരു വ്യക്തിയെന്ന നിലയ്ക്ക്, നിങ്ങളുടെ ചുറ്റും ധാരാളം ആളുകൾ ഉണ്ടായിരുന്നു, ധാരാളം പ്രോത്സാഹനങ്ങൾ ഉണ്ടായിരുന്നു, നിങ്ങൾ വളരെ ശക്തിയോടെ മുന്നോട്ടുപോയി.

വർഷങ്ങൾക്കുശേഷം ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, നിങ്ങളുടെ ചുറ്റുമുള്ളവരെ കാണുമ്പോൾ നിങ്ങൾക്കു ലഭിക്കുന്ന ആത്മധൈര്യത്തിന്റെ തോത് എത്രമാത്രമാണ്. ഞാൻ എങ്ങും എത്തിയിട്ടില്ല എന്ന ഒരു തോന്നൽ നിങ്ങളിൽ ഉണ്ടോ? നിങ്ങൾക്കു നല്ല ജോലിയോ വിദ്യാഭ്യാസമോ സമ്പത്തോ വീടോ സുഹൃത്തുക്കളോ സന്തോഷമോ ആനന്ദമോ ആഭരണങ്ങളോ ഭാഷാപ്രാവീണ്യമോ വിവാഹബന്ധമോ കുടുംബമോ വളർത്തുമൃഗങ്ങളോ സംസാരിക്കാനുള്ള ധൈര്യമോ ഇല്ല എന്നു തോന്നുന്നുണ്ടോ? നിങ്ങൾ ആത്മധൈര്യം കണ്ടെത്തുന്നത് നിങ്ങളുടെ വ്യക്തിത്വത്തിലാണോ അതോ ദൈവവചനത്തിലാണോ?

ദൈവം വിളിച്ച സമയത്ത് ബലഹീനരും അയോഗ്യരും എന്നു തോന്നിയ ചില ആളുകളെ നമുക്കു നോക്കാം, ദൈവം അവരെ യോഗ്യരാക്കി മാറ്റി.

**മോശ**

**പുറപ്പാട് 4:10-16** മോശെ യഹോവയോട്, "കർത്താവേ, അടിയൻ മുമ്പുതന്നെയോ, അവിടുന്ന് അടിയനോടു സംസാരിച്ചതിനുശേഷമോ ഒരിക്കലും വാക്ചാതുര്യമുള്ളവനായിരുന്നിട്ടില്ല. അടിയൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു" എന്നു പറഞ്ഞു. യഹോവ അവനോട്, "മനുഷ്യന്റെ വായ് നിർമ്മിച്ചതാര്? അവനെ ബധിരനോ മൂകനോ ആക്കുന്നതാര്? അവനു കാഴ്ചനല്കുന്നതോ അവനെ അന്ധനാക്കുന്നതോ ആര്? യഹോവയായ ഞാൻ അല്ലയോ? ഇപ്പോൾ പോവുക, ഞാൻ നിന്നെ സംസാരിക്കാൻ സഹായിക്കയും പറയേണ്ടതെന്തെന്നു നിനക്ക് ഉപദേശിച്ചു തരികയും ചെയ്യും" എന്നു പറഞ്ഞു. എന്നാൽ മോശെ, "അയ്യോ, കർത്താവേ, ദയവുചെയ്തു മറ്റാരെയെങ്കിലും അയയ്ക്കേണമേ" എന്നു പറഞ്ഞു. അപ്പോൾ യഹോവയുടെ കോപം മോശെയ്ക്കുനേരെ ജ്വലിച്ചു; അവിടുന്ന് അരുളിച്ചെയ്തു: "ലേവ്യനായ അഹരോൻ നിന്റെ സഹോദരൻ അല്ലയോ? അവനു നന്നായി സംസാരിക്കാൻ കഴിയുമെന്നു ഞാൻ അറിയുന്നു; നിന്നെ വന്നുകാണുവാൻ അവൻ യാത്ര തിരിച്ചുകഴിഞ്ഞു; നിന്നെ കാണുമ്പോൾ അവന്റെ ഹൃദയം സന്തോഷിക്കും. പറയേണ്ടവാക്കുകൾ നീ അവനു പറഞ്ഞുകൊടുക്കുക. ഞാൻ നിന്റെ വായോടും, അവന്റെ വായോടും കൂടെ ഇരിക്കുകയും എന്താണു ചെയ്യേണ്ടതെന്നു നിങ്ങൾക്ക് ഉപദേശിച്ചുതരികയും ചെയ്യും. അവൻ നിനക്കു പകരം ജനത്തോടു സംസാരിക്കും; അവൻ നിന്റെ വക്താവും നീ അവനു ദൈവവും എന്ന നിലയിലാകും.

ദൈവം ഒരാളെ തിരഞ്ഞെടുക്കുമ്പോൾ, അയാളോടൊപ്പം നടക്കാനും അയാളുടെ ബലഹീനതകളിൽ സഹായിക്കാനും ദൈവം തയ്യാറാകുന്നു.

**കാലെബ്**

**യോശുവ 14:7-8, 10-11** യഹോവയുടെ ദാസനായ മോശെ കാദേശ് ബർന്നേയയിൽ നിന്ന് എന്നെ ദേശം ഉറ്റുനോക്കുവാൻ അയയ്ക്കുമ്പോൾ, എനിക്കു നാല്പതു വയസ്സായിരുന്നു. എന്റെ മനസ്സാക്ഷിക്കനുസരിച്ചുള്ള ഒരു വിവരണം ഞാൻ അദ്ദേഹത്തിനു നല്കി. എന്നാൽ എന്നോടുകൂടി പോന്ന എന്റെ സഹോദരന്മാർ, ജനഹൃദയം ഭയംകൊണ്ട് ഉരുക്കുമാറാക്കി; ഞാനോ എന്റെ ദൈവമായ യഹോവയോടു പൂർണ്ണമായി പറ്റിനിന്നു. (10-11) മരുഭൂമിയിൽകൂടിയുള്ള യിസ്രായേലിന്റെ പ്രയാണകാലത്ത് യഹോവ ഇതു മോശെയോടു കല്പിച്ചതുമുതൽ ഇപ്പോൾ വരെ, ഇതാ നാല്പത്തഞ്ചുവർഷം, യഹോവ കല്പിച്ചതുപോലെ, എന്നെ ജീവനോടെ വച്ചിരിക്കുന്നു. എനിക്കിതാ, ഇപ്പോൾ എൺപത്തഞ്ചുവയസ്സായി. മോശെ എന്നെ അയച്ച അന്നത്തെപ്പോലെ ഇന്നും ഞാൻ ഊർജ്ജസ്വലനാണ്.

കാലെബിന്റെ വിശ്വാസവും ബോധ്യങ്ങളും മാറ്റംവരാതെ നിന്നു, തന്റെ യൗവ്വനകാലത്തും തന്റെ വാർദ്ധക്യത്തിലും ഒരുപോലെ

**ഗിദെയോൻ**

**ന്യായാധിപർ 6:15-16** "അയ്യോ കർത്താവേ, ഞാൻ യിസ്രായേലിനെ രക്ഷിക്കുന്നതെങ്ങനെ? എന്റെ കുലം

മനാശ്ശെയിൽ ഏറ്റവും എളിയതും ഞാൻ എന്റെ കുടുംബത്തിൽ ഏറ്റവും ചെറിയവനും ആകുന്നു" എന്നു ഗിദെയോൻ പറഞ്ഞു. യഹോവ പറഞ്ഞു: "ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ സകല മിദ്യാന്യരെയും ഒരുമിച്ചു തോല്പിക്കും"

വളരെയധികം അപകർഷതയുള്ളവനായിരുന്നു ഗിദെയോൻ. എന്നാൽ അവൻ തന്റെ ബലഹീനതകൾ ദൈവത്തോടു തുറന്നു സംസാരിച്ചപ്പോൾ, ദൈവം അവനെ ഒരു വീരനാക്കി മാറ്റി.

**ഏശയ്യാവിന്,** താൻ അശുദ്ധമായ നാവുള്ള ഒരുവനാണെന്ന തോന്നലായിരുന്നു ഉണ്ടായിരുന്നത് (ഏശയ്യാ 6:5)

**യിരമ്യാവ്**

**യിരമ്യാ 1:4-8** യഹോവയുടെ അരുളപ്പാട് എനിക്ക് ഉണ്ടായി. "നിന്നെ ഗർഭപാത്രത്തിൽ രൂപപ്പെടുത്തിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; നീ ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; രാഷ്ട്രങ്ങൾക്ക് ഒരു പ്രവാചകനായി ഞാൻ നിന്നെ നിയമിച്ചു." അപ്പോൾ ഞാൻ പറഞ്ഞു: "അയ്യോ! യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാൻ അറിഞ്ഞുകൂടാ; ഞാൻ ഒരു ബാലനാണല്ലോ." എന്നാൽ യഹോവ എന്നോട്: "ഞാൻ ഒരു ബാലൻ എന്നു നീ പറയരുത്. ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കൽ നീ പോകണം. ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും നീ സംസാരിക്കണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കുവാൻ ഞാൻ നിന്നോടുകൂടെ ഉണ്ടെന്ന് യഹോവ അരുളിച്ചെയ്യുന്നു" എന്നു കല്പിച്ചു.

ഏശയ്യാവിന്റെയും യിരമ്യാവിന്റെയും വിനയവും തുറന്നമനോഭാവവും, ശക്തരും ശ്രേഷ്ഠരുമായ പ്രവാചകരാകാൻ അവരെ സഹായിച്ചു.

**പത്രോസും യോഹന്നാനും**

**അപ്പ 4:13** അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും അവർ പഠിപ്പില്ലാത്ത സാധാരണമനുഷ്യർ എന്നു ഗ്രഹിക്കുകയും ചെയ്തപ്പോൾ ആശ്ചര്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്ന് അവർ മനസ്സിലാക്കി

നമ്മെപ്പോലെയുള്ള സാധാരണക്കാർ ദൈവതിരുമുന്നിലേക്കു വന്നപ്പോൾ അവർ അതിശ്രേഷ്ഠരായ ദൈവമക്കളായി മാറി. എന്താണ് അവരെ അതിശ്രേഷ്ഠരാക്കിയത്? അവർ എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയിച്ചു. നമ്മുടെ വിശ്വാസയാത്ര നാം തുടരുമ്പോൾ, നമ്മുടെ കഴിവുകൾ എന്താണെന്നും മറ്റുള്ളവരുടെ കഴിവുകൾ എന്താണെന്നുമുള്ള ഒരു ചിന്തയിൽ കുരുങ്ങിയിട്ട്, മറ്റുള്ളവരുമായി നമ്മെ താരതമ്യപ്പെടുത്തുന്ന ഒരു പ്രവണതയിലേക്കു നാം ഉൾപ്പെടാതെ നോക്കണം. ദാവീദ് ഗോലിയാത്തിനെ നേരിട്ടപ്പോൾ, അവന്റെ മുൻകാലങ്ങളിലുള്ള വിജയങ്ങളിലോ അറിവിലോ കഴിവിലോ ഒന്നും അല്ല ധൈര്യം കണ്ടെത്തിയത്, പകരം, ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് അവൻ മുന്നോട്ടുപോയി, അവൻ വിജയശ്രീലാളിതനാവുകയും ചെയ്തു. നിങ്ങൾ പുതുതായി സ്നാനമെടുത്ത ഒരു വ്യക്തിയോ അല്ലെങ്കിൽ വളരെയധികം പരിചയസമ്പത്തുള്ള ഒരു ശിഷ്യനോ ആയിക്കോട്ടെ, നാം ശുശ്രൂഷിക്കുന്ന ദൈവം ഇന്നലെയും ഇന്നും എന്നന്നേയ്ക്കും ഒരേപോലെയുള്ളവനാണ് എന്നതിലാണു കാര്യം.

ഈ വർഷത്തെ പ്രാർത്ഥനാസമയപരമ്പരയുടെ അടിസ്ഥാന ചിന്ത, "സ്വസ്ഥരായിരിക്കുവിൻ, ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ" (**സങ്കീർത്തനം 46:10**) എന്നതാണ്. നമ്മുടെ ദൈവം വിശ്വസ്തനാണ്, അവൻ തന്റെ സകല വാഗ്ദാനങ്ങളും നിറവേറ്റുന്നവനാണ് (**യോശുവ 21:45**)

നാല്പതു നാളുകളിലെ ഈ സന്ദേശങ്ങൾ നാം പൂർത്തീകരിക്കുമ്പോൾ, മുന്നോട്ടു ശക്തിയോടെ പോകാനും 2022ൽ ദൈവത്തിനു ധാരാളമായ മഹത്വം കൊണ്ടുവരുവാനും നമുക്കു ധൈര്യം സംഭരിക്കാം. ധൈര്യവും ആത്മവിശ്വാസവും നിറഞ്ഞവരാകാം, നമ്മെസംബന്ധിച്ച ധൈര്യവും ആത്മവിശ്വാസവുമല്ല, നമ്മെ അയച്ചവനിലുള്ള ധൈര്യവും ആത്മവിശ്വാസവും നിറഞ്ഞവർ.

നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്; അവിടുന്ന് അതു നിറവേറ്റും (**1 തെസ്സലോനിക്യർ 5:24**)

**കൂടുതൽ വചനങ്ങൾ:** ഫിലിപ്പ്യർ 4:19, സങ്കീർത്തനം 18:30-32, റോമർ 8:32, ലൂക്കോസ് 12:24

# ഉപസംഹാരം

## ലൂക്കോസ് 3:18

18മറ്റു പല വചനങ്ങളാലും
യോഹന്നാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും
അവരോടു സുവിശേഷം അറിയിക്കുകയും ചെയ്തു.

**ഉപസംഹാരം**


| | | | |
|---|---|---|---|
| ദിനം 41 | : | എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുക | സങ്കീർത്തനം 46 |
| ദിനം 42 | : | ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക | സങ്കീർത്തനം 46 |


ദിനം 41

## എന്റെ ആത്മാവേ, സ്വസ്ഥമായിരിക്കുക

**സങ്കീർത്തനം 46** സ്വസ്ഥമായിരിക്കുവിൻ, ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ...

ഇന്നു നാം ജീവിക്കുന്ന ജീവിതം അത്യധികം കുഴഞ്ഞുമറിഞ്ഞതാണ്. ഒരു ടെലിവിഷൻ വാർത്താചാനലോ, ദിനപത്രമോ, വെബ്സൈറ്റോ തുറന്നാൽ മതി, നമ്മുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ചിത്രങ്ങളും വാർത്തകളും വന്നു നമ്മെ പൊതിയാൻ. കൊലപാതകങ്ങളും, തട്ടിക്കൊണ്ടുപോകലും, പ്രകൃതി ദുരന്തങ്ങളും, രോഗബാധകളും, ഭീകരപ്രവർത്തനങ്ങളും, കലാപങ്ങളും – ഈ ലോകത്തിൽ നിന്നും സമാധാനം അപ്രത്യക്ഷമാകുന്നതു പോലെ തോന്നും.

ദൈവമക്കളെന്ന നിലയിലും, ഇത്തരം പ്രയാസങ്ങളിൽനിന്നും നമ്മെ മാറ്റിനിർത്തിയിട്ടില്ല. നമുക്കു ചുറ്റുമുള്ളവർ കടന്നുപോകുന്ന സമ്മർദ്ദങ്ങളും മാനസികവ്യഥകളും നമുക്ക് അന്യവുമല്ല. നമ്മളും നഷ്ടപ്പെടലിന്റെ വേദന വഹിക്കുന്നവരാണ്. നിരാശകൾ നമ്മുടെ ഹൃദയത്തെയും മഥിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെ ഉയർന്നുകൊണ്ടേയിരിക്കുന്ന വിലനിലവാരം നമ്മുടെ പണസഞ്ചിയെ മാത്രമല്ല ബാധിക്കുന്നത്, വിശ്വാസത്തെയും കൂടിയാണ്. പുതിയ ഒരു വർഷത്തിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ ഒരു കണക്കെടുപ്പും, നമ്മുടെ പ്രതീക്ഷകളുടെ മങ്ങലും, നമ്മുടെ സ്വപ്നങ്ങളുടെ യാഥാർത്ഥ്യവും, ഉത്തരം ലഭിക്കാനുള്ള പ്രാർത്ഥനകളുടെ എണ്ണവും നാം പരിശോധിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ മഹത്വത്തിലേക്കും, പ്രകൃതിക്കും രാഷ്ട്രങ്ങൾക്കും മീതെയുള്ള അവിടുത്തെ ശക്തിയിലേക്കും നമ്മുടെ കണ്ണുകൾ ഉയർത്താൻ, ഈ വർഷത്തെ പ്രമേയമായെടുത്തിരിക്കുന്ന വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ കഴിവുകൾക്കും മീതെയുള്ള കാര്യങ്ങളിൽനിന്നും നമ്മെ വിടുവിക്കാൻ അവിടുത്തെ ശക്തിക്കു കഴിയും.

എന്നാൽ, സ്വസ്ഥമാകുവാൻ നാം ആദ്യമേ പഠിക്കേണ്ടതുണ്ട്.

സ്വസ്ഥമാവുകയെന്നു പറയുന്നത്, നമ്മെ ശൂന്യമാക്കിയിട്ട്, നമ്മുടെ സൃഷ്ടാവിനുമുന്നിൽ മെനയപ്പെടാൻ ഒരുക്കമുള്ള വ്യക്തിയായി നിൽക്കുന്നതിനെയാണ്.

സ്വസ്ഥമാവുകയെന്നു പറയുന്നത്, നമ്മുടെ ഉന്തിത്തള്ളലിലും കോലാഹലത്തിലും ആശ്രയിക്കുന്നതു നിർത്തി, ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുന്നതിനെയാണ്

സ്വസ്ഥമാവുകയെന്നു പറയുന്നത്, നമ്മുടെ ശക്തിയാലും കഴിവിനാലും നാം പടപൊരുതുന്നതു നിർത്തുന്നതിനെയാണ്

സ്വസ്ഥമാവുകയെന്നു പറയുന്നത്, നമ്മെ അനുദിന ശ്രദ്ധപതർച്ചയിൽനിന്നും മുക്തരാക്കി, ദൈവത്തെ വ്യക്തമായി കാണാനും കേൾക്കാനും ഈ ചിതറിയ ചിന്തകൾ നമ്മെ തടസ്സപ്പെടുത്താൻ അനുവദിക്കാതെ ഇരിക്കുന്നതിനെയാണ്.

സ്വസ്ഥമാവുകയെന്നു പറയുന്നത്, യജമാനനും രാജാധിരാജാവുമായി നമ്മുടെ ഹൃദയത്തിൽ ദൈവത്തെ സുസ്ഥാപിതമാക്കി വണങ്ങുന്നതിനെയാണ്.

കർത്താവേ, നിന്റെ മുന്നിൽ സ്വസ്ഥമായിരിക്കാൻ എന്നെ പഠിപ്പിക്കേണമേ;
എന്റെ ആയുധങ്ങൾ നിന്റെ മുന്നിൽ കീഴടക്കിവച്ചിട്ട് നിന്നെ പുതുതായി കാണാൻ.
എന്റെ ആത്മാവിനെ നീ ശാന്തമാക്കണമേ;
നീ സംസാരിക്കുമ്പോൾ നിന്റെ ശബ്ദം എന്റെ ആത്മാവിനെ അറിയിക്കേണമേ.
എന്റെ ഹൃദയവും നിന്റെ ഹൃദയവും ഒന്നായിരിക്കുവാൻ വേണ്ടി.

ആമേൻ

ദിനം 42

# ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക

**സങ്കീർത്തനം 46** ഞാൻ ജാതികൾക്കിടയിൽ ഉന്നതനാകും; ഞാൻ ഭൂമിയിൽ ഉന്നതനാകും

പരമാധികാരി. അത്യുന്നതൻ.
ആകുന്നവൻ. ആയിരുന്നവൻ. എന്നും നിലനില്ക്കുന്നവൻ.
ശ്രേഷ്ഠൻ. മഹത്വപൂർണ്ണൻ.
വലിയവൻ. കരുണാമയൻ. ശക്തൻ.
സർവ്വ ജ്ഞാനി. സർവ്വം അറിയുന്നവൻ. നന്മമാത്രമായവൻ.

ദൈവത്തിന്റെ വിശാലതയും ശ്രേഷ്ഠതയും വിവരിക്കാൻ മതിയായ വാക്കുകൾ ലോകത്തിലെ ഒരു ഭാഷയിലേയും നിഘണ്ടുവിൽ ഇല്ല. എന്നാൽപോലും, അവൻ ആരാണ് എന്നകാര്യത്തെക്കുറിച്ചു നമുക്ക് ഉറപ്പു നല്കുന്ന മതിയായത്ര തെളിവുകൾ നമ്മുടെ മുന്നിൽ ധാരാളമായുണ്ട് എന്നതു നിശ്ചയമാണ്.

ദൈവത്തിന്റെ കരവേലകളുടെ തെളിവു മതിയാകുമോ? അത്ഭുതകരമായ തന്റെ സൃഷ്ടികളുടെ തെളിവു മതിയാകുമോ?
അളന്നുനോക്കാനോ വിടർത്തിനോക്കാനോ നമുക്കു കഴിയാത്ത അവന്റെ ജ്ഞാനത്തിന്റെ തെളിവു മതിയാകുമോ?
സകല തലമുറയിലും വംശത്തിലും കാലഘട്ടത്തിലുമുള്ള ജനതകളുടെ പാതയ്ക്കു വെളിച്ചമായി നിലകൊള്ളുന്ന അവിടുത്തെ വചനം നല്കുന്ന തെളിവു മതിയാകുമോ?
അവിടുത്തെ പുത്രനും നമ്മുടെ രക്ഷകനുമായ യേശു ക്രിസ്തുവിലൂടെ നമ്മോടു പ്രകടിപ്പിക്കുന്ന തന്റെ സ്നേഹപൂർണ്ണമായ ദയയുടെ നിഷേധിക്കാനാവാത്ത തെളിവു മതിയാകുമോ? നമുക്ക്?

നാല്പതു ദിവസത്തെ ഈ യാത്ര നാം പൂർത്തിയാക്കുമ്പോൾ, ദൈവം ആരെന്നുള്ള ബോധ്യം നമ്മിൽ ആഴത്തിൽ വേരൂന്നാൻ ഇടയാകട്ടെ. അവൻ നമ്മോടു പറയുന്നു:

ഞാൻ ദൈവമാണെന്നറിഞ്ഞ്, ഭയഭക്തിയാൽ നിറഞ്ഞവരാകുവിൻ.
ഞാൻ ദൈവമാണെന്നറിഞ്ഞ്, സമാധാനം നിറഞ്ഞവരാകുവിൻ.
ഞാൻ ദൈവമാണെന്നറിഞ്ഞ്, വിശ്വാസത്തിൽ ദൃഢതയുള്ളവരാകുവിൻ.
ഞാൻ ദൈവമാണെന്നറിഞ്ഞ്, നിങ്ങളുടെ പ്രത്യാശയിൽ പിന്നോട്ടുപോകാത്തവരാകുവിൻ.
ഞാൻ ദൈവമാണെന്നറിഞ്ഞ്, എന്നെ അറിയിക്കുന്നവരാകുവിൻ.

**Be Still My Soul**
A 40-Day Devotional Guide Inspired by Psalm 46:10

All Rights Reserved.
No part of this book may be duplicated, copied, translated, reproduced or stored mechanically or electronically without specific, written permission of International Church of Christ, Nigeria.
info@ococnigeria.org

©2022 by ICOC Nigeria
#1, Otunba Jobifele Way,
Central Business District, Alausa, Ikeja, Lagos

Adapted and Translated with permission, Malayalam.
Done in Kerala, India.